# ഇന്ത്യൻ നാളികേര ജേണൽ

പുസ്തകം 4 ലക്കം 4

2013 ഏപ്രിൽ കൊച്ചി - 11



**ഉപദേശകസമിതി**

**ചെയർമാൻ**
ടി.കെ. ജോസ് ഐ.എ.എസ്.

**അംഗങ്ങൾ**
ഡോ.പി. രാജേന്ദ്രൻ
ഡോ. ജോർജ്ജ് വി. തോമസ്
ആർ. അജിത്കുമാർ

**പത്രാധിപസമിതി**
ഡോ. കെ. മുരളീധരൻ
കെ.ആർ. കുട്ടിക്കൃഷ്ണൻ
ഡോ. എസ്. അനിൽകുമാർ

**ചീഫ് എഡിറ്റർ**
സുഗത ഘോഷ്

**എഡിറ്റർ**
ഡോ. രമണി ഗോപാലകൃഷ്ണൻ

**കൺസൽട്ടന്റ് എഡിറ്റർ**
പായിപ്ര രാധാകൃഷ്ണൻ

**പബ്ലിസിറ്റി ഓഫീസർ**
മിനി മാത്യു

**സബ് എഡിറ്റർ**
ബീന എസ്.



**നാളികേര വികസന ബോർഡ്**
(കേന്ദ്ര കൃഷി മന്ത്രാലയം, ഭാരത സർക്കാർ)
കേര ഭവൻ, എറണാകുളം, കൊച്ചി - 682 011.

ഫോൺ : 0484 - 2377266, 2377267, 2376553, 2375266, 2376265
ഫാക്സ് : 91-0484-2377902,
Grams : KERABOARD
E-mail : kochi.cdb@gov.in
cdbkochi@gmail.com
Website : www.coconutboard.gov.in

**വരിസംഖ്യ**
പ്രതിവർഷം 40 രൂപ
ഒറ്റപ്രതി 4 രൂപ



തെങ്ങുകൃഷിയുടെയും വ്യവസായത്തിന്റെയും വിവിധ വശങ്ങളെക്കുറിച്ചുള്ള ലേഖനങ്ങളും സിപിഎസ്, ചങ്ങാതിക്കൂട്ടം അംഗങ്ങളുടെ അനുഭവങ്ങളും അഭിപ്രായങ്ങളും നൂതന നിരീക്ഷണങ്ങളും ക്ഷണിച്ചുകൊള്ളുന്നു. ലേഖനങ്ങളിലും പരസ്യങ്ങളിലും മറ്റും പ്രകടിപ്പിക്കപ്പെടുന്ന അഭിപ്രായങ്ങൾ ബോർഡിന്റേതായി പരിഗണിക്കപ്പെടാവുന്നതല്ല. മണി ഓർഡറും കത്തുകളും ചെയർമാൻ, നാളികേര വികസന ബോർഡ്, കേരഭവൻ, കൊച്ചി-682 011 എന്ന വിലാസത്തിൽ അയ ക്കുക. അപേക്ഷകന്റെ വിലാസം വ്യക്തമായി പിൻകോഡ് സഹിതം എഴുതേണ്ടതാണ്.


മുഖ്യ വിഷയം

## നേട്ടങ്ങൾ കൊയ്ത 2012-13



## ഉള്ളടക്കം


ചെയർമാന്റെ പേജ് ........ 2

കടന്ന് പോയത്, ഒരു ചരിത്ര വർഷം ........ 4
*രമണി ഗോപാലകൃഷ്ണൻ*

കേരകൃഷിക്ക് പുത്തനുണർവ്വേകി നാളികേര പുനരുദ്ധാരണ പദ്ധതി ........ 10
*ആർ. ജയനാഥ്, സി. ശശികുമാർ, എസ്. ആർ. ഹരീഷ്*

മാതൃക തെങ്ങിൻ തോട്ടം സ്ഥാപിക്കൽ ........ 18
*ലീനാമോൾ എം. എ.*

നാളികേര മേഖലയ്ക്ക് നവോന്മേഷം പകർന്ന് നാളികേരോത്പാദക സംഘങ്ങൾ ........ 22
*സെബാസ്റ്റ്യൻ കെ. എസ്.*

നൂതന വിപണന തന്ത്രങ്ങളുമായി ഉപഭോക്താവിലേക്ക് ........ 27
*ദീപ്തി നായർ എസ്*

നാളികേര ടെക്നോളജി മിഷൻ - നാളികേര മേഖലയ്ക്ക് ഉണർവ്വേകി മുന്നോട്ട് ........ 29
*ജയശ്രീ എ., രശ്മി ഡി.എസ്*

സാങ്കേതിക വിദ്യ പ്രദർശനവും പരിശീലനവും ........ 32
*ശ്രീകുമാർ പൊതുവാൾ*

വിത്ത് ഗുണം പത്ത് ഗുണം ........ 33
*ദീപ്തി ആർ*

കൊമ്പൻചെല്ലിയെ തുരത്താൻ പരിസ്ഥിതി സൗഹൃദമാർഗ്ഗങ്ങൾ ........ 35
*രവീന്ദ്രൻ പാട്ടാളി, കെ. സുബാഹരൻ*

ബിസിനസ്സ് അവസരങ്ങൾ ........ 37

മെയ് : കേരകർഷകർ എന്തു ചെയ്യണം ? ........ 39

കുരുത്തോലപ്പന്തൽ ........ 41

വാർത്തകൾ ........ 45

കമ്പോളാവലോകനം ........ 47

# വിലയിരുത്തി വിജയം നേടാം

പ്രിയപ്പെട്ട കേര കർഷകരെ,

കഴിഞ്ഞുപോയ ഒരു വർഷത്തെ പ്രവർത്തനങ്ങളുടെ വിലയിരുത്തൽ നടത്തുന്നതിനുവേണ്ടിയാണ് ഇന്ത്യൻ നാളികേര ജേണലിന്റെ ഈ ലക്കം പ്രസിദ്ധപ്പെടുത്തുന്നത്. കടന്നുപോയ സാമ്പത്തിക വർഷം നാളികേര മേഖലയിൽ ബോർഡിന്റെ ഭാഗത്ത് നിന്നുണ്ടായ പ്രധാന വികസന പ്രവർത്തനങ്ങളും അവ എപ്രകാരം കർഷകരിലേക്ക് എത്തിക്കാൻ കഴിഞ്ഞു എന്നുള്ളതും വിലയിരുത്തേണ്ടതുണ്ട്. നിരവധി പ്രവർത്തനങ്ങൾ 12-ാം പഞ്ചവത്സര പദ്ധതിയുടെ ആദ്യവർഷമായ 2012-13ൽ നാം ഏറ്റെടുത്തിരുന്നു. നേട്ടങ്ങളും കോട്ടങ്ങളും വിലയിരുത്തിക്കൊണ്ടാണ് അടുത്ത വർഷത്തിലേക്ക് കടക്കേണ്ടത്. ഏത് പ്രവർത്തനങ്ങളുടേയും വിജയത്തിന് ഒരു തിരിഞ്ഞുനോട്ടം അത്യന്താപേക്ഷിതവുമാണ്. മുൻകാല പ്രവർത്തനങ്ങൾ വിലയിരുത്തി, അതിന്റെ അടിസ്ഥാനത്തിൽ ഭാവിപ്രവർത്തനങ്ങൾ കൂടുതൽ മികവുറ്റതാക്കി മുന്നേറുക എന്നതാണ് നാം ശ്രമിക്കേണ്ട മാതൃക.

നിരവധി സന്ദർഭങ്ങളിൽ നാളികേര കർഷകരുടെ പ്രശ്നങ്ങളിൽ സജീവമായി ഇടപെടുവാനും കേന്ദ്ര, സംസ്ഥാന സർക്കാരുകളുമായി നിരന്തര സമ്പർക്കം പുലർത്തിക്കൊണ്ട് കർഷകർക്ക് സഹായകരമായ നിലപാടുകളെടുക്കുന്നതിനും ബോർഡിന് കഴിഞ്ഞ വർഷം സാധിച്ചിട്ടുണ്ട്. പ്രവർത്തനങ്ങളിലെ കേവലം അക്കങ്ങളുടേയും അക്ഷരങ്ങളിലേയും പുരോഗതിയല്ല, മറിച്ച് ഏറ്റെടുത്ത പ്രവർത്തനങ്ങളിലെ ഗുണപരമായ നേട്ടങ്ങളാണ് അവ വിലയിരുത്തുമ്പോൾ അധികം ശ്രദ്ധിക്കേണ്ടത്. ബോർഡിന്റെ പ്രവർത്തനങ്ങളിൽ നാളികേര കർഷകരുടെ പങ്കാളിത്തം എത്ര മാത്രം വർദ്ധിപ്പിക്കുവാൻ കഴിഞ്ഞു, കർഷകരുടെ ഉത്പാദക സംഘങ്ങൾക്കും ഫെഡറേഷനുകൾക്കും ഉത്പാദക കമ്പനികൾക്കും എങ്ങനെ നാളികേര മേഖലയിൽ ഭാവിയിലേക്ക് വേണ്ട ചലനങ്ങൾ സൃഷ്ടിക്കാൻ സാധിക്കും, എങ്ങനെയാണ് ബോർഡിന് കർഷകരുമായും സംസ്ഥാന സർക്കാർ വകുപ്പുകളുമായും ചേർന്ന് മികച്ച ടീം വർക്ക് നടത്താൻ സാധിക്കുക, ഇത്തരം പ്രവർത്തനങ്ങൾ നടത്തുന്നതിന് വിജയകരമായ ചെറിയ ചെറിയ മാതൃകകൾ സൃഷ്ടിക്കുവാൻ നമുക്ക് സാധിക്കുമോ, സർഗ്ഗാത്മകവും ക്രിയാത്മകവുമായ ഇടപെടലുകൾ കർഷകരുടെ ഉത്പാദക സംഘങ്ങൾ വഴി മാതൃകാപരമായി നമുക്ക് വികസിപ്പിച്ചെടുക്കാൻ കഴിയുമോ എന്നിങ്ങനെയുള്ള കാര്യങ്ങളിൽ ഗൗരവതരമായി ചിന്തിച്ച ഒരു വർഷമായിരുന്നു 2012-13.

ബോർഡിന്റെ ഭാഗത്ത് നിന്നും പ്രധാനമായും ശ്രദ്ധിച്ച മേഖലയാണ് നാളികേര കർഷക പങ്കാളിത്തത്തോടെ ഗുണമേന്മയുള്ള വിത്തുതേങ്ങ ശേഖരണവും തൈ ഉത്പാദനവും. ബോർഡിന്റെ ബജറ്റിലുള്ള പദ്ധതികൾ മാത്രമല്ല ബജറ്റിന് പുറമേയുള്ള, ഉത്പാദക സംഘങ്ങളുടേയും ഫെഡറേഷനുകളുടേയും രൂപീകരണം, തെങ്ങിന്റെ ചങ്ങാതിക്കൂട്ടത്തിന്റെ പരിശീലനവും പ്രവർത്തനവും തുടങ്ങിയവ കൃത്യതയോടെയും വേഗത്തിലും നടപ്പാക്കാൻ സാധിച്ചു. തെങ്ങ് പുനരുദ്ധാരണ പദ്ധതി പോലുള്ളവയിൽ ബജറ്റിൽ അനുവദിച്ച തുകയുടെ 99 ശതമാനവും സെപ്തംബർ മാസം തന്നെ വിനിയോഗിക്കുവാൻ കഴിഞ്ഞുവെന്നത് പ്രത്യേകം പ്രസ്താവ്യമാണ്. വികസന പ്രവർത്തനങ്ങൾക്കായി കൂടുതലായി വിഭവങ്ങൾ സമാഹരിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ വിവിധ പദ്ധതികളുമായും വകുപ്പുകളുമായും വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികളുമായും കൂടിച്ചേർന്നുകൊണ്ട് കൂട്ടായ്മയോടെ പ്രവർത്തിക്കുന്നതിന് ഊന്നൽ കൊടുത്തിരുന്നു. കേരളത്തിലും മറ്റ് സംസ്ഥാനങ്ങളിലും ഇത്തരം കാര്യങ്ങളിൽ ചെറിയ മുന്നേറ്റം ഉണ്ടാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. കാർഷിക മേഖലയിൽ പ്രത്യേകിച്ച് നാളികേര മേഖലയിലേക്ക് 'ആശയങ്ങളുടേയും വിഭവങ്ങളുടേയും സമന്വയ'ത്തിനുവേണ്ടിയുള്ള ശ്രമം നാം ആരംഭിച്ചിരുന്നു. കേന്ദ്ര സർക്കാർ 'ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകൾ' വർദ്ധിച്ച തോതിൽ രൂപീകരിക്കുന്നതിന് മുന്നോട്ടുവരികയും അതിനുവേണ്ടി ബജറ്റിൽ തുക നീക്കിവെയ്ക്കുകയും ചെയ്തിരിക്കുകയാണ്. ബോർഡിന്റെ ആശയങ്ങൾക്ക് കേന്ദ്ര തലത്തിൽ ലഭിച്ച അംഗീകാരമായി ഇതിനെ കാണുന്നു.

കഴിഞ്ഞ വർഷം ബോർഡ് കർഷക ഉത്പാദക സംഘങ്ങൾ രൂപീകരിക്കുകയും പരിശീലനവും മേൽനോട്ടവും കൊണ്ട് അവയെ ശക്തിപ്പെടുത്തുകയും മുന്നോട്ടുള്ള വികസന പ്രവർത്തനങ്ങൾക്ക് ഗതിവേഗം നൽകുന്നതിനുവേണ്ടി അവയുടെ ഫെഡറേഷനുകളും ഉത്പാദക കമ്പനികളും രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചെയ്യുന്നതിനും പ്രത്യേകം ശ്രദ്ധിച്ചിരുന്നു. അതോടൊപ്പം തന്നെ നാളികേര മേഖലയിൽ, കേരളത്തിലും മറ്റ് പരമ്പരാഗത നാളികേര കൃഷിയുള്ള സംസ്ഥാനങ്ങളിലും തെങ്ങുകൃഷി പുനരുദ്ധാരണ പദ്ധതി വ്യാപിപ്പിക്കുന്നതിന് ബോർഡ് വളരെയധികം ശ്രദ്ധ ചെലുത്തിയിരുന്നു. പൈലറ്റ് പദ്ധതി നടപ്പിലാക്കിയിരുന്ന തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ ജില്ലകൾ ഒഴികെയുള്ള മറ്റ് ജില്ലകളിലേക്ക് പദ്ധതി വ്യാപിപ്പിക്കുവാൻ കേന്ദ്ര ഗവൺമെന്റ് ബജറ്റിൽ വിഹിതം അനുവദിച്ചിട്ടുണ്ട്. പൈലറ്റ് പദ്ധതിയുടെ നിർവ്വഹണത്തിനുള്ള അംഗീകാരമായി ഇതിനെ കാണുന്നു. ഇതിനായി പരിശ്രമിച്ച നമ്മുടെ പാർലമെന്റംഗങ്ങളുടെ സേവനം കൃതജ്ഞതയോടെ അനുസ്മരിക്കുന്നു.

കേരളത്തിലും മറ്റ് അയൽ സംസ്ഥാനങ്ങളിലും ബോർഡ് ഒരുൽപ്രേരകമെന്നതുപോലെ കർഷക ഉത്പാദക സംഘങ്ങളുമായി ചേർന്ന് പ്രവർത്തനം നടത്തിയത് നാളികേര സംസ്കരണ, വിപണന മേഖലയിലാണ്. 'കേരസുധ' എന്ന് വിളിക്കുന്ന നീരയുടെ ഉത്പാദനം അബ്കാരി നിയമത്തിന്റെ പരിധിയിൽ നിന്നും മാറ്റി, പൂർണ്ണമായും മദ്യരഹിതമായ നീരയെ ഒരു കാർഷിക ഉൽപന്നമായി മാറ്റുന്നതിന് ഗവൺമെന്റിൽ അഭിപ്രായസമന്വയം നടത്തുന്നതിന് ബോർഡ് ശ്രമിച്ചിരുന്നു. പൂർണ്ണമായി വിജയിച്ചില്ലെങ്കിലും കേരളത്തിൽ നീരയെക്കുറിച്ച് പഠിക്കുന്നതിന് ഒരു കമ്മിറ്റിയെ നിയമിക്കുകയും അതിന്റെ റിപ്പോർട്ടിനായി കാത്തിരിക്കുകയുമാണ്.

ഉദ്ദേശിച്ച രീതിയിൽ കൊപ്ര സംഭരണം വിജയിച്ചില്ലെങ്കിൽക്കൂടി ഏകദേശം അറുപതോളം സിപിഎസുകൾ കൊപ്ര സംഭരണത്തിനായി കടന്നുവന്നുവെന്നത് ശ്രദ്ധേയമായ കാര്യമാണ്. ഏതായാലും 2012-13 കാലയളവിൽ തന്നെ കേരളത്തിൽ സംസ്ഥാന ഗവൺമെന്റ് തൊണ്ടുകളഞ്ഞ പച്ചത്തേങ്ങയുടെ സംഭരണം പ്രഖ്യാപിച്ചതും സംഭരണം ആരംഭിച്ചതും നാളികേരോത്പാദക സംഘങ്ങളുടെ ഭാവി പ്രവർത്തനത്തിന് വലിയ പിന്തുണയാകുമെന്ന് വിശ്വസിക്കുന്നു. സംസ്ഥാന ഗവൺമെന്റ് ബജറ്റിലൂടെ നാളികേര പാർക്കുകളും, നാളികേര മേഖലയിലെ മൂല്യവർദ്ധിതോൽപന്നങ്ങൾ നിർമ്മിക്കുന്ന യൂണിറ്റുകൾക്ക് വേണ്ടി 25 ശതമാനം സബ്സിഡിയും പ്രഖ്യാപിച്ചതടക്കം നിരവധി കാര്യങ്ങൾക്ക് ആരംഭം കുറിക്കുന്നതിന് ബോർഡിന്റെ പ്രവർത്തനങ്ങളും കാരണമായിട്ടുണ്ട്.

വിലയിരുത്തലിന്റെ വേളയിൽ ലക്ഷ്യമിട്ടിരുന്ന പദ്ധതികളിൽ പൂർണ്ണമായും ഭാഗികമായും ലക്ഷ്യം നേടിയവ പോലെ തന്നെ പ്രാധാന്യമർഹിക്കുന്നതാണ് നടപ്പിലാക്കാൻ കഴിയാതെ പോയ പദ്ധതികളും. നീരയുടെ കാര്യത്തിൽ 2012-13 വർഷത്തിൽ തന്നെ നയരൂപീകരണത്തിൽ സംസ്ഥാന ഗവൺമെന്റിനെക്കൊണ്ടൊരു അനുകൂല തീരുമാനം എടുപ്പിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിച്ചിരുന്നെങ്കിലും സാധിച്ചില്ല. നീരയ്ക്കുവേണ്ടി സംസ്ഥാന ഗവൺമെന്റ് രൂപീകരിച്ച സമിതി മൂന്ന് വട്ടം യോഗം ചേർന്നെങ്കിലും അന്തിമ റിപ്പോർട്ട് ആയിട്ടില്ലെന്ന് മനസ്സിലാക്കുന്നു.

50,000 ടൺ കൊപ്രയെങ്കിലും കേരളത്തിൽ നിന്നും സംഭരിക്കണമെന്ന് വിഭാവനം ചെയ്തിരുന്നെങ്കിലും സംഭരണം അതിന്റെ പൂർണ്ണമായ അർത്ഥത്തിൽ വിജയിച്ചിട്ടില്ല. 20,000 ടൺ മാത്രമേ സംഭരിക്കുവാൻ സാധിച്ചുള്ളൂ. മൂന്ന് കേരപാർക്കുകൾക്കായി ബജറ്റിൽ പണം മാറ്റിവെച്ചിരുന്നെങ്കിലും കേരളത്തിൽ അതിനായുള്ള സ്ഥല സംബന്ധമായ അന്വേഷണങ്ങൾ പൂർണ്ണമായി ഫലപ്രാപ്തിയിലേക്കെത്തിയിട്ടില്ല. കെഎസ്ഐഡിസിയുടെ നേതൃത്വത്തിൽ കുറ്റ്യാടിയിൽ 115 ഏക്കർ സ്ഥലം ഏറ്റെടുത്തുവെന്ന കാര്യം സന്തോഷത്തിന് വക നൽകുന്നതാണ്. സംസ്ഥാന ഗവൺമെന്റ് ബജറ്റിൽ പ്രഖ്യാപിച്ച മൂല്യവർദ്ധിത നാളികേരോൽപന്ന യൂണിറ്റുകൾക്കുള്ള 25 ശതമാനം സബ്സിഡി പൂർണ്ണമായി പ്രയോജനപ്പെടുത്തുന്നതിനായി സംസ്ഥാനത്തെ യൂണിറ്റുകൾ മുന്നോട്ട് വന്നിട്ടില്ല. ഇങ്ങനെ തിരിഞ്ഞുനോക്കുമ്പോൾ സന്തോഷകരവും അതോടൊപ്പം ആശ്വാസദായകമല്ലാത്തതുമായ നിരവധി കാര്യങ്ങൾ നമുക്ക് മുന്നിലുണ്ട്. എങ്കിലും ഈ പ്രവർത്തനാനുഭവങ്ങളിൽ നിന്നും പാഠമുൾക്കൊണ്ട് മുന്നോട്ടു പോകുകയെന്നതാണ് 2013-14 കാലത്തേക്കുള്ള പ്രവർത്തന രൂപരേഖ തയ്യാറാക്കുമ്പോൾ നാം ശ്രദ്ധിക്കേണ്ടത്.

ബോർഡും സംസ്ഥാന കൃഷിവകുപ്പും സംസ്ഥാന സർക്കാരിന്റെ കാർഷികമേഖലയിലെ വിവിധ പ്രവർത്തനങ്ങളും കർഷകരുടെ ഉത്പാദക സംഘങ്ങളും ചേർന്നൊരു ടീം വർക്കിന് നാം കൂടുതൽ പ്രാധാന്യം കൊടുക്കേണ്ടതുണ്ട്. കേരകർഷകർക്ക് ആശ്വാസമെത്തിക്കുന്നതിനും നാളികേര കൃഷിയുടെ ഇപ്പോഴുള്ള ശോച്യാവസ്ഥയ്ക്ക് പരിഹാരം കാണുന്നതിനുവേണ്ടിയുള്ള പരിശ്രമങ്ങൾ നടത്തുന്നതിനും ഇത്തരമൊരു ടീംവർക്ക് ആവശ്യമാണ്. വ്യക്തമായ ലക്ഷ്യത്തിനുവേണ്ടി ഒത്തൊരുമയോടെ പ്രവർത്തിച്ച് ആശയങ്ങളും വിഭവങ്ങളും ഒരുമിച്ച് ചേർത്ത് പൂർണ്ണ ശക്തിയോടെ വിജയത്തിലേക്കുള്ളൊരു പ്രയാണവും വേഗത്തിലുള്ളൊരു വിജയവുമാണ് ടീം വർക്ക് കൊണ്ട് നാം ഉദ്ദേശിക്കുന്നത്. ഇതിനുമുമ്പ് നാം സൃഷ്ടിച്ച പരീക്ഷണ മാതൃകകളിൽ വിജയം വരിച്ചവ കൂടുതൽ മികച്ചതാക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തേണ്ടതുണ്ട്. ഇതിനുവേണ്ടി കൂടുതൽ അറിവും ആശയങ്ങളും സമാഹരിക്കുക എന്നതാണ് നമുക്ക് മുന്നിലുള്ള വെല്ലുവിളി. ബോർഡിൽ പ്രവർത്തിക്കുന്ന എല്ലാ സഹപ്രവർത്തകരും നമ്മുടെ ഉത്പാദക സംഘങ്ങളിലേക്കും അവയുടെ ഫെഡറേഷനുകളിലേക്കും നൂതനമായ ആശയങ്ങളും, ലോകത്ത് എവിടെ നിന്നും ലഭിക്കാവുന്ന നാളികേരത്തെപ്പറ്റിയുള്ള അറിവുകളും എത്തിക്കേണ്ടതുണ്ട്.

നീര ഉത്പാദനത്തിന് നാളികേര കർഷകർക്ക് അവസരവും അവകാശവും നൽകുന്നതിനാവശ്യമായ നിയമനിർമ്മാണം നടത്തിക്കുന്നതിന് കൂട്ടായ്മയുടേയും കൂട്ടായ പരിശ്രമത്തിന്റേയും ആവശ്യകതയുണ്ട്. കേരളത്തിലെ നാൽപത്തിരണ്ട് ലക്ഷത്തോളം വരുന്ന നാളികേരകർഷകർ നീരയെക്കുറിച്ചൊരു നയം രൂപീകരിക്കുന്ന കാര്യത്തിൽ ശക്തമായ പങ്ക് വഹിക്കേണ്ട സമയം സമാഗതമായിരിക്കുകയാണ്. ഒരു നൂറ്റാണ്ടിലേറെ (കൃത്യമായി പറഞ്ഞാൽ ക്രിസ്തുവർഷം 1902 മുതൽ) മുമ്പ് മദ്യരഹിതമായ നീരയെ വിദേശ സാമ്രാജ്യത്വ ഗവൺമെന്റുകളുടെ യുക്തിരഹിതമായ നിർവ്വചനത്തിൽപ്പെടുത്തി കള്ളിന്റേയും മദ്യത്തിന്റേയും പട്ടികയിൽപ്പെടുത്തിയ തെറ്റ് തിരുത്തേണ്ടതിന്റെ സമയം അതിക്രമിച്ചിരിക്കുന്നു. കള്ളുൾപ്പെടെയുള്ള മദ്യാംശം അടങ്ങിയ പാനീയങ്ങളെയാണ് അബ്കാരി നിയമത്തിൽ മദ്യം എന്ന് നിർവ്വചിക്കപ്പെടുന്നത്. തെറ്റായതോ തെറ്റിദ്ധരിപ്പിക്കപ്പെട്ടതോ ആയ കള്ളിന്റെ നിർവ്വചനം (fermented or unfermented juice from palmyrah, coconut tree, date palm or any other palm tree എന്ന നിർവ്വചനം) പുളിക്കാത്ത നീരയ്ക്കും ബാധകമാക്കുക വഴി നീരയെ കള്ളിന്റെ ഗണത്തിൽ തെറ്റായിപ്പെടുത്തുന്നതിനും ഇടയാക്കി. ഈ തെറ്റ് തിരുത്തുക എന്നുള്ളതാണ് ഇന്നത്തെ ആവശ്യം. നീര ഉത്പാദനത്തിന് അനുമതി കൊടുക്കുന്നത് കേരളത്തിലെ മദ്യവ്യവസായത്തെ തകർക്കുമെന്നും കേരളത്തിൽ കള്ള് ചെത്ത് ഉപജീവനമാർഗ്ഗമായി സ്വീകരിച്ചിട്ടുള്ള തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടും എന്നുമൊക്കെയുള്ള അർത്ഥശൂന്യമായ ആശങ്കകളുടെ പേരിൽ ഇത് വൈകിക്കുന്നത് അനീതിയാണ്.

നീരയെന്നത് പൂർണ്ണമായും മദ്യരഹിതമായ ഭക്ഷ്യവസ്തുവും ഒരു കാർഷിക വിളയിൽ നിന്നുള്ള പാനീയവുമാകുമ്പോൾ കർഷക കൂട്ടായ്മകൾ, കാർഷിക മേഖലയിലെ സംഘടനകൾ തുടങ്ങിയവയുടെ ഒത്തൊരുമയോടെയുള്ള പ്രവർത്തനം വഴി മാത്രമേ അതിനെ ഭക്ഷ്യവസ്തുവായിക്കാണുന്നതിനും കാർഷിക ഭക്ഷ്യ സംസ്കരണ മേഖലയിലേക്ക് ഉൾപ്പെടുത്തുന്നതിനും കേര കർഷകരെ കൈപിടിച്ചുയർത്തുന്നതിനും കഴിയൂ. നീര കമ്മിറ്റിയോടൊപ്പം കേരളത്തിലെ എല്ലാ കർഷകരും ഉത്പാദക സംഘങ്ങളും ഉത്പാദകഫെഡറേഷനുകളും രൂപീകൃതമായിക്കൊണ്ടിരിക്കുന്ന ഉത്പാദക കമ്പനികളും വിവിധ കാർഷിക വിദഗ്ദ്ധരോടും പൊതുരംഗത്ത് പ്രവർത്തിക്കുന്ന രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ കർഷക വിഭാഗങ്ങളൊടുമൊപ്പം ഗവൺമെന്റിൽ ശക്തമായി ആവശ്യപ്പെടേണ്ട സമയമാണ് ഇപ്പോൾ സമാഗതമായിരിക്കുന്നത്. കടക്കെണിയിൽ മുങ്ങിയ, വർഷം തോറും നഷ്ടത്തിൽ നിന്നും നഷ്ടത്തിലേക്ക് കൂപ്പുകുത്തുന്ന കേരകർഷകരേയും അവരിലൂടെ കേരളത്തിന്റെ കാർഷിക സമ്പദ്‌വ്യവസ്ഥയേയും ശക്തിപ്പെടുത്തുന്നതിനും കൂടുതൽ ഊർജ്ജം പകരുന്നതിനും വലിയ പങ്ക് വഹിക്കാൻ കഴിയുന്ന വിളയാണ് തെങ്ങ്, പ്രത്യേകിച്ച് നീര ഉത്പാദനത്തിന് കർഷകർക്ക് അനുമതി ലഭിച്ചാൽ.

മറ്റേതൊരു വ്യവസായ മേഖലയ്ക്ക് സൃഷ്ടിക്കുവാൻ കഴിയുന്നതിലും പതിന്മടങ്ങ് 'ഗ്രീൻ കോളർ' ജോലികൾ (ഇന്ന് ലോക വ്യാപകമായി ഉയർന്ന് വരുന്ന ആശയമാണ് കാർഷിക മേഖലയിലേയും കാർഷിക അനുബന്ധ മേഖലയിലേയും പരിസ്ഥിതി സൗഹൃദജോലികൾക്ക് പൊതുവേ പറയുന്ന 'ഗ്രീൻ കോളർ' ജോലി) സൃഷ്ടിക്കാൻ നീരയ്ക്ക് സാധിക്കും. നീര ഉത്പാദിപ്പിക്കുന്നതിന് സാങ്കേതിക വൈദഗ്ദ്ധ്യം ആവശ്യമുള്ള ടെക്നീഷ്യൻമാരെ ആവശ്യമുണ്ട്. ടെക്നീഷ്യൻമാരെ യഥാവിധി പരിശീലിപ്പിച്ചെടുത്തുകഴിഞ്ഞാൽ അടിയന്തിരമായി കേരളത്തിൽ ഒരു ലക്ഷം 'ഗ്രീൻ കോളർ' ജോലികൾ സൃഷ്ടിക്കാൻ കഴിയും. ഗൾഫ് മേഖലയിൽ നിന്നും തിരികെയെത്തുന്നവർക്കും തൊഴിൽ രഹിതരായ ചെറുപ്പക്കാർക്കും കേരളത്തിൽ തന്നെ മാന്യമായൊരു തൊഴിൽ ഉറപ്പാക്കാൻ കഴിഞ്ഞാലോ? അടുത്ത അഞ്ച് വർഷക്കാലം കൊണ്ട് ഐടി രംഗത്ത് സൃഷ്ടിക്കുവാൻ കഴിയുന്നതിലും കൂടുതൽ തൊഴിലവസരങ്ങൾ ഒന്നോ രണ്ടോ വർഷം കൊണ്ട് നീരയുത്പാദനം വഴി സൃഷ്ടിക്കുവാൻ കഴിയുമെന്നതാണ് വസ്തുത. ഒരു നൂറ്റാണ്ട് മുമ്പ് ഒരു നിയമം എഴുതിയുണ്ടാക്കുമ്പോൾ ഉണ്ടായ തെറ്റോ അബദ്ധമോ നൂറ്റാണ്ടിനുശേഷവും തിരുത്താൻ കഴിയുന്നില്ലായെന്നത് പരിതാപകരമായ സംഗതിയാണ്. ഒരു വസ്തുത പൂർണ്ണമായി തെറ്റാണെന്ന് ബോദ്ധ്യപ്പെടുമ്പോഴും അതു തിരുത്താൻ കഴിയാത്ത അവസ്ഥ ദയനീയമാണ്. ജനാധിപത്യ ഗവൺമെന്റുകൾ കർഷകരുടെ അഭിപ്രായവും ശബ്ദവും ശ്രദ്ധിക്കുന്ന ഒരു കാലഘട്ടത്തിലേക്ക് കേര കർഷകരെ കൈപിടിച്ച് നടത്തേണ്ടതുണ്ട്. ഈയൊരു പ്രക്രിയയിൽ അഭിപ്രായ സമന്വയത്തിനും ആശയ രൂപീകരണത്തിനും ഗവൺമെന്റുകളുടെ നയരൂപീകരണത്തിലും കർഷകകൂട്ടായ്മകൾക്ക് വലിയൊരു പങ്ക് നിർവ്വഹിക്കാൻ കഴിയും. ആ ദൗത്യത്തിൽ നിങ്ങളുടെ ശ്രദ്ധേയമായ പങ്ക് വഹിക്കുന്ന വർഷമായി 2013 നെ മാറ്റാൻ കഴിയണം.

എല്ലാവിധ വിജയാശംസകളോടെ,

ടി. കെ. ജോസ്
ചെയർമാൻ

# കടന്ന് പോയത്, ഒരു ചരിത്ര വർഷം

**രമണി ഗോപാലകൃഷ്ണൻ**
*ഡെപ്യൂട്ടി ഡയറക്ടർ, നാളികേര വികസന ബോർഡ്*

അതെ, കേരമേഖലയെ സംബന്ധിച്ചിടത്തോളം കടന്ന് പോയത് ഒരു ചരിത്ര വർഷമാണ്. നിരവധി ഒന്നാംസ്ഥാനങ്ങൾ, പലവിധ ആനുകൂല്യങ്ങൾ, കേന്ദ്ര-സംസ്ഥാന സർക്കാർ പ്രഖ്യാപനങ്ങൾ, നിരവധി നയപരമായ തീരുമാനങ്ങൾ, നൂതന വിപണന തന്ത്രങ്ങൾ, അന്താരാഷ്ട്ര സമ്മേളനങ്ങൾ, റെക്കോർഡ് ഫണ്ട് വിനിയോഗം, കർഷക കൂട്ടായ്മകളുടെ ശാക്തീകരണം, ഉയരങ്ങൾ താണ്ടിയ കയറ്റുമതി .... ഇങ്ങനെ സമസ്ത മേഖലകളിലും ചരിത്രം കുറിച്ചുകൊണ്ട് നാളികേര വികസന ചരിത്രത്തിൽ എന്തുകൊണ്ടും വേറിട്ടതായി, 2012-13.

**കേരോത്പാദനത്തിലും ഉത്പാദനക്ഷമതയിലും മൂല്യവർദ്ധനവിലും കയറ്റുമതിയിലും ഇന്ത്യയെ ലോകത്തിലെ ഒന്നാം സ്ഥാനത്തെത്തിക്കുക, ഇതായിരുന്നു 2012-13 സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ നാളികേര വികസന ബോർഡ് ലക്ഷ്യമിട്ടത്.** ഉത്പാദനം 1694 കോടി നാളികേരമെന്നും ഉത്പാദനക്ഷമത ഹെക്ടറൊന്നിന് 8965 നാളികരമെന്നുമുള്ള ദേശീയ സ്ഥിതിവിവരക്കണക്ക് പുറത്ത് വന്നതോടെ ഇന്ത്യയുടെ പ്രഖ്യാപിത ലക്ഷ്യം ഒന്നൊന്നായി കരഗതമാകുകയായിരുന്നു. കൂടെ മത്സരിക്കാൻ രാജ്യങ്ങളേറെയാണ്. ഉയർന്ന എക്സ്പോർട്ട് വിഹിതം കൈമുതലായുള്ള ശ്രീലങ്കയും, ഫിലിപ്പീൻസും, ഇന്തോനേഷ്യയുമെല്ലാം മത്സരരംഗത്തുണ്ട്. കയറ്റുമതിയിൽ ഒരു ഉയിർത്തെഴുന്നേൽപ്പ് അസാദ്ധ്യമെന്ന് കരുതിയിരുന്നിട്ടുപോലും ഈ രംഗത്തെ ഇന്ത്യയുടെ മികവ് ഒരു മധുരപ്രതികാരമായി. 2000 കോടിരൂപയോളം കയറുൾപ്പെടെയുള്ള നാളികേരോൽപന്നങ്ങളുടെ കയറ്റുമതിയിൽ നിന്ന് നേടിയതോടെ ഇന്ത്യയുടെ ഈ രംഗത്തെ വളർച്ച അരക്കിട്ടുറപ്പിക്കുകയായിരുന്നു. **കയറ്റുമതി ഉൽപന്നങ്ങളിൽ ആക്ടിവേറ്റഡ് കാർബൺ മുൻനിരയിലെത്തിയതും, ഈ ഉൽപന്നം കയറ്റുമതി ചെയ്യുന്ന രാജ്യങ്ങളിൽ ഇന്ത്യ ഒന്നാമതായതും മറ്റൊരു ചരിത്രം കുറിക്കലായി.**

കേരമേഖല ബോർഡിന്റെ നേതൃത്വത്തിൽ നടന്നുകയറിയ സുപ്രധാന പടവുകളെക്കുറിച്ച് ഒരു എത്തിനോട്ടമാണ് ഈ ലേഖനത്തിൽ. പദ്ധതി തിരിച്ചുള്ള നേട്ടങ്ങൾ മറ്റു ലേഖനങ്ങളിൽ പ്രതിപാദിച്ചിരിക്കുന്നു.

**കേരകർഷകരിലെ ഒരുമയും പെരുമയും**

അശക്തരും അസംഘടിതരുമായിരുന്ന കേരകർഷകരെ "കൈകോർത്ത് ശക്തരാകുവിൻ" എന്ന സന്ദേശം നൽകി ഉത്പാദക സൊസൈറ്റികൾ രൂപീകരിക്കാൻ 2011-12 മുതൽക്കേ ബോർഡ് പ്രയത്നം തുടങ്ങിയിരുന്നു. 2012-13 സാക്ഷ്യം വഹിച്ചത് ഉത്പാദക സംഘങ്ങളുടെ രൂപീകരണത്തിൽ കൈവരിച്ച അപ്രതീക്ഷിത നേട്ടത്തിന് തന്നെയായിരുന്നു. **2295 ഉത്പാദക സംഘങ്ങളും സംഘങ്ങളുടെ ഫെഡറേറ്റഡ് രൂപമായ 121 ഫെഡറേഷനുകളും ബോർഡിൽ രജിസ്റ്റർ ചെയ്തത് ചരിത്ര മുഹൂർത്തമായി.** ഈ സംവിധാനങ്ങൾക്ക് കീഴിൽ 68 ലക്ഷം തെങ്ങുകളുടെ ഉടമകളായ ഒന്നര ലക്ഷത്തോളം കൃഷിക്കാരെ ഒന്നിപ്പിക്കാൻ സാധിച്ചത് അശ്രാന്ത പ്രയത്നഫലം തന്നെയായിരുന്നു.

അശരണരായി എന്തുചെയ്യണമെന്നറിയാത്ത ചെറുകിട തെങ്ങുകൃഷിക്കാരെ സംഘടിപ്പിച്ചതുകൊണ്ടുമാത്രമായില്ല, മറിച്ച് സംഘടനയെ നയിക്കാൻ അവയുടെ നേതാക്കളെ പ്രാപ്തരാക്കേണ്ടതുമുണ്ട് എന്നതാണ് ബോർഡിന്റെ കാഴ്ചപ്പാട്. അതിനുള്ള പരിശീലന പരിപാടികൾക്കായി, രാജഗിരി കോളേജ് ഓഫ് മാനേജ്മെന്റ് സ്റ്റഡീസ്, കാക്കനാട്; സ്കൂൾ ഓഫ് കമ്മ്യൂണിക്കേഷൻസ് ആന്റ് മാനേജ്മെന്റ് സ്റ്റഡീസ്, കളമശ്ശേരി; ലോക്കൽ ഇക്കണോമിക്ക്സ് ഡെവലപ്മെന്റ് സെന്റർ, ഇടപ്പള്ളി; മൈത്രി പാലക്കാട്; ഹോളിഗ്രേസ് കോളേജ് ഓഫ് മാനേജ്മെന്റ് സ്റ്റഡീസ്, മാള, തൃശ്ശൂർ; അമൃത കോളേജ് ഓഫ് മാനേജ്മെന്റ് സ്റ്റഡീസ്, വള്ളിക്കാവ്, ഓച്ചിറ എന്നിങ്ങനെ മികവുറ്റ സ്ഥാപനങ്ങളെ ചുമതലപ്പെടുത്തിക്കൊണ്ട് 83 ബാച്ചിലായി 2457 പേർക്ക് പരിശീലനം കൊടുത്തത് ബോർഡിന്റെ ചരിത്രത്തിൽ നടാടെയാണ്. ആരംഭശൂരത്വം മാത്രമാകാതെ, കൂട്ടായ്മകൾ ചിന്നിച്ചിതറരുതെന്ന മുന്നറിയിപ്പ് കൂടിയായിരുന്നു ഈ നേതൃത്വ പാടവ പരിശീലനത്തിലൂടെ ലക്ഷ്യമിട്ടത്.

സംഘടിച്ച് ശക്തരാകുന്നതോടൊപ്പം കർഷകർക്ക് തെങ്ങ് എന്ന വിള അസംസ്കൃത വസ്തുക്കളുടെ അനുസ്യൂതമായ കലവറയാണെന്നും ഇതിൽ നിന്നും ലഭ്യമാക്കാവുന്നതിന്റെ ചെറിയൊരംശം പോലും ഇന്ന് ഉപയോഗപ്പെടുത്തുന്നില്ലെന്നും അവരെ ബോദ്ധ്യപ്പെടുത്തിക്കൊണ്ടാണ് മൂല്യവർദ്ധനവിലേക്കുള്ള വാതായനങ്ങൾ തുറന്ന് കാട്ടിയത്. ലോകോത്തര ഗുണനിലവാരമുള്ള നൂതന നാളികേരോൽപന്നങ്ങൾ നിർമ്മിക്കുവാൻ സാങ്കേതിക, സാമ്പത്തിക സഹായങ്ങളുടെ ഉറവിടം കാട്ടിക്കൊടുക്കുക കൂടിയായിരുന്നു ഈ യത്നത്തിന്റെ പിന്നിലെ ഉദ്ദേശ്യം. തെങ്ങിന്റെ പരിചരണം മെച്ചപ്പെടുത്താനും കരിക്കിന് പറ്റിയ തെങ്ങിനങ്ങൾ വെച്ച് പിടിപ്പിക്കാനും, കൊപ്രഡ്രയറുകൾ, ഇളനീർ പാർലറുകൾ എന്നിവ സ്ഥാപിക്കുക തുടങ്ങിയ ലക്ഷ്യങ്ങളും മൂല്യവർദ്ധനവിനൊപ്പം സൊസൈറ്റികളിൽ കൂടി ലക്ഷ്യമിട്ടിരിക്കുന്നു.

**ആലപ്പുഴ, കോഴിക്കോട്, കണ്ണൂർ, എറണാകുളം എന്നീ ജില്ലകളിലെ 27 സിപിഎസുകളും 9 ഫെഡറേഷനുകളും ഏകദേശം 53,000 കുറിയയിനം വിത്തു**



*കരുത്തേറിയ കർഷക കൂട്ടായ്മ*

**തേങ്ങകൾ സംഭരിച്ച് നഴ്സറികൾ ആരംഭിച്ചത് ലക്ഷ്യസാക്ഷാത്ക്കാരം ഒന്നൊന്നായി നേടാൻ സാധിക്കുന്നുവെന്നതിന്റെ തെളിവാണ്.** 2 ഫെഡറേഷനുകൾ കൊപ്രഡ്രയർ സ്ഥാപിക്കാൻ കെട്ടിട നിർമ്മാണവും യന്ത്രവത്ക്കരണവും പൂർത്തിയാക്കി. പലയിടങ്ങളിലും ഇതിനായുള്ള മുന്നൊരുക്കങ്ങൾ പുരോഗമിക്കുന്നു. 54 സംഘങ്ങൾ സംഭരണ കേന്ദ്രങ്ങളായി പ്രവർത്തനം തുടങ്ങിയത് വഴിത്തിരിവായി.

ഉത്പാദക കമ്പനികളാണ് ഈ ശൃംഖലയിലെ അവസാന കണ്ണികൾ. കമ്പനികളുടെ രൂപീകരണത്തിന് തുടക്കമിടാൻ കണ്ണൂർ, പാലക്കാട് ജില്ലകളിൽ കഴിഞ്ഞെങ്കിലും ഇത് കൂടുതൽ ശക്തിപ്പെടുത്തേണ്ടതും മറ്റ് ജില്ലകളിലേക്ക് വ്യാപിപ്പിക്കേണ്ടതും വരും വർഷങ്ങളിലെ പ്രധാന ലക്ഷ്യമാണ്.

### സർക്കാർ പ്രഖ്യാപനങ്ങൾ

സാമ്പത്തിക വർഷത്തിന്റെ ആരംഭത്തിൽ തന്നെ മൂല്യവർദ്ധിത ഉൽപന്നങ്ങളുടെ ഉത്പാദനവും വിപണനവും വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ ചർച്ച ചെയ്യാൻ ഏപ്രിൽ 18 ന് മുഖ്യമന്ത്രി വിളിച്ചു ചേർത്ത അവലോകന യോഗത്തിൽ ബോർഡ് പങ്കെടുത്തിരുന്നു. ഈ മേഖലക്ക് വേണ്ട എല്ലാ പ്രോത്സാഹനവും സർക്കാർ നൽകുമെന്ന് മുഖ്യമന്ത്രി ഉറപ്പ് നൽകി. ഉത്പാദക സംഘങ്ങൾ ശക്തിപ്രാപിക്കുന്നതിന് സർക്കാരിന്റെ നിരവധി പ്രഖ്യാപനങ്ങൾ വഴിയൊരുക്കി. ഉത്പാദക സംഘങ്ങളെ, നാളികേര സംഭരണ കേന്ദ്രങ്ങളായി അംഗീകരിച്ചുകൊണ്ടുള്ള ഉത്തരവ് 2012ൽ സംസ്ഥാന സർക്കാർ ഇറക്കിയിരുന്നു. ഈ പ്രഖ്യാപനത്തിന്റെ യഥാർത്ഥ ഫലം കൊയ്യാൻ സാധിച്ചത് 2012-13 ലാണ്. കിലോഗ്രാമിന് 14 രൂപ നിരക്കിൽ പൊതിച്ച തേങ്ങ ശേഖരിച്ച് ഗുണനിലവാരമുള്ള കൊപ്രയാക്കി താങ്ങുവിലയ്ക്കനുസരിച്ച് അതാത് ജില്ലകളിലെ സംഭരണ ഏജൻസികൾക്ക് നൽകാൻ അനുവദിച്ചുകൊണ്ടുള്ള ഉത്തരവായിരുന്നു ഇത്. സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ തന്നെ ഉത്പാദക സംഘങ്ങൾക്ക് കൊപ്ര നൽകാൻ കൃഷി ആഫീസറുടെ സാക്ഷ്യപത്രം ഒഴിവാക്കി ബോർഡിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഉപയോഗിക്കാൻ അനുവദിച്ചുകൊണ്ട് ഉത്തരവിറക്കിയതും സർക്കാർ പ്രഖ്യാപനങ്ങളിൽ പ്രാധാന്യമർഹിക്കുന്നതായിരുന്നു. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ തയ്യാറാക്കുന്ന പ്രോജക്ടുകളുടെ നിർവ്വഹണ ഏജൻസിയായി നാളികേരോത്പാദക സംഘങ്ങളെ പരിഗണിക്കാവുന്നതാണെന്ന സർക്കാർ ഉത്തരവും ഈ രംഗത്തെ നാഴികക്കല്ലായി.

**മദ്യരഹിത നീരയും നീര ഉൽപന്നങ്ങളും അടുത്തിടെ ഏറെ ജനശ്രദ്ധയാകർഷിക്കുകയും കേരകർഷകർക്ക് ഭാവിയിൽ ഒരു സുസ്ഥിര വരുമാനമാർഗ്ഗമാകാമെന്നുമുള്ള അഭിപ്രായം ഉയർന്നു വരുന്നുണ്ട്. സംസ്ഥാനത്തെ 10 പ്രധാന കേരോത്പാദക ജില്ലകളിൽ നീര സംസ്ക്കരണ യൂണിറ്റുകൾ സ്ഥാപിക്കാൻ 15 കോടിയും മറ്റ് കേരവികസന പദ്ധതികൾക്ക് 25 കോടിയും ധനകാര്യ മന്ത്രിയുടെ ബജറ്റ് പ്രസംഗത്തിലൂടെ അനുവദിച്ചതും നയപരമായ തീരുമാനങ്ങളിൽ തെങ്ങ് ശ്രദ്ധിക്കപ്പെട്ടുവെന്നതിന്റെ തെളിവാണ്. നീരയെ സംബന്ധിച്ച് ജനങ്ങൾക്കിടയിലുള്ള സന്ദേഹങ്ങൾ ദൂരീകരിക്കുന്നതിനും അബ്കാരി നിയമത്തിൽ ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിനും ബോർഡ് കൈക്കൊണ്ട നടപടികൾ ഫലപ്രദമാകുന്നുവെന്നതിന്റെ സൂചനയായി ധനകാര്യ മന്ത്രിയുടെ ബജറ്റ് പ്രഖ്യാപനത്തെ കാണാം.**

**കേന്ദ്ര ധനകാര്യമന്ത്രിയുടെ ബജറ്റ് പ്രസംഗം രണ്ട് കാര്യങ്ങളിൽ ഊന്നൽ നൽകി. ഒന്ന്, തെങ്ങ് പുനരുദ്ധാരണ പദ്ധതി മറ്റു ജില്ലകളിൽ കൂടി വ്യാപിപ്പിക്കുവാൻ 75 കോടി രൂപ അനുവദിച്ചു. രണ്ട്, കർഷക ഉത്പാദക സംഘടനകൾക്ക് യൂണിറ്റൊന്നിന് 10 ലക്ഷം രൂപ വീതം നൽകാൻ 50 കോടി രൂപയും നീക്കിവെച്ചു.**

വെളിച്ചെണ്ണയുടെ വിലയിടിവും തുടർന്നുള്ള സർക്കാർ പ്രഖ്യാപനങ്ങളും ശ്രദ്ധേയമായി. ക്രൂഡ് പാമോയിലിന് ഇറക്കുമതി തീരുവ 20 ശതമാനം വരെ ഉയർത്താമെന്നിരിക്കേ പൂജ്യം ശതമാനത്തിൽ നിലനിർത്തിയതും ശുദ്ധീകരിച്ച പാം ഓയിലിന് 7.5 ശതമാനത്തിൽ തുടരുന്നതും ബോർഡ് ചോദ്യം ചെയ്തിരുന്നു. ഇറക്കുമതി തീരുവ ഉയർത്താൻ ശക്തമായി വാദിച്ചു. ഈ രംഗത്ത് ഭീമമായ പൊളിച്ചെഴുത്ത് നടന്നില്ലെങ്കിലും ക്രൂഡ് പാം ഓയിലിന്റെ ഇറക്കുമതിച്ചുങ്കം പൂജ്യം ശതമാനമെന്നത് 2.5 ശതമാനമാക്കി ഉയർത്തിയത് നേരിയ ആശ്വാസമായേ കണക്കാക്കാനാകൂ. കേന്ദ്രസർക്കാരിന്റെ പോർട്ട് നിയന്ത്രണവും അളവ് നിയന്ത്രണവും നിലനിന്നിരുന്നതിനെതിരെ ശക്തമായി വാദിച്ചിരുന്നതിന് ഫലമുണ്ടായി. കൊച്ചി തുറമുഖത്ത് നിന്ന് മാത്രമുള്ള കയറ്റുമതി നിയന്ത്രണവും തൂക്കത്തിൽ 20,000 ടൺ മാത്രം എന്ന പരിധിയും വിഘാതം തന്നെയായിരുന്നു. ഈ നിയന്ത്രണം നീക്കം ചെയ്തുകൊണ്ട് എല്ലാ തുറമുഖങ്ങളിൽ നിന്നും അളവ് നിയന്ത്രണമില്ലാതെ കയറ്റുമതി അനുവദിച്ചത് നേട്ടം തന്നെയായി. എങ്കിലും വെളിച്ചെണ്ണ കയറ്റുമതി നിയന്ത്രിതലിസ്റ്റിൽതന്നെ തുടരുകയാണ് ഇപ്പോഴും. ഈ അനിശ്ചിതാവസ്ഥ മൂലം വിശേഷ് കൃഷി ഗ്രാമോദ്യോഗ് യോജന പ്രകാരമുള്ള 5 ശതമാനം കയറ്റുമതി പ്രോത്സാഹനം വെളിച്ചെണ്ണ കയറ്റുമതിക്കാർക്ക് നേടിയെടുക്കുവാൻ സാധിക്കുന്നില്ല. സർക്കാരിൽ ഉറങ്ങുന്ന നിവേദനങ്ങളിൽ ഇതും ഉൾപ്പെടുന്നു.

### പരിശീലന പരിപാടികൾ

വനിതകൾക്കും സ്വാശ്രയ സംഘങ്ങൾക്കും സംരംഭകർക്കുമെല്ലാം സംരംഭകത്വ പരിശീലനം നൽകുകയെന്നതാണ് ബോർഡിന്റെ വാഴക്കുളത്തുള്ള സാങ്കേതിക വികസന കേന്ദ്രത്തിന്റെ പ്രധാന കർമ്മ മേഖല. തേങ്ങയുപയോഗിച്ചും തേങ്ങവെള്ളമുപയോഗിച്ചും തയ്യാറാക്കാവുന്ന ഭക്ഷ്യവസ്തുക്കളുടെ നിർമ്മാണത്തിന് ഒന്ന്, രണ്ട്, നാല് ദിവസങ്ങൾ വീതം ദൈർഘ്യമുള്ള സംരംഭകത്വ കഴിവ് വികസന പരിപാടിയിലൂടെ 880 പേരാണ് പരിശീലനം നേടിയത്. അനുയോജ്യമായ സംസ്ക്കരണ രീതി തെരഞ്ഞെടുക്കുവാനും, ചെലവ് കുറഞ്ഞ പായ്ക്കിംഗ് രീതി അവലംബിക്കാനും പഠിപ്പിക്കുന്നതോടൊപ്പം ഭക്ഷ്യ സുരക്ഷ മാനദണ്ഡങ്ങൾ ഗുണമേന്മ നിലവാരം പാലിക്കുന്നതിന്റെ ആവശ്യകത എന്നിവയും പാഠ്യപദ്ധതിയിലുണ്ട്. ഒപ്പം, വിപണന തന്ത്രങ്ങളും നേതൃത്വഗുണങ്ങളും.

2011-12ൽ തുടങ്ങിവെച്ച തെങ്ങിന്റെ ചങ്ങാതിമാരെ വാർത്തെടുക്കുന്ന പരിശീലന പരിപാടി പുരോഗമിച്ച വർഷമായിരുന്നു കടന്ന് പോയത്. കേരളത്തിൽ കേന്ദ്രീകരിച്ച തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പരിശീലനം മറ്റ് സംസ്ഥാനങ്ങളിലേക്കും വ്യാപിപ്പിച്ച വർഷമായിരുന്നു കഴിഞ്ഞത്. കേരളം കൂടാതെ, ആന്ധ്ര, തമിഴ്നാട്, കർണ്ണാടകം, മഹാരാഷ്ട്ര, ഗോവ എന്നിവിടങ്ങളിലായി 6917 ചങ്ങാതിമാരാണ് 2012-13ന്റെ സംഭാവന. ഇതിൽ 572 സ്ത്രീ ചങ്ങാതിമാരായിരുന്നു. **ദിവസം 500 മുതൽ 1000 രൂപ വരേയും പ്രതിമാസം 10,000 മുതൽ 15,000 രൂപ വരേയും വരുമാനം നേടിയ മികവുറ്റ വിദഗ്ദ്ധരെയാണ് ബോർഡിന്റെ ചങ്ങാതി പരിശീലനത്തിലൂടെ വാർത്തെടുക്കാൻ സാധിച്ചത്.** വിളവെടുപ്പിന് തൊഴിലാളികളുടെ ലഭ്യതയും തൊഴിൽരഹിതർക്ക് സ്വയം തൊഴിൽ കണ്ടെത്തലും ഇതിന്റെ മറ്റ് നേട്ടങ്ങളായി.



സിപിഎസ് നേതൃത്വ പരിശീലനം



ശക്തിപ്രാപിച്ച ചങ്ങാതിക്കൂട്ടം പരിശീലനം

### നൂതന വിപണന തന്ത്രങ്ങൾ

കേരോൽപന്നങ്ങൾക്ക് ആഭ്യന്തര വിപണി കണ്ടുപിടിക്കാനുള്ള ഒരു നൂതന തന്ത്രം മെനഞ്ഞ വർഷം കൂടിയായിരുന്നു കടന്ന് പോയത്. അന്താരാഷ്ട്ര വിപണി തേടി കരുനീക്കങ്ങൾ നടത്തുമ്പോഴും ആഭ്യന്തര വിപണിയുടെ ഭീമൻ സാദ്ധ്യത നാമറിയാതെ പോകുന്നു. നമ്മുടെ ഉൽപന്നം വാങ്ങുവാനുള്ള ആഗ്രഹം പേറി, അവയുടെ ഉറവിടം അന്വേഷിച്ച് ബുദ്ധിമുട്ടുന്ന നിരവധി ഉപഭോക്താക്കൾ രാജ്യത്തിന്റെ പല ഭാഗത്തുമുണ്ട്, ഉപയോഗ രീതികൾ വ്യത്യസ്തമാണെന്ന് മാത്രം. തേങ്ങയുടെ ഉപയോഗമെന്ന് കേട്ടാൽ കേരളമെന്നല്ല ഓർക്കേണ്ടതെന്ന് നമ്മെ പഠിപ്പിച്ച ധാരാളം പാഠങ്ങളുണ്ട്. വടക്കേ ഇന്ത്യയിലും കിഴക്ക്, വടക്കുകിഴക്ക് പ്രദേശങ്ങളിലും കരിക്കിൻ വെള്ളവും ചിപ്സും തൂൾതേങ്ങയും ഉണ്ടകൊപ്രയുമെല്ലാം പ്രിയ ഉൽപന്നങ്ങൾ തന്നെ. ഈ ഉൽപന്നങ്ങൾ ജനകോടികളിലേയ്ക്കെത്തിക്കാൻ ഒരു വിപണന തന്ത്രം ആവിഷ്ക്കരിച്ച വർഷമായിരുന്നു കഴിഞ്ഞത്. തെരഞ്ഞെടുക്കപ്പെട്ട **പത്ത് ഉൽപന്നങ്ങളടങ്ങിയ ഉൽപന്ന ബാസ്ക്കറ്റ് അവതരിപ്പിച്ചതും ഇവ 63 ജനറം നഗരങ്ങളിലെത്തിക്കാൻ തുടക്കമിട്ടതും വേറിട്ട തന്ത്രമായി.** മുംബൈ, ഡൽഹി, കൊൽക്കത്ത, ചെന്നൈ, ബാംഗ്ലൂർ, ഹൈദരാബാദ്, അഹമ്മദാബാദ്, പൂന, സൂറത്ത് എന്നീ മഹാനഗരങ്ങളും ലക്ഷത്തിലധികം ജനസംഖ്യയുള്ള എല്ലാ പട്ടണങ്ങളും ഇതിനായി ലക്ഷ്യമിട്ട നഗരങ്ങളുടെ പരിധിയിൽ വരും.

### വളരുന്ന കയറ്റുമതി രംഗം

കയറ്റുമതി രംഗം വളർത്തേണ്ടത് രാജ്യത്തിന്റെ നിലനിൽപ്പിനാധാരമായി വന്നിരിക്കുന്നു. 2011-12 സാമ്പത്തിക വർഷം 835 കോടി രൂപ കയറ്റുമതി മൂല്യം നേടി കേര മേഖല റെക്കോർഡ് സൃഷ്ടിച്ചിരുന്നു. ഇതിൽ 348 കോടി രൂപ ഉത്തേജിത കരിയുടെതായിരുന്നു. കഴിഞ്ഞ വർഷത്തെക്കണക്കുകൾ ക്രോഡീകരിച്ച് വരുന്നതേയുള്ളൂ. ലഭ്യമായ കണക്കനുസരിച്ച് 2012-13ൽ ആയിരം കോടി രൂപയുടെ കയറ്റുമതി മൂല്യം നേടുവാൻ കേരരംഗം സഹായിച്ചുവെന്നത് ദേശീയ സാമ്പത്തിക രംഗത്ത് തെങ്ങിന് വർദ്ധിച്ചു വരുന്ന സ്വാധീനം തന്നെയാണ് പ്രകടമാണ്.

വെളിച്ചെണ്ണയുടെ ഉപഭോഗത്തിലുണ്ടായിരിക്കുന്ന അസ്ഥിരതയും, വെളിച്ചെണ്ണ വിലയിലെ ഏറ്റക്കുറച്ചിലും വെളിച്ചെണ്ണ കയറ്റുമതിയെക്കുറിച്ച് ചിന്തിക്കാൻ നമ്മെ പലപ്പോഴും പ്രേരിതരാക്കുന്നു. 7.5 ലക്ഷം ടൺ കൊപ്രയിൽ നിന്നും 4.5 ലക്ഷം ടൺ വെളിച്ചെണ്ണ മാത്രമേ നമ്മൾ ഉത്പാദിപ്പിക്കുന്നുള്ളുവെങ്കിലും കയറ്റുമതിയിൽ മുന്നേറിയാൽ കൂടുതൽ ഉത്പാദിപ്പിക്കുവാൻ അത് പ്രേരകമാകും. കേരളത്തിൽ നിന്നും 1.5 ലക്ഷം ടൺ വെളിച്ചെണ്ണ കയറ്റുമതി ചെയ്യാനും ലക്ഷ്യമിട്ടിട്ടുണ്ട്. കയറ്റുമതിയെ നിരീക്ഷിക്കുന്ന ബോർഡിന്റെ നിയന്ത്രണത്തിലുള്ള എക്സ്പോർട്ട് പ്രമോഷൻ കൗൺസിലിൽ 212 പേർ പുതുതായി രജിസ്ട്രേഷനെടുത്ത വർഷമായിരുന്നു 2012-13. മൊത്തം രജിസ്റ്റർ ചെയ്തവരുടെ എണ്ണം 894 ആയി.




ഉൽപന്ന ബാസ്ക്കറ്റ്

### നടപ്പ് വികസന പദ്ധതികൾ

89 കോടി രൂപയുടെ പദ്ധതികളായിരുന്നു ബോർഡിന്റെ 2012-13 ലെ ബജറ്റ് വിഹിതത്തിൽ ഉൾപ്പെടുത്തിയിരുന്നത്. തെങ്ങു പുനരുദ്ധാരണ പദ്ധതിക്ക് 32 കോടി, മറ്റ് തുടർപദ്ധതികൾക്ക് 55 കോടി, പാം ഇൻഷുറൻസിന് 1 കോടി എന്നിങ്ങനെ. തെങ്ങ് പുനരുദ്ധാരണ പദ്ധതിയുടെ അവസാന വർഷമെന്ന നിലയിൽ ലഭിച്ച 32 കോടി രൂപ സാമ്പത്തിക വർഷത്തിന്റെ പകുതിയായപ്പോഴെ ചെലവഴിച്ചുതീർത്ത് നേട്ടം കൊയ്ത വർഷമായിരുന്നു കടന്ന് പോയത്. നിരന്തരമുള്ള ഇടപെടലുകൾ കൊണ്ട് 49.55 കോടി രൂപ വരെ നേടിയെടുത്ത് മുഴുവൻ ചെലവഴിക്കാനായെങ്കിലും 25 കോടി രൂപയുടെ അപര്യാപ്തത വർഷാവസാനം നേരിടേണ്ടി വന്നതും ഒറ്റപ്പെട്ട സംഭവമെന്ന് പറയാം. ഈ ഒരൊറ്റ വർഷം കൊണ്ട് തന്നെ 6.8 ലക്ഷം തെങ്ങുകൾ മുറിച്ച് മാറ്റിയതും 35822 ഹെക്ടർ പ്രദേശത്ത് വളം വിതരണം നടത്തിയതും 3.26 ലക്ഷം തൈകൾ പുനർ നടീൽ നടത്തിയതും നാഴികക്കല്ലായി. 12-12-12ൽ 12-ാമത് സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റി യോഗം നടന്നത് അവിചാരിതമായിരിക്കാം, പക്ഷേ അതുമൊരു നാഴികക്കല്ലായി.



*നടീൽ വസ്തുക്കളുടെ ഉത്പാദനം – ഊന്നൽ നൽകുന്ന മേഖല*

ഈ നേട്ടത്തിനിടയിലും വളം വിതരണം പൂർത്തിയാക്കാൻ കഴിയാതെ വന്നതും വെട്ടിയ തെങ്ങുകളുടെ സബ്സിഡി കൊടുത്ത് തീർക്കാൻ കഴിയാത്തതും പോരായ്മയായി. ഈ പോരായ്മകൾ പരിഹരിക്കുന്നതിനുള്ള കച്ചിത്തുരുമ്പായി, കേന്ദ്ര ധനകാര്യ മന്ത്രിയുടെ 75 കോടി രൂപ അനുവദിച്ചുകൊണ്ടുള്ള പ്രഖ്യാപനം. ഈ വിഹിതത്തിന് ഒരു നിർദ്ദിഷ്ട ഉദ്ദേശ്യവും മന്ത്രി പ്രഖ്യാപിച്ചിരുന്നു; കേരളത്തിലെ മറ്റ് ജില്ലകളിൽക്കൂടി പദ്ധതി വ്യാപിപ്പിക്കുകയെന്നത്. അതിനുള്ള കർമ്മ പദ്ധതി തയ്യാറാക്കേണ്ടിയിരിക്കുന്നു.

മറ്റു പദ്ധതികളിൽ മുൻനിരയിൽ നിന്നത് ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള ഡെമോൺസ്ട്രേഷൻ തോട്ടങ്ങൾ സ്ഥാപിക്കൽ എന്ന പദ്ധതി 10525 ഹെക്ടറിൽ നടപ്പാക്കിയതാണ്. ഈ പദ്ധതിക്ക് വേണ്ടി 19 കോടി രൂപയാണ് ചെലവഴിച്ചത്. ഇതിൽ കേരളത്തിലെ ഇടുക്കി, കുട്ടനാട് പായ്ക്കേജുകൾക്ക് നൽകിയ വിഹിതവും ഉൾപ്പെടുന്നു. 2250 ഹെക്ടറിലെ തെങ്ങു കൃഷി വ്യാപനവും 11 ലക്ഷം തെങ്ങിൻ തൈകൾ ബോർഡിന്റെ ഡിഎസ്പി ഫാമുകളിൽകൂടി ഉത്പാദിപ്പിച്ചതുമെല്ലാം നേട്ടങ്ങളുടെ മുൻനിരയിൽപ്പെടുത്താം. ബോർഡിന്റെ ഫാമുകളിൽ തൈ ഉത്പാദനത്തിലുണ്ടായ അഭൂതപൂർവ്വമായ വളർച്ച, ബോർഡ് ഊന്നൽ നൽകുന്ന മേഖലയാണ് ഗുണമേന്മയുള്ള തൈ ഉത്പാദനമെന്നതിന്റെ നാന്ദിയായി.

പ്രധാന തെങ്ങുകൃഷി സംസ്ഥാനങ്ങളായ തമിഴ്നാട്, മഹാരാഷ്ട്ര, പശ്ചിമബംഗാൾ എന്നിവിടങ്ങളിൽ മൂന്ന് പുതിയ ഡെമോൺസ്ട്രേഷൻ ഫാമുകൾ കൂടി സ്ഥാപിക്കാൻ കഴിഞ്ഞ സാമ്പത്തിക വർഷം ലക്ഷ്യമിട്ടിരുന്നു. **ഇതിൽ മഹാരാഷ്ട്ര ജില്ലയിലെ പൽഗാറിൽ പുതി ഫാം തുടങ്ങുന്നതിന് 40 ഹെക്ടർ സ്ഥലം ബോർഡ് ഏറ്റെടുത്തതും നേട്ടങ്ങളുടെ പട്ടികയിൽ പെടുത്താം.**

**നാളികേരാധിഷ്ഠിത വ്യവസായങ്ങൾക്ക് പ്രചോദനമാകുന്ന ടെക്നോളജി മിഷൻ മികച്ച പ്രകടനമാണ് കാഴ്ചവെച്ചത്. 7 കോടി രൂപ ചെലവിട്ട വർഷത്തിൽ 68 പുതിയ പദ്ധതികൾക്ക് ധനസഹായം നൽകി. ഇതിൽ 29 പദ്ധതികൾ സംസ്ക്കരണ മേഖലയിലായിരുന്നു. സങ്കരയിനം തെങ്ങിൻതൈകളുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി വിദ്യാഭ്യാസ സ്ഥാപനങ്ങളും എൻജിഓകളുമായി ചേർന്ന് തുടങ്ങിയ കൊളാബറേറ്റീവ് റിസർച്ച് രാജ്യത്തു തന്നെ ആദ്യത്തെ ചുവടുവയ്പായി. അഞ്ചു കോളേജുകളും ഒരു എൻജിഓയും തയ്യാറായി മുന്നോട്ടു വന്നതിൽ നാലു കോളേജുകളും മാതൃവൃക്ഷത്തിന്റെ സർവ്വേ പൂർത്തീകരിച്ചുകൊണ്ടിരിക്കുകയാണ്. പാലക്കാട് ജില്ലയിലെ മൈത്രി എന്ന എൻജിഒ ഹൈബ്രിഡൈസേഷൻ തുടങ്ങുകയും ചെയ്തത് വലിയ നേട്ടമായി.**

വ്യക്തിഗത സംരംഭകർക്ക് വ്യവസായങ്ങൾ തുടങ്ങാൻ സ്ഥലപരിമിതിയും ഭീമമായ സാമ്പത്തിക ബാദ്ധ്യതയും ഒരു കടമ്പയാണ്. നാളികേരാധിഷ്ഠിത വ്യവസായങ്ങൾ വ്യാപകമാകുന്നതിന് ഈ പരിമിതികൾ വിഘാതമാകുന്നു. ഈ പശ്ചാത്തലത്തിലാണ് കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡവലപ്പ്മെന്റ് കോർപ്പറേഷൻ കോഴിക്കോട് ജില്ലയിലെ കുറ്റ്യാടിയിൽ 135 ഏക്കറിൽ കേര പാർക്ക് തുടങ്ങാനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചത്. സംസ്ഥാനത്ത് മൂന്ന് കേര പാർക്കുകൾ തുടങ്ങുമെന്നുള്ള ബജറ്റ് പ്രഖ്യാപനത്തിന്റെ സാക്ഷാത്ക്കാരം കൂടിയായിരുന്നു അത്.

നാളികേര വികസന ബോർഡും തെങ്ങുകൃഷിയും മാദ്ധ്യമങ്ങളിൽ നിറഞ്ഞു നിന്ന വർഷമായിരുന്നു 2012-13. വെളിച്ചെണ്ണയുടെ വിലിയിടിവ് നിരവധി വിമർശനങ്ങളും ആക്ഷേപ പ്രത്യാക്ഷേപങ്ങളും മാദ്ധ്യമങ്ങളിൽ നിറയാനിടയാക്കി. ബോർഡിന്റെ പബ്ലിസിറ്റി വിഭാഗം ഈ സമയത്ത് നടത്തിയ മാദ്ധ്യമ ഇടപെടൽ ശ്ലാഘനീയമായിരുന്നു. പത്രമാദ്ധ്യമങ്ങളിൽ വാർത്ത നിറഞ്ഞതുമൂലം പാർലമെന്റിൽ നിരവധി ചോദ്യങ്ങൾ ജനപ്രതിനിധികൾ ഉന്നയിക്കാൻ ഇടയാക്കി. ഇങ്ങനെ തെങ്ങു കൃഷിയെപ്പറ്റി നിരവധി ചോദ്യങ്ങൾ ഉന്നയിക്കപ്പെട്ടതും വിശദീകരണം നൽകിയതും രാജ്യത്തിന്റെ ചരിത്രത്തിൽ ആദ്യമാണെന്ന് പറയാം. അക്ഷയ പുസ്തക നിധിയുമായി ചേർന്ന് കുട്ടികൾക്കുവേണ്ടി നടത്തിയ രചനാ മത്സരവും സമ്മാനദാനച്ചടങ്ങും സ്മരണീയമാക്കിത്തീർത്തത് കേരവൃക്ഷത്തെ സ്നേഹിക്കുന്ന ശ്രീ ചെമ്മനം ചാക്കോയെപ്പോലെയുള്ള സാഹിത്യകാരന്മാരുടെ പ്രതിഭാസംഗമത്തിലൂടെയായിരുന്നു.

കേരളത്തിൽ നടത്തിയ രണ്ട് നിക്ഷേപക സംഗമങ്ങളും ആന്ധ്രപ്രദേശിൽ നടന്ന ഒന്നും മഹാരാഷ്ട്രയിൽ നടന്ന ലോകനാളികേര ദിനാഘോഷവും കഴിഞ്ഞ വർഷത്തെ മിന്നുന്ന പ്രകടനം തന്നെയായിരുന്നു.

ബോർഡിന്റെ വിജ്ഞാന വ്യാപന പ്രവർത്തനങ്ങളുടെ മുഖ്യ ഉപാധിയായ ഇന്ത്യൻ നാളികേര ജേണലിന്റെ വരിക്കാരുടെ എണ്ണം മൂവായിരത്തിൽ നിന്ന് 50000 ആയി ഉയർന്നതും റെക്കോർഡ് നേട്ടമായി.

മറ്റ് സ്ഥാപനങ്ങളുമായി പദ്ധതി നടത്തിപ്പിലുണ്ടായ സമന്വയം പ്രതീക്ഷാനിർഭരമായിരുന്നു. വികസന പ്രവർത്തനങ്ങളിൽ താൽപര്യം കാണിക്കുകയും മുന്നിട്ട് നിൽക്കുകയും ചെയ്ത ആലപ്പുഴ ജില്ലയിലെ കഞ്ഞിക്കുഴിപോലെയുള്ള പഞ്ചായത്തുകൾ ബോർഡ് പദ്ധതികളുമായി സഹകരിച്ച് പ്രവർത്തിക്കുവാൻ മുന്നോട്ട് വന്നത് പ്രതീക്ഷയേകുന്നു.

ചങ്ങാതിക്കൂട്ടം പരിശീലന പദ്ധതി നടത്തിപ്പിന് ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ (എൻആർഎൽഎം) സഹകരണം തേടിയിരുന്നു. കർണ്ണാടകയിൽ ചങ്ങാതിക്കൂട്ടം പരിശീലനപരിപാടി സംഘടിപ്പിക്കുവാൻ എൻആർഎൽഎം സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്.

മാണ്ഡ്യ പ്രദർശന വിത്തുത്പാദന തോട്ടം നാളികേരോൽപന്ന നിർമ്മാണ പരിശീലനത്തിന് വേദിയായതും എടുത്തു പറയേണ്ടതാണ്.

തെങ്ങുകളുടെ ഇൻഷൂറൻസിന് ഒരു പ്രത്യേക പദ്ധതി കഴിഞ്ഞ രണ്ട് വർഷ


പച്ചത്തേങ്ങ സംഭരണം: ആദ്യഘട്ടത്തിൽ ലക്ഷ്യം ഒരു ലക്ഷം
കൊപ്ര താങ്ങുവില 150 കൂട്ടി
നാളികേര കൃഷിക്ക് 75 കോടി
കേരവൃക്ഷ ഇൻഷ്വറൻസ്
നാളികേര സംസ്കരണം
സബ്സിഡി 25 ശതമാനം
14 രൂപ നിരക്കിൽ പച്ചത്തേങ്ങ സംഭരിക്കും

*ബോർഡിന്റെ മാധ്യമ ഇടപെടൽ*

മായി നടന്ന് വരുന്നു. 2012–13ൽ കേരളം, കർണ്ണാടകം, തമിഴ്നാട്, ആന്ധ്രാപ്രദേശ്, മഹാരാഷ്ട്ര, ഒഡീഷ എന്നീ സംസ്ഥാനങ്ങൾക്ക് 82 ലക്ഷം രൂപ ബോർഡിന്റെ വിഹിതമായി ചെലവിട്ടു.

**ആശങ്കാജനകമായിരുന്ന വിലനിലവാരം**

കർഷകരുടെ ഉത്സാഹവും കേരമേഖലയുടെ വിജയവും ആത്യന്തികമായി ബന്ധപ്പെട്ടിരിക്കുന്നത് കേരോൽപന്നങ്ങളുടെ വിലയിലാണ്. വില ഉയർന്ന് നിന്നാൽ തോട്ടം പരിചരണവും, എന്തിന് തെങ്ങിൻ തൈകൾ വിറ്റഴിക്കുന്നതുപോലും സുഗമമായി നടക്കും. മറ്റു നേട്ടങ്ങളുടെ ഇടയിലും കൊപ്ര വിലയും വെളിച്ചെണ്ണ വിലയും സ്വാഗതാർഹമാംവിധം ഉയർന്നു നിന്നിരുന്നില്ല, കഴിഞ്ഞ വർഷം. 2011 കേരമേഖല കണ്ട ഏറ്റവും ഉയർന്ന വില നിലവാരത്തിലെത്തിയ വർഷമായിരുന്നു. 2011 മേയിൽ വെളിച്ചെണ്ണ വില ക്വിന്റലിന് 10148 രൂപയിലെത്തിയിരുന്നു. വർഷത്തിലെ ശരാശരി നിരക്ക് ക്വിന്റലിന് 9069 രൂപയും. ഇത് 2012 ആയപ്പോഴേക്കും 6343 രൂപയായി താഴ്ന്നിരുന്നു. വില ഏറ്റവും ഉയർന്നു നിൽക്കേണ്ട ഉത്സവ സീസണായ നവംബറിൽ 6014 രൂപയിലേയ്ക്ക് വില തകർന്ന് വീണത് കർഷകരിൽ പ്രതിക്ഷേധവും നിരാശയും ആളിപ്പടർത്തിയിരുന്നു. പക്ഷേ, സാമ്പത്തിക വർഷത്തിന്റെ അവസാനത്തിൽ, അതായത് ഡിസംബർ 2012 മുതൽ വിലയിൽ ഉണർവ്വുണ്ടായിത്തുടങ്ങി. 6014 ൽ നിന്ന് കുത്തനെ വില വർദ്ധിച്ച് 6500 ലെത്തിയിരുന്നു. ജനുവരിയിലെ വില അതിലും മെച്ചപ്പെട്ടു 7062ലെത്തി. ഫെബ്രുവരിയിലും മാർച്ചിലും വിലയിൽ കുറവനുഭവപ്പെട്ടെങ്കിലും വില ഉയരുമെന്ന പ്രത്യാശയിലാണ് കർഷകർ 2013–14 നെ ഉറ്റുനോക്കുന്നത്.

വിലത്തകർച്ചയിൽ നിന്നും കർഷകരെ രക്ഷിക്കാൻ കേന്ദ്ര ഗവൺമെന്റ് വിപണിയിൽ ഇടപെടൽ നടത്തുന്നത് തറവില നിശ്ചയിച്ചുകൊണ്ടാണ്. 2012 സംഭരണ സീസണിലേക്ക് ഗവൺമെന്റ് ആട്ടുകൊപ്രയ്ക്കും ഉണ്ടകൊപ്രയ്ക്കും തറവില നിശ്ചയിച്ചിരിക്കുന്നത് യഥാക്രമം 5100 രൂപയും 5350 രൂപയുമായിരുന്നു. പൊതിച്ച നാളികേരത്തിന് കിലോഗ്രാമിന് 14 രൂപയും. തമിഴ്നാട് സർക്കാർ ഉണ്ടകൊപ്ര സംഭരണത്തിന് ക്വിന്റലിന് 700 രൂപ അധികം പ്രഖ്യാപിച്ചതും അതിന്റെ ചുവടുപിടിച്ച് കേരള സർക്കാർ സംഭരണ സൊസൈറ്റികൾക്കും സംഘങ്ങൾക്കും ആട്ടുകൊപ്രയ്ക്ക് ക്വിന്റലിന് 500 രൂപ അധികം പ്രഖ്യാപിച്ചതും നേട്ടമായി. 2013 സീസണിലേക്ക് ഉയർന്ന കാർഷികച്ചെലവുകൾ കണക്കിലെടുത്ത് ഉയർന്ന തറവില ശുപാർശ ചെയ്തിരുന്നെങ്കിലും കേവലം 150 രൂപ മാത്രം വർദ്ധിപ്പിച്ച് ആട്ടുകൊപ്രയ്ക്ക് 5250 രൂപയും ഉണ്ടകൊപ്രയ്ക്ക് 5500 രൂപയുമാണ് തറവില നിശ്ചയിച്ച് പ്രഖ്യാപനമുണ്ടായത്; പൊതിച്ച നാളികേരത്തിനു 14.25 രൂപയും. ഇതിനിടെ പൊതിച്ച നാളികേരം കിലോയ്ക്ക് 14 രൂപ വെച്ച് സംസ്ഥാന സർക്കാർ കൃഷിഭവനുകൾ വഴി സംഭരിച്ചത് കർഷകർക്ക് ആശ്വാസമായി. ഗുണമേന്മയുള്ള കൊപ്രയുണ്ടാക്കി തറവിലയ്ക്ക് സംഭരണ ഏജൻസികൾക്ക് നൽകാൻ ഉത്പാദകസംഘങ്ങളേയും ഫെഡറേഷനുകളേയും ചുമതലപ്പെടുത്തിക്കൊണ്ട് നേരത്തെ സർക്കാർ ഉത്തരവ് ഇറക്കിയിരുന്നതും കർഷകർക്ക് ആശ്വാസമായി.

**അന്താരാഷ്ട്ര സമ്മേളനങ്ങൾ**

ഏഷ്യ - പസഫിക് രാജ്യങ്ങളുടെ 45–ാമത് കൊക്കോടെക് സമ്മേളനനഗരി

"കുട്ടികൾ കേരളത്തിന്റെ കൽപവൃക്ഷങ്ങളാണ്. കൽപവൃക്ഷമായ തെങ്ങിനെപ്പോലെയാകാൻ ശ്രമിക്കണം. ചിന്തയിൽ, വാക്കുകളിൽ, പ്രവൃത്തിയിൽ, വളവും തിരിവുമില്ലാതെ, മറ്റുള്ളവർക്ക് പ്രയോജനപ്പെടുന്ന വ്യക്തിയാകണം. തെങ്ങിനെ വ്യക്തിത്വത്തിലേക്ക് ആവാഹിക്കണം,നേരെ ചൊവ്വേയാണ് തെങ്ങിന്റെ പോക്ക്. വളവും തിരിവുമില്ല, ശാഖകളുമില്ല. ഉത്തമ മനുഷ്യനായി എങ്ങനെ ജീവിക്കാം എന്ന് കാണിക്കുന്ന വൃക്ഷമാണ് തെങ്ങ്. പ്രകൃതിയിൽ നിന്ന് സ്വീകരിക്കാവുന്ന നല്ല മാതൃകയാണ്, മാതൃകവൃക്ഷമാണ് കൽപവൃക്ഷം.


*പ്രതിഭാസംഗമം*

ഇന്ന് കർമ്മഭക്തി തീരെക്കുറവാണ്. ശബ്ദമുണ്ടാക്കുവാനാണ് ആളുകൾക്ക് താൽപര്യം. പക്ഷേ, ഏറ്റവും മഹത്തായ ശബ്ദമാണ് കേൾപ്പിക്കേണ്ടത്. ഏറ്റവും വലിയ ശബ്ദമല്ല. മഹത്തായ ശബ്ദം കേൾപ്പിക്കുവാൻ മഹത്തായ വൃക്ഷത്തെ നിങ്ങൾ മാതൃകയാക്കുക. തെങ്ങുപോലെ, അക്രമത്തിനും അഴിമതിയ്ക്കുമായി കൈകൾ നീട്ടാതെ, ആദർശം ഉൾക്കൊണ്ട് വളരുക. മനസ്സാക്ഷിയ്ക്കനുസരിച്ച് വളരുക, അതിനുള്ള ശക്തി വളർത്തിയെടുക്കുക"

***– ശ്രീ ചെമ്മനം ചാക്കോ***



*45-ാമത് കൊക്കോടെക് സമ്മേളനം*

യായി കൊച്ചിയെ മാറ്റിയത് 2012-13 ന്റെ നേട്ടങ്ങളിലൊന്നാണ്. കേരവികസനത്തിന്റെ സർവ്വതോമുഖമായ വളർച്ചയും സുസ്ഥിര വികസനവുമെന്ന വിഷയത്തിലൂന്നിയായിരുന്നു സമ്മേളനം. അഞ്ച് വ്യത്യസ്ത വിഷയങ്ങളെ അധികരിച്ചുള്ള സാങ്കേതിക സമ്മേളനങ്ങളിലായി തെങ്ങു വളരുന്ന ഇരുപതിലധികം രാജ്യങ്ങളിലെ വിശിഷ്ടാതിഥികൾ, പ്രതിനിധികൾ, കേന്ദ്ര -സംസ്ഥാന മന്ത്രിമാർ, ഗവേഷകർ, ഉദ്യോഗസ്ഥർ, വ്യവസായ സംരംഭകർ എന്നിങ്ങനെ രാജ്യത്തിനകത്തും പുറത്തുമുള്ള 250 ലധികം പ്രതിനിധികൾ സമ്മേളിക്കുകയും ഭാവിപ്രവർത്തനങ്ങൾക്ക് ദിശാബോധം നൽകിയും കേരകൃഷി മേഖലയിലെ നേട്ടങ്ങളും പ്രശ്നങ്ങളും പരസ്പര വിനിമയം ചെയ്യപ്പെടുകയുമായിരുന്നു 45-ാമത് കൊക്കോടെക് സമ്മേളനത്തിലൂടെ നടന്നത്. **ബഹു കേന്ദ്ര പൊതുവിതരണ വകുപ്പ് മന്ത്രി ശ്രീ. കെ. വി. തോമസ് ഉദ്ഘാടനം ചെയ്ത സമ്മേളനം നിരവധി ഉന്നതോദ്യോഗസ്ഥരുടേയും രാഷ്ട്രീയ നേതാക്കളുടേയും കർഷക പ്രമുഖരുടേയും വ്യവസായികളുടേയും മഹനീയ സാന്നിദ്ധ്യം കൊണ്ട് ഒരു ചരിത്രമുഹൂർത്തമായി മാറ്റിയത് ബോർഡിന്റെ സുപ്രധാന നേട്ടങ്ങളിലൊന്നാണ്.**

ഇന്ത്യാ ഗവൺമെന്റും റിപ്പബ്ലിക് ഓഫ് ട്രിനിഡാഡ് ആന്റ് ടുബാഗോയും തമ്മിൽ ധാരണാപത്രം ഒപ്പുവെച്ചത് മറ്റൊരു നാഴികക്കല്ലായി. **ഏതെങ്കിലുമൊരു കോമൺ വെൽത്ത് രാജ്യവുമായി ധാരണാപത്രം ഒപ്പുവെയ്ക്കുന്നത് ബോർഡിന്റെ ചരിത്രത്തിൽ ആദ്യമായാണ്.** ട്രിനിഡാഡിലെ കേരകൃഷി നവീകരിച്ച് ഒരു മാർഗ്ഗരേഖ തയ്യാറാക്കുന്നതിന് ഇന്ത്യൻ വിദഗ്ദ്ധരോടൊപ്പം നമ്മുടെ സാങ്കേതികവിദ്യയും ലഭ്യമാക്കുകയെന്നതായിരുന്നു ധാരണാപത്രത്തിലെ മുഖ്യഘടകം.

മൊസാംബിക് കൃഷി മന്ത്രി ശ്രീ. ജോസ് പച്ചിക്കോ നയിച്ച പ്രതിനിധി സംഘം ബോർഡ് ആസ്ഥാനം സന്ദർശിച്ചതും കേരകൃഷിയിലും സംസ്കരണ മേഖലയിലും സാങ്കേതിക വൈദഗ്ദ്ധ്യം ലഭ്യമാക്കുന്നതിനുള്ള സാദ്ധ്യതകൾ ആരാഞ്ഞതും ഈ വർഷത്തെ സുപ്രധാന സംഭവ വികാസങ്ങളിലൊന്നായി കണക്കാക്കാം.

**പദ്ധതി വിലയിരുത്തൽ**

പാറ്റ്നയിലെ ചന്ദ്രഗുപ്ത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ബോർഡിന്റെ 11-ാം പഞ്ചവത്സര പദ്ധതികളുടേയും ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്മോൾ എന്റർപ്രൈസസ് ഡെവലപ്മെന്റ് കേരളത്തിലെ മൂന്ന് ജില്ലകളിൽ നടപ്പിലാക്കിയ തെങ്ങുപുനരുദ്ധാരണ പദ്ധതിയുടേയും മൂല്യനിർണ്ണയം നടത്തി, സുപ്രധാന നിർദ്ദേശങ്ങളും ശുപാർശകളും മുന്നോട്ട് വെച്ചിട്ടുണ്ട്. ഈ നിർദ്ദേശങ്ങൾ പദ്ധതിയുടെ വരുംകാല നടത്തിപ്പിന് മാർഗ്ഗദർശിയാകും.

നാളികേരോത്പാദനം തിട്ടപ്പെടുത്തുന്നതിന് കേരളം, തമിഴ്നാട്, കർണ്ണാടകം, ആന്ധ്രാപ്രദേശ് എന്നിവിടങ്ങളിൽ വിദ്യാഭ്യാസ ഗവേഷണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടത്തിയ സർവ്വേ രാജ്യത്തെ തന്നെ ഇത്തരത്തിലുള്ള ആദ്യ ചുവടുവെയ്പായി.

നയപരമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനും, വിലനിർണ്ണയിക്കുന്നതിനും എല്ലാത്തിനുമുപരി കർഷകന് പരമാവധി ഗുണകരമാകുന്നതിനും ഉത്പാദനത്തിന്റെ വർത്തമാനകാല സ്ഥിതി അറിഞ്ഞിരിക്കേണ്ടത് അനിവാര്യമാണ്. ഇപ്പോൾ ലഭ്യമായിക്കൊണ്ടിരിക്കുന്നത് രണ്ടുവർഷം പിന്നിലുള്ള കണക്കാണ്. ഇതു പരിഹരിക്കുകയാണ് ബോർഡ് സർവ്വേയിലൂടെ ലക്ഷ്യമിടുന്നത്. വരും വർഷങ്ങളിലും ഇത്തരം സർവ്വേകൾ തുടരാനും തീരുമാനമെടുത്തിട്ടുണ്ട്.

**ഉയർന്ന ഫണ്ട് വിനിയോഗം**

ബോർഡിന്റെ ചരിത്രത്തിലെ ഏറ്റവും ഉയർന്ന ഫണ്ട് വിനിയോഗമാണ് കഴിഞ്ഞ വർഷം രേഖപ്പെടുത്തിയത്. 105.67 കോടി രൂപ. 2010-11 വർഷം ചെലവഴിച്ച 102 കോടി രൂപയാണ് ഇതിന് മുമ്പുണ്ടായ ഏറ്റവും വലിയ ധനവിനിയോഗം. പദ്ധതികൾക്ക് ചിലവാക്കിയ തുകയിൽ 54.27 ശതമാനവും

**ഫണ്ട് വിനിയോഗം 2012-13 (ശതമാനത്തിൽ)**




(49.66 കോടി രൂപ) വിനിയോഗിച്ചത് തെങ്ങു പുനരുദ്ധാരണ പദ്ധതിക്കാണ്. രണ്ടാം സ്ഥാനം ഉത്പാദനക്ഷമത വർദ്ധിപ്പിക്കുവാൻ ലക്ഷ്യമിട്ടുള്ള ഡെമോൺസ്ട്രേഷൻ പദ്ധതിയും, 19 കോടി രൂപ (21%). 9.13 കോടി രൂപ ചെലവഴിച്ച് വിജ്ഞാനവ്യാപന പ്രവർത്തനങ്ങൾ മൂന്നാംസ്ഥാനത്തുണ്ട് (9.97%). നാലാം സ്ഥാനത്ത് 7.64 കോടി രൂപ വിനിയോഗിച്ച് ടെക്നോളജി മിഷൻ പദ്ധതിയാണുള്ളത് (8.35%). ഒരു കോടിയിലേറെ ഫണ്ട് വിനിയോഗിച്ച രണ്ടു പദ്ധതികൾ കൂടിയുണ്ട്. പുതുകൃഷിയും (1.53%) ഡെമോൺസ്ട്രേഷൻ ഫാമുകളും (1.67%). കിട്ടുന്ന മുഴുവൻ ബജറ്റ് വിഹിതവും പൂർണ്ണമായി ഉപയോഗപ്പെടുത്തുന്ന ഒരു ചരിത്രമാണ് ബോർഡിനുള്ളത്. അതിനാൽ കൂടുതൽ ഫണ്ട് ലഭ്യമാക്കുന്നതിനുള്ള സംഘടിതമായ ശ്രമം ആവശ്യമാണ്.

ഇങ്ങനെ നേട്ടങ്ങളുടെ പട്ടിക ഏറെ കണ്ട, ബോർഡിന്റെയും കേരമേഖലയുടെയും സർവ്വോപരി കേരകർഷകരുടേയും ഭാവി ഭാഗധേയം നിർണ്ണയിക്കപ്പെടാവുന്ന നിരവധി നിമിഷങ്ങൾ പിറവിയെടുത്ത ഒരു ചരിത്രവർഷമാണ് കടന്ന് പോയ 2012-13. കൂടുതൽ നേട്ടങ്ങൾ വെട്ടിപ്പിടിക്കാനാകുന്ന മറ്റൊരു വർഷത്തിനായി നമുക്ക് ചുവട് വെയ്ക്കാം.

# കേരകൃഷിക്ക് പുത്തനുണർവ്വേകി നാളികേര പുനരുദ്ധാരണ പദ്ധതി

**ആർ. ജയനാഥ്[1], സി. ശശികുമാർ[2], എസ്. ആർ. ഹരീഷ്[3]**
*[1,2,3]ടെക്നിക്കൽ ഓഫീസർ, നാളികേര വികസന ബോർഡ്, കൊച്ചി*

ഭാരതത്തിന്റെ കാർഷിക സമ്പദ്ഘടനയിലും സാംസ്ക്കാരിക മേഖലയിലും നിർണ്ണായകമായ സ്ഥാനം ചെലുത്തുന്ന തോട്ടവിളയാണ് തെങ്ങ്. ഇന്ത്യയിൽ 19 ലക്ഷം ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുന്ന ഈ വിളയിൽ നിന്ന് 1694.3 കോടി നാളികേരം ഉത്പാദിപ്പിക്കുന്നു. 2011 ലെ കണക്കനുസരിച്ച് ലോകത്ത് ഏറ്റവുമധികം നാളികേരം ഉത്പാദിപ്പിക്കുന്നത് ഇന്ത്യയിലാണ്.

ഇന്ത്യയിൽ ഏറ്റവുമധികം തെങ്ങ് കൃഷി ചെയ്യുന്നത് കേരളത്തിലാണ്. കേരളത്തിന്റെ സാമ്പത്തിക സുസ്ഥിരതയുടെ അടിസ്ഥാനമായി ഗണിച്ചിരുന്ന വിളയായിരുന്നു തെങ്ങ്. 2010-11 ലെ കണക്കനുസരിച്ച് കേരളത്തിൽ 7.88 ലക്ഷം ഹെക്ടറിൽ തെങ്ങുകൃഷി ചെയ്യുന്നുണ്ട്. ഇത് ഇന്ത്യയുടെ മൊത്തം തെങ്ങുകൃഷിയുടെ 41.6 ശതമാനം വരുന്നു. ഇതിൽ നിന്നുള്ള വാർഷിക ഉത്പാദനം 62394 ലക്ഷം നാളികേരമാണ്. അതായത് ഇന്ത്യയിലെ മൊത്തം നാളികേരോത്പാദനത്തിന്റെ 36.8 ശതമാനം കേരളത്തിലാണ്. എന്നാൽ കേരളത്തിന്റെ ശരാശരി ഉത്പാദനക്ഷമത ഹെക്ടറൊന്നിന് പ്രതിവർഷം 6862 നാളികേരം മാത്രമാണ്. ഇത് ദേശീയ ശരാശരിയേക്കാൾ വളരെയേറെ താഴെയാണ്. നമ്മുടെ തൊട്ടയൽസംസ്ഥാനമായ തമിഴ്നാടിന്റെ ഉത്പാദനക്ഷമത പ്രതിവർഷം 14371 നാളികേരമാണെന്ന വസ്തുതയും എടുത്ത് പറയേണ്ടതാണ്. കർഷകരുടെ ശ്രദ്ധ കൂടുതൽ ആദായകരമായ മറ്റ് വിളകളിലേക്ക് കേന്ദ്രീകരിക്കപ്പെടുന്നതാണ് ഇതിന് കാരണം

കേരളത്തിലെ കുറഞ്ഞ ഉത്പാദനക്ഷമതയ്ക്ക് പ്രധാന കാരണങ്ങൾ തെങ്ങിൻ തോട്ടങ്ങളിലെ പ്രായാധിക്യം മൂലം ഉത്പാദനം തീരെക്കുറഞ്ഞ തെങ്ങുകളും, രോഗ, കീട ബാധമൂലമുള്ള കുറഞ്ഞ ഉത്പാദനക്ഷമതയുമാണ്. തെങ്ങിനെ ബാധിച്ചിരിക്കുന്ന പ്രധാനപ്പെട്ട രോഗങ്ങളിലൊന്നാണ് കാറ്റുവീഴ്ച. തെക്കൻ കേരളത്തിൽ വളരെ വ്യാപകമായ ഈ രോഗം തെങ്ങിന്റെ കായികശേഷിയെ ക്രമേണ നശിപ്പിക്കുന്നു. മെച്ചപ്പെട്ട



*കാറ്റുവീഴ്ച ബാധിച്ച തെങ്ങുകൾ വെട്ടിമാറ്റിയിരിക്കുന്നു*

ശാസ്ത്രീയ പരിചരണ മുറകൾ അവലംബിച്ച് ഉത്പാദനക്ഷമത കുറയാതെ നമുക്ക് തെങ്ങിനെ സംരക്ഷിക്കാവുന്നതാണ്.

മേൽപ്പറഞ്ഞ വസ്തുതകളുടെ വെളിച്ചത്തിലാണ് തെങ്ങു കൃഷി പുനരുദ്ധാരണപദ്ധതിയുടെ പ്രസക്തി കേരളത്തിൽ നിർണ്ണായകമാവുന്നത്. കേരകൃഷിയുടേയും വ്യവസായത്തിന്റേയും മുഖ്യ പങ്കാളിയായ കേരളത്തിലെ, കാറ്റുവിഴ്ച ഏറ്റവുമധികം ബാധിച്ച തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ എന്നീ ജില്ലകളേയും ആൻഡമാൻ നിക്കോബാർ ദ്വീപ് സമൂഹങ്ങളേയും ഉൾക്കൊള്ളിച്ചുകൊണ്ട് ഏകദേശം 2276 കോടി രൂപ മുതൽമുടക്കുള്ള പദ്ധതി പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കാൻ കേന്ദ്ര കൃഷിമന്ത്രാലയം 2009-10 സാമ്പത്തിക വർഷം നാളികേര വികസന ബോർഡിന് അനുമതി നൽകുകയുണ്ടായി. പദ്ധതിപ്രദേശത്തെ കർഷകർക്കുള്ള ധനസഹായമായി 478 കോടി രൂപ കേന്ദ്രസഹായമായി വകയിരുത്തപ്പെട്ടു.

പദ്ധതിയുടെ ഉദ്ഘാടനം ബഹുമാനപ്പെട്ട കേന്ദ്ര കൃഷി മന്ത്രി ശ്രീ. ശരത് പവാർ 2009 ഡിസംബറിൽ തൃശൂരിൽ വെച്ച് നിർവ്വഹിക്കുകയുണ്ടായി.

### ഉത്പാദനക്ഷമത വർദ്ധനവ് ലക്ഷ്യമിട്ടു കൊണ്ടുള്ള പദ്ധതിയുടെ ഘടകങ്ങൾ

കാറ്റുവീഴ്ച രോഗബാധിത തോട്ടങ്ങളുടെ പുനരുദ്ധാരണം രണ്ട് മാർഗ്ഗങ്ങളിലൂടെ സാധ്യമാകും. ഒന്നാമതായി രോഗം ബാധിച്ചതും, ഉത്പാദനക്ഷമത തീരെയില്ലാത്തതുമായ തെങ്ങുകൾ വെട്ടിമാറ്റുക. പകരം സ്ഥലമുണ്ടെങ്കിൽ ഏക്കറിന് പരമാവധി 70 തെങ്ങുകളിൽ അധികം വരാത്തവിധം അത്യുത്പാദനശേഷിയുള്ള തൈകൾ നടുക. രണ്ടാമത് തെങ്ങിൻ തോട്ടം ശരിയായ രീതിയിൽ പരിപാലിക്കുക. ഈ ഉദ്ദേശ്യത്തോടുകൂടി തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ ജില്ലകളിൽ പൈലറ്റ് അടിസ്ഥാനത്തിൽ നാളികേര വികസന ബോർഡും കൃഷി വകുപ്പും സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതിയുടെ മൂന്ന് മുഖ്യഘടകങ്ങൾ താഴെക്കൊടുത്തിരിക്കുന്നു.

- രോഗബാധിതവും പ്രായാധിക്യവുമുള്ള തെങ്ങുകൾ വെട്ടിമാറ്റുക
- ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ വെച്ച് പിടിപ്പിക്കുക
- മെച്ചപ്പെട്ട പരിപാലനമുറകളിലൂടെ തോട്ടം പരിപാലിക്കുക

### പദ്ധതി നടത്തിപ്പ് – മുഖ്യ സവിശേഷതകൾ

കർഷക കൂട്ടായ്മയിലൂടെ ക്ലസ്റ്റർ അടിസ്ഥാനത്തിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. പഞ്ചായത്തിലെ 25 മുതൽ 50 ഹെക്ടർ വരെ വരുന്ന ഒരു വാർഡിലെ എല്ലാ കർഷകരേയും ഉൾപ്പെടുത്തിയാണ് കൃഷി ആഫീസറുടെ മേൽനോട്ടത്തിൽ പഞ്ചായത്തു തലത്തിൽ പ്രവർത്തിക്കുന്ന ക്ലസ്റ്ററുകൾ രൂപീകരിച്ചത്. ക്ലസ്റ്ററിന്റെ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കാനായി കർഷകർ തന്നെ തെരഞ്ഞെടുത്ത ക്ലസ്റ്റർ കൺവീനർക്കുപുറമെ ക്ലസ്റ്ററിലെ വിവിധ പ്രദേശങ്ങൾക്ക് നേതൃത്വമേകാനായി 5-10വരെ ഗ്രൂപ്പ് ലീഡർമാരെയും തെരഞ്ഞെടുത്തിരുന്നു.

ഓരോ പ്രദേശത്തെയും പദ്ധതി നടത്തിപ്പിന് മേൽനോട്ടം വഹിക്കാനായി അതാത് പ്രദേശത്തെ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായും കൃഷി ആഫീസർ കൺവീനറായും നാളികേര വികസന ബോർഡിന്റെ പ്രതിനിധിയും അടങ്ങിയ ഒരു പ്രാദേശിക വികസന സമിതി രൂപീകരിച്ചു. പൂർണ്ണമായും കർഷക പങ്കാളിത്തത്തോടുകൂടി, പദ്ധതി നടത്തിപ്പിന്റെ എല്ലാ ഘട്ടത്തിലും സുതാര്യത ഉറപ്പുവരുത്തിയാണ് നടപ്പിലാക്കിയത്. പദ്ധതിപ്രദേശത്തെ എല്ലാ കേരകർഷകർക്കും പദ്ധതി വഴിയുള്ള ആനുകൂല്യം ലഭ്യമാക്കി.

ക്ലസ്റ്ററിലെ എല്ലാ കർഷകരും പദ്ധതിയുടെ ഗുണഭോക്താക്കളാകാൻ യോഗ്യരാണ്. എന്നിരുന്നാലും പരമാവധി സാമ്പത്തിക സഹായത്തിനുള്ള യോഗ്യത 10 ഏക്കറായി നിജപ്പെടുത്തിയിരുന്നു.

ഈ പദ്ധതിയുടെ നടത്തിപ്പിന്റെ പ്രത്യേകത ഇതിൽ പങ്കാളികളാകുന്ന മുഴുവൻ കർഷകരേയും ശാസ്ത്രീയമായ രീതിയിൽ കേരകൃഷി ചെയ്യുന്നതിൽ അറിവുള്ളവരാക്കുന്നതിനുവേണ്ടി ജില്ലാ അടിസ്ഥാനത്തിലും വാർഡ് അടിസ്ഥാനത്തിലും ബോധവൽക്കരണ ശില്പശാലകൾ സംഘടിപ്പിച്ചുവെന്നതാണ്. ഈ ശില്പശാലകളിൽ ബോർഡിലേയും കൃഷി വകുപ്പിലേയും വിദഗ്ദ്ധരെ കൂടാതെ കേരള കാർഷിക സർവ്വകലാശാല, കേന്ദ്രതോട്ടവിള ഗവേഷണ സ്ഥാപനം എന്നിവിടങ്ങളിൽ നിന്നുള്ള ശാസ്ത്രജ്ഞൻമാരുടേയും പങ്കാളിത്തം ഉറപ്പ് വരുത്തിയിരുന്നു. വാർഡ് തല ശില്പശാലകളിൽ പ്രായാധിക്യമുള്ളതും ഉത്പാദനക്ഷമത തീരെയില്ലാത്തതും കാറ്റുവീഴ്ചയുള്ളതുമായ തെങ്ങുകൾ കണ്ടുപിടിക്കുന്നതിനും അടിസ്ഥാന വിവരശേഖരണ സർവ്വേ നടത്തുന്നതിനും പരിശീലനം നൽകുകയും ചെയ്തു.

ഈ ശില്പശാലകളിൽ കർഷക പ്രാതിനിധ്യത്തോടുകൂടി അതാത് പ്രദേശത്തെ ക്ലസ്റ്റർ കൺവീനർമാരേയും ലീഡർമാരേയും തെരഞ്ഞെടുക്കുന്നു. ഓരോ കൃഷിക്കാരനും തങ്ങളുടെ തോട്ടത്തിലെ അടിസ്ഥാന വിവരങ്ങൾ ഇതിനായി ബോർഡ് സൗജന്യമായി നൽകുന്ന അപേക്ഷാഫോറത്തിൽ രേഖപ്പെടുത്തി ക്ലസ്റ്റർ കൺവീനർമാരെ ഏൽപ്പിക്കുകയാണ് ചെയ്തത്.

**പദ്ധതിയുടെ വിവിധ ഘട്ടങ്ങൾ താഴെ പ്രതിപാദിച്ചിരിക്കുന്നു**

- പദ്ധതി നടത്തിപ്പിന്റെ മുന്നോടിയായി ഓരോ പ്രദേശത്തെയും കർഷകരെ വിളിച്ചുകൂട്ടി പദ്ധതി വിശദാംശങ്ങളെക്കുറിച്ചും, ഓരോ പ്രദേശത്തെയും അടിസ്ഥാന വിവരശേഖരണത്തെക്കുറിച്ചും വിശദമായ ക്ലാസ്സുകൾ നൽകുന്നു.
- പദ്ധതി നടത്തിപ്പിന്റെ ആദ്യഘട്ടം ക്ലസ്റ്ററിലെ കർഷകരുടെ അടിസ്ഥാന വിവരങ്ങൾ ശേഖരിക്കുന്നതിനുള്ള കർഷക പങ്കാളിത്തത്തോടെയുള്ള സർവ്വേയാണ്. പരിശീലനം സിദ്ധിച്ച ക്ലസ്റ്റർ പ്രവർത്തകരെയാണ് ഇതിനായി ചുമതലപ്പെടുത്തുന്നത്. ഇവരുമായി പൂർണ്ണമായി സഹകരിച്ച് തെങ്ങിൻ തോട്ടത്തെക്കുറിച്ച് കൃത്യമായ വിവരങ്ങൾ നൽകുകയെന്നത് ഈ പദ്ധതിയുടെ വിജയകരമായ നടത്തിപ്പിൽ വളരെ പ്രാധാന്യമർഹിക്കുന്നു.
- സർവ്വേയിൽ രേഖപ്പെടുത്തിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഓരോ ക്ലസ്റ്ററിലും നടപ്പിലാക്കുന്ന പുനരുദ്ധാരണ പരിപാടികളെക്കുറിച്ച് ഒരു കർമ്മ പദ്ധതി തയ്യാറാക്കുന്നു.
- കർമ്മപദ്ധതിയിൽ ഓരോ പ്രദേശത്തേയും വെട്ടിമാറ്റുന്ന തെങ്ങുകളുടെ എണ്ണം, അതിനനുവദിക്കേണ്ട തുക, പകരം നടാൻ വേണ്ട തൈകളുടെ എണ്ണം, പുനരുദ്ധാരണത്തിന് അവലംബിക്കേണ്ട ആവശ്യമായ പരിപാലന മുറകൾ, അവയ്ക്ക് രണ്ടു വർഷത്തേക്ക് വേണ്ടിവരുന്ന മൊത്തം തുക എന്നിവ വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. പദ്ധതി തയ്യാറാക്കാനായി നാളികേര വികസന ബോർഡിലെ ഉദ്യോഗസ്ഥന്മാർ സഹായിക്കുന്നു.
- ഒരു പഞ്ചായത്തിലെ വിവിധ ക്ലസ്റ്ററുകളുടെ പദ്ധതികൾ ക്രോഡീകരിച്ച് പഞ്ചായത്തിന്റെ കർമ്മപദ്ധതി അതത് പ്രദേശത്തെ പ്രാദേശിക വികസന സമിതിയുടെ അംഗീകാരത്തോടെ ജില്ലാകൃഷി ആഫീസർ വഴി സംസ്ഥാന തലത്തിലുള്ള സമിതിയുടെ അനുമതിക്കായി സമർപ്പിക്കുന്നു. സംസ്ഥാന സമിതിയുടെ അനുമതിയോടെ അന്തിമ



*വെട്ടി മാറ്റിയ തെങ്ങിൻ മണ്ടയിൽ കീടങ്ങൾ പെരുകാതിരിക്കുവാൻ മണ്ട കത്തിച്ചു കളയുന്നു*



*ജൈവാംശം വർദ്ധിപ്പിക്കുവാൻ തെങ്ങിൻതടത്തിൽ പച്ചിലപയർ വളർത്തിയിരിക്കുന്നു*

തീരുമാനത്തിനായി നാളികേര വികസന ബോർഡിന് സമർപ്പിക്കുന്നു. പദ്ധതി നടത്തിപ്പിനുള്ള അനുമതി നേരിട്ട് പഞ്ചായത്ത് തലത്തിലുള്ള കൃഷിഭവനുകളെ ബോർഡ് അറിയിക്കുന്നു.

- അടിസ്ഥാന സർവേയിൽ തെരഞ്ഞെടുത്ത തെങ്ങുകൾ വെട്ടി മാറ്റിയ ശേഷം, ഓരോ കർഷകനും അർഹമായ ധനസഹായം അതത് കർഷകന്റെ ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്യുന്നു. അക്കൗണ്ടില്ലാത്ത കർഷകർ ദേശസാൽകൃത ബാങ്കുകളിൽ നോ ഫ്രിൽ അഥവാ സീറോ ബാലൻസ് അക്കൗണ്ട് തുടങ്ങണം. ഇതിന് മിക്കവാറും എല്ലാ ബാങ്കുകളും തയ്യാറായി മുന്നോട്ടു വന്നിരുന്നു.

**പദ്ധതി പ്രകാരം ലഭിക്കുന്ന ആനുകൂല്യങ്ങൾ**

**1. തെങ്ങുവെട്ടിമാറ്റൽ:** ഒരു ഹെക്ടർ (2½ ഏക്കർ) സ്ഥലത്തുനിന്ന് കാറ്റുവീഴ്ച രോഗബാധിതവും ഉത്പാദനശേഷി തീരെ കുറഞ്ഞതുമായ പരമാവധി 32 തെങ്ങുകൾ വെട്ടി മാറ്റുന്നതിന് 13,000 രൂപ ധനസഹായമായി നൽകുന്നു. ഇതിൽ 20 തെങ്ങുകൾക്ക് 500 രൂപ നിരക്കിലും, ബാക്കി 12 തെങ്ങുകൾ വെട്ടിമാറ്റുന്നതിന് 250 രൂപ നിരക്കിലുമാണ് ആനുകൂല്യം നൽകുന്നത്. പരമാവധി ഒരു കർഷകന് 4 ഹെക്ടർ അതായത് 10 ഏക്കർ സ്ഥലത്തുനിന്ന് 128 തെങ്ങുകൾ വെട്ടിമാറ്റുന്നതിന് 52,000 രൂപ വരെ ആനുകൂല്യം ലഭിക്കുന്നു. കാറ്റുവീഴ്ച ബാധിച്ച കായ്ക്കാത്ത തൈത്തെങ്ങുകൾ കർഷകരുടെ സ്വന്തം ചെലവിൽ വെട്ടിമാറ്റിയിരിക്കണം.

**2. പകരം തൈവയ്ക്കൽ:** തൈ ഒന്നിന് 20 രൂപ നിരക്കിൽ ധനസഹായം നൽകുന്നു. വെട്ടിമാറ്റിയ തെങ്ങിനു പകരം ആവശ്യമായ തോതിൽ സൂര്യപ്രകാശം കിട്ടത്തക്കവിധത്തിൽ സ്ഥലമുണ്ടെങ്കിൽ മാത്രം തൈ വച്ചാൽ മതി. പരമാവധി ഒരു ഏക്കർ സ്ഥലത്ത് തൈ ഉൾപ്പെടെ 70 തെങ്ങുകളായി എണ്ണം ക്രമപ്പെടുത്തണം.

**3. ശാസ്ത്രീയ പരിചരണ മുറകൾ അവലംബിക്കുന്നതിന്:** തോട്ടത്തിൽ ശേഷിക്കുന്ന തെങ്ങുകൾക്ക് സംയോജിത പരിപാലന മുറകൾ അവലംബിക്കുന്നതിന്, അതായത് തടമെടുക്കൽ, ശാസ്ത്രീയ വളപ്രയോഗം, ജലസേചനം, സസ്യസംരക്ഷണനടപടികൾ ഏർപ്പെടുത്തൽ, പുതയിടൽ, പച്ചിലവളച്ചെടികൾ വളർത്തൽ, ഇടവിളക്കൃഷി തുടങ്ങിയവയ്ക്ക് വേണ്ടിവരുന്ന ചെലവിന്റെ 25 ശതമാനം പരമാവധി ഒരു ഹെക്ടറിന് 7500 രൂപ എന്ന നിരക്കിൽ ആനുകൂല്യം നൽകുന്നു. ബാക്കി 75 ശതമാനം തുക കർഷകർ തന്നെ വഹിക്കേണ്ടതാണ്. ഈ ആനുകൂല്യം 2 വർഷം ലഭ്യമാണ്. ഓരോ ക്ലസ്റ്ററിലും സമയാസമയം തെങ്ങിൻ തോട്ടത്തിൽ അനുവർത്തിക്കേണ്ട പരിപാലന മുറകളെക്കുറിച്ച് ഒരു കലണ്ടർ ക്ലസ്റ്ററിലെ കർമ്മ പദ്ധതിയോടൊപ്പം തയ്യാറാക്കണം.

**പുനരുദ്ധാരണ പരിപാലനമുറകൾ**

തെങ്ങിൻ ചുവട്ടിൽ നിന്ന് ഏകദേശം 2.മീ. വിട്ട് 50 സെ.മീ. ആഴത്തിൽ മെയ്-ജൂൺ മാസത്തിൽ തെങ്ങിനു ചുറ്റും തടമെടുക്കുക, മെയ്-ജൂൺ മാസത്തിൽ അമ്ലത്വം കൂടിയ പ്രദേശങ്ങളിൽ തെങ്ങൊന്നിന് 1 കി.ഗ്രാം എന്ന തോതിൽ കുമ്മായം തടത്തിൽ വിതറി മണ്ണുമായി കൂട്ടിക്കലർത്തുക, ജൂൺ മാസത്തിൽ ജൈവവളങ്ങൾ തടത്തിൽ നിക്ഷേപിക്കുക, മണ്ണിട്ടു തടം ഭാഗികമായി മൂടുക, കുമ്മായം ഇട്ട് രണ്ടാഴ്ച കഴിഞ്ഞ് ജൂൺ മാസത്തിൽ ശുപാർശ ചെയ്ത രാസവളങ്ങൾ കൂട്ടിക്കലർത്തി തടത്തിൽ തെങ്ങിന്റെ കടഭാഗത്തു നിന്ന് ഒരു മീറ്റർ വിട്ട് പുറംപകുതിയിലായി വിതറി മണ്ണുമായി കൂട്ടികലർത്തുക, എന്നീ പരിപാലനമുറകൾ കൃത്യമായും അവലംബിക്കണം. രാസവളങ്ങൾ താഴെ പറയുന്ന അളവിൽ തെങ്ങൊന്നിന് നൽകണം.

**ശരാശരി പരിചരണമുള്ള നാടൻ തെങ്ങിന് ഒരു വർഷത്തേയ്ക്ക് വേണ്ട വളം**

1. യൂറിയ - 750 ഗ്രാം
2. സൂപ്പർ ഫോസ്ഫേറ്റ് - 950 ഗ്രാം
3. മ്യൂറിയേറ്റ് ഓഫ് പൊട്ടാഷ് - 1.10 കി.ഗ്രാം.

**നല്ല പരിചരണമുള്ള തോട്ടങ്ങൾ**

1. യൂറിയ - 1 കി.ഗ്രാം
2. സൂപ്പർ ഫോസ്ഫേറ്റ് - 2 കി.ഗ്രാം
3. മ്യൂറിയേറ്റ് ഓഫ് പൊട്ടാഷ് - 2 കി.ഗ്രാം.

ഇതുകൂടാതെ മഗ്നീഷ്യം, ബോറോൺ തുടങ്ങിയവയുടെ അഭാവം കാണുന്ന തോട്ടങ്ങളിൽ സെപ്തംബർ-ഒക്ടോബർ മാസങ്ങളിൽ യഥാക്രമം 500 ഗ്രാം മഗ്നീഷ്യം സൾഫേറ്റ്, 250 ഗ്രാം ബോറാക്സ് എന്ന തോതിൽ നൽകണം. കരപ്രദേശങ്ങളിൽ 1.കി.ഗ്രാം കറിയുപ്പ് ജൂൺ-ജൂലൈ മാസങ്ങളിൽ നൽകുന്നതും നല്ലതാണ്.

2009-10 കാലയളവിൽ മൂന്നു ജില്ലകളിൽ ആരംഭിച്ച തെങ്ങു പുനരുദ്ധാരണ പദ്ധതി ഈ സാമ്പത്തിക വർഷം മുതൽ മറ്റു ജില്ലകളിലേക്ക് വ്യാപിപ്പിക്കുവാനുള്ള തയ്യാറെടുപ്പിലാണ്. ഏകദേശം 500 ഹെക്ടർ സ്ഥലത്ത് തെങ്ങുകൃഷിയുള്ള ഒരു ഗ്രാമപഞ്ചായത്തിന് 150 ലക്ഷത്തിലേറെ രൂപ വരെ ഈ പദ്ധതിയിലെ മൂന്നു ഘടകങ്ങൾ നടപ്പാക്കുന്നതിനായി വിനിയോഗിക്കാൻ സാധിക്കും. ഒരു ഗ്രാമപഞ്ചായത്ത് കാർഷികാവശ്യത്തിനായി ഒരു സാമ്പത്തികവർഷം വിനിയോഗിക്കുന്നതിന്റെ പതിന്മടങ്ങ് തുകയാണ് ഈ പദ്ധതി വഴി പ്രയോജനപ്പെടുത്താൻ കഴിയുക. പ്രസ്തുത പദ്ധതി നടപ്പിലാക്കിയ ജില്ലകളിൽ 300 ലക്ഷത്തിലേറെ രൂപ വരെ കാര്യക്ഷമമായി വിനിയോഗിച്ച പഞ്ചായത്തുകളുണ്ട്.

**സംയോജിത കീടനിയന്ത്രണം:** ഓലചീയൽ, കാറ്റുവീഴ്ച തുടങ്ങിയ രോഗങ്ങൾക്കെതിരെയും ചെമ്പൻചെല്ലി, കൊമ്പൻചെല്ലി, മണ്ഡരി തുടങ്ങിയ കീടങ്ങൾക്കെതിരെയും സംയോജിത രോഗ-കീട നിയന്ത്രണ പരിപാലന മുറകൾ കൂട്ടായി അനുവർത്തിക്കേണ്ടതാണ്.

**കളനിയന്ത്രണം:** തെങ്ങിൻതോട്ടം കളകളും മറ്റ് ജീർണ്ണിക്കുന്ന ജൈവാവശിഷ്ടങ്ങളും നീക്കി വൃത്തിയായി സൂക്ഷിക്കുന്നത് തെങ്ങ് പുനരുദ്ധാരണത്തിന് ഏറ്റവും ആവശ്യമായ പരിപാലന മുറയാണ്.

**തണൽ ക്രമീകരണം:** തെങ്ങിൻ മണ്ടയിൽ ശരിയായി വെയിൽ തട്ടിയാൽ മാത്രമേ തെങ്ങിന് ആവശ്യമായ പോഷകങ്ങൾ ഉണ്ടാക്കുവാനും തെങ്ങിന് നന്നായി വളരുവാനും സാധിക്കുകയുള്ളൂ. അതുകൊണ്ട് തണൽ ക്രമീകരണം ഏറെ പ്രാധാന്യമർഹിക്കുന്ന ഒരു കൃഷി മുറയാണ്.

**പുതയിടൽ:** തെങ്ങുകളുടെ വരികൾക്കിടയിൽ 150 സെ.മീ. വീതിയിലും 50 സെ.മീ. ആഴത്തിലും ചാലുകളെടുത്ത് അവയിൽ തൊണ്ടിട്ട് മൂടുക. തെങ്ങിൻ തടത്തിൽ നനയ്ക്കുമ്പോൾ തൊണ്ട് അതിന്റെ ആറിരട്ടി വെള്ളം ഉൾക്കൊള്ളുകയും പിന്നീട് തെങ്ങിന് വിട്ടുകൊടുക്കുകയും ചെയ്യുന്നു. അതിനാൽ തെങ്ങിൻ തടത്തിൽ എപ്പോഴും ഈർപ്പം നിലനിൽക്കുകയും തെങ്ങിന് ക്ഷാരം പ്രദാനം ചെയ്യുകയും ചെയ്യുന്നു.

**ജലസേചനം:** ഡിസംബർ മാസത്തിൽ നന തുടങ്ങണം.

**മഴക്കുഴികൾ:** 5-6 മീറ്റർ ഇടവിട്ട് ഒരു മീറ്റർ വീതം നീളവും വീതിയും ആഴവുമുള്ള കുഴികളെടുത്ത് അതിൽ ചപ്പുചവറുകൾ നിറയ്ക്കുക.

**ഇടവിളക്കൃഷി**

ഓരോ പ്രദേശത്തേയ്ക്കും യോജിച്ച ഹ്രസ്വകാല ഇടവിളകളായ വാഴ, ചേന, ചേമ്പ്, പച്ചക്കറികൾ, ഇഞ്ചി, മഞ്ഞൾ തുടങ്ങിയവയും ദീർഘകാല വിളകളായ കുരുമുളക്, ജാതി, കൊക്കോ എന്നീ വിളകളും കൃഷി ചെയ്ത് വിപണനം നടത്തുവാനും തെങ്ങിൻതോട്ടത്തിൽ നിന്നുള്ള വരുമാനം പരമാവധി ഉയർത്തുവാനും ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നു. ഇതിനായി സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ മുഖേനയുള്ള സാമ്പത്തിക സഹായവും പ്രയോജനപ്പെടുത്താവുന്നതാണ്.

**പൈലറ്റ് അടിസ്ഥാനത്തിൽ പദ്ധതി നടപ്പിലാക്കിയ ബ്ലോക്കുകളും കൃഷിഭവനുകളും**

പദ്ധതി പ്രധാനമായും മൂന്ന് ഘട്ടങ്ങളിലായാണ് നടപ്പിലാക്കിയത്. പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ബ്ലോക്കുകളും പഞ്ചായത്തുകളും പട്ടിക-1ൽ കൊടുത്തിരിക്കുന്നു.

പട്ടിക-1ൽ കൊടുത്തിട്ടുള്ള 272 പഞ്ചായത്തുകളുടെ വിവിധ ഘട്ടങ്ങളിലുള്ള പ്രൊജക്ടുകൾ ശുപാർശ ചെയ്യുവാൻ സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റി മീറ്റിംഗ് (എസ്എൽഎംസി) 2009-10 മുതൽ കൂടുകയുണ്ടായിട്ടുണ്ട്. നാളിതുവരെ 12 മീറ്റിംഗുകൾ കൂടി, 231.56 കോടി രൂപയ്ക്കുള്ള പ്രൊജക്ടുകൾ ശുപാർശ ചെയ്ത് ബോർഡിന്റെ അംഗീകാരം നൽകിയിട്ടുണ്ട്. വിവിധ ഘട്ടങ്ങളിൽ ജില്ലകൾക്കായി പദ്ധതിയിലെ 3 ഘടകങ്ങളും നടപ്പിലാക്കാൻ ബോർഡ് അംഗീകരിച്ച തുകയുടെ സംക്ഷിപ്ത രൂപം പട്ടിക-2ൽ കൊടുത്തിരിക്കുന്നു.

പദ്ധതിയുടെ വിവിധ ഘട്ടങ്ങളിൽ പ്രായാധിക്യം വന്നതും കാറ്റുവീഴ്ച രോഗം ബാധിച്ചിട്ടുള്ളതുമായ 23.77 ലക്ഷം തെങ്ങുകൾ കണ്ടെത്തുകയുണ്ടായി. ഇതിൽ 16.51 ലക്ഷം തെങ്ങുകൾ (70 ശതമാനം) മുറിച്ച് മാറ്റുകയും ചെയ്തു. 3 ജില്ലകളിലുമായി 1.34 ലക്ഷം ഹെക്ടർ സ്ഥലത്തുള്ള തോട്ടങ്ങളിൽ സർവ്വേ നടപടികൾ പൂർത്തീകരിക്കുവാനും 6.76 ലക്ഷം കർഷകരെ പദ്ധതിയുടെ ഗുണഭോക്താക്കളാക്കുവാനും കഴിഞ്ഞു എന്നുള്ളത് എടുത്ത് പറയേണ്ട വസ്തുതയാണ്.

**പട്ടിക-2**

**12-ാമത് സംസ്ഥാന തല മോണിറ്ററിംഗ് സമിതി യോഗം വരെ അംഗീകാരം ലഭിച്ച പദ്ധതികൾ (ലക്ഷം രൂപയിൽ)**

| | വെട്ടിമാറ്റൽ | പുനരുദ്ധാരണം | പുനർ നടീൽ | ആകെ |
|---|---|---|---|---|
| **ഒന്നാം ഘട്ടം** | | | | |
| തിരുവനന്തപുരം | 1475.65 | 1260.15 | 67.41 | 2803.21 |
| കൊല്ലം | 1161.17 | 928.071 | 39.93 | 2129.171 |
| തൃശൂർ | 1406.06 | 1234.71 | 47.48 | 2688.25 |
| *ആകെ* | **4042.88** | **3422.931** | **154.82** | **7620.631** |
| **രണ്ടാം ഘട്ടം** | | | | |
| തിരുവനന്തപുരം | 1365.34 | 1403.52 | 26.85 | 2795.71 |
| കൊല്ലം | 1455.26 | 1393.18 | 30.4 | 2878.84 |
| തൃശൂർ | 1743.83 | 2117.01 | 28.56 | 3889.40 |
| *ആകെ* | **4564.43** | **4913.71** | **85.81** | **9563.95** |
| **മൂന്നാം ഘട്ടം** | | | | |
| തിരുവനന്തപുരം | 643.57 | 669.03 | 10.46 | 1323.06 |
| കൊല്ലം | 893.72 | 860.38 | 20.41 | 1774.51 |
| തൃശൂർ | 895.62 | 1966.98 | 12.19 | 2874.79 |
| *ആകെ* | **2432.91** | **3496.39** | **43.06** | **5972.36** |
| **ആകെ മൊത്തം** | **11040.22** | **11833.031** | **283.69** | **23156.941** |
| **ജില്ല തിരിച്ചുള്ള പദ്ധതി അംഗീകാരം** | | | | |
| തിരുവനന്തപുരം | 3484.56 | 3332.70 | 104.72 | 6921.98 |
| കൊല്ലം | 3510.15 | 3181.63 | 90.74 | 6782.52 |
| തൃശൂർ | 4045.51 | 5318.70 | 88.23 | 9452.44 |
| **ആകെ** | **11040.22** | **11833.03** | **283.69** | **23156.94** |

തെങ്ങുകൾ മുറിച്ച് മാറ്റിയ ഇനത്തിൽ സബ്സിഡിയായി 62.30 കോടി രൂപ വിനിയോഗിച്ചിട്ടുണ്ട്. ഫണ്ടിന്റെ അപര്യാപ്തത മൂലം 2.37 ലക്ഷം തെങ്ങുകൾക്കുള്ള സബ്സിഡിയായ ഏകദേശം 12 കോടി രൂപ 61329 കർഷകർക്കായി വിതരണം ചെയ്യുവാൻ ബാക്കിയുണ്ട്. കൂടാതെ രണ്ട്, മൂന്ന് ഘട്ടങ്ങളിലെ തെങ്ങുമുറിക്കുന്ന നടപടികൾ ഈ വേനൽക്കാലത്തും തുടർന്നു കൊണ്ടിരിക്കുകയാണ്.

മെച്ചപ്പെട്ട സമഗ്ര പരിപാലന മുറകൾ തോട്ടങ്ങളിൽ അവലംബിക്കാനായി നാളിതുവരെ 59.20 കോടി രൂപ വിനിയോഗിച്ചു. ഒന്നാംഘട്ടത്തിലെ 78 കൃഷിഭവനുകളിൽ പദ്ധതി പൂർണ്ണമായും നടപ്പിലാക്കി കഴിഞ്ഞു. രണ്ടാംഘട്ടത്തിലെ പഞ്ചായത്തുകളിൽ ഒന്നാംഗഡു വളങ്ങൾ വിതരണം ചെയ്തുകഴിഞ്ഞു. ഈ ഘട്ടത്തിലെ രണ്ടാം ഗഡു വളം വിതരണം, മേൽത്തരം തൈകളുടെ വിതരണം എന്നിവ ഇനിയും പൂർത്തീകരിക്കാനുണ്ട്. മൂന്നാംഘട്ടത്തിലെ ഭൂരിഭാഗം പദ്ധതികൾക്കും 2012-13 കാലയളവിലാണ് അംഗീകാരം നൽകിയത്. ഇവിടുത്തെ വളം വിതരണം അടുത്ത കാലവർഷാരംഭത്തോടുകൂടി ആരംഭിക്കാൻ കഴിയുമെന്ന് ബോർഡ് കണക്ക് കൂട്ടുന്നു.

പദ്ധതിയിൽ ഇതുവരെ 3. 30 ലക്ഷം ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ കർഷകർക്കായി വിതരണം ചെയ്തിട്ടുണ്ട്. പുനർനടീലിനായി കൂടുതൽ തൈകൾ കേന്ദ്ര സർക്കാരിന്റെ മറ്റ് പദ്ധതികളിൽ ഉൾപ്പെടുത്തി വിതരണം ചെയ്യുന്നതിനുള്ള പരിപാടികൾ സംസ്ഥാന കൃഷി വകുപ്പ് ത്വരിതപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. കൂടാതെ, നാളികേര വികസന ബോർഡ് രൂപീകരിച്ചിട്ടുള്ള സിപിഎസുകളും ഗുണമേന്മയുള്ള തെങ്ങിൻ തൈ നഴ്സറികൾ ഈ മൂന്ന് ജില്ലകളിലും ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ കൈക്കൊണ്ടു കഴിഞ്ഞു. കർഷകർക്ക് കുറിയ തെങ്ങിൻ തൈകൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടു കൂടിയാണ് സിപിഎസുകൾ നഴ്സറികൾ ആരംഭിച്ചിരിക്കുന്നത്.

മൂന്ന് ഘട്ടങ്ങളിലുമായി മുറിച്ചുമാറ്റിയ തെങ്ങുകളും വിതരണം ചെയ്ത സബ്സിഡിയും പട്ടിക 3ൽ കൊടുത്തിരിക്കുന്നു.

ഈ പദ്ധതിയിൽ കേരളത്തിലെ മൂന്ന് ജില്ലകളിലും ആൻഡമാൻ നിക്കോബാർ ദ്വീപിലുമായി ഇതുവരെ 126.41 കോടി രൂപ ചെലവഴിച്ചുകഴിഞ്ഞിട്ടുണ്ട്. കേന്ദ്ര പദ്ധതി വിഹിതത്തിലുള്ള കുറവ് മൂലം സബ്സിഡി വിതരണം ചെയ്യുന്നതിൽ

**പട്ടിക-1. പദ്ധതിയിൽ ഉൾപ്പെട്ട ബ്ലോക്കുകളും പഞ്ചായത്തുകളും**

**(1)തിരുവനന്തപുരം ജില്ല (89 ഗ്രാമപഞ്ചായത്തുകൾ)**

| ഘട്ടം | ബ്ലോക്ക് | പഞ്ചായത്തുകൾ |
|---|---|---|
| ഒന്നാം ഘട്ടം (2009-10) 23 പഞ്ചായത്തുകൾ | ആറ്റിങ്ങൽ | ആഴൂർ, അഞ്ചുതെങ്ങ്, ആറ്റിങ്ങൽ, ചിറയൻകീഴ്, കടയ്ക്കാവൂർ, കിഴുവില്ലം, മുതായ്ക്കൽ, വക്കം |
| | കഴക്കൂട്ടം | അണ്ടൂർകോണം, ആറ്റിപ്ര, കഠിനംകുളം, കഴക്കൂട്ടം, മംഗലപുരം, പോത്തൻകോട്, ശ്രീകാര്യം |
| | വർക്കല | ചെമ്മരുതി, ചെറുന്നിയൂർ, ഇടവ, ഇളകമൺ, മണമ്പൂർ, ഒറ്റൂർ, വർക്കല, വെട്ടൂർ |
| രണ്ടാം ഘട്ടം (2010-11) 43 പഞ്ചായത്തുകൾ | ചെട്ടിവിളാകം | കടകംപള്ളി, കുടപ്പനക്കുന്ന്, ഉള്ളൂർ, വട്ടിയൂർക്കാവ് |
| | വാമനപുരം | കല്ലറ, മാണിക്കൽ, നന്ദിയോട്, നെല്ലനാട്, പാങ്ങോട്, പെരിങ്ങമല,പുല്ലമ്പാറ, വാമനപുരം |
| | പുളിമാത്ത് | കരവാരം, കിളിമാനൂർ, മടവൂർ, നഗരൂർ, നാവായിക്കുളം, പള്ളിക്കൽ, പഴയകുന്നുമ്മൽ, പുളിമാത്ത് |
| | പള്ളിച്ചൽ | ബാലരാമപുരം, സിറ്റി കോർപ്പറേഷൻ, കല്ലിയൂർ, മലയിൻകീഴ്, മാറാനല്ലൂർ, നേമം, പള്ളിച്ചൽ, വിളപ്പിൽ, വിളവൂർക്കൽ |
| | കാട്ടാക്കട | ആര്യനാട്, കാട്ടാക്കട, കുറ്റിച്ചൽ, പൂവച്ചൽ, തൊളിക്കോട്, ഉഴമലയ്ക്കൽ, വെള്ളനാട്, വിതുര |
| | നെടുമങ്ങാട് | ആനാട്, അരുവിക്കര, കരകുളം, നെടുമങ്ങാട്, പനവൂർ, വെമ്പായം |
| | ആര്യങ്കോട് | അമ്പൂരി, ആര്യങ്കോട്, കള്ളിക്കാട്, കൊല്ലയിൽ, കുന്നത്തുകാൽ, ഒറ്റശേഖരമംഗലം, പെരുമ്പഴത്തൂർ, പെരുങ്കടവിള, വെള്ളറട |
| മൂന്നാംഘട്ടം (2010-11) 23 പഞ്ചായത്തുകൾ | നെയ്യാറ്റിൻകര | അതിയന്നൂർ, കാഞ്ഞിരംകുളം, കരിംകുളം, കൊട്ടുകാൽ, വെങ്ങാനൂർ, വിഴിഞ്ഞം, തിരുവല്ലം, നെയ്യാറ്റിൻകര |
| | പാറശ്ശാല | പാറശ്ശാല, പൂവ്വാർ, കാരോട്, ചെങ്കൽ, കുളത്തൂർ, തിരുപുറം |

**(2) കൊല്ലം (78 പഞ്ചായത്തുകൾ)**

| ഘട്ടം | ബ്ലോക്ക് | പഞ്ചായത്തുകൾ |
|---|---|---|
| ഒന്നാം ഘട്ടം (2009-10) 13 പഞ്ചായത്തുകൾ | ഓച്ചിറ | കുലശേഖരപുരം, ഓച്ചിറ, തഴവ, ക്ലാപ്പന |
| | കരുനാഗപ്പള്ളി | മൈനാഗപ്പള്ളി, കരുനാഗപ്പള്ളി, തൊടിയൂർ, ആലപ്പാട് |
| | ചവറ | തെക്കുംഭാഗം, തേവലക്കലക്കര, നീണ്ടകര, പന്മന, ചവറ |
| രണ്ടാം ഘട്ടം (2010-11) 36 പഞ്ചായത്തുകൾ | കൊല്ലം | തൃക്കടവൂർ, തൃക്കരുവ,കിളികൊല്ലൂർ, ശക്തികുളങ്ങര, കൊല്ലം |
| | ഇരവിപുരം | ഇരവിപുരം, വടക്കേവിള, മയ്യനാട്, തൃക്കോവിൽവട്ടം, കൊറ്റംകര, ഇളംപള്ളൂർ |
| | കുണ്ടറ | മൺറോത്തുരുത്ത്, പേരയം, കിഴക്കേ കല്ലട, കുണ്ടറ, പെരിനാട്, പനയം |
| | ശാസ്താംകോട്ട | ശൂരനാട് വടക്ക്, ശൂരനാട് തെക്ക്, പടിഞ്ഞാറെ കല്ലട, കുന്നത്തൂർ, ശാസ്താംകോട്ട, പോരുവഴി |
| | കൊട്ടാരക്കര | കൊട്ടാരക്കര, വെളിയം, കരിപ്ര,എഴുകോൺ,നെടുവത്തൂർ, പൂയ്യപ്പള്ളി |
| | ചാത്തന്നൂർ | ചാത്തന്നൂർ, കല്ലുവാതുക്കൽ, ചിറക്കര, ആദിച്ചനെല്ലൂർ, നെടുമ്പന, പറവൂർ |

| | | |
|---|---|---|
| | പത്തനാപുരം | പത്തനാപുരം, പിറവന്തൂർ, വിളക്കുടി, പുനലൂർ, തലവൂർ, പട്ടാഴി തെക്ക്, പട്ടാഴി വടക്ക് |
| മൂന്നാംഘട്ടം (2011-12) 29 പഞ്ചായത്തുകൾ | ചടയമംഗലം | കടയ്ക്കൽ, ചടയമംഗലം,ഇളമാട്, ചിതറ,നിലമേൽ, വെളിനല്ലൂർ, ഇട്ടിവ |
| | വെട്ടിക്കവല | വെട്ടിക്കവല, പവിത്രേശ്വരം, ഉമ്മന്നൂർ, മൈലം, മേലില, കുളക്കട |
| | അഞ്ചൽ | അഞ്ചൽ, ആര്യങ്കാവ്, തെന്മല, കുളത്തൂപ്പുഴ, ഏരൂർ, അലയമൺ, ഇടമുളയ്ക്കൽ, കരവാളൂർ |

(3) തൃശ്ശൂർ (105 പഞ്ചായത്തുകൾ)

| ഘട്ടം | ബ്ലോക്കുകൾ | പഞ്ചായത്തുകൾ |
|---|---|---|
| ഒന്നാം ഘട്ടം (2009-10) 20 പഞ്ചായത്തുകൾ | കൊടകര | അളഗപ്പ നഗർ, കൊടകര, മറ്റത്തൂർ, നെന്മണിക്കര, പുതുക്കാട്, തൃക്കൂർ, വരന്തരപ്പള്ളി |
| | ചാലക്കുടി | ചാലക്കുടി, കാടുകുറ്റി,കോടശ്ശേരി, കൊരട്ടി, മേലൂർ, പരിയാരം വെറ്റിലപ്പാറ |
| | ഇരിഞ്ഞാലക്കുടി | ഇരിങ്ങാലക്കുട, കാറളം, കാട്ടൂർ, മൂരിയാട്, പറപ്പൂക്കര, പൊറത്തുശ്ശേരി |
| | മാള | ആളൂർ, അന്നമനട, മാള, പൊയ്യ, കുഴൂർ |
| രണ്ടാം ഘട്ടം (2010-11) 30 പഞ്ചായത്തുകൾ | കൊടുങ്ങല്ലൂർ | ഇടവിലങ്ങ്, എറിയാട്, കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റി, മേത്തല |
| | മതിലകം | എടത്തുരുത്തി, കൈപ്പമംഗലം. പെരിഞ്ഞനം, ശ്രീനാരായണപുരം, മതിലകം |
| | തളിക്കുളം | എങ്ങണ്ടിയൂർ, നാട്ടിക, തളിക്കുളം, വലപ്പാട്, വാടാനപ്പള്ളി |
| | വെള്ളാങ്ങല്ലൂർ | പടിയൂർ, പൂമംഗലം, പുത്തൻചിറ, വെള്ളാങ്ങല്ലൂർ, വേളൂക്കര |
| | ചേർപ്പ് | അവണിശ്ശേരി, ചേർപ്പ്,കൂർക്കൻചേരി,ഒല്ലൂർ, പാറളം, വല്ലച്ചിറ |
| | അന്തിക്കാട് | അന്തിക്കാട്, അരിമ്പൂർ, ചാഴൂർ, മണലൂർ, താന്നിയം |
| | ചാവക്കാട് | ചാവക്കാട്, ഗുരുവായൂർ, കടപ്പുറം,ഒരുമനയൂർ, പൂക്കോട്, പുന്നയൂർക്കുളം, പുന്നയൂർ, തൈക്കാട്, വടക്കേക്കാട് |
| | ചൊവ്വന്നൂർ | അർത്താറ്റ്, ചൂണ്ടൽ, ചൊവ്വന്നൂർ, കടങ്ങോട്, കടവല്ലൂർ, കണ്ടാനിശ്ശേരി, കട്ടക്കാമ്പൽ. കുന്നംകുളം, പോർക്കുളം, വേളൂർ |
| മൂന്നാം ഘട്ടം (2010 - 11)55 പഞ്ചായത്തുകൾ | മുല്ലശ്ശേരി | ഇളവള്ളി, മുല്ലശ്ശേരി, പാവറട്ടി, വെങ്കിടങ്ങ് |
| | ഒല്ലൂക്കര | മാടക്കത്തറ, നടത്തറ, ഒല്ലൂക്കര, പാണൻചേരി, പുത്തൂർ, തൃശ്ശൂർ കോർപ്പറേഷൻ, വിൽവട്ടം |
| | പഴയന്നൂർ | ചേലക്കര,കൊണ്ടാഴി, പാഞ്ഞാൾ, പഴയന്നൂർ, വള്ളത്തോൾ നഗർ, തിരുവില്വാമല |
| | പുഴക്കൽ | അടാട്ട്, അവണൂർ, അയ്യന്തോൾ,അയ്യന്തോൾ, കൈപ്പറമ്പ്, കോലഴി, തോളൂർ, കിള്ളന്നൂർ (എം.ജി. കാവ്) |
| | വടക്കാഞ്ചേരി | ദേശമംഗലം, എരുമപ്പെട്ടി, മുള്ളുർക്കര, മുണ്ടത്തിക്കോട്, തെക്കുംകര, വരവൂർ, വടക്കാഞ്ചേരി |

പട്ടിക-3. തെങ്ങുകൃഷി പുനരുദ്ധാരണ പദ്ധതിയുടെ ജില്ലകൾ തിരിച്ചുള്ള പുരോഗതി

| ജില്ല | തെങ്ങ് വെട്ടി മാറ്റൽ | | | | | പുനരുദ്ധാരണ പ്രവർത്തനങ്ങൾ | | | | | പുനർ നടീൽ | | ആകെ വിനിയോഗിച്ച തുക (ലക്ഷത്തിൽ) |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | ലക്ഷ്യം | | നേട്ടം | | | ലക്ഷ്യം | | നേട്ടം | | | നേട്ടം | | |
| | തെങ്ങുകളുടെ എണ്ണം | നൽകേണ്ട തുക (രൂപ ലക്ഷത്തിൽ | തെങ്ങുകളുടെ എണ്ണം | വിതരണം ചെയ്ത തുക (രൂപ ലക്ഷത്തിൽ) | ഗുണഭോക്താക്കളായ കർഷകരുടെ എണ്ണം | കൃഷി സ്ഥലത്തിന്റെ വിസ്തീർണ്ണം (ഹെക്ടറിൽ) | നൽകേണ്ട തുക (രൂപ ലക്ഷത്തിൽ | കൃഷി സ്ഥലത്തിന്റെ വിസ്തീർണ്ണം (ഹെക്ടറിൽ) | വിനിയോഗിച്ച തുക (രൂപ ലക്ഷത്തിൽ | ഗുണഭോക്താക്കളായ കർഷകരുടെ എണ്ണം | തൈകളുടെ എണ്ണം | വിനിയോഗിച്ച തുക (രൂപ ലക്ഷത്തിൽ) | |
| **ഒന്നാംഘട്ടം** | | | | | | | | | | | | | |
| തിരുവനന്തപുരം | 354632 | 1473.99 | 210575 | 847.23 | 51157 | 12584.80 | 1260.15 | 12584.80 | 806.11 | 120668 | 31550 | 6.31 | 1659.65 |
| കൊല്ലം | 276876 | 1139.37 | 257970 | 986.30 | 67024 | 8927.72 | 928.07 | 8927.72 | 1022.58 | 86016 | 35055 | 7.01 | 2015.89 |
| തൃശൂർ | 340575 | 1406.07 | 199793 | 757.58 | 33711 | 14015.76 | 1234.71 | 14015.76 | 709.604 | 75330 | 13525 | 2.71 | 1467.184 |
| **ആകെ** | **972083** | **4019.43** | **668338** | **2591.11** | **151892** | **35528.28** | **3422.93** | **35528.28** | **2538.294** | **282014** | **80130** | **16.03** | **5142.724** |
| **രണ്ടാം ഘട്ടം** | | | | | | | | | | | | | |
| തിരുവനന്തപുരം | 275373 | 1365.44 | 156800 | 774.56 | 43882 | 17403.11 | 1408.52 | 16040.81 | 893.60 | 92340 | 72972 | 14.59 | 1682.75 |
| കൊല്ലം | 292483 | 1455.35 | 215965 | 1066.86 | 74416 | 19868.00 | 1393.18 | 17531.00 | 940.67 | 119906 | 86700 | 17.34 | 2024.87 |
| തൃശൂർ | 353957 | 1743.87 | 283939 | 1389.81 | 61495 | 29181.11 | 2117.01 | 28973.61 | 1461.67 | 93836 | 64893 | 12.98 | 2864.46 |
| **ആകെ** | **921813** | **4564.66** | **656704** | **3231.23** | **179793** | **66452.22** | **4918.71** | **62545.42** | **3295.94** | **306082** | **224565** | **44.91** | **6572.08** |
| **മൂന്നാം ഘട്ടം** | | | | | | | | | | | | | |
| തിരുവനന്തപുരം | 129876 | 643.59 | 41241 | 201.00 | 10523 | 5638.47 | 669.03 | 5638.47 | - | - | - | - | 201.00 |
| കൊല്ലം | 172954 | 853.73 | 15168 | 75.12 | 3991 | 11238.00 | 824.86 | 11238.00 | - | 60269 | - | - | 75.12 |
| തൃശൂർ | 181239 | 895.87 | 33115 | 132.15 | 6712 | 18961.27 | 1966.99 | 18961.27 | 86.35 | 27601 | 25224 | 5.05 | 223.55 |
| ആകെ | **484069** | **2393.19** | **89524** | **408.27** | **21226** | **35837.74** | **3460.88** | **35837.74** | **86.35** | **87870** | **25224** | **5.05** | **413.32** |
| **ആകെ മൊത്തം** | **2377965** | **10977.28** | **1414566** | **6230.61** | **352911** | **137818.24** | **11802.521** | **133911.44** | **5920.584** | **675966** | **329919** | **65.99** | **12214.474** |
| **ജില്ല തലത്തിലുള്ള നേട്ടം** | | | | | | | | | | | | | |
| തിരുവനന്തപുരം | 759881 | 3483.02 | 408616 | 1822.79 | 105562 | 35626.38 | 3337.70 | 34264.08 | 1699.71 | 213008 | 104522 | 20.9 | **3543.4** |
| കൊല്ലം | 742313 | 3448.45 | 489103 | 2128.28 | 145431 | 40033.72 | 3146.111 | 37696.72 | 1963.25 | 266191 | 121755 | 24.35 | **4115.88** |
| തൃശൂർ | 875771 | 4045.81 | 516847 | 2279.54 | 101918 | 62158.14 | 5318.71 | 61950.64 | 2257.624 | 196767 | 103642 | 20.74 | **4555.19** |
| **ആകെ** | **2377965** | **10977.28** | **1414566** | **6230.61** | **352911** | **137818.24** | **11802.521** | **133911.44** | **5920.584** | **675966** | **329919** | **65.99** | **12214.474** |

## കാറ്റുവീഴ്ചയെ പരിചയപ്പെടുക

ഓലക്കാലുകൾ ബലം ക്ഷയിച്ച് വാരിയെല്ലുപോലെ അകത്തേക്ക് വളഞ്ഞ് തൂങ്ങുക, ഓലകൾ പൊതുവെ മഞ്ഞ നിറമാകുക, ക്രമേണ ഓലക്കാലുകളുടെ അരികുകളിൽ വൃത്താകൃതിയിലുള്ള കറുത്ത പുള്ളികൾ പ്രത്യക്ഷപ്പെടുക, ഉത്പാദനക്ഷമത കുറഞ്ഞ് ക്രമേണ ഉത്പാദനം തീരെയില്ലാതാകുക എന്നിവയാണ് കാറ്റുവീഴ്ചയുടെ പ്രധാന ലക്ഷണങ്ങൾ.

**കർഷകർ അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ**

- കാറ്റുവീഴ്ച രോഗം പെട്ടെന്ന് തെങ്ങിനെ നശിപ്പിക്കുന്ന രോഗമല്ല. എന്നാൽ തെങ്ങിന്റെ കായികശേഷി ഇല്ലാതാക്കുന്നു.
- രോഗം ബാധിച്ച തെങ്ങിന്റെ ഉത്പാദനക്ഷമത കാലക്രമേണ കുറഞ്ഞ് തീരെ ഇല്ലാതാകുന്നു.
- രോഗം പൂർണ്ണമായും ഭേദമാക്കാൻ സാധ്യമല്ല.
- മെച്ചപ്പെട്ട പരിചരണ മുറകളിലൂടെ ഉത്പാദനക്ഷമത കുറയാതെ നിലനിർത്താനാകും.
- പരിചരണമില്ലാതെ അവഗണിക്കപ്പെടുന്ന തെങ്ങുകൾക്ക് രോഗം പിടിപെടാനും രോഗാവസ്ഥ മൂർച്ഛിക്കാനുമിടയാകുന്നു.



*രൂക്ഷമായി കാറ്റുവീഴ്ച ബാധിച്ച തെങ്ങ്*

- ഓലചീയൽ രോഗം കാറ്റുവീഴ്ച ബാധിത തെങ്ങുകളിൽ സാധാരണയാണ്.

**കാറ്റുവീഴ്ച ബാധിത തെങ്ങുകളുടെ പരിചരണം എങ്ങനെ?**

കൃത്യമായി പരിചരിക്കപ്പെടുന്ന തെങ്ങുകൾ പ്രതിരോധശേഷി പ്രകടമാക്കുന്നു. കുമിൾ നാശിനി പ്രയോഗം വഴി ഓല ചീയൽ നിയന്ത്രിക്കുക. ചീഞ്ഞ നാമ്പോലകളിലും ഒന്നോ രണ്ടോ അകം ഓലകളിലെയും ചീഞ്ഞ ഭാഗം മുറിച്ചു മാറ്റി കോണ്ടാഫ് എന്ന കുമിൾ നാശിനി 2 മി. ലി. അല്ലെങ്കിൽ ഡൈതേൻ എം-45/ ഇൻഡോഫിൽ എം-45 3ഗ്രാം 300 മി.ലി വെള്ളത്തിൽ കലക്കി രോഗബാധിത ഭാഗങ്ങളിൽ ഒഴിക്കുക. ഏപ്രിൽ-മെയിലും ഒക്ടോബർ- നവംബറിലും വർഷത്തിൽ രണ്ടു പ്രാവശ്യം ചെയ്യണം.

രോഗം രൂക്ഷമായ തെങ്ങുകൾ മുറിച്ചു നീക്കണം. തെങ്ങുകളുടെ എണ്ണം കുറവുള്ള തോട്ടങ്ങളിൽ ഗുണമേന്മയുള്ള തൈകൾ നടണം. ശുപാർശ ചെയ്തിട്ടുള്ള രാസവളങ്ങൾ ശരിയായ അളവിൽ യഥാസമയം നൽകുക.

1 കി.ഗ്രാം., യൂറിയ, 1.5 കി.ഗ്രാം മസ്സൂറിഫോസ് അല്ലെങ്കിൽ 2 കി. ഗ്രാം സൂപ്പർ ഫോസ്ഫേറ്റ്, 2 കി.ഗ്രാം മ്യൂറിയേറ്റ് ഓഫ് പൊട്ടാഷ് രണ്ടു തവണകളായി തെങ്ങൊന്നിന് വർഷംതോറും നൽകണം. മേൽപ്പറഞ്ഞ നേർവളങ്ങൾക്ക് പകരമായി രാസവള മിശ്രിതമാണ് ഉപയോഗിക്കുന്നതെങ്കിൽ 10:5:20 എന്ന മിശ്രിതം 5 കി. ഗ്രാം എന്ന തോതിൽ ഒരു തെങ്ങിന് നൽകണം. കാറ്റുവീഴ്ച രോഗം രൂക്ഷമായ ഓണാട്ടുകര പ്രദേശങ്ങളിൽ 3 കിലോ മഗ്നീഷ്യം സൾഫേറ്റും അല്ലാത്ത പ്രദേശത്ത് 500 ഗ്രാം മഗ്നീഷ്യം സൾഫേറ്റും നൽകണം. കാലവർഷത്തിനു മുൻപ് പച്ചിലവള വിത്ത് പാകി തുലാവർഷത്തിന് മുൻപ് ഉഴുതു ചേർക്കാം. 50 കി.ഗ്രാം. കാലിവളം തെങ്ങൊന്നിന് ആണ്ടിലൊരിക്കൽ നൽകാം.



*തെങ്ങിൻ തടി വാണിജ്യാവശ്യങ്ങൾക്കായി ഉപയോഗിക്കുന്നു*

2012-13 കാലയളവിൽ കാലവിളംബം നേരിട്ടിട്ടുണ്ട്. പദ്ധതി നടത്തിപ്പ് വിലയിരുത്തുന്നതിനും വിശകലനം ചെയ്യുന്നതിനും ഐഎസ്ഇഡി എന്ന ഏജൻസിയെ ചുമതലപ്പെടുത്തിയിരുന്നു. പരീക്ഷണാടിസ്ഥാനത്തിൽ നടത്തിയ പദ്ധതിയുടെ തുടർ നടത്തിപ്പിൽ വരുത്തേണ്ട മാറ്റങ്ങളെ സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ ഏജൻസി സമർപ്പിച്ച റിപ്പോർട്ടിൽ പ്രതിപാദിക്കുന്നുണ്ട്. എന്നിരുന്നാലും കേരകർഷകരുടെ ഇടയിൽ പദ്ധതിക്ക് ലഭിച്ച സ്വീകാര്യത, പദ്ധതി മറ്റ് ജില്ലകളിലേക്ക് വ്യാപിപ്പിക്കേണ്ടതിന്റെ ആവശ്യകത എന്നിവ റിപ്പോർട്ടിൽ അടിവരയിട്ട് പറയുന്നു.

ഈ പദ്ധതി സംസ്ഥാനത്തെ മറ്റ് ജില്ലകളിലേക്കും മറ്റ് തെക്കൻ സംസ്ഥാനങ്ങളിലേക്കും വ്യാപിപ്പിക്കേണ്ടതിന്റെ പ്രാധാന്യം കണക്കിലെടുത്ത് 12-ാം പദ്ധതിയിൽ ആവശ്യമായ തുക വകയിരുത്തുന്നതിനായി കേന്ദ്ര ഗവൺമെന്റിനെ സമീപിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷത്തെ ബജറ്റിൽ ബഹു. ധനകാര്യ മന്ത്രി ശ്രീ. പി. ചിദംബരം കേരളത്തിലെ മറ്റ് ജില്ലകളിലേക്ക് പദ്ധതി വ്യാപിപ്പിക്കുന്നതിനായി 75 കോടി രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്.

പദ്ധതി പൂർത്തിയാക്കിയ പഞ്ചായത്തുകളിൽ നാളികേരത്തിന്റെ ഉത്പാദനക്ഷമത വർദ്ധിച്ചതായി റിപ്പോർട്ട് ചെയ്ത് കഴിഞ്ഞിട്ടുണ്ട്. തെങ്ങ് കൃഷി മേഖലയിൽ കൈവന്നിട്ടുള്ള ഈ ഉണർവ്വിന് കൃഷിവകുപ്പിലെ ഉദ്യോഗസ്ഥരും പദ്ധതിപ്രദേശത്തെ കർഷകരും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രതിനിധികളും നൽകിയ സഹകരണം പ്രശംസാർഹമാണ്. നാളികേര മേഖലയിലെ പ്രശ്നങ്ങൾക്ക് കൂട്ടായി പരിഹാരം കാണുന്നതിന് നാളികേര വികസന ബോർഡ് സിപിഎസ് രൂപീകരണത്തിന് വളരെയേറെ പ്രോത്സാഹനം നൽകുന്ന സമയമാണിത്. നാളികേര കൃഷി കൂടുതലുള്ള എല്ലാ പ്രദേശങ്ങളിലും വാർഡ് അടിസ്ഥാനത്തിൽ ഉത്പാദക സംഘങ്ങൾ രൂപീകരിച്ചുകൊണ്ട് ഇതുപോലുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ വളരെ വേഗം നടപ്പിലാക്കാൻ കഴിയും. കേരളത്തിലെ മറ്റു ജില്ലകളിലേക്ക് ഈ പദ്ധതി വ്യാപിപ്പിക്കുമ്പോൾ അതത് വാർഡുകളിൽ രൂപീകരിച്ചിട്ടുള്ള സിപിഎസുകൾക്ക് ഈ പദ്ധതി നടത്തിപ്പിന്റെ നിർവ്വഹണ ഏജൻസികളാകാനുള്ള സാദ്ധ്യതയാണ് തെളിഞ്ഞ് വരുന്നത്.

# മാതൃക തെങ്ങിൻ തോട്ടം സ്ഥാപിക്കൽ

**ലീനാമോൾ എം. എ.**
*ടെക്നിക്കൽ ഓഫീസർ, നാളികേര വികസന ബോർഡ്, കൊച്ചി*

നാളികേര വികസന ബോർഡിന്റെ പദ്ധതികളിൽ ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതിയാണ് സംയോജിത തെങ്ങുകൃഷി പദ്ധതി. ഉത്പാദനക്ഷമത കുറഞ്ഞ തെങ്ങുകൾ വെട്ടിമാറ്റിയും, നിലവിലുള്ള തെങ്ങുകൾക്ക് ശാസ്ത്രീയ പരിചരണം നൽകിയും, തോട്ടത്തിലെ ജൈവാവശിഷ്ടങ്ങൾ കമ്പോസ്റ്റാക്കി തെങ്ങിന് നൽകുകയും ചെയ്ത് തോട്ടത്തിന്റെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കാൻ സഹായിക്കുന്ന മൂന്ന് ഘടകങ്ങളാണ് പദ്ധതിയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള ഓരോ ഘടകങ്ങൾക്കായി 1982 മുതൽ സബ്സിഡി നൽകിയിരുന്നെങ്കിലും 9-ാം പഞ്ചവത്സര പദ്ധതിക്കാലത്താണ് മേൽപ്പറഞ്ഞ മൂന്ന് ഘടക പദ്ധതികളും ഉൾപ്പെടുത്തി സംയോജിതകൃഷി പദ്ധതി നടപ്പിലാക്കിത്തുടങ്ങിയത്. തെങ്ങ് പുനരുദ്ധാരണ പദ്ധതി പൈലറ്റടിസ്ഥാനത്തിൽ കേരളത്തിലും ആൻഡമാനിലും നടപ്പിലാക്കാൻ തുടങ്ങിയതോടെ 2009-10 മുതൽ തെങ്ങു വെട്ടിമാറ്റുന്ന ഘടകം സംയോജിതകൃഷി പദ്ധതിയിൽ നിന്നും എടുത്ത് മാറ്റി.

നിലവിൽ ക്ലസ്റ്റർ പദ്ധതി എന്നപേരിലും എൽഒഡിപി എന്ന ചുരുക്കപ്പേരിലും അറിയപ്പെടുന്ന മാതൃകാ തെങ്ങിൻതോട്ടം പ്രദർശന പദ്ധതിയും മണ്ണിര/ ചകിരിച്ചോർ കമ്പോസ്റ്റ് ഉത്പാദിപ്പിക്കുന്ന ജൈവവള നിർമ്മാണ യൂണിറ്റുമാണ് സംയോജിത കൃഷി പദ്ധതിയിലൂടെ നടപ്പിലാക്കുന്നത്.

അതാത് സംസ്ഥാനത്തെ കൃഷി/ ഹോർട്ടികൾച്ചർ വകുപ്പുകൾ മുഖേന വ്യക്തിഗത പദ്ധതിയായാണ് നാളികേര വികസന ബോർഡ് എൽഒഡിപി പദ്ധതി നടപ്പിലാക്കിക്കൊണ്ടിരുന്നത്. എന്നാൽ വ്യക്തിഗത സബ്സിഡി വിതരണത്തേക്കാളും കർഷക കൂട്ടായ്മകളിലൂടെയുള്ള പദ്ധതി നിർവ്വഹണമാണ് കൂടുതൽ ഫലവത്തെന്നുള്ള ഗവേഷണ ഫലത്തിന്റെ അടിസ്ഥാനത്തിൽ പദ്ധതി നിർവ്വഹണം ക്ലസ്റ്റർ അടിസ്ഥാനത്തിലായി. മാത്രമല്ല നാളികേര വികസന ബോർഡ് നേരിട്ട് ക്ലസ്റ്റർ പദ്ധതി നടപ്പിലാക്കുവാനും തുടങ്ങി. 2005-06ൽ തുടങ്ങിയ ബോർഡിന്റെ നേരിട്ടുള്ള ക്ലസ്റ്റർ പദ്ധതി നിർവ്വഹണം ക്രമേണ കേരളത്തിലും ബോർഡിന്റെ ആഫീസുകളുള്ള കർണ്ണാടകം, തമിഴ്നാട്, ആന്ധ്രപ്രദേശ്, ഒഡീഷ, മഹാരാഷ്ട്ര, പശ്ചിമ ബംഗാൾ, ആസ്സാം തുടങ്ങിയ സംസ്ഥാനങ്ങളിലും വ്യാപകമായി. ക്ലസ്റ്ററുകൾ വഴി ജൈവവള യൂണിറ്റ് പദ്ധതിയും ബോർഡ് നേരിട്ട് നടപ്പിലാക്കുന്നുണ്ട്.

ഈ പദ്ധതിയിൽ ഹെക്ടറിന് (175 തെങ്ങുകൾക്ക്) 35,000 രൂപയാണ് രണ്ട് വർഷത്തേക്ക് നൽകിവരുന്ന സബ്സിഡി. വളം, കീടനാശിനികൾ, ഇടവിളക്കൃഷിക്കുള്ള വിത്ത് തുടങ്ങിയ ഉത്പാദനോപാധികളാണ് പദ്ധതിയിലൂടെ കർഷകർക്ക് ലഭിക്കുന്നത്. ജൈവവള നിർമ്മാണ യൂണിറ്റിന് പരമാവധി 20,000 രൂപവരെയാണ് സബ്സിഡി.

### ക്ലസ്റ്റർ

25 മുതൽ 50 ഹെക്ടർ വരെ നാളികേര കൃഷിയുള്ള സ്ഥലത്തെ കർഷകരുടെ കൂട്ടായ്മയാണ് ക്ലസ്റ്റർ. കൺവീനറും ഗ്രൂപ്പ് ലീഡർമാരും ഉൾപ്പെട്ട ക്ലസ്റ്റർ ഭാരവാഹികൾ മുഖേന എൽഒഡിപി പദ്ധതി നടപ്പാക്കുമ്പോൾ കർഷക പങ്കാളിത്തവും ഉറപ്പാക്കപ്പെടുന്നു. മാത്രമല്ല, കർഷക കൂട്ടായ്മയിലൂടെ വളം വിതരണം, കൃഷിപ്പണികൾ തുടങ്ങിയവ ഒരുമിച്ച് ചെയ്യുന്നതിലൂടെ കൃഷിച്ചെലവ് കുറയ്ക്കാനും കൂടുതൽ വരുമാനം ലഭിക്കാനും ഇടയാകുന്നു. കീട, രോഗ നിയന്ത്രണവും മറ്റും 25-50 ഹെക്ടറിലെ കർഷകർ ഒരുമിച്ച് ചെയ്യുമ്പോൾ കൂടുതൽ ഫലവത്താകുകയും ചെയ്യുന്നു. ഇത്തരത്തിലുള്ള രണ്ട് വർഷത്തെ പദ്ധതി നടത്തിപ്പിലൂടെ കൂട്ടായ പ്രവർത്തനവും ശാസ്ത്രീയ കൃഷിരീതികളും സ്ഥിരമായി അവലംബിക്കുന്നതിലൂടെ വരുമാന വർദ്ധനവും ഉത്പാദനക്ഷമത വർദ്ധനവും സാദ്ധ്യമാകുമെന്ന് ക്ലസ്റ്ററിലെ കർഷകർക്ക് ബോദ്ധ്യമാകുന്നു. മാത്രമല്ല, സമീപ പ്രദേശങ്ങളിലെ കർഷകർക്ക് ഇതൊരു മാതൃകയാകുകയും ചെയ്യുന്നതോടെ പദ്ധതി വിജയം വരിക്കുന്നു.

### സംയോജിത കൃഷിപദ്ധതി 2012-13

2012-13 സാമ്പത്തിക വർഷത്തിൽ നാളികേര വികസന ബോർഡ് സംയോജിത കൃഷി പദ്ധതിക്കായി 24.30 കോടി രൂപയാണ് നീക്കിവെച്ചിരുന്നത്. 17 സംസ്ഥാനങ്ങളിലായി മാതൃക തെങ്ങിൻതോട്ടം (എൽഒഡിപി) ഒരുക്കുന്നതിലേക്കായി (ഒന്നാം വർഷ പദ്ധതിയിൽ 9200 ഹെക്ടറും രണ്ടാം വർഷ പദ്ധതിയിൽ 3983 ഹെക്ടറും) 24.10 കോടി രൂപയും 100 ജൈവവള നിർമ്മാണ യൂണിറ്റുകൾ (OMU) സ്ഥാപിക്കുന്നതിനായി 20 ലക്ഷം രൂപയുമായിരുന്നു പദ്ധതി വിഹിതം.

വിവിധ സംസ്ഥാന കൃഷിവകുപ്പുകൾ മുഖേനയും ബോർഡ് നേരിട്ടും നടപ്പിലാ



*മാതൃക തെങ്ങിൻതോട്ടം സ്ഥാപിക്കൽ പദ്ധതിയിലുൾപ്പെട്ട എറണാകുളം ജില്ലയിലെ പിറവത്തുള്ള നാളികേരോത്പാദക സംഘത്തിന്റെ കീഴിലുള്ള തോട്ടം*

**പട്ടിക-1. ബോർഡ് സംസ്ഥാന സർക്കാരുകൾ മുഖേനയും നേരിട്ടും നടപ്പിലാക്കിയ മാതൃകാ തെങ്ങിൻതോട്ട പ്രദർശന പദ്ധതി - 2012-13**

| ക്രമ സം ഖ്യ | സംസ്ഥാനം | ഒന്നാംവർഷം (വിസ്തീർണ്ണം ഹെക്ടറിൽ) | രണ്ടാം വർഷം (വിസ്തീർണ്ണം ഹെക്ടറിൽ) |
|---|---|---|---|
| 1 | കേരളം | 2709.00 | 1147.13 |
| 2 | കർണ്ണാടക | 1190.48 | 559.95 |
| 3 | തമിഴ്നാട് | 1094.46 | 1146.94 |
| 4 | ആന്ധ്രാപ്രദേശ് | 573.91 | 369.24 |
| 5 | ഒഡീഷ | 257.00 | 150.00 |
| 6 | മഹാരാഷ്ട്ര | 527.98 | 353.65 |
| 7 | പശ്ചിമ ബംഗാൾ | 50.00 | 0.00 |
| 9 | ഗോവ | 25.00 | 50.00 |
| 10 | ഗുജറാത്ത് | 25.00 | 15.00 |
| 12 | ആൻഡമാൻ നിക്കോബാർ | 100.00 | 133.00 |
| 13 | പുതുച്ചേരി | 15.00 | 0.00 |
| 14 | ലക്ഷദ്വീപ് | 5.00 | 0.00 |
| 15 | ആസ്സാം | 42.13 | 27.49 |
| 16 | ത്രിപുര | 10.00 | 10.00 |
| 17 | നാഗാലാൻഡ് | 10.00 | 10.00 |
| 18 | അരുണാചൽ പ്രദേശ് | 5.00 | 10.00 |
| 19 | മേഘാലയ | 0.00 | 0.00 |
| 20 | മിസ്സോറാം | 10.00 | 0.00 |
| | **കുട്ടനാട്, ഇടുക്കി പാക്കേജ്** | 3875.00 | 0.00 |
| | **ആകെ** | 10524.96 | 3982.40 |

ക്കിയ എൽഡിപി പദ്ധതിപ്രകാരം 10525 ഹെക്ടറിൽ ഒന്നാംവർഷ പദ്ധതിയും 3982 ഹെക്ടറിൽ രണ്ടാംവർഷ പദ്ധതിയും നടപ്പിലാക്കുകയും 68 ജൈവവള നിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കുകയും (പട്ടിക 1) ചെയ്തു. 19.15 കോടി രൂപയാണ് പദ്ധതി നടത്തിപ്പിനായി ചെലവഴിച്ചത്.

### സംസ്ഥാന ഗവൺമെന്റുകൾ മുഖേന നടപ്പിലാക്കിയ പദ്ധതി

'മാതൃക തെങ്ങിൻതോട്ടം' ഒരുക്കുന്ന പദ്ധതി വിഹിതത്തിൽ നിന്ന് 9.35 കോടി രൂപ നാളികേര കൃഷിയുള്ള 17 സംസ്ഥാനങ്ങളിലെ കൃഷിവകുപ്പുകൾ മുഖേന നടപ്പിലാക്കുവാനാണ് ലക്ഷ്യമിട്ടിരുന്നത്. കുട്ടനാട്ട്, ഇടുക്കി പാക്കേജുകളിലെ നാളികേരോത്പാദനക്ഷമത വർദ്ധിപ്പിക്കുവാനുള്ള ഘടകപദ്ധതികളും ഇതിൽ ഉൾപ്പെടുന്നു. ഇതുപ്രകാരം 3301 ഹെക്ടറിൽ ഒന്നാം വർഷ പദ്ധതിയും 4193 ഹെക്ടറിൽ രണ്ടാം വർഷ പദ്ധതിയും വിവിധ സംസ്ഥാനങ്ങളിലായി നടപ്പിലാക്കേണ്ടതുണ്ടായിരുന്നു.

പ്രസ്തുത പദ്ധതി പ്രകാരം കേരളം, കർണ്ണാടകം, തമിഴ്നാട്, ആന്ധ്രപ്രദേശ്, ഒഡീഷ, മഹാരാഷ്ട്ര, പശ്ചിമബംഗാൾ, ഗോവ, ഗുജറാത്ത്, ആൻഡമാൻ നിക്കോബാർ, പുതുച്ചേരി, ലക്ഷദ്വീപ്, ത്രിപുര, നാഗാലാന്റ്, അരുണാചൽ പ്രദേശ്, ആസ്സാം, മിസോറാം എന്നീ സംസ്ഥാനങ്ങളിലെ കൃഷി വകുപ്പുകൾ മുഖേന 2012-13 വർഷത്തിൽ 4855 ഹെക്ടറിൽ ഒന്നാം വർഷ പദ്ധതിയും 1761 ഹെക്ടറിൽ രണ്ടാം വർഷ പദ്ധതിയും നടപ്പിലാക്കുകയും 9 കോടിയോളം രൂപ ചെലവഴിക്കുകയും ചെയ്തു.

ആൻഡമാൻ നിക്കോബാർ, പുതുച്ചേരി, ലക്ഷദ്വീപ്, ത്രിപുര, നാഗാലാൻഡ്, അരുണാചൽ പ്രദേശ്, മിസോറാം എന്നീ സംസ്ഥാനങ്ങളിലെ കൃഷി വകുപ്പുകൾ മുഖേന 7.20 ലക്ഷം രൂപ ചെലവിൽ 36 ജൈവവള നിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കുകയും ചെയ്തു.

### ബോർഡ് നേരിട്ട് നടപ്പിലാക്കിയ സംയോജിത കൃഷി പദ്ധതി

നാളികേര വികസന ബോർഡിന്റെ കൊച്ചിയിലുള്ള ആസ്ഥാനം മുഖേന കേരളത്തിലും, ബാംഗ്ലൂർ, ചെന്നൈ, ഗുവാഹത്തി എന്നീ റീജിയണൽ ഓഫീസുകൾ വഴി യഥാക്രമം കർണ്ണാടക, തമിഴ്നാട്, ആസ്സാം സംസ്ഥാനങ്ങളിലും സെക്കന്തരാബാദ്, പിട്ടാപ്പിള്ളി, താനെ, കൊൽക്കത്ത എന്നിവിടങ്ങളിലെ സംസ്ഥാന കേന്ദ്രങ്ങൾ വഴി യഥാക്രമം ആന്ധ്രാപ്രദേശ്, ഒഡീഷ, മഹാരാഷ്ട്ര, പശ്ചിമബംഗാൾ എന്നീ സംസ്ഥാനങ്ങളിലുമാണ് 2012-13 വർഷത്തിൽ എൽഡിപി പദ്ധതി നേരിട്ട് നടപ്പാക്കിയത്. മേൽപ്പറഞ്ഞ 8 സംസ്ഥാനങ്ങളിലായി 5900 ഹെക്ടറിൽ ഒന്നാം വർഷ പദ്ധതിയും 2222 ഹെക്ടറിൽ രണ്ടാം വർഷ പദ്ധതിയും ലക്ഷ്യമിട്ടിരുന്നത് യഥാക്രമം 5670 ഹെക്ടറിലും 2222 ഹെക്ടറിലും 10 കോടി രൂപ ചെലവിൽ നടപ്പിലാക്കി. കൂടാതെ തമിഴ്നാട്, ആന്ധ്രപ്രദേശ്, ഒഡീഷ, മഹാരാഷ്ട്ര, പശ്ചിമ ബംഗാൾ, ആസ്സാം, നാഗാലാൻഡ് എന്നീ സംസ്ഥാനങ്ങളിൽ 4.86 ലക്ഷം രൂപ ചെലവിൽ 32 ജൈവവള യൂണിറ്റുകളും സ്ഥാപിച്ചു.



*രോഗ, കീട നിയന്ത്രണ പ്രവർത്തനങ്ങൾ അവലംബിക്കുന്നു*

ഒന്നാംവർഷ പദ്ധതിയിലൂടെ ഈ എട്ട് സംസ്ഥാനങ്ങളിലെ 31 ജില്ലകളിലായി 9.28 ലക്ഷം തെങ്ങുകൾക്ക് പരിചരണം ലഭിച്ചു. രണ്ടാംവർഷ പദ്ധതിയിൽ ഇത് യഥാക്രമം 23 ജില്ലകളും 3.47 ലക്ഷം തെങ്ങുകളുമാണ് (പട്ടിക 2).

2012-13 വർഷത്തിൽ 8 സംസ്ഥാനങ്ങളിലായി ഒന്നും രണ്ടും വർഷ എൽ.ഒ.ഡി.പി. പദ്ധതി 7891 ഹെക്ടർ സ്ഥലത്ത് ബോർഡ് നേരിട്ട് നടപ്പിലാക്കിയപ്പോൾ 264 ക്ലസ്റ്ററുകളിലെ 12.75 ലക്ഷം തെങ്ങുകൾക്ക് ശാസ്ത്രീയ പരിചരണം നൽകുവാനും അതിലൂടെ 21875 കർഷർക്ക് സഹായമെത്തിക്കുവാനും കഴിഞ്ഞു (പട്ടിക 3).

തടത്തിൽ വിതയ്ക്കുവാൻ പയർവിത്ത് (തെങ്ങൊന്നിന്100-160 ഗ്രാം വരെ), തെങ്ങൊന്നിന് യൂറിയ 0.8-1.3 കിലോഗ്രാം, റോക്ക് ഫോസ്ഫേറ്റ് 1.5 കിലോഗ്രാം/ സിംഗിൾ സൂപ്പർ ഫോസ്ഫേറ്റ്-2 കിലോഗ്രാം/ ഡൈ അമോണിയം ഫോസ്ഫേറ്റ്-0.7 കിലോഗ്രാം, മ്യൂറിയേറ്റ് ഓഫ് പൊട്ടാഷ്-2 കിലോഗ്രാം, കീടനാശിനികൾ, ഇടവിളക്കൃഷിക്കുള്ള നടീൽ വസ്തുക്കൾ എന്നീ ഉത്പാദനോപാധികളാണ് ക്ലസ്റ്ററുകൾ വഴി വിതരണം ചെയ്തത്. കൂടാതെ പ്രാദേശിക ആവശ്യാനുസരണം തെങ്ങൊന്നിന് അരകിലോഗ്രാം, മഗ്നീഷ്യം സൾഫേറ്റ്, 25-50 ഗ്രാം ബോറാക്സ്, 1 കി.ഗ്രാം കുമ്മായം എന്നിവയും നൽകി.

**പട്ടിക-2. ബോർഡ് സംസ്ഥാന സർക്കാരുകൾ മുഖേനയും നേരിട്ടും നടപ്പിലാക്കിയ മാതൃക തെങ്ങിൻതോട്ട പ്രദർശന പദ്ധതി - 2012-13**

| സംസ്ഥാനം | ജില്ലകൾ | വിസ്തീർണ്ണം (ഹെക്ടർ) | ക്ലസ്റ്ററുകളുടെ എണ്ണം | ഗുണഭോക്താക്കളുടെ എണ്ണം | തെങ്ങുകളുടെ എണ്ണം |
|---|---|---|---|---|---|
| **ഒന്നാം വർഷ ക്ലസ്റ്ററുകൾ** | | | | | |
| കേരളം | 10 | 2709.00 | 99 | 7616 | 469176 |
| കർണ്ണാടകം | 5 | 840.48 | 18 | 1088 | 115110 |
| തമിഴ്നാട് | 3 | 844.46 | 27 | 1226 | 140321 |
| ആന്ധ്രപ്രദേശ് | 5 | 473.91 | 14 | 1111 | 70036 |
| ഒഡീഷ | 3 | 207.00 | 4 | 825 | 36225 |
| മഹാരാഷ്ട്ര | 2 | 527.98 | 25 | 1621 | 86101 |
| പശ്ചിമ ബംഗാൾ | 1 | 25.00 | 1 | 68 | 4375 |
| ആസ്സാം | 2 | 42.13 | 4 | 710 | 7372 |
| **ആകെ** | **31** | **5669.96** | **192** | **14265** | **928716** |
| **രണ്ടാം വർഷ ക്ലസ്റ്ററുകൾ** | | | | | |
| കേരളം | 5 | 847.13 | 32 | 4522 | 128827 |
| കർണ്ണാടകം | 5 | 359.95 | 6 | 634 | 51503 |
| തമിഴ്നാട് | 3 | 455.94 | 15 | 836 | 79790 |
| ആന്ധ്രപ്രദേശ് | 5 | 277.24 | 9 | 645 | 41735 |
| ഒഡീഷ | 1 | 50.00 | 1 | 97 | 8750 |
| മഹാരാഷ്ട്ര | 2 | 203.65 | 7 | 440 | 31563 |
| ആസ്സാം | 2 | 27.49 | 2 | 436 | 4811 |
| **ആകെ** | **23** | **2221.40** | **72** | **7610** | **346979** |

### കേരളം

കേരളത്തിലെ പദ്ധതി നിർവ്വഹണത്തിൽ 2012-13 വർഷം ഒരു പുതുമയുണ്ടായിരുന്നു. മുൻവർഷങ്ങളിൽ കർഷക കൂട്ടായ്മകളിൽ നിന്നും അപേക്ഷ ക്ഷണിക്കുമ്പോൾ കർഷകർ ക്ലസ്റ്റർ പദ്ധതി നടത്തിപ്പിനായി മാത്രം ക്ലസ്റ്റർ രൂപീകരിക്കുകയും അപേക്ഷിക്കുകയുമാണ് ചെയ്തിരുന്നത്. എന്നാൽ നാളികേര വികസനബോർഡിൽ രജിസ്റ്റർ ചെയ്തിരുന്ന നാളികേര ഉത്പാദക സംഘങ്ങളിൽ നിന്നുമാത്രമാണ് പ്രസ്തുതവർഷം അപേക്ഷ ക്ഷണിച്ചത്. തെങ്ങുപുനരുദ്ധാരണ പദ്ധതി നടപ്പിലാക്കിക്കൊണ്ടിരുന്ന തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ ജില്ലകളും വയനാടും ഒഴികെയുള്ള 10 ജില്ലകളിൽ നിന്നും അപേക്ഷ ക്ഷണിച്ചിരുന്നു. 400 ഓളം സിപിഎസുകൾ അപേക്ഷിച്ചിരുന്നുവെങ്കിലും അവയിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട 99 സിപിഎസുകളിലൂടെയാണ് 2012-13 വർഷത്തിൽ ഒന്നാം വർഷ പദ്ധതി നടപ്പിലാക്കിയത്. 2709 ഹെക്ടറിൽ 4.69 ലക്ഷം തെങ്ങുകൾക്ക് ശാസ്ത്രീയ പരിചരണമെത്തിക്കാൻ 7616 കർഷകർക്ക് പദ്ധതി സഹായകമായി. 32 ക്ലസ്റ്ററുകളിലൂടെ 5 ജില്ലകളിലെ 4522 കർഷകർ രണ്ടാം വർഷ പദ്ധതിയുടെ ഗുണഭോക്താക്കളായി (പട്ടിക 4).

**പട്ടിക-3. ബോർഡ് നേരിട്ട് വിവിധ സംസ്ഥാനങ്ങളിൽ നടപ്പിലാക്കിയ എൽഒഡിപി പദ്ധതിയുടെ (ഒന്നും രണ്ടും വർഷം) വിശദാംശങ്ങൾ- 2012-13**

| *സംസ്ഥാനം* | *ജില്ലകൾ* | *വിസ്തീർണ്ണം (ഹെക്ടറിൽ)* | *ക്ലസ്റ്ററുകളുടെ എണ്ണം* | *ഗുണഭോക്താക്കളുടെ എണ്ണം* | *പദ്ധതി പ്രദേശത്തെ തെങ്ങുകളുടെ എണ്ണം* |
|---|---|---|---|---|---|
| കേരളം | 10 | 3556.13 | 131 | 12138 | 598003 |
| കർണ്ണാടക | 6 | 1200.43 | 24 | 1722 | 166613 |
| തമിഴ്നാട് | 4 | 1300.40 | 42 | 2062 | 220111 |
| ആന്ധ്രപ്രദേശ് | 6 | 751.15 | 23 | 1756 | 111771 |
| ഒഡീഷ | 3 | 257 | 5 | 922 | 44975 |
| മഹാരാഷ്ട്ര | 2 | 731.63 | 32 | 2061 | 117664 |
| പശ്ചിമ ബംഗാൾ | 1 | 25 | 1 | 68 | 4375 |
| ആസ്സാം | 4 | 69.62 | 6 | 1146 | 12183 |
| **ആകെ** | **36** | **7891.36** | **264** | **21875** | **1275695** |

### കർണ്ണാടകം

ചാമരാജനഗർ, ചിത്രദുർഗ, മാണ്ഡ്യ, മൈസൂർ, രാംനഗർ, തുംകൂർ എന്നീ 6 ജില്ലകളിലായി 1200 ഹെക്ടറിലാണ് പദ്ധതി നടപ്പിലാക്കിയത്. 24 ക്ലസ്റ്ററുകളിലൂടെ 1722 കർഷകർ പദ്ധതി ഗുണഭോക്താക്കളായി.

### തമിഴ്നാട്

തമിഴ്നാട്ടിൽ 2012-13 വർഷം 42 ക്ലസ്റ്ററുകളിലായി 1300 ഹെക്ടറാണ് പദ്ധതി നിർവ്വഹണത്തിനായി തെരഞ്ഞെടുക്കപ്പെട്ടത്. തേനി, മധുര, തഞ്ചാവൂർ, ദിണ്ടിഗൽ ജില്ലകളിലായി 2062 കർഷകർ ഗുണഭോക്താക്കളാവുകയും 2.27 ലക്ഷം തെങ്ങുകൾക്ക് പരിചരണം ലഭിക്കുകയുമുണ്ടായി.

**പട്ടിക-4. എൽഒഡിപി പദ്ധതിയുടെ കേരളത്തിലെ ജില്ലതിരിച്ചുള്ള വിശദാംശങ്ങൾ 2012-13**

| ക്രമ സംഖ്യ | ജില്ല | വിസ്തീർണ്ണം (ഹെക്ടറിൽ) | ക്ലസ്റ്ററുകളുടെ എണ്ണം | ഗുണഭോക്താക്കളുടെ എണ്ണം | തെങ്ങുകളുടെ എണ്ണം |
|---|---|---|---|---|---|
| **1 കേരളത്തിലെ ഒന്നാംവർഷ ക്ലസ്റ്ററുകൾ (സിപിഎസുകൾ)** | | | | | |
| 1 | കാസർഗോഡ് | 389.46 | 15 | 930 | 68134 |
| 2 | കണ്ണൂർ | 416.49 | 15 | 945 | 76160 |
| 3 | കോഴിക്കോട് | 522.38 | 21 | 2143 | 90508 |
| 4 | മലപ്പുറം | 471.01 | 19 | 1477 | 82426 |
| 5 | പാലക്കാട് | 459.00 | 12 | 652 | 80304 |
| 6 | എറണാകുളം | 113.83 | 3 | 282 | 14760 |
| 7 | ഇടുക്കി | 21.52 | 1 | 36 | 3079 |
| 8 | കോട്ടയം | 96.63 | 3 | 242 | 16904 |
| 9 | ആലപ്പുഴ | 196.81 | 9 | 836 | 33016 |
| 10 | പത്തനംതിട്ട | 22.23 | 1 | 73 | 3885 |
| | **ആകെ** | **2709.36** | **99** | **7616** | **469176** |
| **2. കേരളത്തിലെ രണ്ടാംവർഷ ക്ലസ്റ്ററുകൾ** | | | | | |
| 1 | കോഴിക്കോട് | 160.79 | 7 | 939 | 24665 |
| 2 | മലപ്പുറം | 158.43 | 5 | 491 | 25979 |
| 3 | പാലക്കാട് | 125.39 | 5 | 275 | 21842 |
| 4 | ആലപ്പുഴ | 384.30 | 14 | 2553 | 53804 |
| 5 | എറണാകുളം (കുമ്പളങ്ങി ജൈവഗ്രാമം) | 18.22 | 1 | 264 | 2537 |
| | **ആകെ** | **847.13** | **32** | **4522** | **128827** |
| **ആകെ മൊത്തം** | | **3556.49** | **131** | **12138** | **598003** |

**ആന്ധ്രപ്രദേശ്**

കിഴക്കൻ ഗോദാവരി, വിശാഖപട്ടണം, ഗുണ്ടൂർ, ശ്രീകാകുളം, പടിഞ്ഞാറൻ ഗോദാവരി, വിജയനഗരം എന്നിങ്ങനെ ആറ് ജില്ലകളിലായി 751 ഹെക്ടറിലാണ് 2012-13 വർഷത്തിൽ എൽഒഡിപി പദ്ധതി ബോർഡ് നേരിട്ട് നടപ്പിലാക്കിയത്, ഒന്നാം വർഷം 14 ക്ലസ്റ്ററുകളിലും രണ്ടാംവർഷം 9 ക്ലസ്റ്ററുകളിലും കൂടി 1756 കർഷകർക്ക് പദ്ധതിയുടെ ഗുണം ലഭിച്ചു. 1.12 ലക്ഷം തെങ്ങുകളാണ് പദ്ധതി പ്രകാരം വിവിധ ജില്ലകളിലായി ശാസ്ത്രീയ പരിചരണത്തിൽ ഉൾപ്പെട്ടത്.




*കോഴിക്കോട് ജില്ലയിലെ കാവുന്തറ നാളികേരോത്പാദക സംഘത്തിനു കീഴിലുള്ള മാതൃക തെങ്ങിൻതോട്ടം സ്ഥാപിക്കുന്ന പദ്ധതിയിൽ ഇടവിളവിത്തുകൾ വിതരണം ചെയ്യുന്നു*

**ഒഡീഷ**

ഒഡീഷയിൽ 2012-13ൽ 922 കർഷകർ ബോർഡിന്റെ നേരിട്ടുള്ള എൽഒഡിപി പദ്ധതി നടത്തിപ്പിൽ പങ്കാളികളായി. പുരി, ഗൻജാം, ജഗത്സിംഗ്പൂർ എന്നീ ജില്ലകളിലായി 5 ക്ലസ്റ്ററുകളും 257 ഹെക്ടറിൽ 44975 തെങ്ങുകളുമാണ് പദ്ധതിയിൽ ഉൾപ്പെട്ടത്.

**മഹാരാഷ്ട്ര**

സംസ്ഥാനത്തെ സിന്ധുദുർഗ്, രത്നഗിരി ജില്ലകളിലാണ് 2012-13 വർഷം ബോർഡിന്റെ താനെയിലുള്ള ഓഫീസ് മുഖേന 732 ഹെക്ടറിൽ എൽ.ഒ.ഡി.പി. പദ്ധതി നേരിട്ട് നടപ്പാക്കിയത്. ഇതിലൂടെ 32 ക്ലസ്റ്ററുകളിലായി 1.18 ലക്ഷം തെങ്ങുകൾക്ക് ശാസ്ത്രീയ പരിചരണം ലഭിക്കുകയും 2061 കർഷകർ ഗുണഭോക്താക്കളാകുകയും ചെയ്തു.

**പശ്ചിമ ബംഗാൾ**

കൊൽക്കത്തയിലുള്ള ബോർഡിന്റെ സംസ്ഥാന കേന്ദ്രം വഴി 25 ഹെക്ടറിന്റെ ഒരു ക്ലസ്റ്റർ ആണ് 2012-13 വർഷത്തിൽ പശ്ചിമബംഗാളിൽ നോർത്ത് 24 പർഗാനസ് ജില്ലയിൽ നടപ്പിലാക്കിയത്. ഇതിലൂടെ 65 കർഷകർക്ക് 4375 തെങ്ങുകൾക്കുള്ള ഉത്പാദനോപാധികളാണ് പദ്ധതിപ്രകാരം ലഭിച്ചത്.

**ആസ്സാം**

വടക്കൻ, വടക്കുകിഴക്കൻ സംസ്ഥാനങ്ങൾക്കായുള്ള ആസ്സാമിലെ റീജ്യണൽ ആഫീസ് മുഖേന മോറിഗാവ്, കരീംഗഞ്ച്, നൽബാരി, ദാരംഗ് എന്നീ നാലു ജില്ലകളിലായി 70 ഹെക്ടറിൽ 6 ക്ലസ്റ്ററുകളാണ് ബോർഡ് 2012-13 വർഷം നടപ്പിലാക്കിയത്. 12183 തെങ്ങുകൾക്ക് ശാസ്ത്രീയ പരിചരണം ലഭിക്കുകയും 1146 കർഷകർ പദ്ധതിയുടെ ഗുണഭോക്താക്കളാകുകയും ചെയ്തു.

ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി ബോർഡ് കൈക്കൊള്ളുന്ന നടപടികൾ ഫലപ്രദമാകുന്നു എന്നതിന്റെ പ്രത്യക്ഷ ദൃഷ്ടാന്തമാണ് നാളികേരോത്പാദനത്തിൽ ഇന്ത്യ കൈവരിച്ചിരിക്കുന്ന നേട്ടം. 2010-11ലെ കണക്കനുസരിച്ച് 1694.3 കോടി നാളികേരോത്പാദനത്തോടെ നമ്മുടെ രാജ്യം ലോക രാജ്യങ്ങളിൽ പ്രഥമസ്ഥാനം കൈയാളിയിരിക്കുകയാണ്. ഉത്പാദനക്ഷമതയിലും ഗണ്യമായ വർദ്ധനയുണ്ടായി, ഹെക്ടറൊന്നിന് 8965 നാളികേരമായി ഉയർന്നു. നാളികേരോത്പാദനത്തിൽ ഇന്ത്യ ഇനിയും ഉയരങ്ങൾ താണ്ടുമെന്ന് നമുക്ക് പ്രതീക്ഷിക്കാം.

# നാളികേര മേഖലയ്ക്ക് നവോന്മേഷം പകർന്ന് നാളികേരോത്പാദക സംഘങ്ങൾ

**സെബാസ്റ്റ്യൻ കെ. എസ്.**
*അസിസ്റ്റന്റ് മാർക്കറ്റിംഗ് ഓഫീസർ, നാളികേര വികസന ബോർഡ്, കൊച്ചി*

### പ്രതിസന്ധിയിലും പ്രത്യാശ

വിലത്തകർച്ചയിൽപ്പെട്ടുഴലുമ്പോഴും നാളികേരകർഷകർക്ക് പ്രത്യാശ നൽകിയ വർഷമായിരുന്നു കടന്ന് പോയത്. ഈ പ്രത്യാശയുടെ പ്രതിഫലനമായിരുന്നു നാടാകെയുള്ള നാളികേരോത്പാദക സംഘ രൂപീകരണത്തിലൂടെ വെളിവാക്കപ്പെട്ടത്. കൂട്ടായ്മകളിലൂടെ പ്രതിസന്ധികളെ അവസരങ്ങളാക്കി മാറ്റാമെന്നുള്ള പ്രത്യാശ. കേരളത്തിൽ നാളികേരകൃഷി വ്യാപകമായ 10 ജില്ലകളിലും നാളികേരോത്പാദക സംഘങ്ങൾ ധാരാളമായി രൂപീകരിക്കപ്പെട്ടു. നാളികേര വികസന ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള നാളികേര ഉത്പാദക സംഘങ്ങളുടെ ജില്ല അടിസ്ഥാനത്തിലുള്ള എണ്ണം പട്ടിക-1ൽ കൊടുത്തിരിക്കുന്നു.

കേരളത്തിലെ നാളികേരകൃഷിയുടെ വ്യാപ്തി അനുസരിച്ചാണെങ്കിൽ ഇനിയും ധാരാളം സിപിഎസുകൾ എല്ലാ ജില്ലകളിലും രൂപീകരിക്കുവാൻ കഴിയും. വിവിധ ജില്ലകളിൽ തെങ്ങുകൃഷിയുടെ ഭൂവിസ്തൃതി കണക്കാക്കുമ്പോൾ സിപിഎസുകളുടെ പരിധിയിൽ വരുന്ന തെങ്ങുകൃഷി തുലോം തുച്ഛമാണ്. ജില്ലാടിസ്ഥാനത്തിൽ കേരളത്തിൽ രൂപീകരിക്കുവാൻ സാധിക്കാവുന്ന സിപിഎസുകളുടെ എണ്ണത്തെക്കുറിച്ചുള്ള സൂചന പട്ടിക-2ൽ കൊടുത്തിരിക്കുന്നു.

അടുത്ത മൂന്ന് വർഷത്തിനകം കേരളത്തിൽ ഏറ്റവും കുറഞ്ഞത് 10,000 സിപിഎസുകളെങ്കിലും രൂപീകരിക്കപ്പെടുമെന്നാണ് പ്രതീക്ഷിക്കുന്നത്.

### പ്രാവർത്തികമാക്കിയ പ്രധാന പ്രവർത്തനങ്ങൾ

ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള ദീർഘകാല പദ്ധതികളിൽ ഏറ്റവും പ്രഥമ പരിഗണന നൽകേണ്ടത് ഗുണനിലവാരമുള്ള നടീൽവസ്തുക്കൾ ആവശ്യാനുസരണം ലഭ്യമാക്കുക എന്നതിനാണല്ലോ. എന്നാൽ ഇന്നത്തെ സാഹചര്യത്തിൽ സർക്കാർ ഏജൻസികളേയോ സ്വകാര്യ ഏജൻസികളേയോ മാത്രം ആശ്രയിച്ച് ഈ ലക്ഷ്യം കൈവരിക്കുവാൻ സാധിക്കുകയില്ല. ഇത് മുന്നിൽക്കണ്ട് സിപിഎസുകൾക്ക് ആവശ്യാനുസരണം ഗുണനിലവാരമുള്ള വിത്തുതേങ്ങ ഒരുക്കിക്കൊടുക്കുവാനുള്ള ശ്രമങ്ങൾ ബോർഡ് നടത്തുകയും ധാരാളം സിപിഎസുകൾ ഈ അവസരം പ്രയോജനപ്പെടുത്തുകയും ചെയ്തു. ഈ രീതിയിൽ വിത്തുതേങ്ങ ശേഖരിച്ച സിപിഎസുകൾ നഴ്സറികൾ ആരംഭിക്കുകയും ഈ വർഷം ഗുണനിലവാരമുള്ള തെങ്ങിൻ തൈകൾ തങ്ങളുടെ ആവശ്യാനുസരണം അംഗങ്ങൾക്ക് ലഭ്യമാക്കുവാൻ സജ്ജരാക്കുകയും ചെയ്തു വെന്നത് ശ്രദ്ധേയമാണ്. നഴ്സറികൾ ആരംഭിച്ച സിപിഎസുകൾക്ക് ബോർഡിന്റെ സാമ്പത്തിക സഹായം ലഭ്യമാക്കിയിരുന്നു വെന്നത് പ്രത്യേകം പ്രസ്താവ്യമാണ്.

**പട്ടിക-1. നാളികേര വികസന ബോർഡിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന സിപിഎസുകളുടെ ജില്ലാതല വിവരങ്ങൾ**

| ജില്ല | സിപിഎസുകൾ | സിപിഎസുകളിൽ അംഗങ്ങളായ കർഷകരുടെ എണ്ണം | സിപിഎസുകളുടെ പ്രവർത്തനപരിധിയിൽ വരുന്ന തെങ്ങുകൃഷിയുടെ വിസ്തീർണ്ണം (ഹെക്ടറിൽ) | സിപിഎസുകളിൽ ഉൾപ്പെട്ടിരിക്കുന്ന കായ്ഫലമുള്ള തെങ്ങുകളുടെ എണ്ണം | സിപിഎസുകളിൽ ഉൾപ്പെട്ടിരിക്കുന്ന കായ്ഫലമില്ലാത്ത തെങ്ങുകളുടെ എണ്ണം | സിപിഎസുകളിൽ ഉൾപ്പെട്ടിരിക്കുന്ന മൊത്തം തെങ്ങുകളുടെ എണ്ണം | വാർഷിക ഉത്പാദനം |
|---|---|---|---|---|---|---|---|
| കാസർഗോഡ് | 236 | 13820 | 18039.99 | 901225 | 141141 | 1042366 | 49288202 |
| കണ്ണൂർ | 189 | 10145 | 5161.30 | 642653 | 115939 | 758593 | 45746775 |
| വയനാട് | 1 | 51 | 32.40 | 4010 | 1800 | 5810 | 300000 |
| കോഴിക്കോട് | 331 | 24625 | 7352.34 | 1445759 | 212259 | 1658018 | 73045052 |
| മലപ്പുറം | 236 | 16241 | 7699.51 | 1002534 | 105046 | 1107580 | 63651403 |
| പാലക്കാട് | 105 | 6515 | 2101.14 | 743379 | 91597 | 834976 | 53384429 |
| തൃശ്ശൂർ | 322 | 21755 | 2881.02 | 1194888 | 236042 | 1430929 | 58206574 |
| എറണാകുളം | 73 | 5010 | 775.19 | 224868 | 64898 | 289766 | 7645710 |
| ഇടുക്കി | 19 | 2044 | 365.70 | 77494 | 26523 | 104017 | 3664834 |
| കോട്ടയം | 7 | 386 | 308.16 | 46220 | 11210 | 57430 | 1248085 |
| ആലപ്പുഴ | 288 | 20321 | 4564.38 | 937911 | 333969 | 1271879 | 33681093 |
| പത്തനംതിട്ട | 4 | 233 | 33.62 | 10355 | 5717 | 16072 | 439402 |
| കൊല്ലം | 235 | 13449 | 12705.79 | 526871 | 162722 | 689593 | 18749408 |
| തിരുവനന്തപുരം | 200 | 12616 | 7420.86 | 893160 | 198055 | 1091215 | 42649191 |
| **ആകെ** | **2246** | **147211** | **138985.96** | **8620129** | **1727224** | **10347353** | **44516827** |

**പട്ടിക-2. വിവിധ ജില്ലകളിൽ വരും വർഷങ്ങളിൽ രൂപീകരിക്കാവുന്ന സിപിഎസുകളുടെ എണ്ണം**

| ജില്ല | ബോർഡിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന സിപിഎസുകൾ | സിപിഎസുകളുടെ പരിധിയിൽ വരുന്ന തെങ്ങുകളുടെ എണ്ണം | ജില്ലയിലുള്ള മൊത്തം തെങ്ങുകളുടെ എണ്ണം | സിപിഎസുകളുടെ പരിധിയിൽ വന്നിരിക്കുന്ന ജില്ലയിലെ തെങ്ങുകൾ (ശതമാനത്തിൽ) | 20 ശതമാനം തെങ്ങുകൾ സിപിഎസിന്റെ പരിധിയിൽ വന്നാൽ രൂപീകരിക്കാവുന്ന സിപിഎസുകളുടെ എണ്ണം | 40 ശതമാനം തെങ്ങുകൾ സിപിഎസിന്റെ പരിധിയിൽ വന്നാൽ രൂപീകരിക്കാവുന്ന സിപിഎസുകളുടെ എണ്ണം | 60 ശതമാനം തെങ്ങുകൾ സിപിഎസിന്റെ പരിധിയിൽ വന്നാൽ രൂപീകരിക്കാവുന്ന സിപിഎസുകളുടെ എണ്ണം |
|---|---|---|---|---|---|---|---|
| കാസർഗോഡ് | 236 | 1042366 | 10439800 | 9.98 | 473 | 945 | 1418 |
| കണ്ണൂർ | 189 | 758593 | 15811250 | 4.80 | 788 | 1576 | 2364 |
| വയനാട് | 1 | 5810 | 1840125 | 0.32 | 63 | 127 | 190 |
| കോഴിക്കോട് | 331 | 1658018 | 22347325 | 7.42 | 892 | 1785 | 2677 |
| മലപ്പുറം | 236 | 1107580 | 19115075 | 5.79 | 815 | 1629 | 2444 |
| പാലക്കാട് | 105 | 834976 | 10592575 | 7.88 | 266 | 533 | 799 |
| തൃശ്ശൂർ | 322 | 1430929 | 15693475 | 9.12 | 706 | 1413 | 2119 |
| എറണാകുളം | 73 | 289766 | 8115800 | 3.57 | 409 | 818 | 1227 |
| ഇടുക്കി | 19 | 104017 | 3002650 | 3.46 | 110 | 219 | 329 |
| കോട്ടയം | 7 | 57430 | 4936575 | 1.16 | 120 | 241 | 361 |
| ആലപ്പുഴ | 288 | 1271879 | 6747300 | 18.85 | 306 | 611 | 917 |
| പത്തനംതിട്ട | 4 | 16072 | 2832375 | 0.57 | 141 | 282 | 423 |
| കൊല്ലം | 235 | 689593 | 9678200 | 7.13 | 660 | 1319 | 1979 |
| തിരുവനന്തപുരം | 200 | 1091215 | 12499200 | 8.73 | 458 | 916 | 1375 |
| **ആകെ** | **2246** | **10347353** | **143651725** | **7.20** | **6236** | **12472** | **18709** |

നാളികേര കർഷകർ നേരിടുന്ന വിലവെടുപ്പ് സംബന്ധിച്ച പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായുള്ള ബോർഡിന്റെ പദ്ധതിയായ തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പരിശീലന പരിപാടിയുമായി വളരെയധികം സിപിഎസുകൾ സഹകരിച്ചു. ഈ പരിശീലനപരിപാടിയിലേക്ക് തങ്ങളുടെ പ്രവർത്തനപരിധിയിലുള്ള തൊഴിൽരഹിതരായ ചെറുപ്പക്കാരെ കണ്ടെത്തി പരിശീലനത്തിന് അയയ്ക്കുകയും പരിശീലനം വിജയകരമായി പൂർത്തിയാക്കിയ ചങ്ങാതിക്കൂട്ടം അംഗങ്ങളുടെ സേവനം യഥാവിധി പ്രയോജനപ്പെടുത്തുകയും ചെയ്തുവെന്നുള്ളത് ശ്ലാഘനീയമാണ്.

വിവിധ ജില്ലകളിലായി നിരവധി സിപിഎസ് അംഗങ്ങൾ ജൈവവള നിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കുകയും അതിനായി ലഭ്യമായ ബോർഡിന്റേയും സംസ്ഥാന സർക്കാരിന്റേയും സാമ്പത്തിക സഹായം നേടുകയും ചെയ്തു. ഇനിയും അനവധി കർഷക സുഹൃത്തുക്കൾക്ക് വരും വർഷങ്ങളിലും ഈ അവസരം ലഭ്യമാണ്, ഈ അവസരം പ്രയോജനപ്പെടുത്തുവാൻ സിപിഎസുകളുടെ അംഗങ്ങളായ കർഷകർ ഉത്സാഹത്തോടെ മുന്നോട്ട് വരുമെന്നും പ്രതീക്ഷിക്കാം.

നാളികേര വികസന ബോർഡ് നടപ്പിലാക്കി വരുന്ന സമഗ്ര നാളികേര വികസന പദ്ധതിയുടെ ഗുണഭോക്താക്കൾ ആകുവാൻ വിവിധ ജില്ലകളിലായി 99 സിപിഎസുകൾക്ക് കഴിഞ്ഞുവെന്നത് പ്രത്യേകം പ്രസ്താവ്യമാണ്. വിവിധ ജില്ലകളിലായി 2012-13 വർഷത്തിൽ സമഗ്ര നാളികേര വികസന പദ്ധതിയുടെ ഗുണഭോക്താക്കളായി തെരഞ്ഞെടുത്ത സിപിഎസുകളെ സംബന്ധിച്ച ജില്ലാതല വിവരങ്ങൾ പട്ടിക-3ൽ നൽകിയിരിക്കുന്നു.

ഇളനീരിന്റെ സംഭരണവും വിപണനവും, സാധിക്കുന്നിടത്ത് സംസ്ക്കരണവും സിപിഎസുകളിലൂടെ പ്രോത്സാഹിപ്പിക്കുവാനുള്ള ശ്രമങ്ങൾ ബോർഡ് കഴിഞ്ഞ വർഷം നടത്തിയെങ്കിലും പ്രതീക്ഷിച്ച രീതിയിലുള്ള പ്രതികരണം സിപിഎസുകളുടെ ഭാഗത്ത് നിന്നും ഉണ്ടായതായി കണ്ടില്ല. കരിക്ക് ശേഖരിക്കാൻ പറ്റിയ ഇനത്തിലുള്ള തെങ്ങുകളുടെ ആവശ്യത്തിനുള്ള ലഭ്യതയില്ലായ്മ സിപിഎസുകളുടെ ആവേശം ചോർത്തിക്കളയാൻ ഇടയാക്കിയെന്ന് തോന്നുന്നു. എന്നാൽ വിവിധ ജില്ലകളിലായി ഏതാനും സിപിഎസുകൾ ശ്രദ്ധേയമായ രീതിയിൽ കരിക്ക് വിപണനം നടത്തുന്നുണ്ടെന്നുള്ളത് അഭിമാനാർഹമാണ്. തിരുവനന്തപുരത്ത് ടെക്നോപാർക്കിലും എറണാകുളത്ത് ഇൻഫോപാർക്കിലും വൈറ്റില മൊബിലിറ്റി ഹബ്ബിലും മറ്റനവധി കേന്ദ്രങ്ങളിലും സിപിഎസുകൾ കരിക്ക് പാർലറുകൾ വിജയകരമായി നടത്തിക്കൊണ്ടിരിക്കുന്നു. പല ജില്ലകളിലും സിപിഎസുകൾ കരിക്ക് പാർലറുകൾ തുടങ്ങുവാനുള്ള തയ്യാറെടുപ്പിലാണ്. തയ്യാറെടുപ്പുകൾ എത്രയും വേഗം പൂർത്തീകരിച്ച് പാർലറുകൾ സ്ഥാപിക്കുവാൻ ഈ സിപിഎസുകൾക്ക് കഴിയുമെന്ന് പ്രതീക്ഷിക്കാം.

കേന്ദ്ര ഗവൺമെന്റ് നാഫെഡ് വഴി നടത്തിയ കൊപ്രസംഭരണത്തിന്റെ അംഗീകൃത ഏജൻസികളായി കേരളത്തിൽ സിപിഎസുകളെ നിയോഗിച്ചിരുന്നു. വിവിധ

**പട്ടിക-3. സമഗ്ര നാളികേര വികസന പദ്ധതിയുടെ ഗുണഭോക്താക്കളായ സിപിഎസുകൾ ജില്ലാ തലത്തിൽ**

| ജില്ല | സിപി എസുകൾ | നാളികേര കൃഷി ചെയ്യുന്ന ഭൂമിയുടെ വിസ്തീർണ്ണം (ഹെക്ടറിൽ) | പദ്ധതിയുടെ ഗുണ ഭോക്താക്കളായ സിപിഎസ് അംഗങ്ങൾ | സിപിഎസുകളിലുള്ള തെങ്ങുകൾ | സിപിഎസുകളിൽ പദ്ധതിയോടനുബന്ധിച്ചു വിനിയോഗിച്ച തുക (ലക്ഷം രൂപയിൽ) |
|---|---|---|---|---|---|
| കാസർഗോഡ് | 15 | 389.46 | 930 | 68134 | 68.13 |
| കണ്ണൂർ | 15 | 416.49 | 945 | 76160 | 76.16 |
| കോഴിക്കോട് | 21 | 522.38 | 2143 | 90508 | 90.50 |
| മലപ്പുറം | 19 | 471.01 | 1477 | 82426 | 82.43 |
| പാലക്കാട് | 12 | 459.00 | 652 | 80304 | 80.30 |
| എറണാകുളം | 3 | 113.83 | 282 | 14760 | 14.76 |
| ഇടുക്കി | 1 | 21.52 | 36 | 3079 | 3.08 |
| കോട്ടയം | 3 | 96.63 | 242 | 16904 | 16.90 |
| ആലപ്പുഴ | 9 | 196.81 | 836 | 33016 | 33.02 |
| പത്തനംതിട്ട | 1 | 22.23 | 73 | 3885 | 3.89 |
| **ആകെ** | **99** | **2709.36** | **7616** | **469176** | **469.18** |

ജില്ലകളിലായി 54 സിപിഎസുകൾ പ്രാദേശിക സംഭരണ ഏജൻസികളായി പ്രവർത്തിച്ച് അവയുടെ അംഗങ്ങൾക്ക് താങ്ങുവിലയുടെ ആനുകൂല്യം നേടിക്കൊടുത്തു. എന്നാൽ അംഗങ്ങളിൽ നിന്നും സംഭരിച്ച നാളികേരം യഥാവിധി സംസ്ക്കരിച്ച് ഏത് കാലാവസ്ഥയിലും ഗുണനിലവാരമുള്ള കൊപ്രയാക്കി മാറ്റുവാനുള്ള ഭൗതിക സാഹചര്യങ്ങൾ ഇല്ലാതിരുന്നതിനാൽ ബഹുഭൂരിപക്ഷം സിപിഎസുകൾക്കും ഈ അവസരം ഫലപ്രദമായി ഉപയോഗപ്പെടുത്തുവാൻ കഴിഞ്ഞില്ല.

### പ്രതീക്ഷയ്ക്കൊത്തുയരാത്ത പ്രവർത്തനങ്ങൾ

സിപിഎസുകളുടെ സജീവമായ ഇടപെടലുകളിലൂടെ അംഗങ്ങളുടെ ഉൽപന്നങ്ങൾ ശേഖരിക്കുവാനും തരം തിരിക്കുവാനും വിലപേശുവാനും വിപണന തന്ത്രങ്ങൾ ആവിഷ്ക്കരിക്കുവാനും പ്രാഥമിക സംസ്ക്കരണം നടത്തുവാനും ഉൽപന്നങ്ങൾക്ക് വിപണി കണ്ടെത്തുവാനുമുള്ള ശ്രദ്ധേയമായ പ്രവർത്തനങ്ങൾ ഒരു ജില്ലയിലും ഉണ്ടായതായി കണ്ടില്ല. എന്നാൽ വരും വർഷങ്ങളിൽ ബാലാരിഷ്ടതകളിൽ നിന്നും മോചനം നേടി സിപിഎസുകൾ ഇത്തരം പ്രവർത്തനങ്ങളിൽ സജീവമായി ഇടപെടുകയോ, ഫെഡറേഷനുകൾ വഴി ഇത്തരം പ്രവർത്തനങ്ങൾക്ക് അവസരം ഉണ്ടാക്കുകയോ ചെയ്യുമെന്നുവേണം കരുതാൻ.

ഉത്പാദനോപാധികൾ കമ്പോളവിലയിലും കുറവിൽ അംഗങ്ങൾക്കായി സംഭരിക്കുവാനും അവ കൂട്ടായ്മയോടെ ഉപയോഗിക്കുവാനും സിപിഎസുകളുടെ ചില ഒറ്റപ്പെട്ട ശ്രമങ്ങൾ ഉണ്ടായെങ്കിലും പൊതുവേ സിപിഎസുകളുടെ ഭാഗത്ത് നിന്നും ഇത്തരം ശ്രമങ്ങൾ വ്യാപകമായി ഉണ്ടായില്ല എന്നുള്ളതാണ് പരമാർത്ഥം.

സിപിഎസുകളിൽ അംഗങ്ങളായ കർഷകരുടെ വായ്പ ആവശ്യങ്ങൾ നിറവേറ്റാൻ കിസാൻ ക്രെഡിറ്റ് കാർഡ് ലഭ്യമാക്കുവാനുള്ള ശ്രമങ്ങൾ ഉദ്ദേശിച്ച രീതിയിൽ പുരോഗമിച്ചില്ലെന്നുള്ളത് യാഥാർത്ഥ്യമാണ്. വടക്കൻ കേരളത്തിൽ കിസാൻ ക്രെഡിറ്റ് കാർഡിന്റെ വ്യാപനം തെക്കൻ കേരളത്തിലെ അപേക്ഷിച്ച് ഉയർന്ന തോതിലാണ്. എന്നാൽ കിസാൻ ക്രെഡിറ്റ് കാർഡ് വ്യാപകമാക്കുവാനുള്ള സംഘടിത ശ്രമങ്ങൾ സിപിഎസുകളുടെ ഭാഗത്ത് നിന്ന് ഉണ്ടായതായി കണ്ടില്ല. എന്നാൽ വരും വർഷങ്ങളിൽ ഇത്തരം ശ്രമങ്ങൾ ഉണ്ടാകുമെന്ന് പ്രതീക്ഷിക്കാം.

### നാളികേരോത്പാദക ഫെഡറേഷനുകൾ (സിപിഎഫ്)

കേരളത്തിൽ 2012-13 വർഷത്തിൽ 103 നാളികേരോത്പാദക സംഘങ്ങളുടെ കൂട്ടായ്മയായ ഫെഡറേഷനുകൾ രൂപീകരിച്ച് നാളികേര വികസന ബോർഡിൽ രജിസ്റ്റർ ചെയ്തുകഴിഞ്ഞു. നാളികേരോത്പാദക സംഘങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാനും ദിശാബോധം നൽകുവാനും നാളികേര സംസ്ക്കരണ വിപണന പ്രവർത്തനങ്ങളിൽ കൂടുതൽ സജീവമായി ഇടപെടുവാനുമുള്ള ഒരു സംവിധാനമായാണ് നാളികേരോത്പാദക ഫെഡറേഷനുകളെ കാണുന്നത്. സിപിഎസുകൾ സ്വതവേ ചെറിയ കർഷകകൂട്ടായ്മകളായതിനാൽ താരതമ്യേന ഉയർന്ന മുതൽമുടക്ക് ആവശ്യമായി വരുന്ന സംസ്ക്കരണ, വിപണനപ്രവർത്തനങ്ങളിൽ ഏർപ്പെടുവാൻ ബുദ്ധിമുട്ടുകൾ നേരിടാം. എന്നാൽ ആയിരത്തിലേറെ കർഷകർ ഉൾപ്പെടുന്നതും ഒരു ലക്ഷത്തോളം കായ്ഫലമുള്ള തെങ്ങുകൾ പ്രവർത്തനമേഖലയിൽ ഉൾപ്പെടുന്നതുമായ ഫെഡറേഷനുകൾക്ക് ഇത്തരം പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുവാൻ താരതമ്യേന എളുപ്പമായിരിക്കും. സംസ്ഥാനത്ത് വിവിധ ജില്ലകളിലായി ഇതിനോടകം രൂപീകരിച്ച് നാളികേര വികസനബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉത്പാദക ഫെഡറേഷനുകളെ സംബന്ധിച്ചുള്ള വിവരങ്ങൾ പട്ടിക-4ൽ കൊടുത്തിരിക്കുന്നു.

കേരളത്തിലെ നാളികേര കൃഷിയുടെ വ്യാപ്തി പരിഗണിക്കുമ്പോൾ വിവിധ ജില്ലകളിലായി 1000 ഫെഡറേഷനുകളെങ്കിലും രൂപീകരിക്കുവാൻ സാധിക്കാവുന്നതാണ്.

പലജില്ലകളിലും ഫെഡറേഷനുകൾ സജീവമായ പ്രവർത്തനങ്ങളിലേയ്ക്ക് മുമ്പോട്ട് വരുന്നതായി കാണുന്നു. ഗുണനിലവാരമുള്ള വിത്തുതേങ്ങ നാളികേര വികസന ബോർഡിന്റെ സഹായത്തോടെ സംഭരിച്ച് നഴ്സറി പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ പല ഫെഡറേഷനുകളും തയ്യാറാണ്. തെങ്ങിന്റെ ചങ്ങാതിക്കൂട്ടത്തിലേയ്ക്കുള്ള യുവജനങ്ങളെ പരിശീലനത്തിനയച്ചതിനു പുറമെ പരിശീലനകേന്ദ്രം തന്നെ നടത്താനായി മുന്നോട്ട് വന്ന ഫെഡറേഷനുകളും ചില ജില്ലകളിൽ ഉണ്ട്.

**പട്ടിക-4 നാളികേര വികസന ബോർഡിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന ഫെഡറേഷനുകൾ ജില്ലാടിസ്ഥാനത്തിൽ**

| ജില്ല | ഫെഡറേഷനുകൾ | ഫെഡറേഷനുകളിൽ അംഗങ്ങളായ സിപിഎസുകൾ | ഫെഡറേഷനുകളിൽ അംഗങ്ങളായ സിപിഎസുകളിലെ കർഷകർ | ഫെഡറേഷനിൽ ഉൾപ്പെട്ടിരിക്കുന്ന കായ്ഫലമുള്ള തെങ്ങുകൾ (ലക്ഷത്തിൽ) | ഫെഡറേഷനുകളുടെ വാർഷിക നാളികേര ഉത്പാദനം (കോടിയിൽ) | ജില്ലയിലെ മൊത്തം നാളികേര ഉത്പാദനം (കോടിയിൽ) | ഫെഡറേഷനുകളിലെ ഉത്പാദനം ജില്ല ഉത്പാദനത്തിന്റെ ശതമാനത്തിൽ |
|---|---|---|---|---|---|---|---|
| കാസർഗോഡ് | 9 | 138 | 9102 | 6.06 | 3.61 | 50.80 | 7.11 |
| കണ്ണൂർ | 7 | 104 | 6707 | 3.75 | 2.45 | 64.50 | 3.80 |
| വയനാട് | 0 | 0 | 0 | 0.00 | 0.00 | 4.80 | 0.00 |
| കോഴിക്കോട് | 15 | 162 | 12531 | 7.20 | 4.14 | 85.20 | 4.86 |
| മലപ്പുറം | 15 | 145 | 10845 | 6.95 | 5.37 | 94.70 | 5.67 |
| പാലക്കാട് | 9 | 54 | 3361 | 3.72 | 2.16 | 49.30 | 4.38 |
| തൃശ്ശൂർ | 15 | 183 | 13416 | 6.94 | 3.10 | 60.80 | 5.10 |
| എറണാകുളം | 4 | 47 | 3631 | 1.93 | 0.62 | 24.10 | 2.57 |
| ഇടുക്കി | 1 | 10 | 1299 | 0.44 | 0.22 | 9.50 | 2.32 |
| കോട്ടയം | 0 | 0 | 0 | 0.00 | 0.00 | 14.90 | 0.00 |
| ആലപ്പുഴ | 14 | 149 | 12908 | 5.30 | 1.84 | 21.90 | 8.40 |
| പത്തനംതിട്ട | 0 | 0 | 0 | 0.00 | 0.00 | 13.70 | 0.00 |
| കൊല്ലം | 9 | 137 | 9277 | 5.13 | 2.28 | 42.70 | 5.34 |
| തിരുവനന്തപുരം | 5 | 57 | 3405 | 2.15 | 1.26 | 57.20 | 2.20 |
| **ആകെ** | **103** | **1186** | **86482** | **49.57** | **27.05** | **594.10** | **4.55** |

പ്രാഥമിക സംസ്കരണ പ്രവർത്തനങ്ങളിൽ ഏറ്റവും ശ്രദ്ധേയമായ പ്രവർത്തനങ്ങൾ കാഴ്ചവെയ്ക്കുവാൻ ഫെഡറേഷനുകൾക്ക് കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. അംഗങ്ങളുടെ നാളികേരം സംഭരിച്ച് കൊപ്രയാക്കൽ, നാളികേര ചിപ്സ് നിർമ്മാണം, തേങ്ങവെള്ളത്തിൽ നിന്നുള്ള വിനാഗിരി നിർമ്മാണം, സംഭരിക്കുന്ന നാളികേരത്തിന്റെ തൊണ്ടിൽ നിന്നുള്ള ചകിരി നിർമ്മാണം, ചകിരിച്ചോറിൽ നിന്നുള്ള ജൈവ വള നിർമ്മാണം, നാളികേരം കയറ്റുമതിക്കായി സംഭരിക്കൽ മുതലായ പ്രവർത്തനങ്ങൾ താരതമ്യേന എളുപ്പത്തിലും ഫലവത്തായും ഫെഡറേഷനുകൾക്ക് ഏറ്റെടുത്ത് നടത്താവുന്നതാണ്. ഇത്തരം പ്രവർത്തനങ്ങൾക്ക് വലിയ താൽപര്യമാണ് വിവിധ ജില്ലകളിൽ നിന്നുള്ള ഫെഡറേഷനുകൾ പ്രകടിപ്പിച്ചു കൊണ്ടിരിക്കുന്നത്.

വിവിധ ജില്ലകളിലായി 20 ഫെഡറേഷനുകൾ കൊപ്രാ നിർമ്മാണ യൂണിറ്റിനായുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ഇതിനോടകം ആരംഭിച്ചുകഴിഞ്ഞു. ഒരു ബാച്ചിൽ 10000 നാളികേരം സംസ്കരിച്ച് കൊപ്രയാക്കാവുന്നതരത്തിലുള്ള മോഡേൺ കൊപ്ര ഡ്രയറുകളാണ് ഫെഡറേഷനുകൾ സ്ഥാപിക്കുവാനായി മുമ്പോട്ടു വന്നിരിക്കുന്നത്. കൂടുതൽ ഫെഡറേഷനുകൾ കൊപ്ര ഡ്രയറുകൾ സ്ഥാപിക്കുവാൻ മുമ്പോട്ടു വരുമെന്നാണ് പ്രതീക്ഷിക്കുന്നത്. കേരളത്തിൽ ഫെഡറേഷനുകൾ 100 കൊപ്ര ഡ്രയറുകൾ സ്ഥാപിക്കുകയും അവയുടെ പ്രവർത്തനശേഷി പൂർണ്ണമായും പ്രയോജനപ്പെടുത്തുകയും ചെയ്താൽ, പ്രതിവർഷം കുറഞ്ഞത് 30000 മെട്രിക് ടൺ ഗുണനിലവാരമുള്ള കൊപ്രയുണ്ടാക്കുവാൻ കഴിയും. ഫെഡറേഷനുകളുടെ കൊപ്ര ഉത്പാദനത്തിനുള്ള സൗകര്യം പ്രയോജനപ്പെടുത്തിയാൽ താങ്ങുവിലയടിസ്ഥാനത്തിൽ കൊപ്ര സംഭരിക്കുമ്പോൾ 30000 ടണ്ണെങ്കിലും യഥാർത്ഥ കർഷകന്റെ കൊപ്ര കേരളത്തിൽ നിന്നും സംഭരിക്കുവാനുള്ള സാഹചര്യം ഉണ്ടാകുമെന്നുള്ളത് നിസ്സാര കാര്യമല്ല. 2012 സീസണിൽ കേരളത്തിൽ നിന്നും താങ്ങുവിലയടിസ്ഥാനത്തിൽ സംഭരിച്ചിരിക്കുന്ന കൊപ്ര 30000 ടണ്ണിലും താഴെയായിരുന്നുവെന്നത് ഇത്തരുണത്തിൽ ശ്രദ്ധേയമാണ്. കൂടുതൽ ഫെഡറേഷനുകൾ കൊപ്ര ഉത്പാദനത്തിലേയ്ക്ക് വരുമ്പോൾ വർദ്ധിച്ച തോതിൽ കൊപ്ര കമ്പോളത്തിലെത്തി, വിലയിടിയുവാനുള്ള സാഹചര്യം ഉടലെടുക്കുമെന്ന് ധരിക്കുന്നവർ ഉണ്ടെങ്കിലും, വർദ്ധിച്ചതോതിൽ കർഷക കൂട്ടായ്മകളിലൂടെ കൊപ്ര നിർമ്മിക്കുമ്പോൾ കൊപ്രയുടെ വില നിശ്ചയിക്കുവാനുള്ള അവകാശം കർഷകർക്ക് കിട്ടാനുള്ള അവസരവും തുറക്കപ്പെടില്ലേയെന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു.

സംസ്ഥാന ഗവൺമെന്റ് കൃഷിഭവനുകൾ വഴി നടപ്പിലാക്കുന്ന നാളികേര സംഭരണ പ്രവർത്തനങ്ങളുമായും ഫെഡറേഷനുകൾക്ക് സജീവമായി സഹകരിക്കുവാൻ അവസരം ഉണ്ട്. കേരളത്തിൽ 250ഓളം കൃഷി ഭവനുകൾ വഴി പച്ചത്തേങ്ങ ഉയർന്നവിലയിൽ സംഭരിച്ച് കൊപ്രയാക്കി കേരഫെഡിന് നൽകുന്ന പദ്ധതി നടപ്പിലാക്കി വരികയാണ്. ഈ രീതിയിൽ സംഭരിക്കുന്ന നാളികേരം യഥാസമയം സംസ്കരിക്കുവാനുള്ള സംവിധാനമില്ലാതെ പല ജില്ലകളിലും പ്രതിസന്ധി നേരിടുകയാണ്. ഈ പദ്ധതിതന്നെ കൂടുതൽ കൃഷി ഭവനുകളിലേക്ക് വ്യാപിപ്പിക്കാത്തതിന്റെ പ്രധാന കാരണവും സംസ്കരണ സൗകര്യങ്ങളുടെ അപര്യാപ്തത തന്നെയാണ്. എന്നാൽ ഫെഡറേഷനുകൾ എത്രയും പെട്ടെന്ന് സംസ്കരണ സംവിധാനമുണ്ടാക്കിയാൽ സംഭരിക്കപ്പെടുന്ന നാളികേരം യഥാസമയം സംസ്കരിക്കുവാനും, കൂടാതെ ഈ നാളികേര സംഭരണ പദ്ധതി കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കു

വാനും കഴിയും. ഈ സംഭരണ പദ്ധതിയിലൂടെ ഉയർന്ന വിലയ്ക്ക് (ഒരു കിലോ പൊതിച്ച നാളികേരത്തിന് 16 രൂപ എന്ന നിരക്കിൽ) നാളികേരം സംഭരിക്കുന്നതിനാൽ പദ്ധതി നടപ്പിലാക്കി വരുന്ന പ്രദേശത്തെ കർഷകർക്ക് ഉയർന്ന വില ഉറപ്പാകുകയും ചെയ്യും. കൂടാതെ സംസ്കരണ പ്രവർത്തനങ്ങളിൽ എർപ്പെടുമ്പോൾ ഫെഡറേഷന് തികച്ചും ന്യായമായ പ്രതിഫലവും (ഇപ്പോൾ ക്വിന്റലിനു 500 രൂപ നിരക്കിൽ) സംസ്ഥാന ഗവൺമെന്റിൽ നിന്ന് ലഭിക്കുകയും ചെയ്യും. കേരളത്തിൽ വടക്കൻ ജില്ലകളിൽ ഇത്തരം പ്രവർത്തനങ്ങൾ ചില ഫെഡറേഷനുകൾ ഇതിനോടകം ആരംഭിച്ചുകഴിഞ്ഞു.

ഫെഡറേഷനുകൾ കൊപ്ര ഡ്രയർ സ്ഥാപിക്കുവാനായി നടപ്പിലാക്കുന്ന പദ്ധതിയ്ക്ക് നാളികേര വികസന ബോർഡ് ടെക്നോളജി മിഷൻ പദ്ധതിയിൽപ്പെടുത്തി പദ്ധതി ചിലവിന്റെ 50 ശതമാനം പരമാവധി 6 ലക്ഷം രൂപ വരെ സബ്സിഡിയായി നൽകുവാൻ തയ്യാറാണ്.

**നാളികേര ഉത്പാദക കമ്പനികൾ**

കർഷകരും, സിപിഎസുകളും, ഫെഡറേഷനുകളും ചേർന്ന് ഉത്പാദക കമ്പനികൾ ആരംഭിക്കുവാനുള്ള ശ്രമങ്ങൾ ആരംഭിച്ചുകഴിഞ്ഞു. കണ്ണൂരും പാലക്കാടും ഉത്പാദക കമ്പനികളുടെ രജിസ്ട്രേഷൻ നടപടികൾ അവസാന ഘട്ടത്തിലാണ്. മറ്റു ജില്ലകളിൽ ഉത്പാദക കമ്പനികളുടെ രൂപീകരണത്തിനുള്ള ശ്രമങ്ങൾക്ക് കണ്ണൂർ, പാലക്കാട് ജില്ലകളിലെ കമ്പനി രൂപീകരണം ഊർജ്ജം പകുരമെന്നുള്ളത് ഉറപ്പാണ്. ഈ സാമ്പത്തിക വർഷം (2013-14) പത്ത് ഉത്പാദക കമ്പനികളുടെ രൂപീകരണമാണ് ലക്ഷ്യമിടുന്നത്. സംസ്കരണ, വിപണനാവശ്യങ്ങൾക്ക് മതിയായ അളവിൽ നാളികേരം ലഭ്യമാകുന്ന പ്രദേശങ്ങളിലാണ് തുടക്കത്തിൽ കമ്പനി രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നത്. കേരളത്തിലെ നാളികേര കൃഷി വ്യാപകമായ ജില്ലകളിലെല്ലാംതന്നെ താലൂക്കിൽ ഒരെണ്ണമെന്ന രീതിയിൽ ഉത്പാദക കമ്പനികൾ രൂപീകരിക്കുവാൻ കഴിയുമെന്ന് തന്നെയാണ് പ്രതീക്ഷിക്കുന്നത്. സംസ്ഥാനത്ത് രൂപീകരിക്കപ്പെടുന്ന നാളികേര ഉത്പാദക കമ്പനികൾക്കെല്ലാംതന്നെ കേന്ദ്ര ഗവൺമെന്റിന്റെ 2013-14 സാമ്പത്തിക വർഷത്തിലേയ്ക്കുള്ള ബജറ്റിൽ നിർദ്ദേശിച്ചിരിക്കുന്ന സാമ്പത്തിക സഹായത്തിനർഹതയുണ്ടായിരിക്കുമെന്നുള്ളത് സന്തോഷജനകമാണ്.

നാളികേര കർഷകരുടെ ഏറ്റവും വലിയ സ്വപ്നസാക്ഷാത്കാരമാണ് നാളികേര ഉത്പാദക കമ്പനിയിലൂടെ പൂവണിയുന്നത്. തങ്ങളുടെ ഉൽപന്നങ്ങൾക്ക് വില സ്വയം നിശ്ചയിക്കുവാനുള്ള സുവർണ്ണാവസരം ഉത്പാദക കമ്പനി രൂപീകരണത്തിലൂടെ സൃഷ്ടിക്കപ്പെടുകയാണ്. നാളികേരത്തിൽ നിന്നും ലോക വിപണിയെതന്നെ ലക്ഷ്യം വെച്ച് ലോകോത്തരങ്ങളായ ഉൽപന്നങ്ങൾ നിർമ്മിക്കുവാൻ ഉത്പാദക കമ്പനികൾക്ക് തീർച്ചയായും കഴിയുമെന്നു തന്നെ പ്രതീക്ഷിക്കാം. പ്രൊഫഷണൽ മാനേജ്മെന്റിന്റെ പിൻബലത്തോടെ പ്രവർത്തിക്കുന്ന ഉത്പാദക കമ്പനികൾക്ക് വലിയ ആഭ്യന്തര കോർപ്പറേറ്റുകളോടും ബഹുരാഷ്ട്ര കമ്പനികളോടും തന്നെ മത്സരിച്ചു വിജയം നേടുകയെന്നത് അസാദ്ധ്യമായ കാര്യമല്ല. സർക്കാർ മേഖലയിലും സഹകരണ മേഖലയിലും മുൻകാലങ്ങളിൽ നടത്തിയ പല പരീക്ഷണങ്ങളിൽ നിന്നും പാഠങ്ങൾ ഉൾക്കൊണ്ട കർഷക സമൂഹം ഉത്പാദക കമ്പനികളെ വളരെ പ്രതീക്ഷയോടെയാണ് നോക്കിക്കാണുന്നത് എന്ന് വിവിധ ജില്ലകളിൽ നിന്നുമുള്ള ആവേശകരമായ പ്രതികരണത്തിൽ നിന്നും അനുമാനിക്കാം.

സിപിഎസുകളും ഫെഡറേഷനുകളും, ഉത്പാദക കമ്പനികളുമെല്ലാം അതിന്റെ ഉദ്ദേശലക്ഷ്യത്തിലേക്ക് ധ്രുതഗതിയിൽ നടന്നടുക്കുകയാണ്. ഈ പ്രയാണത്തിൽ കാലിടറാതെ ലക്ഷ്യസ്ഥാനത്ത് എത്തുവാൻ താങ്ങായി, തണലായി അവരോടൊപ്പം നാളികേര വികസന ബോർഡും ഉണ്ടാകും.

## ബോർഡ് ജേണലുകളുടെ പരസ്യനിരക്കുകൾ

നാളികേര വികസന ബോർഡിന്റെ പ്രസിദ്ധീകരണങ്ങളാണ് ഇന്ത്യൻ കോക്കനട്ട് ജേണൽ (ഇംഗ്ലീഷ്), ഇൻഡ്യൻ നാളികേര ജേണൽ (മലയാളം), ഭാരതീയ നാരിയൽ പത്രിക (ഹിന്ദി), ഭാരതീയ തെങ്ങുപത്രിക (കന്നട), ഇന്ത്യ തെന്നൈ ഇദഴ് (തമിഴ്), ഭാരതീയ കൊബ്ബാരി പത്രിക (തെലുങ്ക്), ഭാരതീയ നാരൾ പത്രിക (മറാഠി) എന്നിവ. ശാസ്ത്രീയ തെങ്ങുകൃഷിയേയും കേരവ്യവസായത്തേയും സംബന്ധിച്ച ലേഖനങ്ങൾ ഈ ജേണലുകളിൽ പതിവായി പ്രസിദ്ധീകരിച്ചുവരുന്നു. ഈ ജേണലുകളുടെ വരിക്കാരിലേറിയപങ്കും കർഷകർ, ഗവേഷകർ, വ്യവസായികൾ, വ്യാപാരികൾ, ലൈബ്രറികൾ തുടങ്ങിയവരാണ്.

| പരസ്യ വലിപ്പം | ഇന്ത്യൻ കോക്കനട്ട് ജേണൽ (ഇംഗ്ലീഷ് മാസിക) | ഇന്ത്യൻ നാളികേര ജേണൽ (മലയാളം മാസിക) | ഇന്ത്യ തെന്നൈ ഇദഴ് (തമിഴ് ത്രൈമാസികം) | ഭാരതീയ തെങ്ങു പത്രിക (കന്നട ത്രൈമാസികം) | ഭാരതീയ നാരിയൽ പത്രിക (ഹിന്ദി ത്രൈമാസികം) | ഭാരതീയ കൊബ്ബാരി പത്രിക (തെലുങ്ക് അർദ്ധവാർഷികം) | ഭാരതീയ നാരൾ പത്രിക (മറാഠി അർദ്ധവാർഷികം) |
|---|---|---|---|---|---|---|---|
| ഫുൾ പേജ് - ബ്ലാക്ക് & വൈറ്റ് | Nil | Nil | 5000 | 5000 | 3000 | 5000 | 5000 |
| ഫുൾ പേജ് - കളർ | 20000 | 20000 | 10000 | 10000 | 5000 | 10000 | 10000 |
| ഹാഫ് പേജ് - ബ്ലാക്ക് & വൈറ്റ് | Nil | Nil | 3000 | 3000 | 2000 | 3000 | 3000 |
| ക്വാർട്ടർ പേജ് - ബ്ലാക്ക് & വൈറ്റ് | Nil | Nil | 1500 | 1500 | 1000 | 1500 | 1500 |
| പുറംകവർ ഉൾവശം - കളർ | 25000 | 25000 | 10000 | 10000 | 8000 | 10000 | 10000 |
| പുറംകവർ - കളർ | 30000 | 30000 | 15000 | 15000 | 10000 | 15000 | 15000 |

* ഒരു ജേണലിൽ ഒരു തവണ പരസ്യം പ്രസിദ്ധീകരിക്കുന്നതിനുള്ള നിരക്ക്.

* * ഏതെങ്കിലും 2 പതിപ്പുകളിൽ ഒരേസമയം പരസ്യം നൽകിയാൽ 10 ശതമാനവും മൂന്നോ അതിൽ കൂടുതലോ പതിപ്പുകളിൽ ഒരേ സമയം നൽകിയാൽ 12ശതമാനവും കിഴിവ് നൽകുന്നതാണ്. നിയമാനുസൃത പരസ്യ ഏജൻസികൾക്ക് 15 ശതമാനം കിഴിവ് നൽകുന്നതാണ്.

# നൂതന വിപണന തന്ത്രങ്ങളുമായി ഉപഭോക്താവിലേക്ക്

**ദീപ്തി നായർ എസ്**

*മാർക്കറ്റിംഗ് ഓഫീസർ, നാളികേര വികസന ബോർഡ്, കൊച്ചി*

ഏതൊരു കാർഷിക വിളയുടെയും വികസനം സാധ്യമാകണമെങ്കിൽ ഉൽപന്നത്തിന് വിപണിയിൽ നല്ല വില ലഭിക്കണം. കർഷകന് ആദായകരമായ വില ലഭിച്ചാൽ മാത്രമെ കാർഷിക പരിപാലനം നടക്കു, മെച്ചപ്പെട്ട വിളവും ലഭ്യമാകു. 2012-13 കാലഘട്ടം നാളികേരത്തിന്റെ വിപണിയെ സംബന്ധിച്ചിടത്തോളം മെച്ചപ്പെട്ടതായിരുന്നില്ല. എന്നിരുന്നാലും വിവിധ വിപണന രീതികളും സംസ്കരണ മാർഗങ്ങളും അവലംബിച്ചതിലൂടെ കേരകർഷകർക്ക് നേരിയ ആശ്വാസം ഉണ്ടായി എന്ന് പറയാതെ വയ്യ. 2011 ന്റെ അവസാനത്തോടുകൂടിയാണ് നാളികേരത്തിന്റെയും നാളികേരോൽപന്നങ്ങളുടെയും വിലയിടിയുവാൻ തുടങ്ങിയത്. 2011 മെയ് മാസം വെളിച്ചെണ്ണ വില 10148 രൂപ ക്വിന്റലിന് രേഖപ്പെടുത്തിയത് ഡിസംബറിൽ 7965 രൂപയായി കുറഞ്ഞു. വാർഷിക ശരാശരിയോ 9069 രൂപയും. വിലക്കുറവ് 2012 ൽ തുടരുകയും ചെയ്തു. ഡിസംബർ മാസത്തിൽ വിലയിൽ നേരിയ വർദ്ധനവ് അനുഭവപ്പെട്ടു. ജനുവരിയിലും വർദ്ധനവ് തുടരുകയുണ്ടായി. എന്നാൽ ഫെബ്രുവരി, മാർച്ചിൽ വില പിന്നെയും കുറയുകയാണുണ്ടായത്. കൊപ്രയുടെയും നാളികേരത്തിന്റെയും വിലകളുടെ വ്യതിയാനവും ഈ നിലയിൽ തന്നെയായിരുന്നു. ഈ സാഹചര്യത്തിൽ കർഷകർക്ക് ആശ്വാസമായത് കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന താങ്ങുവിലയ്ക്കുള്ള സംഭരണമാണ്.

വിപണി വില തകരുമ്പോൾ കർഷകരെ രക്ഷിക്കുവാനാണ് കേന്ദ്ര ഗവൺമെന്റ് താങ്ങുവിലകൾ പ്രഖ്യാപിക്കുന്നത്. വിലത്തകർച്ചയുണ്ടാകുന്ന സന്ദർഭങ്ങളിൽ താങ്ങുവിലയ്ക്ക് സർക്കാർ കൊപ്ര സംഭരിക്കുമ്പോൾ അതിനനുസൃതമായി വിപണി വിലകൾ ഉയരുകയും അതിലൂടെ വിപണി സ്ഥിരപ്പെടുകയും ചെയ്യുക എന്നതാണ് താങ്ങുവിലയ്ക്കുള്ള സംഭരണത്തിന്റെ പ്രധാന ഉദ്ദേശ്യം. 2012 സീസണിൽ സർക്കാർ നിശ്ചയിച്ച താങ്ങുവില ആട്ടുകൊപ്രക്ക് ക്വിന്റലിന് 5100 രൂപയും, ഉണ്ടകൊപ്രയ്ക്ക് ക്വിന്റലിന് 5350 രൂപയുമായിരുന്നു. പൊതിച്ച് വെള്ളത്തോടുകൂടിയ പച്ചത്തേങ്ങ സംഭരിക്കുന്നതിന് നിശ്ചയിച്ച താങ്ങുവില കിലോക്ക് 14 രൂപയായിരുന്നു. നാളികേരോത്പാദക സംഘങ്ങൾ രൂപീകരിച്ച വേളയിൽ സംഭരണ ഏജൻസികളായി ബോർഡിൽ രജിസ്റ്റർ ചെയ്ത സംഘങ്ങളെ അംഗീകരിക്കുകയെന്ന കർത്തവ്യം കേരള സർക്കാരിന്റെ പൂർണ്ണ പിന്തുണയോടെ ബോർഡിന് നടപ്പിലാക്കുവാൻ സാധിച്ചു. ഇതിലൂടെ നാളികേര ഉത്പാദക സംഘങ്ങൾ അംഗങ്ങളുടെ നാളികേരം ശേഖരിച്ച് കൊപ്ര ഉത്പാദിപ്പിച്ച് സംസ്ഥാനതല സംഭരണ ഏജൻസികൾക്ക് കൈമാറാൻ അവസരമുണ്ടായി. മാത്രമല്ല, നാളികേര വികസന ബോർഡിൽ രജിസ്റ്റർ ചെയ്ത സംഘങ്ങളെ കൃഷി ഓഫീസറുടെ സർട്ടിഫിക്കറ്റ് വാങ്ങണം എന്ന നിബന്ധനയിൽ നിന്നും ഒഴിവാക്കി. ഇത് വിലത്തകർച്ചയിലും നാളികേര ഉത്പാദക സംഘങ്ങൾക്ക് ഉത്സാഹം നൽകി. സംഘങ്ങൾ ചേർന്ന് മെച്ചപ്പെട്ട കൊപ്ര ഡ്രയറുകൾ വാടകയ്ക്കെടുത്ത് കൊപ്ര ഉത്പാദിപ്പിച്ച് സംഭരണ ഏജൻസികൾക്ക് നൽകി. ഇതിലൂടെ സർക്കാരിന്റെ കൊപ്ര സംഭരണത്തിന്റെ ആനുകൂല്യം നേരിട്ട് കർഷകരിലേക്കെത്തിക്കുവാൻ ബോർഡിന് സാധിച്ചു.

കൃഷിയിലെ വളമുൾപ്പെടെയുള്ള ഉത്പാദനോപാധികൾക്ക് പലമടങ്ങ് വില കൂടിയ സാഹചര്യത്തിൽ, പ്രഖ്യാപിച്ച താങ്ങുവില തന്നെ കർഷകർക്ക് ആശ്വാസമേകാൻ പര്യാപ്തമല്ല എന്നു മനസ്സിലാക്കിയ ബോർഡ് വിവിധ സർക്കാരുകളുടെ ഭാഗത്തു നിന്നു താങ്ങു വിലയ്ക്ക് പുറമെ ആനുകൂല്യം നൽകുന്നതിന് അഭ്യർത്ഥിക്കുകയുണ്ടായി. കർണ്ണാടക സർക്കാർ ഉണ്ടകൊപ്രയ്ക്ക് താങ്ങുവിലയ്ക്ക് പുറമെ ക്വിന്റലിന് 700 രൂപ കൂടി നൽകുവാൻ തീരുമാനിച്ചപ്പോൾ കേരള സർക്കാർ കൊപ്ര സംഭരണത്തിലേർപ്പെട്ടിരിക്കുന്ന ഏജൻസികൾ/സംഘങ്ങൾക്ക് ക്വിന്റലിന് 500 രൂപ അധികം നൽകുവാൻ തീരുമാനിച്ചു. ഇത് കൊപ്ര സംഭരണത്തിലേർപ്പെട്ട സംഘങ്ങൾക്ക് ആശ്വാസമേകി. കഴിഞ്ഞ സംഭരണകാലത്ത് 54 നാളികേരോത്പാദക സംഘങ്ങൾ ചേർന്ന് 725 ടൺ കൊപ്ര സംഭരണ ഏജൻസികൾക്ക് നൽകി.

ഇതിന്റെ പശ്ചാത്തലത്തിൽ 2013 ലെ താങ്ങുവില പ്രഖ്യാപനത്തിനായി ഉയർന്ന കാർഷിക ചെലവുകൾ കണക്കിലെടുത്ത് ഉയർന്ന തറവില ബോർഡ് ശുപാർശ ചെയ്തെങ്കിലും, 2013 ലെ താങ്ങുവില നേരിയ വർദ്ധനവ് മാത്രം വരുത്തിയാണ് കേന്ദ്രസർക്കാർ പ്രഖ്യാപിച്ചത്. ആട്ടുകൊപ്രയ്ക്ക് ക്വിന്റലിന് 5250 രൂപയും ഉണ്ടകൊപ്രയ്ക്ക് 5500 രൂപയുമാണ് തറവില നിശ്ചയിച്ചിരിക്കുന്നത്. പൊതിച്ച് വെള്ളത്തോടു കൂടിയ പച്ചത്തേങ്ങ സംഭരിക്കുന്നതിന് ക്വിന്റലിന് 14.25 രൂപ താങ്ങുവില നിശ്ചയിക്കുകയുണ്ടായി.

കൊപ്ര സംഭരണ വേളയിൽ ഉത്പാദക സംഘങ്ങൾ അടിസ്ഥാന സൗകര്യങ്ങൾക്കായി നെട്ടോട്ടമോടിയതു കണ്ടു ബോർഡ് നാളികേര ഉത്പാദക സംഘങ്ങളുടെ ഫെഡറേഷനുകളുടെ ആഭിമുഖ്യത്തിൽ കൊപ്ര ഡ്രയറുകൾ, സ്ഥാപിക്കുതിന് ഒരു പദ്ധതി തയ്യാറാക്കി. നാളികേര ഉത്പാദക ഫെഡറേഷനുകൾ സമർപ്പിക്കുന്ന പദ്ധതിയുടെ അടിസ്ഥാനത്തിൽ ഫെഡറേഷനുകൾക്ക് നാളികേര ടെക്നോളജി മിഷന്റെ കീഴിൽ 50 ശതമാനം സബ്സിഡി നൽകുവാൻ തീരുമാനിച്ചു. പരമാവധി 6 ലക്ഷം രൂപയായിരിക്കും സബ്സിഡി തുക.

വിവിധ ജില്ലകളിൽ ഫെഡറേഷനുകളുടെയാഭിമുഖ്യത്തിൽ കൊപ്ര ഡ്രയറുകൾ സ്ഥാപിച്ചു വരുന്നു. കർഷക കൂട്ടായ്മകളുടെ നേതൃത്വത്തിലുള്ള വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള ആദ്യപടിയാണ് കൊപ്ര ഡ്രയറുകൾ.

വിപണി പ്രോത്സാഹനത്തിന്റെ ഭാഗമായി നാളികേര ടെക്നോളജി മിഷന്റെ ആഭിമുഖ്യത്തിൽ സംസ്കരണ യൂണിറ്റുകൾക്ക് തങ്ങളുടെ ബ്രാൻഡ് പ്രചരിപ്പിക്കുന്നതിന് 7 ലക്ഷം രൂപയുടെ സബ്സിഡി നൽകുകയുണ്ടായി. ഇതു കൂടാതെ വിവിധ ജില്ലകളിൽ ഇളനീർ പന്തലുകൾ സ്ഥാപിക്കുന്നതിന് 16 പദ്ധതികൾ അംഗീകരിക്കുകയും 6 ഇളനീർ പന്തലുകൾ സ്ഥാപിക്കുകയുമുണ്ടായി. ബോർഡിന്റെ സാമ്പത്തിക സഹായത്തോടെ 3 ഉത്പാദക യൂണിറ്റുകളിലെ പ്രതിനിധികൾ വിദേശ രാജ്യങ്ങളിലെ എക്സിബിഷനുകളിൽ പങ്കെടുക്കുകയും തങ്ങളുടെ ഉൽപന്നങ്ങൾ പ്രദർശിപ്പിക്കുകയും നൂതന വിപണികൾ കണ്ടെത്തുകയും ചെയ്തു.

ലോക ജനസംഖ്യയിൽ രണ്ടാംസ്ഥാനത്തു നിൽക്കുന്ന നമ്മുടെ രാജ്യത്തിനുള്ളിൽ തന്നെ നാം ഇതുവരെ കണ്ടെത്തുകയോ,സാധ്യതകൾ ഉപയോഗിക്കുകയോ ചെയ്യാത്ത ആഭ്യന്തര വിപണി കയ്യടക്കുന്നതിനുള്ള വിപണന തന്ത്രങ്ങൾ ആവി

ഷ്കരിക്കുക എന്നതായിരുന്ന പ്രധാന ആശയം. നാളികേര കൃഷി നടത്തുന്ന സംസ്ഥാനങ്ങളിൽ മാത്രമല്ല നാളികേരമില്ലാത്ത വടക്കേ ഇന്ത്യയിലും നാളികേരോൽപന്നങ്ങൾക്ക് വിപണി സ്ഥാപിക്കുകയെന്ന ഉദ്ദേശ്യലക്ഷ്യത്തോടെയുള്ള പ്രവർത്തനങ്ങളാണ് ബോർഡ് ആരംഭിച്ചത്. നാളികേരത്തിൽ നിന്നും ബഹുവിധ ഉൽപന്നങ്ങൾ സാധ്യമാണ് എങ്കിലും ഇവയെക്കുറിച്ച് ഉപഭോക്താക്കളുടെ ഇടയിൽ അവബോധം കുറവാണ്. അതുകൊണ്ടു തന്നെ നഗരികളിലെ ഉപഭോക്താക്കളുടെയിടയിൽ അവതരിപ്പിക്കാവുന്ന നാളികേരോൽപന്നങ്ങളുടെ ഒരു പ്രൊഡക്ട് ബാസ്കറ്റ് തിരഞ്ഞെടുത്തു. ഇന്ത്യൻ ജനസംഖ്യയുടെ 65 ശതമാനത്തിലധികം വസിക്കുന്ന പ്രധാന ജനറം നഗരങ്ങളിൽ പ്രസ്തുത ഉൽപന്നങ്ങളെ അവതരിപ്പിക്കുക എന്നതായിരുന്നു പ്രധാന ഉദ്ദേശ്യം.

ഇതുകൂടാതെ ഹരിയാന സ്റ്റേറ്റ് അഗ്രികൾച്ചർ മാർക്കറ്റിംഗ് ബോർഡിന്റെ (HSAMB) ആഭിമുഖ്യത്തിൽ ഡൽഹിയിലെ നൗഗറിൽ ഹോർട്ടികൾച്ചർ ഉൽപന്നങ്ങളുടെ വൻ വിപണി സ്ഥാപിക്കുകയാണ്. പ്രസ്തുത വിപണിയിലും ഡൽഹിയിലെ രോഹ്തക് മാളിലും നാളികേരോൽപന്നങ്ങളുടെ വിപണി കയ്യടക്കുന്നതിനുള്ള ശ്രമങ്ങളും ബോർഡ് നടത്തിവരുന്നു. ഇതിലൂടെ ഉത്തരേന്ത്യയിൽ നാളികേരോൽപന്നങ്ങളെ പരിചയപ്പെടുത്തുക, നാളികേരോൽപന്നങ്ങളുടെ വിപണി വികസിപ്പിക്കുക എന്നിവയാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

ഇളനീർ ഉപഭോഗം സാധാരണ ജനങ്ങളിലേക്ക് കൂടുതൽ വ്യാപിപ്പിക്കുക, ഇളനീർ വിപണിയിലൂടെ കർഷകർക്ക് മെച്ചപ്പെട്ട വരുമാനം നേടിക്കൊടുക്കുക എന്നീ ഉദ്ദേശ്യങ്ങളോടെയാണ് ബോർഡിന്റെ ആഭിമുഖ്യത്തിൽ ഇളനീർപന്തലുകൾ തുടങ്ങുന്നതിനുള്ള പദ്ധതി ആരംഭിച്ചത്. വിവിധ നാളികേരോത്പാദക സംഘങ്ങളുടെയും തൊഴിൽരഹിതരായ ചെറുപ്പക്കാരുടെയും ആഭിമുഖ്യത്തിൽ ഇളനീർപ്പന്തലുകൾ ആരംഭിക്കുന്നതിന് പദ്ധതികൾ സമർപ്പിക്കപ്പെടുകയുണ്ടായി. 6 ഇളനീർപന്തലുകൾ സ്ഥാപിക്കുന്നതിനായി ബോർഡ് സബ്സിഡി വിതരണം ചെയ്തു.

കർഷകനും സംരംഭകനും ഉപഭോക്താവിനും നാളികേരത്തിനും നാളികേരോൽപന്നങ്ങൾക്കും വിപണിയിലുള്ള നടപ്പ് വില ലഭ്യമാക്കുന്നതിനായി പരീക്ഷണാടിസ്ഥാനത്തിൽ വടക്കു കിഴക്കൻ സംസ്ഥാനങ്ങളിലെ വില ശേഖരണത്തിനായി ബോർഡ് നടപ്പിലാക്കിയ പദ്ധതി വിജയകരമായിരുന്നു. ഇതിനെ തുടർന്ന് നാളികേരകൃഷി നിലവിലുള്ള മറ്റ് സംസ്ഥാനങ്ങളിൽ നിന്നും ദൈനദിന വിലവിവരങ്ങൾ ശേഖരിക്കുന്നതിനുള്ള ഒരു ബൃഹദ് പദ്ധതിയാണ് ബോർഡ് ലക്ഷ്യമിടുന്നത്. ഇതിലൂടെ പ്രധാന നാളികേര വിപണികളിലെ വിലകൾ കർഷകരിലേക്കും ഉപഭോക്താവിലേക്കും അന്നേദിവസം തന്നെ എത്തിക്കുവാൻ സാധിക്കും എന്നു ബോർഡ് പ്രതീക്ഷിക്കുന്നു.

നാളികേരോൽപന്നങ്ങളുടെ ആഭ്യന്തര വിപണി മാത്രമല്ല അന്താരാഷ്ട്ര വിപണിയിലും ചലനങ്ങൾ സൃഷ്ടിക്കുവാൻ ബോർഡിന്റെ ശ്രമങ്ങളിലൂടെ സാധിച്ചു. ഈ കഴിഞ്ഞ വർഷം കയറൊഴികെയുള്ള നാളികേരോൽപന്നങ്ങളുടെ കയറ്റുമതി ആയിരം കോടി കവിയുമെന്നാണ് കരുതുന്നത്. മുൻവർഷങ്ങളിലെ പോലെ ഉത്തേജിത കരിയാണ് കൂടുതൽ കയറ്റുമതി ചെയ്തിരിക്കുന്നത്. പച്ചത്തേങ്ങയുടെ കയറ്റുമതി 2012-13ൽ ക്രമാതീതമായി വർദ്ധിച്ചതാണ് കഴിഞ്ഞ വർഷത്തെ മറ്റൊരു പ്രത്യേകത. 894 രജിസ്റ്റേർഡ് എക്സ്പോർട്ടർമാരാണ് കയറ്റുമതി മേഖലയിൽ നിലവിൽ പ്രവർത്തിക്കുന്നത്.

വെളിച്ചെണ്ണയുടെ കയറ്റുമതി രംഗത്ത് നിലനിന്നിരുന്ന നയങ്ങളിൽ ബോർഡിന്റെ നിരന്തര പരിശ്രമഫലമായി മാറ്റങ്ങൾ ഉണ്ടായി എന്നത് കയറ്റുമതി രംഗത്തെ കൂടുതൽ ശക്തമാക്കാൻ സഹായിച്ചു. ക്രൂഡ് പാം ഓയിലിന് ഇറക്കുമതി തീരുവ 2.5 ശതമാനമായി നിശ്ചയിക്കുകയുണ്ടായി. ഭക്ഷ്യയെണ്ണകളുടെ ഇറക്കുമതിയിലുണ്ടായ വൻവർദ്ധനവും വെളിച്ചെണ്ണയുടെ വിലയിടിവും കേരകർഷകരെയും കേരമേഖലയെയും തളർത്തും എന്നത് സംബന്ധിച്ച് നാളികേര വികസന ബോർഡ് നിരന്തരമായി കേന്ദ്ര സർക്കാരിന് എഴുതുകയും പാമോയിലിന്റെ ഇറക്കുമതി തീരുവ വർദ്ധിപ്പിക്കണമെന്നാവശ്യപ്പെടുകയും ചെയ്തിരുന്നതിന്റെ ഫലമായിട്ടാണ് ഈ ചെറിയ വർദ്ധനവ് ഉണ്ടായിരിക്കുന്നത്. വെളിച്ചെണ്ണയുടെ വിലയിടിയുമ്പോഴും വെളിച്ചെണ്ണയുടെ കയറ്റുമതിയ്ക്ക് നിയന്ത്രണങ്ങളുണ്ടായിരുന്നു എന്നതു കൊണ്ട് അന്താരാഷ്ട്ര വിപണിയിലെ സാധ്യതകൾ മുതലെടുക്കുവാൻ നാളികേര സംരംഭകർക്ക് സാധിച്ചിരുന്നില്ല. ബോർഡിന്റെ നിരന്തരശ്രമഫലമായി നിയന്ത്രണം നീക്കം ചെയ്തതുകൊണ്ട് എല്ലാ തുറമുഖങ്ങളിലൂടെയും വെളിച്ചെണ്ണ ഇപ്പോൾ കയറ്റുമതി ചെയ്യാം.

വിലക്കുറവിൽ നട്ടം തിരിയുന്ന നാളികേര കർഷകർക്ക് ആശ്വാസം പകരുവാനും സ്ഥിരമായ വരുമാനം നേടിക്കൊടുക്കുവാനും സാധിക്കുന്ന നീരയുത്പാദനത്തിന് സർക്കാരിന്റെ സമ്മതം വാങ്ങി, സർക്കാർ നയങ്ങളിൽ മാറ്റുമുണ്ടാക്കുക എന്ന കഠിന ശ്രമത്തിലാണ് ഇന്ന് നാളികേര വികസന ബോർഡ്. കൊച്ചിയിൽ നടന്ന ഏഷ്യ, പസഫിക്ക് രാജ്യങ്ങളുടെ കൊക്കോടെക്കിൽ ഇന്ത്യോനേഷ്യയിലും, തായ്‌ലന്റിലും,ഫിലിപ്പീൻസിലും നിന്നു വന്ന സംരംഭകർ നീരയും നീരയിൽ നിന്നുള്ള മൂല്യവർദ്ധിതയുൽപന്നങ്ങളായ സിറപ്പും ചക്കരയും പഞ്ചസാരയും നാളെയുടെ ഉൽപന്നങ്ങളാണ് എന്ന് പ്രഖ്യാപിച്ചപ്പോൾ കേരം തിങ്ങും കേരളനാട് നാണിച്ചു തലതാഴ്ത്തി.

ആൽക്കഹോൾ തീരെയില്ലാത്ത നീര ചെത്തുന്നതിന് കേരളത്തിൽ ലൈസൻസ് ആവശ്യമാണ്. അബ്കാരി നിയമത്തിൽ നീരയെ സംബന്ധിച്ചുള്ള നയങ്ങൾക്ക് മാറ്റം ആവശ്യമാണ് എന്ന് ബോർഡ് നിരന്തരം നാളികേര കൃഷിയുള്ള സംസ്ഥാനങ്ങളിലെ സർക്കാരുകളുമായി അഭിപ്രായം കൈമാറിയിരുന്നു. ഇതിന്റെ ഫലമായി കേരള സർക്കാരിന്റെ ഭാഗത്തു നിന്നും നീരയ്ക്കനുകൂലമായ സമീപനമുണ്ടായി എന്നതിന്റെ ആദ്യ തെളിവായിരുന്നു നീര കമ്മിറ്റിയുടെ രൂപീകരണം. സംസ്ഥാനത്തെ 10 പ്രധാന നാളികേരോത്പാദക ജില്ലകളിൽ നീര സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കുവാൻ 15 കോടി രൂപ കേരള സർക്കാർ വകയിരുത്തുകയുണ്ടായി. നീരയും നീരയിൽ നിന്നുള്ള ഉൽപന്നങ്ങളും ഉത്പാദിപ്പിക്കുവാനുള്ള അവസരം കർഷകന് കൈവന്നാൽ അത് കേരമേഖലയിൽ ഉളവാക്കുന്നത് വൻ മാറ്റങ്ങളായിരിക്കും. ദൈനദിന വരുമാനം നേടിത്തരുന്ന നീര ഉത്പാദിപ്പിക്കുവാൻ കഴിഞ്ഞാൽ അത് കർഷക വരുമാനം ഗണ്യമായി വർദ്ധിപ്പിക്കും.

നാളികേര മേഖലയിൽ ഉൽപന്ന വൈവിധ്യവൽക്കരണത്തിലൂടെയും മെച്ചപ്പെട്ട വിപണി അവതരണത്തിലൂടെയും വികസനം സാധ്യമാക്കാനും അതിലൂടെ കേരകർഷർക്ക് മെച്ചപ്പെട്ട വരുമാനം നേടിക്കൊടുക്കാനുമാണ് നാളികേര വികസന ബോർഡ് പരിശ്രമിക്കുന്നത്. കേരകർഷകരുടെ കൂട്ടായ്മകൾ ശക്തി പ്രാപിച്ചുവരുന്ന അവസരത്തിൽ സ്ഥായിയായ വികസനം കേരമേഖലയിൽ സാധ്യമാകും എന്ന ശുഭ പ്രതീക്ഷയിലാണ് നാളികേര വികസന ബോർഡ്.

# നാളികേര ടെക്നോളജി മിഷൻ - നാളികേര മേഖലയ്ക്ക് ഉണർവ്വേകി മുന്നോട്ട്

**ജയശ്രീ എ.** [1], **രശ്മി ഡി.എസ്** [2]

[1] *സീനിയർ ടെക്നിക്കൽ ഓഫീസർ,* [2]*ടെക്നിക്കൽ ഓഫീസർ, നാളികേര വികസന ബോർഡ്, കൊച്ചി*

ഇന്ത്യയിൽ കേരവ്യവസായത്തിന്റെ സമഗ്രവികസനത്തിനായി നാളികേര വികസന ബോർഡ് നാളികേര ടെക്നോളജി മിഷൻ പദ്ധതി 2001-02 മുതൽ നടപ്പാക്കി വരുന്നു. നാളികേര ഉൽപന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണവും, നൂതന സംസ്ക്കരണ മാർഗ്ഗങ്ങളിലൂടെ മൂല്യവർദ്ധനവും ത്വരിതപ്പെടുത്തുന്നത് വഴി നാളികേര വ്യവസായമേഖല കൂടുതൽ ശക്തിപ്പെടുത്തി, മത്സരാധിഷ്ഠിതമായി മാറിയ ഇന്നത്തെ ചുറ്റുപാടുമായി പൊരുത്തപ്പെട്ട് പോകുവാൻ ഈ മേഖലയെ ശക്തമാക്കുകയാണ് ഈ പ്രത്യേക പദ്ധതിയിൽ പ്രധാനമായും ലക്ഷ്യമിടുന്നത്.

കർഷകന്റെ വരുമാനവർദ്ധനവിനായി നാളികേരത്തിന്റെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കുക, ഉൽപന്ന വൈവിദ്ധ്യവൽക്കരണത്തിനും മൂല്യവർദ്ധനയ്ക്കും അവസരങ്ങൾ സൃഷ്ടിക്കുക, വർത്തമാന കാലത്തെ മാറിവരുന്ന പരിസ്ഥിതികൾക്ക് അനുസൃതമായി ആഭ്യന്തര വിപണിയിലും അന്താരാഷ്ട്ര വിപണിയിലും നാളികേരത്തിന്റേയും നാളികേരോൽപന്നങ്ങളുടേയും വിപണനത്തിനായുള്ള അടിസ്ഥാന സൗകര്യങ്ങളും വിപണിയും മെച്ചപ്പെടുത്തുക, കേരവ്യവസായത്തെ കൂടുതൽ മത്സരക്ഷമമാക്കുക എന്നിവ ടെക്നോളജി മിഷൻ ലക്ഷ്യമിടുന്നു. മിഷന് കീഴിൽ രോഗ, കീടങ്ങളുടെ നിയന്ത്രണം, ഉൽപന്ന വൈവിദ്ധ്യവൽക്കരണം, വിപണി ഗവേഷണവും പ്രോത്സാഹനവും എന്നിവ സംബന്ധിച്ച് പുതിയ സാങ്കേതികവിദ്യകൾ വികസിപ്പിച്ചെടുക്കുകയും അവലംബിക്കുകയും ചെയ്യുന്നതിലും അതിന് പ്രോത്സാഹനം നൽകുന്നതിലുമാണ് ശ്രദ്ധ കേന്ദ്രീകരിക്കുന്നത്.

നാളികേര ടെക്നോളജി മിഷൻ പദ്ധതിയടിസ്ഥാനത്തിലാണ് നടപ്പിലാക്കുന്നത്. താഴെപ്പറയുന്ന ഘടകങ്ങളാണ് ഈ പരിപാടിയിലുള്ളത്:

- കീട, രോഗ ബാധിതമായ തെങ്ങിൻ തോട്ടങ്ങളുടെ പരിപാലനം
- സംസ്ക്കരണവും ഉൽപന്ന വൈവിദ്ധ്യവൽക്കരണവും
- വിപണി ഗവേഷണവും വിപണി അഭിവൃദ്ധിപ്പെടുത്തലും
- സാങ്കേതിക സഹായവും ബാഹ്യവിലയിരുത്തലും, അടിയന്തിര ആവശ്യവും - ആവശ്യകതയനുസരിച്ച്.

മൂല്യവർദ്ധിത നാളികേരോൽപന്നങ്ങളെ സംബന്ധിച്ച് അവബോധം സൃഷ്ടിക്കുന്നതിനും വിപണി മെച്ചപ്പെടുത്തുന്നതിനും നടത്തിയ പരിശ്രമങ്ങളുടെ ഫലമായി അവയുടെ ഡിമാന്റും ഉപഭോഗവും വർദ്ധിച്ചു. മിഷന്റെ പ്രവർത്തനം ആരംഭിച്ച കാലത്ത് പലതരം രോഗ, കീടങ്ങളുടെ ആക്രമണം പെട്ടെന്ന് പൊട്ടിപുറപ്പെട്ടതിനാൽ രോഗ, കീട നിയന്ത്രണത്തിനാണ് ഊന്നൽ നൽകിയത്. പക്ഷേ; ഇപ്പോൾ ഉൽപന്ന വൈവിദ്ധ്യവൽക്കരണത്തിലും നാളികേര സംസ്ക്കരണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിലും അതീവ ശ്രദ്ധ ചെലുത്തുന്നു. നാളികേരോൽപന്നങ്ങൾക്ക് അടുത്തിടെ ഡിമാൻഡ് വർദ്ധിച്ചതിനാൽ തൂൾത്തേങ്ങ, വെർജിൻ വെളിച്ചെണ്ണ, തേങ്ങപാൽപ്പൊടി, പായ്ക്ക് ചെയ്ത കരിക്കിൻവെള്ളം, ചിരട്ടക്കരി, ആക്ടിവേറ്റഡ് കാർബൺ തുടങ്ങിയ നാളികേരോൽപന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള സാദ്ധ്യത ഗണ്യമായി വർദ്ധിച്ചു.

നാളികേര ടെക്നോളജി മിഷൻ നടപ്പിലാക്കിയതോടെ ഉൽപന്നവൈവിദ്ധ്യവൽക്കരണത്തിനുള്ള നിരവധി സാങ്കേതികവിദ്യകൾ വികസിപ്പിക്കുന്നതിനും വാണിജ്യാടിസ്ഥാനത്തിൽ അവ അവലംബിക്കുന്നതിനും പുറമേ ഉത്പാദന പരിമിതികൾ ഗണ്യമായി മറികടക്കുവാനും സാധിച്ചു. നാളികേര വികസന ബോർഡ് മൈസൂറിലെ ഡിഫൻസ് ഫുഡ് റിസർച്ച് ലബോറട്ടറിയുമായി ചേർന്ന് പായ്ക്ക് ചെയ്ത കരിക്കിൻവെള്ളത്തിന്റേയും, സെൻട്രൽ ഫുഡ് ടെക്നോളജിക്കൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടുമായി ചേർന്ന് വെർജിൻ വെളിച്ചെണ്ണ, തേങ്ങപാൽപ്പൊടി, വെളിച്ചെണ്ണ മിശ്രണങ്ങൾ (ബ്ലെൻഡുകൾ), തേങ്ങവെള്ളം ഉപയോഗിച്ചുകൊണ്ടുള്ള പാനീയങ്ങൾ തുടങ്ങിയവയുടേയും സാങ്കേതികവിദ്യകൾ വികസിപ്പിച്ചെടുക്കുകയും നിരവധി സംരംഭകർക്ക് കൈമാറുകയും ചെയ്തു.



*പൊള്ളാച്ചിയിലെ മീനാക്ഷിപുരത്തുള്ള തൂൾത്തേങ്ങ യൂണിറ്റ് കോവൈ അഗ്രോഫുഡ്സ്*



*ചിരട്ടയിൽ നിന്ന് ഐസ്ക്രീം കപ്പ് നിർമ്മിക്കുന്ന കാലടിയിലെ നെക്സസ് ഫ്രോസൺ ഫ്രൂട്ട്സ് കണ്ടെയ്നേഴ്സ് ആന്റ് ഫുഡ്സ്*



*കരിക്കിൻ വെള്ളം പായ്ക്ക് ചെയ്യുന്ന തിരുപ്പൂരിലെ പ്യൂർട്രോപ്പിക്ക്*

ബോർഡ് 2012-13ൽ നാളികേര ടെക്നോളജി മിഷന് കീഴിൽ 96 പ്രോജക്ടുകൾക്ക് 764.577 ലക്ഷം രൂപ സഹായം നൽകി. ഇവയിൽ 42 എണ്ണം പുതിയ പ്രോജക്ടുകളും 54 എണ്ണം തുടരുന്ന പ്രോജക്ടുകളുമാണ്. പുതുതായി 33.635 കോടി രൂപയുടെ അടിസ്ഥാന സൗകര്യങ്ങളുള്ള 29 നാളികേര സംസ്കരണ യൂണിറ്റുകൾ സ്ഥാപിതമായി. പ്രസ്തുത യൂണിറ്റുകളിലെല്ലാം കൂടി പ്രതിവർഷം 1633.80 ലക്ഷം നാളികേരവും 22611 മെട്രിക് ടൺ ചിരട്ടയും സംസ്കരിക്കാനുള്ള ശേഷിയുണ്ട്. ബോർഡ് 6.259 കോടി രൂപയാണ് ഇവയ്ക്ക് ധനസഹായമായി നൽകിയത്. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 40.64 ശതമാനമാണ് ഇതിലുണ്ടായ വർദ്ധന. പ്രതിവർഷം 217.50 ലക്ഷം നാളികേര സംസ്കരണശേഷിയുള്ള ഏഴ് വെർജിൻ വെളിച്ചെണ്ണ യൂണിറ്റുകൾ, 1219.50 ലക്ഷം നാളികേര സംസ്കരണശേഷിയുള്ള 11 തൂൾത്തേങ്ങ യൂണിറ്റുകൾ, 45 ലക്ഷം ഇളനീർ സംസ്കരണ ശേഷിയുള്ള ഒരു കരിക്കിൻവെള്ള പായ്ക്കിംഗ് യൂണിറ്റ്, 150 ലക്ഷം നാളികേര സംസ്കരണശേഷിയുള്ള 2 വെളിച്ചെണ്ണ യൂണിറ്റുകൾ, 1.83 ലക്ഷം നാളികേര സംസ്കരണശേഷിയുള്ള 3 ഉണ്ടക്കൊപ്ര യൂണിറ്റുകൾ, 1800 മെട്രിക് ടൺ ചിരട്ടപ്പൊടി ഉത്പാദിപ്പിക്കുന്ന ഒരു ചിരട്ടപ്പൊടി യൂണിറ്റ്, 4737 മെട്രിക് ടൺ ചിരട്ടക്കരി ഉത്പാദിപ്പിക്കുന്ന മൂന്ന് ചിരട്ടക്കരി യൂണിറ്റുകൾ, 1200 മെട്രിക് ടൺ ആക്ടിവേറ്റഡ് കാർബൺ ഉത്പാദിപ്പിക്കുന്ന ഒരു ആക്ടിവേറ്റഡ് കാർബൺ യൂണിറ്റ് എന്നിവയാണ് സ്ഥാപിക്കപ്പെട്ടത്.

നാളികേര സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് സാങ്കേതികവിദ്യ അവലംബിക്കുന്നതിനായി അടിസ്ഥാന സൗകര്യ വികസനം, യൂണിറ്റുകൾ സ്ഥാപിക്കുകയോ, അംഗീകരിക്കുകയോ, പരിഷ്ക്കരിക്കുകയോ ചെയ്യുന്നതിന് ചെലവിന്റെ 25 ശതമാനം പരമാവധി 50 ലക്ഷം രൂപ വരെ വായ്പബന്ധിത സബ്സിഡിയായി നൽകുന്നു.

രോഗ, കീട ബാധിത തെങ്ങിൻ തോട്ടങ്ങളുടെ പരിപാലനം, നാളികേര സംസ്കരണവും ഉൽപന്ന വൈവിദ്ധ്യവൽക്കരണവും എന്നീ മേഖലകളിൽ ഗവേഷണത്തിനും സാങ്കേതികവിദ്യ വികസനത്തിനും മിഷനിൽ പ്രത്യേക ശ്രദ്ധ കൊടുത്തിരിക്കുന്നു. ഗവേഷണ പദ്ധതികൾ ഏറ്റെടുത്ത് നടത്താൻ യോഗ്യതയുള്ള സ്ഥാപനങ്ങൾ ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രികൾച്ചർ റിസർച്ച്, സംസ്ഥാന കാർഷിക സർവ്വകലാശാലകൾ, സംസ്ഥാന കൃഷി/ ഹോർട്ടികൾച്ചർ വകുപ്പുകൾ, ഗവേഷണ പ്രവർത്തനങ്ങൾ നടത്താൻ ശേഷിയുള്ള സ്വകാര്യ സംഘടനകൾ എന്നിവയാണ്. ബോർഡ് സെൻട്രൽ ഫുഡ് ടെക്നോളജിക്കൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, ഡിഫൻസ് ഫുഡ് റിസർച്ച് ലാബറട്ടറി, കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനം, കേരള കാർഷിക സർവ്വകലാശാല, കേന്ദ്ര കയർ ഗവേഷണ സ്ഥാപനം, സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി മുതലായ ഗവേഷണ സ്ഥാപനങ്ങളിലൂടെ ഗവേഷണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നു.

പല സംസ്ഥാനങ്ങളിലേയും കൃഷി/ ഹോർട്ടികൾച്ചർ വകുപ്പുകൾക്ക് മണ്ഡരി, തെങ്ങോലപ്പുഴു തുടങ്ങിയ കീടങ്ങളുടേയും കാറ്റുവീഴ്ച, കൂമ്പുചീയൽ തുടങ്ങിയ രോഗങ്ങളുടേയും നിയന്ത്രണമാർഗ്ഗങ്ങൾ അവലംബിക്കുന്നതിനായി ബോർഡ് ധനസഹായം നൽകി. കൂടാതെ ഹൈദരാബാദിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ന്യൂട്രിഷൻ, കൊച്ചിയിലെ അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് എന്നീ സ്ഥാപനങ്ങളെ വെളിച്ചെണ്ണ ഉപഭോഗത്തെ സംബന്ധിച്ച ആരോഗ്യപരമായ അബദ്ധധാരണകൾ അകറ്റുന്നതിനായി ഗവേഷണ പഠനങ്ങൾ നടത്തുന്നതിന് ബോർഡ് ചുമതലപ്പെടുത്തിയിരിക്കുന്നു.

കരിക്കിന്റെ തൊണ്ടിൽ നിന്ന് കമ്പോസ്റ്റ് നിർമ്മിക്കുന്നതിന് ആവശ്യമായ യന്ത്രസാമഗ്രികളും സാങ്കേതിക പദ്ധതിയും വികസിപ്പിക്കുന്നതിനുള്ള ഗവേഷണ പഠനത്തിന് ആലപ്പുഴയിലെ സെൻട്രൽ കയർ ഗവേഷണ സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കരിക്കിൻ തൊണ്ട് സ്ലൈസർ, കൈകൊണ്ട് പ്രവർത്തിപ്പിക്കുന്ന ചോപ്പിംഗ് മെഷീൻ, വൈദ്യുതിയിൽ പ്രവർത്തിക്കുന്ന ചോപ്പിംഗ് മെഷീൻ, കരിക്കിൻ തൊണ്ട് ഷ്രെഡ്ഡർ, മിനിബീറ്റർ തുടങ്ങിയ അഞ്ചിനം മെഷീനുകൾ വികസിപ്പിച്ചെടുക്കുകയും റെയ്ഡ്കോയും കെയ്കോയും ഇവയുടെ വാണിജ്യവൽക്കരണ തയ്യാറെടുക്കുകയും ചെയ്തിട്ടുണ്ട്. 'തെങ്ങിൻ തടികളുടെ വൈവിദ്ധ്യ വൽക്കൃത ഉപയോഗങ്ങൾ', 'കരിക്കിന്റെ അവശിഷ്ടങ്ങളിൽ നിന്ന് പാർട്ടിക്കിൾ ബോർഡുകളും വൈവിദ്ധ്യമാർന്ന മറ്റ് ഉൽപന്നങ്ങളും നിർമ്മിക്കുന്നതിനുള്ള സാങ്കേതികവിദ്യ വികസനം' എന്നീ പ്രോജക്ടുകളും കേന്ദ്ര കയർ ഗവേഷണ സ്ഥാപനം ഏറ്റെടുത്ത് നടത്തുന്നുണ്ട്. തെങ്ങിൻ തടി, സെല്ലുലോസ് വേർപെടുത്തിയെടുക്കുന്നതിനും, മൈക്രോക്രിസ്റ്റലിൻ സെല്ലുലോസ്, ലിഗ്നോസൾഫേറ്റുകൾ, ബയോ എത്തനോൾ, പാർട്ടിക്കൾ ബോർഡുകൾ മുതലായവ നിർമ്മിക്കുന്നതിനുമുള്ള അസംസ്കൃത സാമഗ്രിയായി ഉപയോഗിക്കുവാനുള്ള സാദ്ധ്യതകളുണ്ടെന്ന് പഠനത്തിലൂടെ തെളിഞ്ഞു. നാളികേര ടെക്നോളജി മിഷന്റെ ആഭിമുഖ്യത്തിൽ വിവിധ ഘടകങ്ങളുടെ കീഴിൽ 48 ഗവേഷണ പ്രോജക്ടുകളാണ് നടക്കുന്നത്.

ഈ വർഷം പൂർത്തിയായിക്കൊണ്ടിരിക്കുന്ന ഗവേഷണ പദ്ധതികൾ 'നാളികേരാധിഷ്ഠിത കൃഷി സമ്പ്രദായത്തിൽ ജൈവ പുന:ചംക്രമണത്തിലൂടെ മണ്ണ്, സസ്യ സംരക്ഷണം', 'ഓലചീയൽ രോഗ നിയന്ത്രണത്തിനായി ജൈവ നിയന്ത്രണ ഏജന്റുകളെ ഉൾപ്പെടുത്തി സംയോജിത രോഗപരിപാലന സാങ്കേതികവിദ്യയുടെ കൃഷിയിട പ്രദർശനം' (കേന്ദ്ര തോട്ടവിള

ഗവേഷണ സ്ഥാപനം), 'വെളിച്ചെണ്ണയിൽ നിന്ന് മൂല്യ വർദ്ധിത ഉൽപന്നങ്ങളുടെ സംശ്ലേഷണവും സവിശേഷതകൾ കണ്ടെത്തലും' (ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ്), 'കീടങ്ങൾക്കെതിരെ പ്രതിരോധശേഷി വളർത്തുന്നതിന് തെങ്ങിന്റെ ആരോഗ്യം മെച്ചപ്പെടുത്തുന്നതിനായി പോഷണ രൂപരേഖ വികസിപ്പിക്കുക' (ഒറീസ യൂണിവേഴ്സിറ്റി ഓഫ് അഗ്രിക്കൾച്ചർ ആന്റ് ടെക്നോളജി), 'കരിക്ക് പഞ്ച് കംസ്പ്ലിറ്ററും ഓപ്പണറും വികസിപ്പിക്കുക', (അപെക്സ് ഡിസൈൻ സെന്റർ) 'തേങ്ങവെള്ളം ഉപയോഗിച്ച് പോഷകാഹാരം വികസിപ്പിക്കുന്നതിനുള്ള പൈലറ്റ് പഠനം' (അമൃത സ്കൂൾ ഓഫ് ഫാർമസി) എന്നിവയാണ്.

2012-13ൽ ബോർഡ് ആരംഭിച്ച പ്രധാന ഗവേഷണ പ്രോജക്ടുകളിൽ മൈസൂറിലെ സെൻട്രൽ ഫുഡ് ടെക്നോളജിക്കൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന് അനുവദിക്കപ്പെട്ട 'ഒമേഗ 3, ഒമേഗ 6 ഫാറ്റി ആസിഡുകളാലും ആരോഗ്യസംരക്ഷക ഫൈറ്റോ ന്യൂട്രിക്കുകളാലും സമൃദ്ധമായ ന്യൂട്രാ വെളിച്ചെണ്ണ വികസിപ്പിക്കൽ', 'ഗ്രീൻ മസ്കാർഡൈൻ ഫംഗസുകളെ ഉത്പാദിപ്പിക്കുന്നതിനുള്ള സാങ്കേതികവിദ്യ മെച്ചപ്പെടുത്തലും, കൃഷിസ്ഥലത്ത് കർഷക പങ്കാളിത്തത്തോടെ കൊമ്പൻചെല്ലിക്കെതിരെയുള്ള സംയോജിത ജൈവനിയന്ത്രണ സാങ്കേതികവിദ്യയുടെ പ്രയോജന ക്ഷമത ഉറപ്പ് വരുത്തലും' (കേന്ദ്രതോട്ടവിള ഗവേഷണ സ്ഥാപനം), 'തമിഴ്നാട്ടിൽ നാളികേരോത്പാദനം വർദ്ധിപ്പിക്കാൻ റിമോട്ട് സെൻസിംഗും ഭൂമിശാസ്ത്ര വിവര വിനിയോഗ സാങ്കേതികവിദ്യയും (ജിഐഎസ്) മുഖേന മേഖല അടിസ്ഥാനമാക്കിയുള്ള ശുപാർശ' (തമിഴ്നാട് കാർഷിക സർവ്വകലാശാല), 'റിമോട്ട് സെൻസിംഗും ഭൂമിശാസ്ത്ര വിവര വിനിമയ സാങ്കേതികവിദ്യയും മുഖേന കേരളത്തിലെ നാളികേരോത്പാദനം വർദ്ധിപ്പിക്കുക' (അമൃത വിശ്വവിദ്യാപീഠം സർവ്വകലാശാല) എന്നിവ ഉൾപ്പെടുന്നു.

പ്രസ്തുതപരിപാടി മുഖേന ബോർഡ് വിവിധ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച 480 പ്രോജക്ടുകൾക്ക് അനുമതി നൽകി. ഇതിനായി മൊത്തം 105.66 കോടി രൂപ ധനസഹായം നൽകി. വിവിധ സംസ്ഥാന സർക്കാരുകൾ, ഗവേഷണ സ്ഥാപനങ്ങൾ, സഹകരണ സംഘങ്ങൾ, സംരംഭകർ തുടങ്ങിയവയ്ക്ക് രോഗ, കീട നിയന്ത്രണം വഴി ഉത്പാദനക്ഷമത മെച്ചപ്പെടുത്തൽ, ഉൽപന്ന വൈവദ്ധ്യവൽക്കരണവും ഉപോൽപന്നങ്ങളുടെ ഉപയോഗവും, വിപണി ഗവേഷണം, വിപണി അഭിവൃദ്ധി എന്നിവയക്കായി 85.27 കോടി രൂപയാണ് നൽകിയത്. മൂല്യവർദ്ധനവിനും ഉപോൽപന്നങ്ങൾ പ്രയോജനപ്പെടുത്തുന്നതിനുമായി പ്രതിവർഷം 128.704 കോടി നാളികേരം സംസ്കരണശേഷിയുള്ള 212.84 കോടി രൂപയുടെ അടിസ്ഥാന സൗകര്യങ്ങളുള്ള 220 സമഗ്ര നാളികേര സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് 37.417 കോടി രൂപ ധനസഹായം നൽകി. പ്രതിവർഷം ഒരു ലക്ഷം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുവാനും കഴിഞ്ഞു.



തൃശ്ശൂരിലെ തേങ്ങപ്പാൽപ്പൊടി യൂണിറ്റ് സൂര്യശോഭ

മിഷന്റെ പ്രവർത്തനഫലമായി ബോർഡിന് വിവിധ ഗവേഷണ സ്ഥാപനങ്ങളുമായി ചേർന്ന് വെർജിൻ വെളിച്ചെണ്ണ, കൊഴുപ്പേറിയ തേങ്ങപ്പൊടി, തേങ്ങവെള്ളത്തിൽ നിന്ന് വിനാഗിരി, തേങ്ങാവെള്ളം, തേങ്ങപ്പാൽ എന്നിവയിൽ നിന്ന് പാനീയങ്ങൾ, നാറ്റാ ഡി കൊക്കോ, ജെല്ലി, ചിപ്സ്, റെഡി-ടു-ഈറ്റ് സ്വീറ്റ് സ്നാക്ക് ആയ കൊക്കോ ബൈറ്റ്, കോക്കനട്ട് ലസ്സി, കോക്കനട്ട് ഹണി, കോക്കനട്ട് വേപ്രോട്ടീൻ, കോക്കനട്ട് സൂഫ്ളേ, സ്നോബോൾ ടെൻഡർ കോക്കനട്ട്, ലഘുവായി സംസ്കരിച്ച കരിക്ക്, വെളിച്ചെണ്ണയിൽ നിന്ന് ആട്ടോമൊബൈൽ ലൂബ്രിക്കന്റ്, തെങ്ങിൻതടിയിൽ നിന്ന് ചേർപ്പുകൾ, പാർട്ടിക്കൾ ബോർഡുകൾ, വാതിൽ ചട്ടങ്ങൾ മുതലായവയുടെ സാങ്കേതികവിദ്യകൾ വികസിപ്പിച്ചെടുക്കുവാൻ കഴിഞ്ഞു. പുതിയതായി വികസിപ്പിച്ച ഉൽപന്നങ്ങൾ വെളിച്ചെണ്ണ അധിഷ്ഠിതമായ ബയോഡീസൽ, ബ്ലെൻഡഡ് ഓയിൽ, ഉണ്ടക്കൊപ്ര നിർമ്മാണത്തിനുള്ള യന്ത്രങ്ങൾ, സ്നോ ബോൾ കരിക്കിന്റെ പാക്കിംഗിൽ വരുത്തിയ പരിഷ്ക്കാരം, ലഘുവായി സംസ്ക്കരിച്ച കരിക്ക്, കരിക്ക് തുളക്കുന്നതിനും ചെത്തുന്നതിനുമുള്ള മെഷീൻ, കരിക്കിൻ തൊണ്ടിൽ നിന്ന് കമ്പോസ്റ്റും ഹാർഡ് ബോർഡും, തേങ്ങ പൊതിക്കുന്നതിനുള്ള മെഷീൻ എന്നിവയാണ്. വിപണി അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി ബോർഡ് വിവിധ ദേശീയ, അന്താരാഷ്ട്ര പ്രദർശനങ്ങളിലും മേളകളിലും പങ്കെടുത്തു. അതുവഴി വ്യാപാരം മെച്ചപ്പെടുത്തുന്നതിനും വിപണന ശൃംഖല രൂപപ്പെടുത്തുന്നതിനും കയറ്റുമതിയിൽ സ്ഥിരമായ വളർച്ച നേടുവാനും കഴിഞ്ഞു.

പന്ത്രണ്ടാം പഞ്ചവത്സരപദ്ധതിക്കാലയളവിൽ ഉൽപന്നവൈവിദ്ധ്യവൽക്കരണത്തിനും വിപണി അഭിവൃദ്ധിക്കുമായി കൂടുതൽ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനാണ് ബോർഡ് ഊന്നൽ നൽകുന്നത്. കർഷകർക്കും കർഷക സംഘടനകൾക്കും സംരംഭകർക്കും നാളികേരോത്പാദക ഫെഡറേഷനുകൾ, ഉത്പാദക കമ്പനികൾ തുടങ്ങിയവയ്ക്കും ആഭ്യന്തരവിപണിയിലും അന്താരാഷ്ട്ര വിപണിയിലും നാളികേരോൽപന്നങ്ങളുടെ വർദ്ധിച്ചുവരുന്ന ഡിമാൻഡ് കണക്കിലെടുത്ത് നാളികേരോൽപന്ന സംസ്ക്കരണ രംഗത്തേക്ക് സധൈര്യം കടന്നുവരാവുന്നതാണ്. ഇതുവഴി നമ്മുടെ ദേശീയ നാളികേര സമ്പദ്‌വ്യവസ്ഥയും കരുത്താർജ്ജിക്കും.

# സാങ്കേതിക വിദ്യ പ്രദർശനവും പരിശീലനവും

**ശ്രീകുമാർ പൊതുവാൾ**

*പ്രോസസ്സിംഗ് എഞ്ചിനിയർ, നാളികേര വികസന ബോർഡ്, കൊച്ചി*

കർഷക തലത്തിലെ നാളികേര സംസ്ക്കരണത്തിനും നാളികേരാധിഷ്ഠിത വ്യവസായങ്ങൾക്കും നമ്മുടെ രാജ്യത്ത് അനന്ത സാദ്ധ്യതകളാണുള്ളത്. പക്ഷേ, നാളികേര സംസ്ക്കരണത്തിലും മൂല്യ വർദ്ധിത ഉൽപന്ന നിർമ്മാണത്തിലും മറ്റ് പ്രമുഖ നാളികേരോത്പാദക രാജ്യങ്ങളെ അപേക്ഷിച്ച് ഇന്ത്യ തുലോം പിന്നിലാണ്. നാളികേരം ശേഖരിച്ച് സൂക്ഷിക്കുമ്പോൾ ഗുണമേന്മയിൽ വരുന്ന കുറവ് മൂലം, ഉണ്ടാകുന്ന ഉൽപന്ന നഷ്ടം, കൈകാര്യം ചെയ്യുന്നതിലെ പോരായ്മകൾ, കാര്യക്ഷമമല്ലാത്ത സംസ്ക്കരണം, ഗുണമേന്മയും ശുചിത്വവും പുലർത്തുന്നതിലുള്ള അശ്രദ്ധ, മോശമായ പായ്ക്കേജിംഗ് രീതികൾ എന്നീ കാരണങ്ങളാണ് നാളികേരാധിഷ്ഠിത വ്യവസായത്തിന്റെ വളർച്ചയ്ക്ക് വിഘാതമാകുന്നത്.

ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുക എന്ന ലക്ഷ്യത്തോടെയാണ് ബോർഡ് സ്വാശ്രയ സംഘങ്ങൾ, കർഷക സംഘടനകൾ, സർക്കാരേതര സംഘടനകൾ, നാളികേരോത്പാദക സംഘങ്ങൾ, ഫെഡറേഷനുകൾ, സഹകരണ സംഘങ്ങൾ, വ്യക്തിഗത സംരംഭകർ തുടങ്ങിയവർക്ക് ലഭ്യമായ വിഭവങ്ങൾ പരമാവധി ഉപയോഗപ്പെടുത്തുന്നതിനായി സംരംഭകത്വ വൈദഗ്ദ്യം വർദ്ധിപ്പിക്കുന്നതിനും, കാര്യക്ഷമമായ സംസ്ക്കരണ രീതികൾ അവലംബിക്കുന്നതിനും ഗുണകരമായ പായ്ക്കേജിംഗ് രീതികൾ ഉപയോഗപ്പെടുത്തുന്നതിനും ഭക്ഷ്യ സുരക്ഷ മാനദണ്ഡങ്ങൾ സ്വീകരിക്കുന്നതിനും ഉൽപന്നത്തിന് ലക്ഷ്യമിടുന്ന ഗുണനിലവാരം പുലർത്തുന്നതിനും അവരെ പ്രാപ്തരാക്കുന്നതിന് സാങ്കേതിക വിദ്യ പ്രദർശനം ഉൾപ്പെട്ട പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നത്. കൂടാതെ, നേതൃത്വഗുണം വളർത്തുക, വിപണന നിർദ്ദേശങ്ങൾ നൽകുക, ഭക്ഷ്യ സംസ്ക്കരണ വ്യവസായങ്ങളിൽ അവലംബിക്കുന്ന ഗുണമേന്മ നിയന്ത്രണവും ഗുണനിലവാര നിയന്ത്രണ രീതികളും പരിചയപ്പെടുത്തുക എന്നതും പരിശീലനത്തിന്റെ ഉദ്ദേശ്യമാണ്.

ബോർഡിന്റെ ആലുവയിലെ വാഴക്കുളത്തുള്ള പരിശീലന കേന്ദ്രത്തിലാണ് പരിശീലന പരിപാടികൾ നടത്തുന്നത്. ഇവിടെ പ്രധാനമായും മൂന്ന് തരം പരിശീലന പരിപാടികളാണുള്ളത്.

1. നാളികേരത്തിൽ നിന്ന് അനായാസം തയ്യാറാക്കാവുന്ന ഭക്ഷണ (convenience foods) ങ്ങളുടെ നിർമ്മാണത്തിനും കരിക്കിന്റെ ലഘു സംസ്ക്കരണത്തിനുമുള്ള ഏകദിന പരിശീലനം.



*നാളികേര ചിപ്സ് തയ്യാറാക്കുന്നതിൽ പരിശീലനം*

2. തേങ്ങവെള്ളം ഉപയോഗിച്ച് വിനാഗിരി നിർമ്മിക്കുന്നതിനുള്ള രണ്ടു ദിവസത്തെ പരിശീലനം.
3. സ്വാശ്രയ സംഘങ്ങളുടേയും ക്ലസ്റ്ററുകൾ/ കർഷക സംഘടനകളുടേയും നാളികേരോത്പാദക സംഘങ്ങൾ/ ഫെഡറേഷനുകൾ/ സർക്കാരേതര സംഘടനകൾ തുടങ്ങിയവയുടെയും ഭാരവാഹികൾക്കും കൃഷി ആഫീസർമാർക്കും നാല് ദിവസം ദൈർഘ്യമുള്ള പരിശീലനം.

തേങ്ങ ചിപ്സ്, കോക്കനട്ട് ബിസ്ക്കറ്റ്, തേങ്ങ ബർഫി, തേങ്ങ ലഡ്ഡു, തേങ്ങ അച്ചാർ, തേങ്ങ ജാം, തേങ്ങ ചോക്ലേറ്റ്, തേങ്ങ വെള്ളം ഉപയോഗിച്ചുള്ള ലമണേഡ്, ചമ്മന്തിപ്പൊടി, ലഘുവായി സംസ്ക്കരിച്ച കരിക്ക്, തേങ്ങവെള്ളത്തിൽ നിന്ന് വിനാഗിരി എന്നിവ നിർമ്മിക്കാനാണ് പരിശീലനം നൽകുന്നത്.

ബോർഡിന്റെ സാങ്കേതികവിദ്യ പ്രദർശന കേന്ദ്രത്തിൽ താഴെപ്പറയുന്ന നാളികേര സംസ്ക്കരണ പരിശീലന പരിപാടികളാണ് 2012-13 സാമ്പത്തിക വർഷത്തിൽ നടന്നത്.

### നാളികേരത്തിൽ നിന്ന് അനായാസം തയ്യാറാക്കാവുന്ന ഭക്ഷണ നിർമ്മാണത്തിൽ പരിശീലനം

ഒരു ദിവസത്തെ പരിശീലന പരിപാടിയിൽ നാളികേരത്തിൽ നിന്ന് അനായാസം നിർമ്മിക്കാവുന്ന മൂന്ന് ഭക്ഷ്യോൽപന്നങ്ങളായ നാളികേര ചിപ്സ്, നാളികേര ബിസ്ക്കറ്റ് / നാളികേര ചോക്ലേറ്റ് / നാളികേര ബർഫി/ തേങ്ങവെള്ളം ഉപയോഗിച്ച് ലമണേഡ് എന്നിവയുടെ ഉത്പാദന പ്രക്രിയയാണ് ഉൾപ്പെടുന്നത്. ഭക്ഷ്യോൽപന്നങ്ങൾ പായ്ക്ക് ചെയ്യുന്ന വിധവും ഗുണനിലവാര നിയന്ത്രണവും ഭക്ഷ്യ സുരക്ഷ നിയന്ത്രണ രീതികളും നാളികേരോൽപന്നങ്ങളുടെ സംസ്ക്കരണത്തിനും വിപണനത്തിനും ബോർഡ് നൽകുന്ന സാങ്കേതിക, സാമ്പത്തിക സഹായവും പാഠ്യപദ്ധതിയിൽ ഉൾപ്പെടുന്നു. ഈ വർഷം കേരളം, തമിഴ്നാട്, മഹാരാഷ്ട്ര എന്നിവിടങ്ങളിൽ നിന്നുള്ള 550 പേർ പങ്കെടുത്ത 31 പരിശീലന പരിപാടികളാണ് സംഘടിപ്പിച്ചത്.

### നാളികേര വിനാഗിരി നിർമ്മാണത്തിൽ പരിശീലനം

രണ്ട് ദിവസം ദൈർഘ്യമുള്ള പ്രസ്തുത പരിശീലന പരിപാടിയിൽ തേങ്ങവെള്ളത്തിൽ നിന്ന് വിനാഗിരി നിർമ്മിക്കുന്ന പ്രക്രിയയിലാണ് പരിശീലനം നൽകുന്നത്. ഈ പരിശീലന പരിപാടിയിലും ഭക്ഷ്യോൽപന്നങ്ങൾ പായ്ക്ക് ചെയ്യുന്ന വിധവും ഗുണനിലവാര നിയന്ത്രണവും ഭക്ഷ്യ സുരക്ഷ നിയന്ത്രണ രീതികളും നാളികേരോൽപന്നങ്ങളുടെ സംസ്ക്കരണത്തിനും വിപണനത്തിനും ബോർഡ് നൽകുന്ന സാങ്കേതിക, സാമ്പത്തിക സഹായങ്ങളും ഉൾപ്പെടുന്നു. 2012-13ൽ 16 പരിശീലന പരിപാടികളാണ് നടന്നത്. കേരളത്തിൽ നിന്നും തമിഴ്നാട്ടിൽ നിന്നും 285 പേർ പങ്കെടുത്തു.

### കരിക്കിന്റെ ലഘു സംസ്ക്കരണത്തിൽ പരിശീലനം

കരിക്കിന്റെ ലഘു സംസ്ക്കരണം ഏകദിന പരിശീലനമാണ്. കരിക്കിന്റെ ലഘു സംസ്ക്കരണ രീതിയിലാണ് പരിശീലനം നൽകുന്നത്. ഗുണനിലവാര നിയന്ത്രണവും ഭക്ഷ്യസുരക്ഷ നിയന്ത്രണ രീതികളും നാളികേരോൽപന്നങ്ങളുടെ സംസ്ക്കരണത്തിനും വിപണനത്തിനും ബോർഡ് നൽകുന്ന സാങ്കേതിക, സാമ്പത്തിക സഹായങ്ങളും ഈ പരിശീലന പരിപാടിയിൽ ഉൾപ്പെടുന്നു. കഴിഞ്ഞ സാമ്പത്തിക വർഷം 10 പരിശീലന പരിപാടികൾ നടന്നതിൽ കേരളത്തിൽ നിന്നുള്ള 45 പേർ പങ്കെടുത്തു.

# വിത്ത് ഗുണം പത്ത് ഗുണം

**ദീപ്തി ആർ**
*ടെക്നിക്കൽ ഓഫീസർ, നാളികേര വികസന ബോർഡ്, കൊച്ചി*


*തെങ്ങിൻതൈ നഴ്സറി*

'വിത്തുഗുണം പത്ത് ഗുണം' എന്ന പഴമൊഴി കേരകൃഷിയിൽ അക്ഷരാർത്ഥത്തിൽ പ്രാധാന്യമർഹിക്കുന്നു. തെങ്ങ് നട്ട് വർഷങ്ങളോളം വിളവ് തരുമ്പോൾ നടീൽ വസ്തുവിന്റെ തിരഞ്ഞെടുപ്പ് അതീവ ശ്രദ്ധയർഹിക്കുന്ന ഘടകമാണ്. രോഗ പ്രതിരോധ ശേഷിയുള്ള, നീണ്ടകാലം കനത്ത വിളവ് തരുന്ന തെങ്ങിൻ തൈകൾ ഉത്പാദിപ്പിക്കേണ്ടത് നാളികേര വികസന ബോർഡിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളിൽ ഒന്നാമതാണ്. ഇതിനായി ബോർഡ് നേരിട്ടും വിവിധ സംസ്ഥാന സർക്കാരുകൾ വഴിയും നടീൽ വസ്തുക്കളുടെ ഉത്പാദനം നടത്തുന്നു. പ്രാദേശിക നഴ്സറികൾ സ്ഥാപിക്കൽ, സങ്കരയിനം തൈകളുടെ ഉത്പാദനം, പ്രദർശന വിത്തുത്പാദന തോട്ടങ്ങളിലൂടെയുള്ള ഉത്പാദനം, സ്വകാര്യ വിത്തുത്പാദന തോട്ടങ്ങൾക്കും നഴ്സറികൾക്കുമുള്ള സഹായങ്ങൾ എന്നിവ അവയിൽ ചിലത് മാത്രമാണ്. മുൻവർഷങ്ങളെ അപേക്ഷിച്ച് ഈ പദ്ധതികളിൽ കൂടുതൽ ലക്ഷ്യങ്ങൾ കൈവരിച്ച വർഷമാണ് കടന്നു പോകുന്നത്. 2012-13 സാമ്പത്തിക വർഷത്തിൽ നടീൽ വസ്തുക്കളുടെ ഉത്പാദനത്തിൽ ബോർഡിന്റെ പ്രവർത്തനഫലമായി കൈവരിച്ച നേട്ടങ്ങളാണ് ഈ ലേഖനത്തിൽ.

**പ്രാദേശിക നഴ്സറികൾ**

കേരളം, തമിഴ്നാട്, ഒഡീഷ, ഗുജറാത്ത്, ആന്ധ്രപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളിലാണ് ഈ പദ്ധതി നടപ്പിലാക്കിയത്. ഏതാണ്ട് 6 ലക്ഷം തെങ്ങിൻ തൈകൾ ഉത്പാദിപ്പിക്കാനായി 79.57 ലക്ഷം രൂപയാണ് ചിലവാക്കിയത്. ഈ പദ്ധതി വിവിധ സംസ്ഥാന ഗവൺമെന്റുകളുടെ കൂടി തുല്യ പങ്കാളിത്തത്തോടെയാണ് നടപ്പിലാക്കിയത്.

**വിവിധ സങ്കരയിനങ്ങളുടെ ഉത്പാദനം**

സംസ്ഥാന സർക്കാരുകളുടെ തുല്യപങ്കാളിത്തത്തോടെ വിവിധ സംസ്ഥാനങ്ങളിലായി സ്ഥാപിച്ചിട്ടുള്ള സങ്കരതൈ ഉത്പാദന യൂണിറ്റുകളിലൂടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. വിവിധ യൂണിറ്റുകളിലായി 2.80 ലക്ഷം രൂപ കേരളം, കർണ്ണാടക, തമിഴ്നാട് തുടങ്ങിയ കേരകൃഷി വ്യാപകമായുള്ള സംസ്ഥാനങ്ങൾക്ക് വിതരണം ചെയ്യുകയുണ്ടായി.

**സ്വകാര്യ വിത്തുത്പാദന തോട്ടങ്ങളും നഴ്സറിയും**

സർക്കാർ വിത്തുത്പാദന തോട്ടങ്ങളും, നാളികേര വികസന ബോർഡ് പ്രദർശന വിത്തുത്പാദന തോട്ടങ്ങളും, കാർഷിക ഗവേഷണ സ്ഥാപനങ്ങളും വിവിധയിനം തെങ്ങിൻ തൈകൾ ഉത്പാദിപ്പിക്കുന്നുണ്ടെങ്കിലും നല്ലയിനം തൈകൾക്ക് ക്ഷാമം അനുഭവപ്പെടുന്നുണ്ട്. ഇതിനൊരു പരിഹാരമായാണ് സ്വകാര്യ മേഖലയിൽ നല്ലയിനം തൈകൾ ഉത്പാദിപ്പിക്കാൻ ബോർഡ് സഹായം നൽകുന്നത്.


*ബോർഡ് ധനസഹായം നൽകിയ സ്വകാര്യ നഴ്സറി*


*വർഗ്ഗ സങ്കരണ പ്രവർത്തനം*

പോയവർഷം പത്ത് പുതിയ സ്വകാര്യ നഴ്സറികളും 3 സ്വകാര്യ വിത്തുത്പാദന തോട്ടങ്ങളുമാണ് സ്ഥാപിക്കപ്പെട്ടത്. ചെറിയ നഴ്സറികൾക്ക് അര ലക്ഷം മുതൽ രണ്ട് ലക്ഷം രൂപ വരെ സബ്സിഡി ലഭിക്കുന്നുണ്ട്.

ആറ് നഴ്സറികൾക്ക് രണ്ടാം വർഷവും സബ്സിഡി നൽകുകയുണ്ടായി. കൂടാതെ മൂന്ന് പുതിയ സ്വകാര്യ തോട്ടങ്ങളും സ്ഥാപിച്ചു. പുതിയ പത്ത് നഴ്സറികളിൽ 5 എണ്ണം കേരളത്തിലെ തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, പാലക്കാട്, കണ്ണൂർ ജില്ലകളിലാണ്.

**ബോർഡിന്റെ പ്രദർശന വിത്തുത്പാദന തോട്ടങ്ങൾ**

ബോർഡിന്റെ പ്രദർശന വിത്തുത്പാദന തോട്ടങ്ങൾ ഏഴ് സംസ്ഥാനങ്ങളിലായി സ്ഥാപിച്ചിട്ടുണ്ട്. പ്രദർശന വിത്തുത്പാദന തോട്ടങ്ങളിൽ 8 ലക്ഷത്തിനു മുകളിൽ തെങ്ങിൻതൈകളാണ് ഉത്പാദിപ്പിച്ചത്. കൂടാതെ, ഇടവിളകൃഷിയും ശാസ്ത്രീയ തെങ്ങു പരിപാലനവും കർഷകർക്ക് പരിചയപ്പെടുത്തുന്ന പ്രവർത്തനവും തുടർന്നു വന്നു. കൂടാതെ തെങ്ങുകൃഷി സംബന്ധിച്ച വിവിധയിനം പരിശീലനങ്ങളും നടപ്പിലാക്കി. ഇവയിൽ പ്രധാനപ്പെട്ടത് ഒരു



*ബോർഡിന്റെ നേര്യമംഗലം പ്രദർശനത്തോട്ടത്തിൽ വിത്തുതേങ്ങ പാകൽ പുരോഗമിക്കുന്നു*

മാസം നീളുന്ന വർഗ്ഗസങ്കരണ പരിശീലനം, കേരോൽപന്ന നിർമ്മാണം തുടങ്ങിയവയാണ്.

2012-13 വർഷത്തിൽ പ്രസ്തുത പദ്ധതികളിലൂടെ മാത്രമായി ഉത്പാദിപ്പിച്ചത് 25 ലക്ഷത്തോളം തെങ്ങിൻ തൈകളാണ്. ഗുണമേന്മയേറിയ ഈ തൈകൾ 15000 ത്തോളം ഹെക്ടർ സ്ഥലത്ത് പുതുകൃഷിയ്ക്കോ പുനർ നടീലിനോ തികയുന്നതാണ്. ഇത്തരത്തിൽ കൂടുതൽ സ്ഥലത്ത് തെങ്ങ് കൃഷി വ്യാപിപ്പിച്ചുകൊണ്ടും നല്ലയിനം തൈകൾ ഉത്പാദിപ്പിച്ചുകൊണ്ടും ഭാവി കേരമേഖലയെ സുരക്ഷിതമാക്കാൻ ബോർഡിന്റെ പ്രവർത്തനങ്ങൾക്ക് കഴിയുമെന്ന് പ്രതീക്ഷിക്കാം. കഴിഞ്ഞു പോയ വർഷം ഈ നല്ല നാളെയ്ക്കുള്ള തുടക്കം മാത്രമാണ്.


## ഏജന്റുമാരെ ആവശ്യമുണ്ട്

| | വാർഷിക വരിസംഖ്യ | ആയുഷ്കാല വരിസംഖ്യ (30 വർഷത്തേക്ക്) |
|---|---|---|
| 1. **ഇൻഡ്യൻ കോക്കനട്ട് ജേണൽ** (മാസിക - ഇംഗ്ലീഷ്) | **60 ക.** | **1600 ക.** |
| സ്ഥാപനങ്ങൾക്കും ലൈബ്രറികൾക്കും | **200 ക.** | **5000 ക.** |
| 2. **ഇൻഡ്യൻ നാളികേര ജേണൽ** (മാസിക - മലയാളം) | **40 ക.** | **1000 ക.** |
| 3. **ഭാരതീയ നാരിയൽ പത്രിക** (ത്രൈമാസികം - ഹിന്ദി) | **40 ക.** | **1000 ക.** |
| 4. **ഭാരതീയ തെങ്ങു പത്രിക** (ത്രൈമാസികം - കന്നഡ) | **40 ക.** | **1000 ക.** |
| 5. **ഇന്തിയ തെന്നൈ ഇതൾ** (ത്രൈമാസികം - തമിഴ്) | **40 ക.** | **1000 ക.** |

ശാസ്ത്രീയ തെങ്ങുകൃഷി, നാളികേര സംസ്ക്കരണ-വിപണന രീതികൾ, വിവിധ കേരോല്പന്നങ്ങളുടെ ഉപയോഗങ്ങൾ മുതലായവയെപ്പറ്റി പ്രതിപാദിക്കുന്ന മേൽപറഞ്ഞ ജേണലുകൾക്ക് വാർഷിക വരിക്കാരെ ചേർക്കുന്നതിന് കമ്മീഷൻ വ്യവസ്ഥയിൽ ഏജന്റുമാരെ ആവശ്യമുണ്ട്. 10 വരിക്കാരെ ചേർത്ത് ഏജന്റാകാം. എജന്റിന് 25 ശതമാനം കമ്മീഷൻ ലഭിക്കും.

**വരിക്കാരുടെ മേൽവിലാസത്തിൽ പിൻകോഡ് എഴുതിയിരിക്കണം**

*കൂടുതൽ വിവരങ്ങൾക്കും ഏജൻസി വ്യവസ്ഥകൾക്കും*

*താഴെ കാണുന്ന വിലാസത്തിൽ അപേക്ഷിക്കുക.*

**ചെയർമാൻ, നാളികേര വികസന ബോർഡ്, കേരഭവൻ, കൊച്ചി - 682 011.**

# കൊമ്പൻചെല്ലിയെ തുരത്താൻ പരിസ്ഥിതി സൗഹൃദമാർഗ്ഗങ്ങൾ

**രവിന്ദ്രൻ പാട്ടാളി, കെ. സുബാഹരൻ**
*കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനം, കാസറഗോഡ്*

തെങ്ങുകൾക്ക് നാശം വരുത്തുന്ന കീടങ്ങളിൽ പ്രധാനിയാണ് കൊമ്പൻചെല്ലി. കാലങ്ങളായി ഇവയെ നിയന്ത്രിക്കാൻ ഉപയോഗിച്ചു വന്ന പല കീടനാശിനികളും പരിസ്ഥിതിക്ക് ഹാനികരമായതിനാൽ വിപണിയിൽ ലഭ്യമല്ലാതെയായിരിക്കുന്നു. അതുകൊണ്ട് തന്നെ കീടങ്ങളെ ഫലപ്രദമായി നിയന്ത്രിക്കാനും നല്ല കായ്ഫലം തരുന്ന തെങ്ങുകളെ പോലും യഥാസമയം കീടബാധയിൽ നിന്നും രക്ഷിച്ചെടുക്കാനും കർഷകന് സാധിക്കാതെ വരുന്ന ഒരു സ്ഥിതിവിശേഷം നിലവിലുണ്ട്. ഇത്തരമൊരു സാഹചര്യത്തിലാണ് പരിസ്ഥിതി സൗഹൃദപരവും അനായാസവുമായ നിയന്ത്രണ മാർഗ്ഗങ്ങളുടെ പ്രാധാന്യം ചർച്ച ചെയ്യപ്പെടുന്നത്. രാസകീടനാശിനികളുടെ ഉപയോഗം പരമാവധി ഒഴിവാക്കി, നാട്ടറിവുകളും ജൈവിക നിയന്ത്രണവും ഉൾപ്പെടുത്തിയുള്ള സംയോജിത കീട നിയന്ത്രണ മാർഗ്ഗങ്ങളാണ് ഇനിയങ്ങോട്ട് തെങ്ങ് കർഷകരുടെ മുന്നിലുള്ള പോംവഴി. ചെല്ലികളെ നിയന്ത്രിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ അവലംബിക്കുന്നതിന് മുമ്പായി, ഈ വണ്ടുകളെക്കുറിച്ചും തെങ്ങിൽ അവയുടെ ആക്രമണ ലക്ഷണങ്ങൾ എങ്ങനെ തിരിച്ചറിയാമെന്നത് സംബന്ധിച്ചും മനസ്സിലാക്കുന്നത് ഉചിതമാവും.

ചാണകക്കുഴികൾ, കമ്പോസ്റ്റ്, ദ്രവിച്ചു തുടങ്ങിയ തെങ്ങ്, മറ്റു പനവർഗ്ഗങ്ങളുടെ കുറ്റികൾ, ചകിരിച്ചോർ എന്നു വേണ്ട ഒട്ടുമിക്ക ചീഞ്ഞളിഞ്ഞ ജൈവ വസ്തുക്കളിലും ഇവ മുട്ടയിട്ട് പെരുകുന്നു. മുട്ടവിരിഞ്ഞിറങ്ങുന്ന ചെറിയ പുഴുക്കൾ ചീഞ്ഞു തുടങ്ങിയ ജൈവ വസ്തുക്കൾ ഭക്ഷിച്ചു കൊഴുത്തു വളരുന്നു. വടക്കൻ കേരളത്തിൽ ഈ പുഴുക്കൾ ചിങ്ങൻപുഴു എന്നും തെക്ക് കുണ്ടാളപ്പുഴുവെന്നും അറിയപ്പെടുന്നു (ചിത്രം-1). ഇളം മഞ്ഞ നിറത്തിൽ 'C' ആകൃതിയോടുകൂടിയ വണ്ണമേറിയ പുഴുക്കൾ 3-4 ആഴ്ചകളോളം സമാധിയിരുന്ന ശേഷം കറുത്തവണ്ടുകളായി (കൊമ്പൻചെല്ലി) തെങ്ങിൻ മണ്ടയിൽ



ചിത്രം-1



ചിത്രം-2

നാശം വിതയ്ക്കാനെത്തുന്നു (ചിത്രം-2). വണ്ടുകൾ തന്റെ തലയിലെ കൂർത്ത കൊമ്പും വദനഭാഗങ്ങളും ഉപയോഗിച്ച് തെങ്ങിന്റെ തിരിയോല (നാമ്പോല) യിൽ തുളച്ചു കയറി മൃദുല ഭാഗങ്ങൾ ചവച്ചരച്ച് തിന്നുന്നു. തൽഫലമായി തിരിയോലകൾ വിരിഞ്ഞുവരുമ്പോൾ കത്രിക കൊണ്ട് കൃത്യമായി മുറിച്ചത് പോലെ ത്രികോണാകൃതിയിൽ ഓലക്കാലുകൾ മുറിഞ്ഞു തൂങ്ങിക്കിടക്കുന്നതായി കാണാം (ചിത്രം-3). പലപ്പോഴും വിരിയാറായ ഇളം



ചിത്രം-3

പൂങ്കുലകളും തുരന്ന് നശിപ്പിക്കുന്നതിനാൽ വിള നഷ്ടം ഉണ്ടാകുന്നു.

ഓലക്കവിളുകളിൽ വണ്ട് ചവച്ചുതു



ചിത്രം-4

പ്പിയ ചണ്ടി തങ്ങി നില്ക്കുന്നതും കാണാം (ചിത്രം-4). പൊതുവെ എല്ലാ കാലാവസ്ഥകളിലും ഈ വണ്ടിന്റെ ആക്രമണം ഉണ്ടാകാറുണ്ടെങ്കിലും മഴക്കാലത്ത് ശല്യം കൂടുതലാണെന്ന് കണ്ടിട്ടുണ്ട്. കൊമ്പൻചെല്ലിയുണ്ടാക്കിയ മുറിവുകളിലൂടെ കൂടുതൽ വിനാശകാരിയായ ചെമ്പൻചെല്ലിയും കൂമ്പുചീയലുണ്ടാക്കുന്ന കുമിളുകളും പ്രവേശിക്കാനിടയുണ്ട്. അതുകൊണ്ട് തന്നെ തെങ്ങ് സംരക്ഷണത്തിൽ കൊമ്പൻ ചെല്ലിയുടെ നിയന്ത്രണത്തിന് വളരെ പ്രാധാന്യം കൊടുത്തേമതിയാവൂ.

താഴെ പറയുന്ന കാര്യങ്ങൾ കാര്യക്ഷമമായി നടപ്പാക്കുകയാണെങ്കിൽ തീർച്ചയായും കൊമ്പൻചെല്ലിയുടെ ശല്യം വലിയൊരു പരിധി വരെ കുറയ്ക്കാനാവും.

- ചെല്ലിയുടെ പ്രജനനം നടക്കുന്ന സ്ഥലങ്ങളിൽ നിന്നു തന്നെയാവണം നിയന്ത്രണമാർഗ്ഗങ്ങൾ തുടങ്ങേണ്ടത്. മണ്ടമറിഞ്ഞു ഉണങ്ങി ദ്രവിച്ച തെങ്ങിൻ തടികളും കുറ്റികളും, തീയിട്ടു നശിപ്പിക്കുകയും ചീഞ്ഞളിഞ്ഞ ജൈവ വസ്തുക്കൾ നീക്കം ചെയ്യുകയും വേണം. കഴിയുന്നതും കാലിവളവും കമ്പോസ്റ്റും വേനൽക്കാലത്ത് ഉണക്കി സൂക്ഷിക്കാവുന്നതാണ്. ഈർപ്പമില്ലെങ്കിൽ പുഴുക്കൾ വളരില്ല.

- തെങ്ങിൻ തോപ്പിൽ മണ്ണിരകമ്പോസ്റ്റോ, ചാണകക്കുഴികളോ ഉണ്ടെങ്കിൽ അവ വലയിട്ട് നന്നായി മൂടി വയ്ക്കണം.



ചിത്രം-5

(വലയുടെ കണ്ണികൾക്കിടയിലൂടെ വണ്ടുകൾക്ക് പുറത്തേക്ക് വരാൻ കഴിയാത്ത തരത്തിലുള്ള വലകൾ ഉപയോഗിക്കാൻ ശ്രദ്ധിക്കണം) (ചിത്രം-5).

- കാലിവളക്കുഴിയിൽ, ഒരുവേരൻ (പെരുവലം) എന്ന കാട്ടുചെടി പിഴുത് ചേർക്കുന്നത് ഗുണകരമാണ്. ഈ ചെടിയിൽ അടങ്ങിയിട്ടുള്ള രാസവസ്തുക്കൾ ചാണകത്തോടൊപ്പം ഭക്ഷിക്കാനിടവരുന്ന പുഴുക്കളിൽ വളർച്ചാ ഹോർമോണുകളുടെ പ്രവർത്തനം തടസ്സപ്പെടുകയും ജീവിത ചക്രം യഥാസമയം പൂർത്തിയാക്കാൻ കഴിയാതെ പുഴുക്കൾ ചത്തൊടുങ്ങുകയും ചെയ്യുന്നു (ചിത്രം -6).



ചിത്രം-6

■ തെങ്ങിന്റെ മണ്ടയിൽ നിന്ന് ചെല്ലിക്കോലുപയോഗിച്ച് വണ്ടുകളെ കുത്തിയെടുക്കുകയാണ് മറ്റൊരു മാർഗ്ഗം. പ്രായം കുറഞ്ഞ തൈ തെങ്ങുകളിൽ ഈ മാർഗ്ഗം വളരെ എളുപ്പത്തിൽ കൃഷിക്കാരന് തന്നെ ചെയ്യാൻ കഴിയും. അതിനായി പഴയ കുടക്കമ്പിയോ, നേരിയ ഇരുമ്പ് കമ്പിയോ അറ്റം കൂർപ്പിച്ച് കൊളുത്തുപോലെയാക്കി ഉപയോഗിക്കാം (ചിത്രം-7). തെങ്ങിൻ തൈകളിലാണ് വണ്ടുകളുടെ ആക്രമണം കൂടുതലായും കണ്ടുവരുന്നത്. കൂമ്പോലയുടെ ചുവടു ഭാഗത്ത് വണ്ടുകൾ ചവച്ചു



ചിത്രം-7

തുപ്പിയ ചണ്ടി പുറത്തേക്ക് തള്ളി നില്ക്കുന്നതായി കാണാം. ഇത്തരം ചണ്ടികൾ ഈർപ്പമുള്ളവയാണെങ്കിൽ ദ്വാരത്തിനകത്ത് വണ്ട് കാണുമെന്ന് ഉറപ്പിക്കാം. അത്തരം ദ്വാരങ്ങളിലൂടെ ചെല്ലിക്കോൽ കടത്തി നാമ്പോലകൾക്ക് കൂടുതൽ കേടു വരാത്ത വിധം വണ്ടിനെ കുത്തിയെടുത്ത് നശിപ്പിക്കാം. അതിനുശേഷം ദ്വാരങ്ങൾ മൂന്ന് ഗ്രാം മാങ്കോസെബ് (ഇൻഡോഫിൽ) എന്ന കുമിൾനാശിനി മണലുമായി ചേർത്ത് അടയ്ക്കേണ്ടതാണ്. കുമ്പു ചീയൽ വരാതിരിക്കാനുള്ള മുൻകരുതലായാണിത് ചെയ്യുന്നത്.

■ ഇതിന് പുറമെ വികർഷണ വസ്തുക്കൾ തെങ്ങിൻ മണ്ടയിൽ നിക്ഷേപിച്ച് ചെല്ലികളെ അകറ്റി നിർത്താനുള്ള നാടൻ വിദ്യയും പ്രയോഗിച്ച് നോക്കാം. കാൽ കിലോ വീതം വേപ്പിൻ പിണ്ണാക്കും മണലും കലർത്തിയ മിശ്രിതം തിരിയോലക്ക് ചുറ്റുമുള്ള ഓലക്കവിളുകളിലിട്ടു കൊടുക്കുക. അല്ലെങ്കിൽ പാറ്റാ ഗുളിക 12 ഗ്രാം (3-4 എണ്ണം) ഇട്ടുകൊടുത്ത് മണൽ കൊണ്ട് മൂടുക. ഒന്നരമാസത്തിനു ശേഷം വീണ്ടും ആവർത്തിക്കുക.

ജൈവീക നിയന്ത്രണ മാർഗ്ഗങ്ങളാണ് അടുത്തത്. പുഴുക്കളേയും പ്യൂപ്പകളേയും നശിപ്പിക്കുന്ന മെറ്റാറൈസിയം എന്ന പച്ച കുമിളും (ചിത്രം -8). പുഴുക്കളേയും വണ്ടുകളേയും രോഗഗ്രസ്തരാക്കുന്ന വിഷാണുക്കളായ ബാക്കുലോ വൈറസും ആണിവ. ഒരൽപം ശ്രദ്ധയും സാങ്കേതിക പരിജ്ഞാനവുമുണ്ടെങ്കിൽ കർഷകന് തന്നെ ഇത്തരം കുമിളുകളേയും വൈറസുകളേയും വളർത്തിയെടുത്ത് കീടനിയന്ത്രണത്തിനായി ഉപയോഗിക്കാം. നാം പാഴാക്കിക്കളയുന്ന തേങ്ങാവെള്ളമോ, വാട്ടുകപ്പയും തവിടും കലർന്ന മിശ്രിതമോ ഉപയോഗപ്പെടുത്തിയാണ് മെറ്റാറൈസിയം അനിസോപ്ലിയ (*Metarhizium anisoplea*) എന്ന ശാസ്ത്ര നാമമുള്ള സൂക്ഷ്മ ജീവിയായ പച്ചക്കുമിളിനെ വൻതോതിൽ വളർത്തിയെടുക്കുന്നത്.

അടുത്തുള്ള ജൈവിക നിയന്ത്രണ ലാബുകളിൽ നിന്ന് കുമിൾ വിത്തടങ്ങിയ കൾച്ചർ സംഘടിപ്പിക്കുകയാണ് ആദ്യം ചെയ്യേണ്ടത്. തുടർന്ന് അര ലിറ്റർ വ്യാപ്തിയുള്ളതും പരന്ന ആകൃതിയുള്ളതുമായ കുപ്പികൾ നന്നായി കഴുകി വൃത്തിയാക്കി



ചിത്രം-8

അതിൽ പകുതി ഭാഗം തേങ്ങാവെള്ളമോ, കപ്പ-തവിട് മിശ്രിതമോ ഒഴിച്ച ശേഷം പഞ്ഞി കൊണ്ടുണ്ടാക്കിയ അടപ്പു കൊണ്ട് മൂടുക. പ്രഷർകുക്കറിൽ വെച്ച് ഈ കുപ്പികൾ അണുവിമുക്തമാക്കുകയാണ് അടുത്തപടി. ഇത്തരത്തിൽ അണുവിമുക്തമാക്കിയ കുപ്പികളുടെ കഴുത്ത് ഭാഗം അൽപം ഉയർത്തി ചെരിച്ചുവെക്കുക. കുപ്പികളുടെ അടപ്പുതുറന്ന് അണുവിമുക്തമാക്കിയ സൂചി ഉപയോഗിച്ച് പച്ചക്കുമിളിന്റെ വിത്തുകളടങ്ങിയ കൾച്ചർ കുറച്ച് ഇട്ടുകൊടുത്ത് വീണ്ടും അടച്ച് വെക്കുക. ഈ പ്രക്രിയ മുഴുവൻ അണുവിമുക്തമായിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കണം.

ഏതാനും ദിവസങ്ങൾക്കുള്ളിൽ തേങ്ങാവെള്ളത്തിനു മുകളിൽ ആദ്യം വെളുത്ത നിറത്തിലും തുടർന്ന് പച്ച നിറത്തിലുമുള്ള പാട രൂപപ്പെടുന്നത് കാണാം. ഇതിൽ ആയിരക്കണക്കിന് കുമിൾ വിത്തുകൾ ഉണ്ടായിരിക്കും. ഇത്തരത്തിൽ സംവർദ്ധനം നടത്തിയ കൾച്ചർ വീണ്ടും തേങ്ങാവെള്ളം ചേർത്ത് നേർപ്പിച്ച ശേഷം (250 മില്ലി കൾച്ചറിന് 750 മില്ലി തേങ്ങാ വെള്ളം) ഒരുഘനമീറ്റർ ജൈവ വസ്തുക്കൾക്ക് 1 ലിറ്റർ എന്ന തോതിൽ തളിച്ചു കൊടുക്കാം. 5:10 എന്ന തോതിൽ കുമിൾ വിത്തുകൾ ഉണ്ടായിരിക്കണം. ഒരു പ്രാവശ്യം തളിച്ചുകൊടുത്താൽ രണ്ട് വർഷം വരെ പച്ചക്കുമിൾ വിത്തുകൾ സജീവമായിരിക്കും. ഈർപ്പമുള്ള സാഹചര്യങ്ങളിൽ ഇവ കൊമ്പൻചെല്ലിയുടെ പുഴുക്കളേയും വണ്ടുകളേയും ബാധിക്കുന്നു. വിവിധ ജില്ലകളിലുള്ള കൃഷിവിജ്ഞാന കേന്ദ്രങ്ങളിൽ ജൈവിക നിയന്ത്രണത്തിനുള്ള സൂക്ഷ്മാണുക്കളെ വളർത്തിയെടുക്കാനുള്ള പരിശീലന സൗകര്യം ലഭ്യമാണ്.



ചിത്രം-9

അടുത്തതായി ഫെറമോൺ കെണികളുപയോഗപ്പെടുത്തിയുള്ള നിയന്ത്രണ രീതി എന്താണെന്ന് നോക്കാം. തന്റെ സഹകീടങ്ങളെ ആകർഷിക്കുന്നതിനായി വണ്ടുകൾ പുറപ്പെടുവിക്കുന്ന ഒരുതരം രാസവസ്തുവാണ് "ഫെറമോൺ" ഇത്തരം ജൈവ തന്മാത്രകൾ കൃത്രിമമായി നിർമ്മിച്ച് പ്രത്യേകതരം പോളിത്തീൻ സഞ്ചികളിലാക്കിയാണ് കെണി ഒരുക്കുന്നത്. രണ്ട് തരത്തിലുള്ള കെണികൾ പ്രചാരത്തിലുണ്ട് പി.വി.സി പൈപ്പ് കൊണ്ട് നിർമ്മിച്ച കെണിയും പ്ലാസ്റ്റിക് ബക്കറ്റ് കൊണ്ടുള്ളവയും (ചിത്രം-9) . വണ്ടുകളെ കൂടുതലായി ആകർഷിക്കുന്നതിനായി കെണിയോടൊപ്പം ഇളം തെങ്ങിൻ മടലിൻകഷണം, വാഴപ്പഴം/ കൈതച്ചക്ക ചണ്ടി എന്നിവയിലേതെങ്കിലുമോ ഇട്ടു കൊടുക്കുന്നത് നന്നായിരിക്കും.

(ശേഷം 48-ാം പേജിൽ)

# ബിസിനസ്സ് അവസരങ്ങൾ

### ആക്ടിവേറ്റഡ് കാർബണും കോക്കനട്ട് ചാർക്കോൾ ബ്രിക്വറ്റും

റെഡി സ്റ്റോക്ക് / സപ്ലൈ ശേഷി: ഒരു മാസം 40 ടൺ. വിൽപനവില ടണ്ണിന് 340 അമേരിക്കൻ ഡോളർ എഫ്ഓബി. ഗോഡൗണും ഫാക്ടറിയും സന്ദർശിക്കാനുള്ള സൗകര്യം നൽകും. കൂടുതൽ വിവരങ്ങൾക്ക് സന്ദർശിക്കുക:
Mr. Jadmiko
PT. Asmir Agro Prima
Jl. Insinyur Sutami No.3
Makasar
Mobile: +62-82190659999
Email: djadmiko_sby@yahoo.com

### വെർജിൻ വെളിച്ചെണ്ണയും ഉൽപന്നങ്ങളും

ഇന്തോനേഷ്യയിൽ സെൻട്രിഫ്യൂഗൽ പ്രക്രിയയിലൂടെ നിർമ്മിക്കുന്ന വെർജിൻ വെളിച്ചെണ്ണ ആഭ്യന്തര, അന്താരാഷ്ട്ര വിപണികളിൽ ലഭ്യമാണ്. ഹെർബൽ സെന്റ് ബോഡി സോപ്പ്, ഹാൻഡ്, ബോഡി ലോഷൻ, കൊക്കോ-സ്പാ ബോഡി സ്ക്രബ്, സ്പ്രേയ്ഡ് ഫ്ളൂ കെയർ എന്നീ ഉൽപന്നങ്ങളും ലഭ്യമാണ്. താത്പര്യമുള്ളവർ ബന്ധപ്പെടുക.
Mr. Wisnu
CEO Sumber Rejeki Ltd
Indonesia,
Email: sumberkelapaindonesia@yahoo.com
Mobile: 62-818802921
Website: www.thegreencocoisland.net

### ചകിരിച്ചോർ / ചകിരി

തമിഴ്നാട്ടിലെ വൻ കയർ നിർമ്മാണ, കയറ്റുമതി കമ്പനിയായ ആൽവിൻ കയർ പ്രോഡക്ട്സ് ചകിരിച്ചോറും ചകിരിയും കൊണ്ട് നിർമ്മിച്ച ഉൽപന്നങ്ങൾ ആവശ്യാനുസരണം എത്തിച്ചുകൊടുക്കുന്നു. ചകിരിച്ചോർ - 5 കി.ഗ്രാം. പായ്ക്കുകൾ, ചകിരിച്ചോർ ബ്രിക്വറ്റ്, ചകിരിച്ചോർ ഗ്രോ ബാഗ്, തൊണ്ട് ചിപ്സ്, കയർ ഡിസ്ക്, ചകിരി എന്നിവയാണ് ഉൽപന്നങ്ങൾ. താൽപര്യമുള്ളവർ www.allwincoir.com സന്ദർശിക്കുകയോ നേരിൽ ബന്ധപ്പെടുകയോ ചെയ്യുക.
Mr. Alwin
Managing Partner,
Alwin Coir Products
Tuticorin-628210, Tamil Nadu
Tel: 91 4639 227545,
Mobile: 919841727594,
Fax: 91-4639-227690
Email: info@allwincoir.com
Website: www.allwincoir.com

### ചകിരി

ജിടിഎൽ കമ്പനിയ്ക്ക് ചകിരി ആവശ്യമുണ്ട്. താൽപര്യമുള്ളവർ ബന്ധപ്പെടുക.
Ms. Busayawan Santivarangkana
GTL (Thailand) Co., Ltd
227 Soi Suanplu 6,
South Sathorn Road
Thungmahamek, Sathorn
Bangkok 10120, Thailand
Tel: 662-675 4172-8
Fax: 662-675 4170-1
Mobile: 08-1814-1248
Email: busayawan@gtl-thailand.com

### വെളിച്ചെണ്ണ

ഒരു കമ്പനിക്ക് അസംസ്കൃത വെളിച്ചെണ്ണ ആവശ്യമുണ്ട്. താൽപര്യമുള്ളവർ ബന്ധപ്പെടുക.
Mr. Gilberto Hernandez
Jose Paiewonsky e Hijos S.R.L.
Santiago R.D., USA
Tel: 809-5751512 Ext. 240
Fax: 809-5758553
Email: gilberto@josepaiewonsky.com

### തൂൾത്തേങ്ങയും തേങ്ങാപ്പാൽപ്പൊടിയും

വിയറ്റ് ഡെൽറ്റ കോർപ്പറേഷൻ നല്ല ഗുണമേന്മയുള്ള തൂൾത്തേങ്ങയും തേങ്ങാപ്പാൽപ്പൊടിയും മിതമായ വിലയിൽ എത്തിച്ചുകൊടുക്കുന്നു. താൽപര്യമുള്ളവർ ബന്ധപ്പെടുക.
Ms. Susan Nguyen
Export Department, Viet Delta Corp.
20/5 Dinh Bo Linh, Ward 24
Binh Thanh District
Ho Chi Minh City
Vietnam
Tel: 84-8-35114928
Mobile: 84-01689977498
Fax: 84-8-38998085
Email: sales14@vdelta.com.vn

### വെളിച്ചെണ്ണയും തൂൾത്തേങ്ങയും തേങ്ങക്കൊഴുപ്പും

വിയറ്റ്നാം ആസ്ഥാനമായി പ്രവർത്തിക്കുന്ന അഗ്രിറോം എന്ന റൊമാനിയൻ കമ്പനി വെളിച്ചെണ്ണ, തൂൾത്തേങ്ങ, കോക്കനട്ട് ഫാറ്റ് മുതലായ നാളികേരോൽപന്നങ്ങൾ ഇറക്കുമതി ചെയ്യാൻ ആരംഭിക്കുന്നു. താൽപര്യമുള്ളവർ ബന്ധപ്പെടുക.
Ms. Marietta Keri
Sales representative, Vietnam
Tel: 84 (0) 165 931 5073
Email: mariettakeri@agrirom.rot
Website: www.agrirom.ro

### വെള്ളകൊപ്ര

ഇന്തോനേഷ്യയിൽ ഉത്പാദിപ്പിക്കുന്ന വെള്ളകൊപ്ര ഒരു ദിവസം 4 ടൺ എന്ന തോതിൽ കയറ്റുമതി ചെയ്യുന്നതിന് ലഭ്യമാണ്. താൽപര്യമുള്ളവർ ബന്ധപ്പെടുക.
Mr. Mazuki Chen
Jln. Raya Malingping Banyah Km.4
Desa Cilangkahan, Kec. Malingping
Lebak, Banten 42391,
Indonesia
Tel: 62-818123052
Fax: 62-252-508020
Email: marzuki.chen@gmail.com

### തെങ്ങിൻ തടി

ചുവപ്പ് നിറത്തിലുള്ള തെങ്ങിൻതടിയുടേയും കരിമ്പനയുടെ തടിയുടേയും വിതരണക്കാരെ ആവശ്യമുണ്ട്. പലവിധ ഉപയോഗങ്ങൾക്കുള്ള തടികൾ (lumber/timber/squares/ logs/planks) വിവിധ കനത്തിൽ: 20/30/40/50 മില്ലിമീറ്റർ, വീതിയിൽ: 5–15 സെൻറീമീറ്റർ (20 സെ.മീ. വരെയാകാം) സ്ക്വയർ: 5x5, 6x6, 8x8, 10x10 സെ.മീ, നീളം: 1 മീറ്റർ+, സാന്ദ്രത: ഉയർന്നതും ഇടത്തരവും, മികച്ച ഗുണമേന്മ, ഉണക്ക് (AD+KD) താൽപര്യമുള്ളവർ ബന്ധപ്പെടുക.
Mr. Mathias Pfeifhofer,
Email : brainwood@gmx.de

---

*(എപിസിസി പ്രസിദ്ധീകരിക്കുന്ന കോക്കമ്മ്യൂണിറ്റി മാസികയുടെ ഏപ്രിൽ 2013 ലക്കത്തിൽ പ്രസിദ്ധീകരിച്ചത്)*

www.harithabhoomi.com

# ഹരിതഭൂമി

സമ്പൂർണ്ണ ഭക്ഷ്യ – കാർഷിക മാസിക

ജൈവകൃഷിയറിവുകൾ കർഷകരുടെയും കാർഷിക വിദഗ്ധരുടെയും അനുഭവങ്ങളിലൂടെയും നിർദ്ദേശങ്ങളിലൂടെയും പകർന്നു നൽകുകയാണ് ഹരിതഭൂമി. സുസ്ഥിരകൃഷി, സംയോജിത – സമ്മിശ്രകൃഷിമുറകൾ, യന്ത്രവല്ക്കരണം, കർഷക കൂട്ടായ്മകൾ, കാർഷിക സംരംഭകത്വം, ഭക്ഷ്യ സംസ്കരണം, വിപണനം തുടങ്ങിയ വിജ്ഞാന മേഖലകളിലൂടെയുള്ള ഹരിതഭൂമിയുടെ യാത്രയിൽ എല്ലാവർക്കും പങ്കു ചേരാം.

## വരിക്കാരാകാൻ നിങ്ങൾക്കും ഒരു സുവർണ്ണാവസരം

പേര്.......................................................................................

..............................................................................................

വിലാസം .................................................................................

..............................................................................................

പിൻ. .......................................................................................

ഫോൺ .....................................................................................

ഇ-മെയിൽ...............................................................................

..............................................................................................

## വാർഷിക വരിസംഖ്യ ₹ 180/-

വരിക്കാരാകുന്നതിന് ഫൗണ്ടേഷൻ ഫോർ ഓർഗാനിക് അഗ്രികൾച്ചർ ആന്റ് റൂറൽ ഡെവലപ്മെന്റിന്റെ പേരിൽ ☐ മണിഓർഡർ ☐ ഡി.ഡി. ഇതോടൊപ്പം അയക്കുന്നു.

നമ്പർ.............................................. തീയതി...............................................

രൂപ.......................................................ബാങ്ക്............................................

ഡിഡി / വരിസംഖ്യാകൂപ്പണുകൾ അയക്കേണ്ട വിലാസം :
ഫൗണ്ടേഷൻ ഫോർ ഓർഗാനിക് അഗ്രികൾച്ചർ & റൂറൽ ഡവലപ്മെന്റ്
തോട്ടുമുഖം പി.ഒ., ആലുവ – 683 105

Call : 0484 2620850, 9037168714
E-mail : editor@harithabhoomi.com

www.harithabhoomi.com
http://www.facebook.com/groups/241895625896208/




# മെയ് : കേരകർഷകർ എന്തു ചെയ്യണം ?

### കേരളം / ലക്ഷദ്വീപ്

നല്ല വേനൽ മഴ കിട്ടിയാൽ ഈ മാസം തടം തുറക്കാം. തെങ്ങിൻചുവട്ടിൽ നിന്ന് 2 മീറ്റർ അകലത്തിൽ 25 സെ.മീ. ആഴത്തിൽ വേണം തടം തുറക്കേണ്ടത്. പച്ചിലവളവിത്ത് പാകിയിട്ടില്ലാത്ത തടത്തിൽ തടം തുറന്നയുടൻ തന്നെ ഒരു കി.ഗ്രാം കുമ്മായം വിതറുക. മണ്ണിന്റെ അമ്ലാംശം കുറയ്ക്കാനും മൂലകങ്ങളുടെ ആഗിരണം മെച്ചമാകാനും ഇതുപകരിക്കും. രണ്ടാഴ്ച കഴിഞ്ഞ് തടമൊന്നിന് 50 കി.ഗ്രാം ജൈവവളം ചേർക്കണം. കാലിവളം, കമ്പോസ്റ്റ്, കോഴിവളം, പച്ചിലവളം, മണ്ണിരക്കമ്പോസ്റ്റ് എന്നിവയാണ് ജൈവവളങ്ങൾ. ഇവ മണ്ണിന്റെ ഘടന മെച്ചപ്പെടുത്തുകയും പ്രധാന മൂലകങ്ങളും സൂക്ഷ്മ മൂലകങ്ങളും തെങ്ങിന് ലഭ്യമാക്കുകയും ചെയ്യും.

തെങ്ങിൻ തടത്തിൽ ചണമ്പ്, തോട്ടപ്പയർ, കിലുക്കാംതകര എന്നീ പച്ചിലവളച്ചെടികളുടെ വിത്തുകൾ വിതയ്ക്കുക. രണ്ടു പ്രാവശ്യം നിലം ഉഴുതിളക്കിയതിനുശേഷമാണ് വിത്തുകൾ വിതയ്ക്കേണ്ടത്.

വിത്തുതേങ്ങകൾ പാകുന്നതിനുള്ള നഴ്സറി തയ്യാറാക്കുക. ചിതലിന്റെ ഉപദ്രവം ഒഴിവാക്കാൻ മണൽ പ്രദേശങ്ങളാണ് നഴ്സറിക്കു വേണ്ടി തിരഞ്ഞെടുക്കേണ്ടത്. നഴ്സറിക്ക് ഒരുക്കുന്ന സ്ഥലം മണൽ പ്രദേശമല്ലെങ്കിൽ 20-30 സെ.മീ. കനത്തിൽ മണൽ ഇടുക. 0.05 ശതമാനം വീര്യമുള്ള ക്ലോർപൈറിഫോസ് പൊടി വിതറുന്നതും ചിതലിനെ അകറ്റാൻ സഹായിക്കും.

വിത്തുതേങ്ങകൾ പാകാനും ഈ മാസം അനുയോജ്യമാണ്. തവാരണയ്ക്ക് ഒരു മീറ്റർ വീതിയും സൗകര്യം പോലെ നീളവുമാകാം. 30 സെ.മീ. ഇടയകലത്തിൽ വരികളിലായി വിത്തുതേങ്ങ പാകുക. തേങ്ങ പാകിയതിനുശേഷം ഇടയ്ക്കുള്ള സ്ഥലത്ത് മണ്ണിട്ട് മേൽഭാഗം മണൽ നിരത്തണം. മണലിനു മുകളിൽ തണലിനും മണ്ണൊലിപ്പ് തടയുന്നതിനും ഉണങ്ങിയ തെങ്ങോലകൾ വിരിക്കാം. മഴ കുറവാണെങ്കിൽ നനയ്ക്കുക. തേങ്ങ ചരിച്ചോ കുത്തനെയോ പാകാം.

പുതുതായി തൈകൾ നടുന്നതിനു വേണ്ടിയും ഈ മാസം കുഴികൾ തയ്യാറാക്കാം. തൈകൾ തമ്മിലുള്ള അകലം പൊതുവായി ശുപാർശ ചെയ്തിട്ടുള്ളത് 7.5 മീറ്ററാണ്. പശിമരാശി മണ്ണിൽ കുഴിക്ക് ഒരു മീറ്റർ വീതം നീളം, വീതി, ആഴം എന്നിവയുണ്ടാകണം. അടിയിൽ പാറയോടുകൂടിയ വെട്ടുകൽ മണ്ണാണെങ്കിൽ 1.2 X 1.2 X 1.2 മീറ്റർ അളവിൽ നീളവും വീതിയും താഴ്ചയുമുള്ള കുഴികൾ എടുക്കണം. കുഴിയുടെ അടിയിൽ നിന്ന് 60 സെ.മീ. ഉയരത്തിൽ വരെ മേൽമണ്ണും ഉണങ്ങിപൊടിഞ്ഞ ചാണകവും ചാരവും ചേർത്ത് നിറയ്ക്കുക. വെള്ളക്കെട്ടുള്ള സ്ഥലങ്ങളിൽ മൺകൂനകളെടുത്താവണം തൈകൾ നടേണ്ടത്. മണ്ണിടുന്നതിന് മുൻപായി തെങ്ങിൻ കുഴിയുടെ ഏറ്റവും അടിഭാഗത്തായി രണ്ടുനിര ചകിരി മലർത്തി അടുക്കി വയ്ക്കുന്നത് ഈർപ്പം നിലനിർത്താൻ സഹായിക്കുന്നു. ചെങ്കൽ പ്രദേശങ്ങളിൽ രണ്ട് കി. ഗ്രാം കറിയുപ്പ് ഇടുന്നത് മണ്ണിന് അയവ് വരാൻ സഹായകമാണ്.

കൊമ്പൻ ചെല്ലിയെ ചെല്ലിക്കോൽ കൊണ്ട് കുത്തിയെടുത്ത് നശിപ്പിക്കുക. കൊമ്പൻചെല്ലിയുടെ ആക്രമണത്തിന് മുൻകരുതലെന്ന നിലയിൽ തെങ്ങിന്റെ മണ്ട വൃത്തിയാക്കി കൂമ്പോലയ്ക്ക് ചുറ്റുമുള്ള രണ്ടോമൂന്നോ ഓലക്കവിളുകളിൽ പാറ്റഗുളിക 10 ഗ്രാം (4 എണ്ണം) വെച്ച് മണൽ കൊണ്ടുമൂടുകയോ, വേപ്പിൻ പിണ്ണാക്ക് അല്ലെങ്കിൽ മരോട്ടിപ്പിണ്ണാക്ക് (250 ഗ്രാം) തുല്യ അളവിൽ മണലുമായി ചേർത്ത് ഇടുകയോ ചെയ്യുക. 0.01 ശതമാനം വീര്യമുള്ള കാർബാറിൽ (50 ശതമാനം വെള്ളത്തിൽ കലക്കാവുന്ന പൊടി) എന്ന കീടനാശിനി 200 മി.ഗ്രാം ഒരു ലിറ്റർ വെള്ളത്തിലെന്ന തോതിൽ കലക്കി വണ്ടുകളുടെ പ്രജനനം നടക്കുന്ന ചാണകക്കുഴികളിലും മറ്റും തളിയ്ക്കുക. പെരുവലം എന്ന ചെടി പറിച്ച് ചാണകക്കുഴികളിൽ ചേർക്കുന്നതും നല്ലതാണ്. ബാക്കുലോവൈറസ് ഒറിക്ടസ് എന്ന വൈറസ് കൊമ്പൻചെല്ലിയുടെ ജൈവിക നിയന്ത്രണത്തിന് ഉപയോഗിയ്ക്കാം. ഇതിനായി വൈറസ് രോഗബാധയേറ്റ ചെല്ലികളെ ഒരു ഹെക്ടറിൽ 10-15 എണ്ണം എന്ന കണക്കിൽ സന്ധ്യാസമയത്ത് തോട്ടത്തിൽ തുറന്നുവിടുക. മഴക്കാലത്ത് മെറ്റാറൈസിയം അനിസോപ്ലിയ എന്ന കുമിൾ തേങ്ങാവെള്ളത്തിലോ കപ്പകഷണങ്ങളും തവിടും ചേർത്തുണ്ടാക്കിയ മിശ്രിതത്തിലോ വൻതോതിൽ വളർത്തിയെടുത്ത് ഒരു ക്യുബിക് മീറ്ററിന് 250 മി.ഗ്രാം മെറ്റാറൈസിയം കൾച്ചർ 750 മി.ലി. വെള്ളവുമായി കലർത്തിയ മിശ്രിതം എന്ന തോതിൽ ചാണകക്കുഴികളിലും മറ്റും ഒഴിച്ച് പുഴുക്കളെ നശിപ്പിയ്ക്കുക.

ചെമ്പൻചെല്ലിയുടെ ഉപദ്രവമുള്ള തെങ്ങുകളിൽ തടിയിൽ നിന്നും ചുവന്ന ദ്രാവകം ഒലിയ്ക്കുന്നതായും തടിയിലുള്ള സുഷിരങ്ങളിലൂടെ ചണ്ടി പുറത്തേയ്ക്ക് വരുന്നതായും കാണാം, ഏറ്റവും മുകളിൽ കാണപ്പെടുന്ന സുഷിരമൊഴികെ മറ്റെല്ലാം കളിമണ്ണോ സിമന്റോ കൊണ്ടടച്ചതിനുശേഷം അതിലൂടെ ഒരു ശതമാനം വീര്യമുള്ള കാർബാറിൽ (20 ഗ്രാം കാർബാറിൽ ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത്) ഒഴിച്ചുകൊടുക്കുക. അതിനുശേഷം ആ സുഷിരവും അടയ്ക്കുക ചെമ്പൻചെല്ലിയെ നിയന്ത്രിക്കുവാൻ ഫിറമോൺ കെണികളും ഫലപ്രദമാണ്. പക്ഷേ, ഒരു പ്രദേശത്തെ കർഷകർ ഒരുമിച്ച് ചേർന്ന് കെണികൾ വയ്ക്കണമെന്നു മാത്രം.

തെങ്ങോലപ്പുഴുവിന്റെ ആക്രമണം കാണുന്നുവെങ്കിൽ കീടാക്രമണം ഗുരുതരമായുള്ള ഓലകൾ വെട്ടി നീക്കി കത്തിച്ചുകളയുക. ഓലകളുടെ, പ്രത്യേകിച്ച് മദ്ധ്യനിരയിലുള്ള ഓലകളുടെ അടിഭാഗത്തുള്ള പുഴുക്കളോട് കൂടിയ അറകളിൽ പതിക്കത്തക്കരീതിയിൽ 0.05% വീര്യമുള്ള ക്വിനാൽഫോസ് എന്ന കീടനാശിനി തളിച്ച് ഈ കീടത്തെ നിയന്ത്രിക്കാം. കൂടാതെ തെങ്ങോലപ്പുഴുവിനെതിരെ ജൈവിക നിയന്ത്രണം വളരെ ഫലപ്രദമാണ്. തെങ്ങോലപ്പുഴുവിന്റെ വിവിധ ദശകളെ ആക്രമിക്കുന്ന ഗോണിയോസസ് നിഫാന്റിഡിസ് (*Goniozus nephantidis*), എലാസ്മസ് നിഫാന്റിഡിസ് (*Elasmus nephantidis*), ബ്രാക്കിമേറിയ നൊസട്ടോയ് (*Brachymeria nosatoi*) തുടങ്ങിയ എതിർപ്രാണികളെ വൻ തോതിൽ തുറന്നുവിട്ട് തെങ്ങോലപ്പുഴുക്കളെ നശിപ്പിക്കാം. കീടനാശിനി തളിച്ച് 15-20 ദിവസത്തിനു ശേഷം പരാദപ്രാണികളെ വിടാവുന്നതാണ്.

പൂങ്കുലച്ചാഴിയുടെ ആക്രമണമുണ്ടെങ്കിൽ ഇളംകുലയിൽ (ഒന്നു മുതൽ അഞ്ചു മാസം വരെ പ്രായമുള്ളത്) കാർബാറിൽ എന്ന കീടനാശിനി 0.1% വീര്യത്തിൽ (20 ഗ്രാം 10 ലിറ്റർ വെള്ളത്തിൽ കലക്കി) തളിച്ച് ഈ കീടത്തെ നിയന്ത്രിക്കാം. വിരിഞ്ഞ് പരാഗണം നടക്കാത്ത പൂക്കുലകളിൽ (ഒരു മാസം വരെ പ്രായമായത്) മരുന്നു തളിക്കരുത്. കുമിൾരോഗങ്ങൾക്കെതിരെ ഒരു ശതമാനം വീര്യമുള്ള ബോർഡോ മിശ്രിതം തളിക്കാം.

നീരൂറ്റിക്കുടിക്കുന്ന മീലിമുട്ടകൾ, ശൽക്കകീടങ്ങൾ എന്നിവ വേനൽക്കാലങ്ങളിൽ നാമ്പോലകളേയും കൊതുമ്പുകളേയും തേങ്ങാക്കുലകളേയും ആക്രമിയ്ക്കുന്നു. ശൽക്കകീടങ്ങൾ ഓലകളിലും കാണാറുണ്ട്. ഇവയുടെ ആക്രമണഫലമായി ഓലകൾ മഞ്ഞനിറമായി ഉണങ്ങുന്നു. മീലിമുട്ടകളെ നിയന്ത്രിയ്ക്കുവാൻ 2% വേപ്പെണ്ണ 20 ദിവസത്തെ ഇടവേളകളിൽ രണ്ടുതവണ തളിച്ചാൽ മതിയാകും. ശൽക്കകീടങ്ങൾക്കെതിരെ ഡൈമെത്തൊയേറ്റ് അല്ലെങ്കിൽ 0.05% മോണോക്രോട്ടോഫോസ് ഫലപ്രദമായി ഉപയോഗിയ്ക്കാം.

വേരുതീനിപ്പുഴുക്കൾ തെങ്ങിന്റെ വേരുകൾ തിന്നു നശിപ്പിയ്ക്കുന്നു. അതുകൊണ്ട് തെങ്ങിന്റെ ഓലകൾ വിളർത്ത് മഞ്ഞളിയ്ക്കുന്നു. തോട്ടം ശരിയായി കിളയ്ക്കുകയോ ഉഴുകയോ ചെയ്യുകയാണെങ്കിൽ കീടശല്യം ഗണ്യമായി കുറയ്ക്കാവുന്നതാണ്.

രോഗങ്ങൾ നിയന്ത്രിക്കാൻ മരുന്നു തളി തുടരുക. കാലവർഷത്തിനുമുമ്പ് ഒരു ശതമാനം ബോർഡോ മിശ്രിതം തളിക്കു

ക. മരുന്ന് തളിക്കുന്നതിനുമുമ്പ് തെങ്ങിൻ മണ്ട വൃത്തിയാക്കുകയും കേടുപിടിച്ച ഭാഗങ്ങൾ വെട്ടിനീക്കി ചുട്ടുകളയുകയും വേണം.

തെങ്ങിന് ചെന്നീരൊലിപ്പു രോഗം ബാധിച്ചിട്ടുണ്ടോയെന്നു പരിശോധിക്കുക. ചെന്നീരൊലിപ്പുള്ള തെങ്ങിന്റെ തടിയിലുണ്ടാകുന്ന വിള്ളലുകളിലൂടെ ചുവപ്പു കലർന്ന തവിട്ടുനിറത്തിലുള്ള കറ ഒലിച്ചിറങ്ങുന്നതു കാണാം. ഇത് ഉണങ്ങി കറുപ്പുനിറത്തിലുള്ള പാടുകളാകുന്നു. ചെന്നീരൊലിക്കുന്ന ഭാഗത്തെ തൊലി ചെത്തി മാറ്റി നോക്കിയാൽ ഉൾഭാഗം ചീഞ്ഞിരിക്കുന്നതായി കാണാം. തെങ്ങിൻതടിയിൽ രോഗബാധ കാണുന്ന ഭാഗത്തെ പുറംതൊലി മൂർച്ചയുള്ള ഉളി കൊണ്ട് ചെത്തി മാറ്റിയ ശേഷം മുറിപ്പാടുകളിൽ 5 മി.ലി. കാലിക്സിൻ 100 മി.ലി. വെള്ളത്തിൽ എന്ന തോതിൽ കലക്കി പുരട്ടുക. ഒന്നു രണ്ടു ദിവസത്തിനുശേഷം ചൂടുള്ള കോൾടാർ പുരട്ടുക. ചെത്തി മാറ്റിയ ഭാഗങ്ങൾ തീയിട്ട് നശിപ്പിക്കുക. മറ്റ് വളങ്ങൾക്കൊപ്പം തെങ്ങൊന്നിന് 5 കി.ഗ്രാം വേപ്പിൻപിണ്ണാക്ക് ചേർത്തു കൊടുക്കുക. വേനൽക്കാലത്ത് ജലസേചനം നൽകുകയും വർഷക്കാലത്ത് തോട്ടത്തിൽ നീർവാർച്ച സൗകര്യം ഏർപ്പെടുത്തുകയും ചെയ്യുക. രോഗനിയന്ത്രണത്തിനായി 5 ശതമാനം വീര്യമുള്ള കാലിക്സിൻ വർഷത്തിൽ മൂന്നുതവണ, അതായത് ഏപ്രിൽ-മെയ്, സെപ്തംബർ-ഒക്ടോബർ, ജനുവരി-ഫെബ്രുവരി മാസങ്ങളിലായി വേരിൽകൂടി നൽകുക.

കാറ്റുവീഴ്ച ബാധിച്ച തെങ്ങുകളിൽ ഓലചീയൽ രോഗവും കണ്ടുവരുന്നു. തുറക്കാത്ത കൂമ്പോലകളെ കുമിൾ ആക്രമിച്ച് അഴുകൽ ഉണ്ടാക്കുന്നു. കൂമ്പോല വിരിയുമ്പോൾ അഴുകിയ ഭാഗം ഉണങ്ങി കാറ്റത്ത് പറന്നുപോകും. ബാക്കിയുള്ള ഓലയുടെ ഭാഗം കുറ്റിയായി നിൽക്കും. കൂമ്പോലയുടേയും അതിനോട് ചേർന്നുള്ള രണ്ട് ഓലകളുടേയും മാത്രം ചീഞ്ഞ ഭാഗങ്ങൾ മുറിച്ചു മാറ്റുക. കോൺടാഫ് 2 മി.ലി. അല്ലെങ്കിൽ ഡൈത്തേൻ എം. 45 അഥവാ ഇൻഡോഫിൽ എം.45 മൂന്നു ഗ്രാം എന്നിവയിലൊന്ന് 300 മി.ലി. വെള്ളത്തിൽ കലക്കി നാമ്പോലയുടെ ചുവട്ടിലൊഴിക്കുക.

കൂമ്പുചീയൽ രോഗം മാരകമാണ്. മുൻകൂട്ടി നിയന്ത്രണോപാധികൾ സ്വീകരിച്ചില്ലെങ്കിൽ ഇത് തെങ്ങിനെ നശിപ്പിയ്ക്കും. കൂമ്പോലയ്ക്ക് ചുറ്റുമുള്ള ഒന്നോ രണ്ടോ ഓലകൾ മഞ്ഞയ്ക്കുന്നതാണ് രോഗത്തിന്റെ ആദ്യലക്ഷണം. കൂമ്പോല വാടി ഉണങ്ങുകയും ഒടിഞ്ഞു തൂങ്ങുകയും ചെയ്യുന്നു. കൂമ്പോലയുടെ മാർദ്ദവമേറിയ അടിവശം ചീഞ്ഞ് ദുർഗന്ധം വമിക്കുന്നു. രോഗമുള്ള ഭാഗം വെട്ടിമാറ്റി കത്തിച്ചുകളയുകയും വെട്ടിമാറ്റിയ ഭാഗത്ത് ബോർഡോ കുഴമ്പ് പുരട്ടുകയും വേണം. ആ ഭാഗം പോളിത്തീൻ ഷീറ്റുകൊണ്ട് പൊതിഞ്ഞു കെട്ടുകയും വേണം. സമീപമുള്ള തെങ്ങുകളിൽ രോഗം പടരാതിരിക്കുന്നതിനായി ഒരു ശതമാനം വീര്യമുള്ള ബോർഡോ മിശ്രിതം തളിക്കേണ്ടതാണ്.

ഇടവിളകൾ കൃഷി ചെയ്യുന്നതിലൂടെ തെങ്ങിൻ തോപ്പിൽ നിന്ന് പരമാവധി ആദായം കിട്ടും. ഇഞ്ചി, മഞ്ഞൾ, വാഴ, തീറ്റപ്പുല്ല്, പച്ചക്കറികൾ, ജാതി, കുരുമുളക്, കിഴങ്ങ് വർഗ്ഗങ്ങൾ എന്നിവ കൃഷി ചെയ്യാം.

മഴയെ ആശ്രയിച്ചു തെങ്ങുകൃഷി ചെയ്യുന്ന തോട്ടങ്ങളിൽ മഴക്കാലാരംഭത്തിനു ശേഷം ആദ്യഗഡു രാസവളം (360 ഗ്രാം യൂറിയ, 665 ഗ്രാം സിംഗിൾ സൂപ്പർഫോസ്ഫേറ്റ്, 665 ഗ്രാം മ്യൂറിയേറ്റ് ഓഫ് പൊട്ടാഷ്) ചേർത്ത് തടം ഭാഗികമായി മൂടാം. മഴക്കാലത്ത് വെള്ളം കെട്ടി നിൽക്കാതിരിയ്ക്കാനും മണ്ണൊലിപ്പു തടയാനും തോടുകളുടേയും ചിറകളുടേയും കേടുപാടുകൾ നീക്കുക. കാലവർഷം തുടങ്ങുന്നതുവരെ നന തുടരുക.

**ആൻഡമാൻ/ നിക്കോബാർ ദ്വീപുകൾ**

മഴ ആരംഭിക്കുന്നതിനു മുമ്പ് തടം തുറക്കുക. മണ്ണൊലിപ്പിന് സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ ചിറകൾ മാടി ഒതുക്കുക.

360 ഗ്രാം യൂറിയ, 665 ഗ്രാം സിങ്കിൾ സൂപ്പർ ഫോസ്ഫേറ്റ്, 665 ഗ്രാം മ്യൂറിയേറ്റ് ഓഫ് പൊട്ടാഷ് എന്നിവ മഴ ആരംഭിക്കുന്നതിനു മുമ്പു തന്നെ ചേർത്തു കൊടുക്കേണ്ടതാണ്.

നഴ്സറികളിൽ വിത്തുതേങ്ങ പാകുക. ചിതലിന്റെ ഉപദ്രവം നിയന്ത്രിക്കുന്നതിന് നഴ്സറിയിലെ തവാരണകളിൽ 0.05 ശതമാനം വീര്യമുള്ള ക്ലോർപൈറിഫോസ് 20-25 ദിവസത്തെ ഇടവേളയിൽ രണ്ടു തവണകളായി പ്രയോഗിക്കുക.

**കർണ്ണാടകം**

കാലവർഷത്തിനു മുമ്പുള്ള ചാറ്റൽമഴയോടുകൂടി തോട്ടത്തിൽ കൂട്ടിയിട്ടിട്ടുള്ള വളമണ്ണ് തെങ്ങൊന്നിന് ഒരു വണ്ടി വീതവും കാലിവളം 25 കി.ഗ്രാം വീതവും നിരത്തിയിട്ട് ഉഴുതുചേർക്കുക.

കൊമ്പൻ ചെല്ലിയെ ചെല്ലിക്കോൽ കൊണ്ട് കുത്തിയെടുത്ത് നശിപ്പിക്കുക. കൊമ്പൻചെല്ലിയുടെ ആക്രമണത്തിന് മുൻകരുതലെന്ന നിലയിൽ തെങ്ങിന്റെ മണ്ട വൃത്തിയാക്കി കൂമ്പോലയ്ക്ക് ചുറ്റുമുള്ള രണ്ടോമൂന്നോ ഓലക്കവിളുകളിൽ പാറ്റഗുളിക 10 ഗ്രാം (4 എണ്ണം) വെച്ച് മണൽ കൊണ്ടുമൂടുകയോ, വേപ്പിൻ പിണ്ണാക്ക് അല്ലെങ്കിൽ മരോട്ടിപ്പിണ്ണാക്ക് (250 ഗ്രാം) തുല്യ അളവിൽ മണലുമായി ചേർത്ത് ഇടുകയോ ചെയ്യുക. 0.01 ശതമാനം വീര്യമുള്ള കാർബാറിൽ (50 ശതമാനം വെള്ളത്തിൽ കലക്കാവുന്ന പൊടി) എന്ന കീടനാശിനി 200 മി.ഗ്രാം ഒരു ലിറ്റർ വെള്ളത്തിലെന്ന തോതിൽ കലക്കി വണ്ടുകളുടെ പ്രജനനം നടക്കുന്ന ചാണകക്കുഴികളിലും മറ്റും തളിയ്ക്കുക. പെരുവലം എന്ന ചെടി പറിച്ച് ചാണകക്കുഴികളിൽ ചേർക്കുന്നതും നല്ലതാണ്. ബാക്കുലോവൈറസ് ഒറിക്ടസ് എന്ന വൈറസ് കൊമ്പൻചെല്ലിയുടെ ജൈവിക നിയന്ത്രണത്തിന് ഉപയോഗിയ്ക്കാം. ഇതിനായി വൈറസ് രോഗബാധയേറ്റ ചെല്ലികളെ ഒരു ഹെക്ടറിൽ 10-15 എണ്ണം എന്ന കണക്കിൽ സന്ധ്യാസമയത്ത് തോട്ടത്തിൽ തുറന്നുവിടുക. മഴക്കാലത്ത് മെറ്റാറൈസിയം അനിസോപ്ലിയ എന്ന കുമിൾ തേങ്ങാവെള്ളത്തിലോ കപ്പകഷണങ്ങളും തവിടും ചേർത്തുണ്ടാക്കിയ മിശ്രിതത്തിലോ വൻതോതിൽ വളർത്തിയെടുത്ത് ഒരു ക്യൂബിക് മീറ്ററിന് 250 മി.ഗ്രാം മെറ്റാറൈസിയം കൾച്ചർ 750 മി.ലി. വെള്ളവുമായി കലർത്തിയ മിശ്രിതം എന്ന തോതിൽ ചാണകക്കുഴികളിലും മറ്റും ഒഴിച്ച് പുഴുക്കളെ നശിപ്പിയ്ക്കുക.

തെങ്ങോലപ്പുഴുവിന്റെ ആക്രമണം കാണുന്നുവെങ്കിൽ കീടാക്രമണം ഗുരുതരമായുള്ള അടിഭാഗത്തെ ഓലകൾ വെട്ടി നീക്കി കത്തിച്ചു കളയുക. ഓലകളുടെ, പ്രത്യേകിച്ച് മദ്ധ്യനിരയിലുള്ള ഓലകളുടെ അടിഭാഗത്തുള്ള പുഴുക്കളോട് കൂടിയ അറകളിൽ പതിക്കത്തക്കരീതിയിൽ 0.05% വീര്യമുള്ള ക്വിനാൽഫോസ് എന്ന കീടനാശിനി തളിച്ച് ഈ കീടത്തെ നിയന്ത്രിക്കാം. കൂടാതെ തെങ്ങോലപ്പുഴുവിനെതിരെ ജൈവിക നിയന്ത്രണം വളരെ ഫലപ്രദമാണ്. തെങ്ങോലപ്പുഴുവിന്റെ വിവിധ ദശകളെ ആക്രമിക്കുന്ന ഗോണിയോസസ് നിഫാന്റിഡിസ് (*Goniozus nephantidis*), എലാസ്മസ് നിഫാന്റിഡിസ് (*Elasmus nephantidis*), ബ്രാക്കിമേറിയ നൊസട്ടോയ് (*Brachymeria nosatoi*) തുടങ്ങിയ എതിർപ്രാണികളെ വൻതോതിൽ തുറന്നു വിട്ട് തെങ്ങോലപ്പുഴുക്കളെ നശിപ്പിക്കാം. കീടനാശിനി തളിച്ച് 15-20 ദിവസത്തിനു ശേഷം പരാദപ്രാണികളെ വിടാവുന്നതാണ്.

ചിതലിന്റെ ഉപദ്രവം കാണുന്ന പക്ഷം 0.05 ശതമാനം വീര്യമുള്ള ക്ലോർപൈറിഫോസ് ഉപയോഗിച്ച് വൃത്തിയാക്കുക.

ഒന്നോ രണ്ടോ തവണ ചാറ്റൽ മഴ ലഭിച്ചു കഴിഞ്ഞാൽ കലപ്പ കൊണ്ടുഴുത് മണ്ണ് ഇളക്കുക. മണ്ണിൽ വേണ്ടത്ര ഈർപ്പമുള്ള പക്ഷം ഏതെങ്കിലും പച്ചിലവളച്ചെടിയുടെ വിത്തുകൾ വിതച്ചിട്ട് മണ്ണിട്ടു മൂടുക. നന തുടരുക. പുതിയതായി തൈ വയ്ക്കുന്നതിന് കുഴികളെടുക്കുക.

**തമിഴ്നാട് / പോണ്ടിച്ചേരി**

നന ലഭിക്കുന്ന തോട്ടങ്ങളിൽ ശുപാർശ ചെയ്തിട്ടുള്ള വളത്തിന്റെ നാലിൽ ഒരു ഭാഗം അതായത് 270 ഗ്രാം യൂറിയ, 500 ഗ്രാം സിംഗിൾ സൂപ്പർ ഫോസ്ഫേറ്റ്, 500 ഗ്രാം മ്യൂറിയേറ്റ് ഓഫ് പൊട്ടാഷ് ചേർത്ത് കൊടുക്കുക. കാലവർഷം ആരംഭിച്ചിട്ടില്ലായെങ്കിൽ തെങ്ങുകൾ നനയ്ക്കുക. വിത്തുതേങ്ങ പാകുന്നതിന് നഴ്സറി തയ്യാറാക്കുക.



## മുഖക്കുറി



കേരസാദ്ധ്യതകൾ പുതിയ ചക്രവാളങ്ങൾ തേടുന്ന വാർത്തകളാണ് ചുറ്റും. ലക്ഷദ്വീപിന്റെ പ്രിയ പാനീയം നീര കേരളത്തെ മധുരതരമാക്കാൻ ഒരുങ്ങുന്നു. രാജസ്ഥാൻ മരുഭൂമിയിലെ സാംഭാർ ഉപ്പുജല തടാകത്തിന്റെ കരയിൽ തെങ്ങ് വെച്ച് പിടിപ്പിക്കാൻ ഉദ്യമിക്കുന്നു. കഴിഞ്ഞ ലക്കത്തിലെ കവർചിത്രം സൂചിപ്പിക്കുന്നതുപോലെ നമ്മുടെ വാഹനങ്ങൾക്ക് ബയോഡീസൽ ആയും വെളിച്ചെണ്ണ രൂപപ്പെട്ടു വരുന്നു. അവധിക്കാല വായനയിൽ കൂട്ടുകാർ ഇതെല്ലാം ശ്രദ്ധിക്കുന്നുണ്ടാകുമല്ലോ.

*പായിപ്ര രാധാകൃഷ്ണൻ*

# തെങ്ങുകളുടെ വിഡ്ഢിത്തം

**പായിപ്ര രാധാകൃഷ്ണൻ**

കേരളത്തിന്റെ പ്രകൃതിഭംഗിയും വിഭവ സമ്പത്തും കണ്ട് ഭ്രമിച്ച് ആകർഷിക്കപ്പെട്ട വിദേശികൾ വിരുന്നുകാരായെത്തി ഭരണക്കാരായ കഥ ചരിത്രം നമുക്ക് നൽകുന്നു. കേരളതീരത്തെ കേരങ്ങൾ തങ്ങളുടെ പീലിക്കൈകളാൽ മാടിവിളിച്ച് അമൃതം നൽകി സൽക്കരിച്ച് സ്വീകരിക്കാനിടയായതിൽ തെല്ല് ഖേദിച്ചുകൊണ്ടുള്ള കവിതയാണ് ചങ്ങമ്പുഴയുടെ "തെങ്ങുകളുടെ വിഡ്ഢിത്തം". 29-10-1954 ൽ രചിക്കപ്പെട്ട ഈ കവിത "സ്പന്ദിക്കുന്ന അസ്ഥിമാടം" എന്ന കൃതിയിൽ നിന്നുള്ളതാണ്.



"സുന്ദര സുരഭില സുശീതള സമീര-
സ്പന്ദന തരംഗിത ഹരിത കാനനങ്ങൾ.
എങ്ങു നിങ്ങൾ കാണുമേവം മന്നിലൊരു രാജ്യം
ഞങ്ങളുടെ രാജ്യമെന്ത് ഭംഗിയുള്ള രാജ്യം!
പോവതാരാണിങ്ങണഞ്ഞാൽ, ശ്രീ മയമാം സാക്ഷാൽ
ദേവലോകം തന്നെയാണീ ഞങ്ങളുടെ രാജ്യം
ഇഷ്ടമുണ്ടിങ്ങാവസിക്കാനെങ്കി, ലേറ്റം ഞങ്ങൾ
ക്കിഷ്ടമാണതെന്തുവേണം, നൽകാമല്ലോ ഞങ്ങൾ!"

പിച്ച വാങ്ങാനുമ്മറത്തന്നെത്തി നിന്നോരാപ്പൂ-
മച്ചിലിന്നു, മെത്തമേലിരുന്നു മത്തടിപ്പൂ!
വീട്ടുകാർ നിലവറയിൽക്കൈവിലങ്ങും ചാർത്തി
വീർപ്പുമുട്ടി,പ്പട്ടിണിക്ക് ചീട്ടു മായിരിപ്പൂ.

അപ്പുറത്ത് കാണ്മതെന്താ,ണങ്ങുനോക്കു നിങ്ങൾ;
കൊച്ചലകൾ പിച്ചവയ്ക്കും പച്ച നെൽപ്പാടങ്ങൾ!
നിന്നിടാമോ നാലുമാസം കൂടി നിങ്ങൾക്കെ,ന്നാ-
ലന്നു നെൽച്ചെടികളെ പൊൻതാലി കെട്ടിക്കാണാം!
താമരകളാമ്പലുകൾ, തണ്ടുലഞ്ഞു, തങ്ക-
ത്താരണിത്താലങ്ങളേന്തി നിൽപതുകണ്ടില്ലേ?
തത്തകൾ, മാടത്തകൾ, കരിയിലക്കിളികൾ
തത്തിടുമാപ്പച്ചിലപ്പടർപ്പുകൾക്കിടയിൽ,
വാലുയർത്തി, മെയ് കുനിച്ചിരു,ന്നൊരണ്ണാ,നെന്തോ
വായിലാക്കിച്ചാടിയോടിപ്പോയിടുന്നു കണ്ടോ!
കന്നിമാല മിന്നിമിന്നിയുമ്മ വയ്ക്കും മാറിൽ-
ക്കുന്നുലഞ്ഞണഞ്ഞീടുമാക്കന്യകളെക്കണ്ടോ?

*(തുടരും)*

നാളികേര വികസന ബോർഡും മൂവാറ്റുപുഴ അക്ഷയ പുസ്തക നിധിയും സംയുക്തമായി സംഘടിപ്പിച്ച രചനാമത്സരത്തിൽ യുപിവിഭാഗത്തിൽ സമാശ്വാസ സമ്മാനം നേടിയ കഥ

# തെങ്ങ് എന്ന കല്പവൃക്ഷം

**കൃഷ്ണജ എം. മേനോൻ**
*കുര്യാക്കോസ് ഏല്യാസ് എച്ച് എസ്.എസ്., മാന്നാനം, കോട്ടയം*

കേരാട്ട് എന്ന തറവാടിന്റെ കാരണവർ എന്നു പറയതിനേക്കാൾ അപ്പുണ്ണിയേട്ടനു ചേരുന്നതു കർഷകനെന്ന പേരാണ്. വെറും കർഷകനല്ല, കേരത്തിൻ കർഷകൻ. തന്റെ മൂന്നേക്കർ കൃഷിയിടത്തിൽ തെങ്ങും, മറ്റു പല ഇടകൃഷികളും അദ്ദേഹം വളർത്തിയിരുന്നു. കല്പവൃക്ഷം അവർക്കു സമൃദ്ധമായി ജീവിക്കാനുള്ളതെല്ലാം നൽകിയിരുന്നു. തന്റെ മക്കളെപ്പോലെ തെങ്ങുകളെ സ്നേഹിച്ചു. മേലേ വീട്ടിലെ ദാമോദര പിഷാരടി തന്റെ കൃഷിയിടത്തിലേക്ക് നോക്കി പാടിയ ഈരടികൾ അപ്പുണ്ണിമെനോന്റെ ചുണ്ടിൽ ഉണർന്നുകൊണ്ടേയിരുന്നു,

"കേരം തിങ്ങുന്ന കേരളനാട്"

ഇത് വാസ്തവമാണെന്ന് അപ്പുണ്ണിയേട്ടന്റെ കൃഷിയിടം കണ്ടാൽ ആരായാലും സമ്മതിച്ചു പോകും.

ഒരു നല്ല കേരകർഷകനെന്ന പേര് നേടാൻ അദ്ദേഹത്തിനു കഴിഞ്ഞു. തന്റെ പരിശ്രമത്തിലൂടെ തെങ്ങ് കൃഷി ഒരു വൻ വിജയമാക്കാൻ അപ്പുണ്ണിയേട്ടനു സാധിച്ചു. തന്റെ ജീവിതരീതിയും കൃഷിക്കുവേണ്ടി മെച്ചപ്പെടുത്തുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. നാലരമണിക്ക് എഴുന്നേറ്റ് കൃഷിയിടത്തിലേക്ക് പോയാൽ ഒരു എട്ടു, ഒമ്പതു മണിയാകുമ്പോൾ പ്രാതലിനു വരും. പിന്നെ മക്കൾ ഗോപാലകൃഷ്ണനെയും രാമചന്ദ്രനെയും പള്ളിക്കൂടത്തിലേക്കാക്കിയിട്ട് തിരിച്ച് കൃഷിയിടത്തിലേക്ക്. ഉച്ചയ്ക്ക് ഭാര്യ ദാക്ഷായിണി കൊണ്ടു വരുന്ന കഞ്ഞികുടിച്ച് തൃപ്തനാവും. രാവിലെ കൃഷിയിടത്തിലേക്ക് വന്നാപിന്നെ തിരിച്ചു പോക്ക് രാത്രിയിലാവും.

അപ്പുണ്ണിയേട്ടനു തന്റെ രണ്ടു മക്കളെയും പഠിപ്പിച്ച് നല്ല നിലയിലെത്തിക്കണമെന്ന് വലിയ ആഗ്രഹമാണ്. അതിനു വേണ്ട പണമെല്ലാം തന്റെ കല്പവൃക്ഷം തരുമെന്നു അപ്പുണ്ണിയേട്ടൻ എപ്പോഴും ഭാര്യയോട് പറയുമായിരുന്നു. തന്റെ തെങ്ങുകളെ സ്നേഹിക്കുകയും, അതിലൂടെ ജീവിക്കുകയും ചെയ്ത അപ്പുണ്ണിയേട്ടൻ തെങ്ങുകൾക്ക് പ്രഥമ സൗകര്യങ്ങൾ നൽകുകയും, കൃത്യമായി വളവും, വെള്ളവും നൽകുകയും ചെയ്തു. ഇടയ്ക്കെല്ലാം തന്റെ തെങ്ങുകളെ ഓമനിക്കുകയും, പുണരുകയും ചെയ്തിരുന്നു. ഇതൊക്കെ കാരണം തെങ്ങുകൾ നാളികേരം നൽകി അപ്പുണ്ണിയേട്ടനെയും, അപ്പുണ്ണിയേട്ടൻ തന്നെ സഹായിക്കുന്ന തെങ്ങുകളെയും സ്നേഹിച്ചു. തന്റെ കുടുംബത്തിന്റെ ആവശ്യത്തിനും വ്യാപാരത്തിനും വേണ്ടിയുള്ള നാളികേരം അവർക്ക് ലഭിച്ചിരുന്നു. വ്യാപാരത്തിലൂടെ അവർക്ക് ലഭിക്കുന്ന പണം കൊണ്ടവർ സുഖമായി ജീവിച്ചു. അതുപോലെ തന്നെ ആവശ്യം കഴിഞ്ഞ് മിച്ചം വരുന്ന തേങ്ങ കൊപ്രയാക്കി അത് ആട്ടിയെടുത്ത് വെളിച്ചെണ്ണയുണ്ടാക്കുകയും, സ്വന്തം ആവശ്യത്തിനും വ്യാപാരത്തിനും ഉപയോഗിക്കുകയും, വമ്പിച്ച തോതിൽ ഉത്പാദിപ്പിക്കുന്ന തേങ്ങകളുടെ ചകിരി കയറുണ്ടാക്കുവാൻ വിൽക്കുകയും ചെയ്തതോടെ അവരുടെ ജീവിതം ഓണനാളുകളേക്കാൾ സമൃദ്ധമായി തീർന്നു. തന്റെ ജീവിതത്തിൽ ഇത്രയും സൗഭാഗ്യങ്ങൾ കൊണ്ടുവന്ന കൽപ വൃക്ഷത്തെ അപ്പുണ്ണിയേട്ടനും ഭാര്യയും സ്വന്തം മക്കളെപ്പോലെ സ്നേഹിച്ചു. സ്വന്തം ജീവിതത്തിന്റെ ഏറിയ ഭാഗവും അവർ തെങ്ങുകൾക്ക് വേണ്ടി ചിലവഴിച്ചു.



കാലങ്ങൾ കടന്നുപോയി, അപ്പുണ്ണിയേട്ടനെ തനിച്ചാക്കിയിട്ട് സഹധർമ്മിണി ദാക്ഷായണിയമ്മ പരലോകം പ്രാപിച്ചു. അപ്പുണ്ണിയേട്ടൻ അവശനായി, വാർദ്ധക്യം അദ്ദേഹത്തിന്റെ ആരോഗ്യത്തെ ക്ഷയിപ്പിച്ചു. എന്നിട്ടും കൃഷിയിടത്തിലിൽ പോകുകയും തെങ്ങുകളെ പരിപാലിക്കുകയും ചെയ്തുപോന്നു.

അച്ഛന്റെ അവശതയറിഞ്ഞ് നഗരത്തിൽ നിന്ന് മക്കൾ ഓടിയെത്തി. ഇപ്പോളവർ നഗരത്തിൽ വലിയ ജോലിക്കാരാണ്. മൂത്തവൻ എൻജിനീയർ, രണ്ടാമൻ ഡോക്ടർ. മക്കൾ വന്നയുടനെ അവരുടെ വിവാഹം കഴിപ്പിക്കുവാൻ അപ്പുണ്ണിയേട്ടൻ തയ്യാറെടുത്തു. കൃഷ്ണപിഷാരിടിയുടെ മകൾ ലക്ഷ്മിയെകൊണ്ടു ഗോപാലനെയും, ശർമ്മ പിഷാരിടിയുടെ മകൾ സീതയെ കൊണ്ട് രാമചന്ദ്രനെയും വിവാഹം കഴിപ്പിച്ചു. ഭാര്യമാരെയും കൂട്ടി മക്കൾ ഉടനെ നഗരത്തിലേക്ക് മടങ്ങി.

ഗോപാലന്റെ ഭാര്യ ലക്ഷ്മിക്കു എപ്പോഴും തന്റെ ഭർത്താവിന്റെ അച്ഛന്റെ കൃഷിയിടത്തിലേക്കായിരുന്നു ചിന്ത.' ആ കിളവിനിപ്പോൾ അവശനാണ്, ആരുണ്ടവിടെ കൃഷി നോക്കാൻ? ആരുമില്ല. എന്നാപിന്നെ അതങ്ങ് വിറ്റാലോ....ലക്ഷങ്ങൾ കിട്ടും. ഈ ആശയം തന്റെ ഭർത്താവിനു മുന്നിൽ സൗമ്യമായി അവതരിപ്പിച്ചു. തന്റെ അച്ഛനും കൃഷിയിടവും തമ്മിലുള്ള ബന്ധമറിയിരുന്നിട്ടും പണത്തിന്റെ ആർത്തിമൂലം അവനതിനു സമ്മതിച്ചു. തന്റെ അനിയൻ രാമചന്ദ്രനെ വിളിച്ചാലോചിച്ചു, അവനും സമ്മതം. അങ്ങനെ ഭാര്യമാരെയും കൂട്ടിയവർ ഗ്രാമത്തിലേക്ക് പുറപ്പെട്ടു. തറവാട്ടിലെത്തിയവർ അച്ഛനോട് കാര്യങ്ങൾ വിശദീകരിച്ചു. ഇതെല്ലാം അറിഞ്ഞപ്പോൾ അപ്പുണ്ണിയേട്ടൻ മരവിച്ചു പോയി പിന്നെ ഒന്നേ പറഞ്ഞുള്ളു "നിന്നെയൊക്കെ ഈ നിലയിലാക്കാൻ സഹായിച്ചവരെ നീ കൊല്ലാൻ പോകുകയാണോ?'' ഗോപാലന്റെ ഭാര്യ സീത അതിന്റെ നല്ല ഗുണങ്ങളെ വിശദീകരിച്ചു കൊണ്ടേയിരുന്നു. പക്ഷെ അപ്പുണ്ണിയേട്ടന്റെ തലയിൽ അതൊന്നും കയറിയില്ല.

കുറച്ചുനാളത്തെ തിരച്ചിലിനൊടുവിൽ കൃഷിയിടം വാങ്ങാൻ നഗരത്തിലെ ഒരു പ്രഭുകുടുംബം തയ്യാറായി. അവർ ഗ്രാമത്തിൽ വന്നു. സ്ഥലം കണ്ടു ബോധിച്ചു. വാക്കുറപ്പിച്ചു. ദിവസങ്ങൾക്കുശേഷം വാങ്ങി. അവിടെ ഒരു വലിയ വീട് പണിയാനാണ് അവരുടെ പ്ലാൻ.

ദിവസങ്ങൾ കഴിഞ്ഞു കൃഷിയിടത്തിൽ ചങ്ങല വീണു. അപ്പുണ്ണിയേട്ടന്റെ മനസ്സിൽ ഒരു ചാട്ടവാറടിയായിരുന്നു അത്.

അവർ തെങ്ങുമുറിക്കുന്നതിന് മുൻപ് നാളികേരമെല്ലാം പറിച്ചു വിറ്റു. വെളിച്ചെണ്ണയുണ്ടാക്കുന്ന യന്ത്രങ്ങളെല്ലാം ഉപയോഗശൂന്യമായി. അവർ തെങ്ങുകൾ മുറിക്കുവാൻ തുടങ്ങി. ഓരോ തെങ്ങും മുറിഞ്ഞു വീഴുമ്പോൾ അപ്പുണ്ണിയേട്ടന്റെ മനസ്സിൽ ഓരോ മുറിവുകളായിരുന്നു. തന്റെ തെങ്ങുകൾ കരയുന്നത് അപ്പുണ്ണിയേട്ടന് കേൾക്കാമായിരുന്നു. ആ നിലവിളികൾ അദ്ദേഹത്തിനു കേട്ടു കൊണ്ടിരിക്കാനായില്ല. തറവാട്ടിലേക്ക് ഓടിയെത്തിയ അപ്പുണ്ണിയേട്ടനെ സ്വീകരിച്ചത് മുറിഞ്ഞു കിടക്കുന്ന തെങ്ങുകളായിരുന്നു. അത് അദ്ദേഹത്തിനു കണ്ടു നിൽക്കാനായില്ല. അവശേഷിച്ച ഒരു തെങ്ങേൽ കെട്ടിപിടിച്ചു കൊ ണ്ട് കണ്ണീരോടെ എന്റെ മക്കളെ കൊല്ലല്ലേ എന്ന് അദ്ദേഹം പറഞ്ഞു കൊണ്ടേയിരുന്നു. കണ്ണീരോടെ,വേദയോടെ തന്റെ മക്കളായ തെങ്ങുകൾക്കൊപ്പം ജീവൻ വെടിഞ്ഞു. മലയാളം കണ്ട ഒരു നല്ല കേരകർഷകന്റെ ജീവിതം അവസാനിച്ചു.

**നാളികേര വികസന ബോർഡും മൂവാറ്റുപുഴ അക്ഷയ പുസ്തക നിധിയും സംയുക്തമായി സംഘടിപ്പിച്ച രചനാമത്സരത്തിൽ യുപിവിഭാഗത്തിൽ സമാശ്വാസ സമ്മാനം നേടിയ ലേഖനം**

# എന്റെ തെങ്ങ്

**അനിൽ സേതുമാധവൻ**

*ഡോൺബോസ്കോ എച്ച് എസ് എസ്, ഇരിങ്ങാലക്കുട, തൃശ്ശൂർ ജില്ല*

ദേവലോകത്തിലെ നന്ദനോദ്യാനത്തിൽ ആഗ്രഹിക്കുന്നതെന്തും നൽകുന്ന ദേവവൃക്ഷത്തിന്റെ പ്രതിരൂപമായി തെങ്ങ് കേരളീയരോടൊപ്പമുണ്ട്. ജീവിതച്ചുമടും താങ്ങി അലയുന്ന മലയാളിക്ക് എക്കാലവും ആദ്ധ്യാത്മികവും ഭൗതികവുമായ താങ്ങും തണലുമായിരുന്നു തെങ്ങ്. പുതിയ കാലത്തിന്റെ ആസുരമായ വേഷപ്പകർച്ചകൾക്കിടയിലും മലയാണ്മയുടെ മയൂരപിഞ്ജമായി കേരനിരകൾ കാത്തുകൊള്ളുന്നു. ആഹാരം, പാർപ്പിടം, വിശ്വാസം, കല എന്നിങ്ങനെ ജീവിതത്തിന്റെ സമസ്ത മേഖലകളിലും കേരോൽപന്നങ്ങളുടെ പുതിയ അവതാരങ്ങൾ കാലാനുസാരിയായി സംഭവിച്ച് കൊണ്ടിരിക്കുന്നു.

നാളികേരത്തിന്റെ സ്രഷ്ടാവ് വിശ്വാമിത്രനാണെന്ന് ഐതീഹ്യമുണ്ട്. എന്നാൽ, പരശുരാമൻ, കേരളത്തിന്റെ ഐശ്വര്യത്തിനും സമൃദ്ധിക്കുമായി ദേവലോകത്ത് നിന്നും കൊണ്ടു വന്നതാണ് നാളികേരം എന്നാണ് കേരളീയ വിശ്വാസം. എന്തായാലും നാളികേരത്തിന്റെ പിതൃത്വം ഉറപ്പിക്കാൻ ഡിഎൻഎ ടെസ്റ്റ് ഒന്നുമില്ലല്ലോ.

'എന്റെ തെങ്ങ്' എന്ന വിഷയത്തെക്കുറിച്ച് അറിയാൻ ശ്രമിച്ച എനിക്ക് ഏതാനും കാര്യങ്ങൾ ബോദ്ധ്യപ്പെട്ടു. പുരാണേതിഹാസങ്ങളിൽ മാത്രമല്ല, ചരിത്രത്തിലും കേരോൽപത്തിയെപ്പറ്റി വിഭിന്നങ്ങളായ അഭിപ്രായങ്ങളാണ് നിലവിലുള്ളത്. ആദികാവ്യമായ രാമായണത്തിലും കാളിദാസന്റെ രഘുവംശത്തിലും സംഘകാലത്തെ കൃതികളിലും നാളികേരത്തെപ്പറ്റി പരാമർശമുണ്ട്. വിദേശ സഞ്ചാരികളും, ചരിത്രകാരന്മാരും, കവികളും ഈ കല്പതരുവിനെ വാഴ്ത്തിയിട്ടുണ്ട്.

മഹാകവി ചങ്ങമ്പുഴ കേരവൃക്ഷങ്ങളെപ്പറ്റി എന്നേ പാടിയിരിക്കുന്നു.



"എന്തു വേണമെന്തു വേണ-
മിങ്ങുപോരു നിങ്ങൾ,
എന്തു വേണമെങ്കിലു
മതേകാമല്ലോ ഞങ്ങൾ
നോക്കുനോക്കു ഞങ്ങളേന്തും
കാഞ്ചനക്കുടങ്ങൾ
കേൾക്കൂ, കേൾക്കൂ, ഞങ്ങളാണാ
കല്പദ്രുമങ്ങൾ".

*'കൊക്കോസ് ന്യൂസിഫെറ'* എന്ന ശാസ്ത്രനാമത്തിൽ അറിയപ്പെടുന്ന തെങ്ങ്, ലോകത്ത് ഏറ്റവും കൂടുതൽ ഉപയോഗമുള്ള പത്ത് വൃക്ഷങ്ങളിൽ ഒന്നാണ്. ഇതിന്റെ എല്ലാ ഭാഗങ്ങളും ഏതെങ്കിലും തരത്തിൽ നമുക്ക് പ്രയോജനപ്പെടുന്നു.

തെങ്ങിന്റെ ഫലമായ നാളികേരം മലയാളിക്ക് ശ്രീഫലമാണ്. പൂജയാകട്ടെ, ഹോമമാകട്ടെ, ആചാരമോ അനുഷ്ഠാനമോ എന്തുമാകട്ടെ അവിടെയെല്ലാം തേങ്ങയോ, തെങ്ങിന്റെ ഏതെങ്കിലും ഉൽപന്നമോ ഇല്ലാതെ പറ്റില്ല. കേരളത്തിലെ ആഘോഷങ്ങൾക്കും ഉത്സവങ്ങൾക്കും ചാരുത പകർന്ന് തരുന്നത് കുരുത്തോലയും ചെന്തെങ്ങിന്റെ കരിക്കിൻ കുലയും തെങ്ങിന്റെ പൂക്കുലയുമാണ്. പള്ളികളിൽ ഓശാന പെരുന്നാളിന് കുരുത്തോലയുമായി പ്രദക്ഷിണങ്ങൾ നടത്തുന്നു.

തേങ്ങ ഒഴിവാക്കിയുള്ള ഭക്ഷണ രീതിയെക്കുറിച്ച് നമ്മൾ മലയാളികൾക്ക് ചിന്തിക്കാനേ സാദ്ധ്യമല്ല. എന്നാൽ വാണിജ്യതന്ത്രങ്ങളുടേയും മാദ്ധ്യമ പ്രചരണങ്ങളുടേയും ഫലമായി നാളികേരത്തിനും വെളിച്ചെണ്ണയ്ക്കുമെതിരെ കാമ്പില്ലാ കഥകൾ ഉണ്ടാക്കുകയും ചെറിയ അളവിലെങ്കിലും കേരളീയരേയും അത് സ്വാധീനിക്കുകയും ചെയ്തിട്ടുണ്ട്. ഇന്നത്തെ തലമുറയുടെ അലസമായ ജീവിതരീതി മൂലം രോഗങ്ങൾ വിളിച്ചുവരുത്തിയിട്ട് ആ കുറ്റം തേങ്ങയ്ക്കും വെളിച്ചെണ്ണയ്ക്കും മേൽ കെട്ടിവെയ്ക്കുന്നത് ശരിയല്ലല്ലോ.

മറ്റ് സസ്യ എണ്ണകളുമായി താരതമ്യം ചെയ്യുമ്പോൾ, സാമാന്യേന നിരുപദ്രവകാരിയായ ഭക്ഷ്യ എണ്ണയാണ് വെളിച്ചെണ്ണയെന്നും ഇതിൽ അടങ്ങിയിട്ടുള്ള ചില ഘടകങ്ങൾ നമ്മുടെ രോഗപ്രതിരോധശേഷി വർദ്ധിപ്പിക്കുമെന്നും സമീപകാല ഗവേഷണങ്ങൾ തെളിയിക്കുന്നു. ഏതൊരു കേരളീയനേയും പോലെ പുട്ടും മറ്റ് മധുരമൂറുന്ന പലഹാരങ്ങളും തേങ്ങയരച്ച കറികളും ഞാനും ഏറെ ഇഷ്ടപ്പെടുന്നു.

എന്താണ് കേരളത്തിന്റെ തനതായ രുചി? മാമ്പഴം മുതൽ മധുരക്കിഴങ്ങ് വരെ ഒരായിരം രുചികൾ. എന്നാൽ മുന്നിൽ നിൽക്കുന്നത് ഇളനീരിന്റെ മധുരം തന്നെയാണ്. വേനലിൽ എരിപൊരി കൊള്ളുമ്പോൾ ഇളനീർ നമ്മേ ആശ്വസിപ്പിക്കുന്നു. രോഗാവസ്ഥയിൽ അത് സിദ്ധൗഷധമാകുന്നു. ദൈവത്തിന്റെ നാടുകാണാനെത്തുന്ന വിദേശികൾക്ക് സ്റ്റാർ ഹോട്ടലുകളിലും മറ്റും നൽകുന്ന "വെൽക്കം ഡ്രിങ്ക്" ഈ സ്വർഗ്ഗീയ പാനീയം തന്നെയാണ്.

നാളികേര വികസന ബോർഡ് സ്ഥാപിതമായതോടെ നാളികേര സംസ്ക്കരണ രംഗത്തും പുതിയ സാങ്കേതികത കടന്നുവന്നിട്ടുണ്ട്. കൊപ്ര, തൂൾതേങ്ങ, തേങ്ങപ്പാൽ, തേങ്ങപ്പാൽപ്പൊടി, നാളികേരക്രീം തുടങ്ങിയ നാളികേരോൽപന്നങ്ങൾ വ്യാവസായികമായി ഉത്പാദിപ്പിച്ച് വരുന്നു. നാളികേര സിറപ്പ്, നാളികേര വിനാഗിരി, യീസ്റ്റ്, മധുരക്കള്ള്, തെങ്ങിൻ ചക്കര, പച്ചത്തേങ്ങയിൽ നിന്നുള്ള വെളിച്ചെണ്ണ എന്നിവയും എടുത്ത് പറയേണ്ടവ തന്നെ. വീട് പണിക്കും ഫർണീച്ചർ നിർമ്മാണത്തിനുമുള്ള ഉറപ്പുള്ള തടിക്ക് മാത്രമല്ല വീട് വൃത്തിയാക്കാനുള്ള ചൂലിനും തെങ്ങ് തന്നെയാശ്രയം. പുര മേയാനുള്ള ഓല, തീ കത്തിക്കുവാനുള്ള സാമഗ്രികൾ എന്നിവയും തെങ്ങ് പ്രദാനം ചെയ്യുന്നു. ചിരട്ട കൊണ്ടുള്ള കരകൗശല വസ്തുക്കൾക്കും, ചിരട്ടക്കരിക്കും പ്രചാരമേറിവരികയാണ്.

ഒരു കുട്ടിയായ എന്നെ സംബന്ധിച്ചിടത്തോളം 'എന്റെതെങ്ങ്' കളിപ്പാട്ടങ്ങളുടെ ഒരു കലവറ തന്നെയാണ്. ഞാനൊരു കൊച്ചുകുട്ടിയായിരിക്കുമ്പോൾ എന്റെ മുത്തശ്ശി എനിക്ക് ഓലകൊണ്ട് വാച്ചും, പന്തും ഉണ്ടാക്കിത്തരുമായിരുന്നു. മച്ചിങ്ങ കൊണ്ടുള്ള പമ്പരവും, കുരുത്തോല കൊണ്ടുള്ള കാറ്റാടിയും, ഓലപ്പീപ്പിയും മറ്റും ഇന്നും ഞങ്ങളുടെ ഇഷ്ടപ്പെട്ട കളിപ്പാട്ടങ്ങളാണ്.

ഉറപ്പിന്റേയും ബലത്തിന്റേയും പര്യായമായ കയർ മനസ്സിന്റെ ഉറപ്പിന്റെ പ്രതീകമാണ്. കേരളത്തിന്റെ തീരദേശങ്ങളിൽ ഏകദേശം നാല് ലക്ഷത്തോളം ആളുകൾ കയർ വ്യവസായ രംഗത്തെ ആശ്രയിച്ചു കഴിയുന്നു.

കേരം തിങ്ങിയത് മൂലം കേരളമെന്ന് പേരു വന്ന നമ്മുടെ നാട്ടിൽ കേരവ്യവസായം തളരുകയാണോ? അശാസ്ത്രീയമായ കൃഷിരീതികളാണ് ഇതിന് കാരണം. മികച്ച സങ്കരയിനം തെങ്ങിൻ തൈകൾ തെരഞ്ഞെടുക്കുന്നത് മുതൽ തുടങ്ങണം ശ്രദ്ധ. പൂന്തോട്ടത്തിലെ ഓർക്കിഡ്, ആന്തൂറിയം തുടങ്ങിയ ചെടികൾക്ക് വിലകൂടിയ വളമിടാൻ നാം പഠിച്ചുകഴിഞ്ഞു. പക്ഷേ; വീട്ടുമുറ്റത്ത് നിൽക്കുന്ന തെങ്ങിന് എന്ത് രാസവളമാണ് നൽകേണ്ടതെന്ന് നമ്മിൽ മിക്കവർക്കും അറിയില്ല.

കൽപവൃക്ഷമായ തെങ്ങിന്റെ കടയ്ക്കൽ കത്തിവെക്കാൻ പാകത്തിന് രോഗങ്ങൾ നിരവധിയാണ്. കാറ്റുവീഴ്ച, കൂമ്പ് ചീയൽ, ചെന്നീരൊലിപ്പ്, ഓലവാട്ടം തുടങ്ങിയവ അവയിൽ ചിലത് മാത്രം. ചെമ്പൻചെല്ലി, തെങ്ങോലപ്പുഴു, പൂങ്കുലച്ചാഴി, മണ്ഡരി തുടങ്ങിയ കീടങ്ങളും തെങ്ങിനെ ആക്രമിക്കുന്നു. ഈ രോഗങ്ങളെക്കുറിച്ചും നിയന്ത്രണമാർഗ്ഗങ്ങളെക്കുറിച്ചും കേരകർഷകർ അറിഞ്ഞിരിക്കണം.

ഇന്ന് തെങ്ങിലെ വിളഞ്ഞ് മൂപ്പെത്തിയ തേങ്ങ നോക്കി നെടുവീർപ്പിടാനേ, നാം മലയാളികൾക്ക് കഴിയുന്നുള്ളൂ. തെങ്ങുകയറ്റ യന്ത്രങ്ങളെക്കുറിച്ച് പറയുന്നുണ്ടെങ്കിലും അവയൊന്നും സാധാരണക്കാരിലേക്ക് എത്തിയിട്ടില്ല.

തെങ്ങുകൃഷി ആദായകരമാക്കാനായി ആവശ്യമായ സബ്സിഡികളും സഹായങ്ങളും സർക്കാരിന്റെ ഭാഗത്ത് നിന്നുണ്ടാകണം. ഉൽപന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കുകയും വേണം. തെങ്ങുകൃഷിയെപ്പറ്റിയും ഈ രംഗത്തുള്ള അനന്തസാദ്ധ്യതകളെപ്പറ്റിയും ശരിയായ ബോധവൽക്കരണം അനിവാര്യമാണ്. അങ്ങിനെ തെങ്ങിനെ അറിയുന്ന, തെങ്ങിനെ സ്നേഹിക്കുന്ന ഒരു പുതുതലമുറയ്ക്കുള്ള യജ്ഞത്തിൽ നമുക്കും പങ്ക് ചേരാം, അതിനായി ജഗദീശ്വരൻ നമ്മെ സഹായിക്കട്ടെ.

നാളികേര വികസന ബോർഡും മൂവാറ്റുപുഴ അക്ഷയ പുസ്തക നിധിയും സംയുക്തമായി സംഘടിപ്പിച്ച രചനാമത്സരത്തിൽ യുപി വിഭാഗത്തിൽ സമാശ്വാസ സമ്മാനം നേടിയ കവിത

## തെങ്ങ് ഒരു കൽപവൃക്ഷം

**ആഷിക ഷിറിൻ**

*ഒഎൽഎഫ് ജിഎച്ച്എസ്, മതിലകം, തൃശ്ശൂർ*

മുറ്റത്തെച്ചെന്തെങ്ങിൽ
മൂവന്തി നിറത്താലാടി
കരിക്കിൻ കുലകൾ മന്ദം മന്ദം
ഹായ്! എന്തൊരു ഭംഗിയാണീ
ക്കാഴ്ച കാണാൻ
പവിഴ പുറ്റുപോലുള്ളോരാക്കുലകൾ
കാറ്റിൽ കാവടിയാടി തുടങ്ങി.
കേരം വിളങ്ങുന്ന കേരളനാട്ടിൽ
ഇത്തരം കാഴ്ചകൾ പുത്തരിയല്ല
ശ്രീകോലമിട്ടൊരാനയെപ്പോലെ
നീണ്ടു നിവർന്നൊരുനിൽപ്പും
വെൺചാമര വീശറിപോലെ
തെങ്ങോലകൾ ഇളകി മറിയുന്നു
ചെന്തെങ്ങിൻ പൂങ്കുലയിതാ
ദൂരെ ഉയരത്തിൽ മറ്റൊരുവമ്പൻ.
വടിവൊത്ത ശരീരവും തലയ്ക്കറ്റത്ത്
തിങ്ങിനിറഞ്ഞ കരിക്കിൻകുലകളും
പട്ടയും പൂക്കളും കൊച്ചുവള്ളങ്ങൾ
പോലെ കാണുന്ന
അണ്ണാറക്കണ്ണനെ പോലൊരുചേട്ടൻ
ച്ചാടിച്ചാടി കയറിയിറങ്ങി മുറ്റം നിറയെ
തേങ്ങകൾ ചിതറിവീണിടുന്നു
ഒരു തേങ്ങ പൊളിച്ചൊരെന്നമ്മ
വെട്ടിയുടച്ച് മധുരമാം വെള്ളവും തന്നു
തേങ്ങ ചിരവി പാൽപായസവും വെച്ചു.

രചനകളും അഭിപ്രായങ്ങളും
അയയ്ക്കേണ്ട വിലാസം:
**ഇന്ത്യൻ നാളികേര ജേണൽ,**
**(കുരുത്തോലപന്തൽ),**
**നാളികേര വികസന**
**ബോർഡ്,കേരഭവൻ, കൊച്ചി-11**

കാർട്ടൂൺ



# നീരയുടെ സാദ്ധ്യതകൾ ചർച്ച ചെയ്യാൻ യോഗം ചേർന്നു

കേരളത്തിൽ നീരയുടെ സാദ്ധ്യതകളെക്കുറിച്ച് ചർച്ച ചെയ്യാൻ നാളികേര വികസന ബോർഡിൽ ഏപ്രിൽ 12-ാം തീയതി യോഗം ചേർന്നു. സംസ്ഥാനത്തെ പ്രമുഖ രാഷ്ട്രീയ പാർട്ടികളുമായി ബന്ധപ്പെട്ട കർഷക പ്രസ്ഥാനങ്ങളുടെ നേതാക്കൾ യോഗത്തിൽ സംബന്ധിച്ചു. സംസ്ഥാന ബജറ്റിൽ നീര സംസ്ക്കരണ യൂണിറ്റുകളെ പിന്തുണച്ചുകൊണ്ടുള്ള പ്രഖ്യാപനം ഉണ്ടാകുകയും നീര കമ്മറ്റിയിൽ നിന്ന് അനുകൂലമായ തീരുമാനം പ്രതീക്ഷിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ ഇത്തരമൊരു ചർച്ച അതീവ പ്രാധാന്യമർഹിക്കുന്നു. യോഗത്തിൽ നാളികേര വികസന ബോർഡ് ചെയർമാൻ ശ്രീ. ടി. കെ. ജോസ് ഐഎഎസ് അദ്ധ്യക്ഷത വഹിച്ചു. കേരള കാർഷിക സർവ്വകലാശാലയുടേയും കർഷക പ്രസ്ഥാനങ്ങളുടേയും പ്രതിനിധികളും നാളികേര വികസന ബോർഡ് ഉദ്യോഗസ്ഥന്മാരും യോഗത്തിൽ പങ്കെടുത്തു.



*ശ്രീ. ടി.കെ. ജോസ് ഐഎഎസ് യോഗം നയിക്കുന്നു*

യോഗാരംഭത്തിൽ നാളികേര വികസന ബോർഡ് ഉദ്യോഗസ്ഥർ നീരയുടെ സാദ്ധ്യതകളെക്കുറിച്ചും നീര ചെത്തുന്നതിന് അനുമതി ലഭിക്കുവാൻ ബോർഡ് നടത്തുന്ന ഉദ്യമങ്ങളെക്കുറിച്ചും പ്രവർത്തന രീതികളെക്കുറിച്ചും വിശദീകരിച്ചു. പിന്നീട്, നീര കമ്മിറ്റി യോഗത്തിൽ നടന്ന ചർച്ചകൾ കമ്മിറ്റി അംഗങ്ങളായ കേരള കാർഷിക സർവ്വകലാശാലയിലെ ഡോ. വി. കെ. രാജുവും കർഷക പ്രതിനിധി ശ്രീ. ബാബു ജോസഫും അവതരിപ്പിച്ചു. നീരയും കള്ളും തമ്മിലുള്ള വ്യത്യാസവും രണ്ടിന്റേയും സംസ്ക്കരണ രീതികളും കേരള കാർഷിക സർവ്വകലാശാല വിദഗ്ദ്ധർ വിശദീകരിച്ചു.

നാളികേര വിലയിടിവിന്റെ പശ്ചാത്തലത്തിൽ കേരകർഷകരുടെ വരുമാന വർദ്ധനവിനും ജീവിതസുരക്ഷയ്ക്കും നീര ഉത്പാദിപ്പിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ചെയർമാൻ എടുത്ത് പറഞ്ഞു. ആഭ്യന്തര വിപണി 2014 ഏപ്രിലോടുകൂടി ആസിയാൻ രാജ്യങ്ങൾക്ക് പൂർണ്ണമായി തുറന്ന് കൊടുക്കുകയും ഇന്തോനേഷ്യ, ഫിലിപ്പീൻസ്, ശ്രീലങ്ക, തായ്‌ലൻഡ് തുടങ്ങിയ പ്രമുഖ നാളികേരോത്പാദക രാജ്യങ്ങളുടെ ഉൽപന്നങ്ങളാൽ ആഭ്യന്തരവിപണി നിറഞ്ഞുകവിയുകയും ചെയ്യുമെന്നതിനാലാണ് നാളികേര വികസന ബോർഡ് നീരയുടെ വിഷയത്തിൽ അടിയന്തിര നടപടികളുണ്ടാകണമെന്ന് ആവർത്തിച്ച് ആവശ്യപ്പെടുന്നതെന്ന് ചെയർമാൻ വ്യക്തമാക്കി.

നീര ചെത്തുന്നത് പഴുതുകളില്ലാതെ എപ്രകാരം നടപ്പിലാക്കുവാൻ സാധിക്കുമെന്നതിനെക്കുറിച്ച് കർഷകപ്രതിനിധികൾ ആശങ്കാകുലരായിരുന്നു. പതിവായി നീര ഉപയോഗിക്കുന്നത് അതിനോട് ആസക്തി വളർത്തുമോയെന്ന് അവർ സംശയമുന്നയിച്ചു. കേരള കാർഷിക സർവ്വകലാശാലയിലേയും ബോർഡിലേയും ഉദ്യോഗസ്ഥർ സംശയനിവാരണം നടത്തി.

ആനന്ദ് മാതൃകയിൽ കർഷകരുടേയും നീര ടെക്നീഷ്യന്മാരുടേയും മറ്റ് ബന്ധപ്പെട്ടവരുടേയും പങ്കാളിത്തതോടെയുള്ള പ്രവർത്തനരീതിയാണ് കർഷക പ്രസ്ഥാനങ്ങൾ നിർദ്ദേശിച്ചത്. യോഗത്തിൽ താഴെ പ്പറയുന്ന തീരുമാനങ്ങൾ ഉരുത്തിരിഞ്ഞു.

- നീര അബ്കാരി നിയമത്തിന്റെ പരിധിയിൽ നിന്ന് എടുത്ത് മാറ്റണം. അപ്രകാരമല്ലെങ്കിൽ നീരയ്ക്ക് അബ്കാരി നിയമത്തിൽ പ്രത്യേക നിർവ്വചനം കൊടുക്കണം. നീരയും കള്ളും വ്യത്യസ്ത ഉൽപന്നങ്ങളായി കണക്കാക്കണം. നീര ചെത്തിയെടുത്ത് സംസ്ക്കരിക്കുന്നതും പായ്ക്ക് ചെയ്യുന്നതുമടക്കമുള്ള പ്രക്രിയ അബ്കാരി നിയമത്തിന്റെ പരിധിയിൽ വരുമ്പോൾ മറ്റ് മൂല്യവർദ്ധിത ഉൽപന്നങ്ങളായ സിറപ്പ്, ചക്കര, പഞ്ചസാര തുടങ്ങിയവയുടെ സംസ്ക്കരണം ഭക്ഷ്യസുരക്ഷാ മാനദണ്ഡം അനുസരിച്ചായിരിക്കണം.
- നീരയും ഉപോൽപന്നങ്ങളും പ്രോത്സാഹിപ്പിക്കണം. തുടക്കം മുതൽക്ക് തന്നെ നീരയോടൊപ്പം ഉപോൽപന്നങ്ങളും വിപണനം ചെയ്യേണ്ടതുണ്ട്.
- നീര ചെത്താനുള്ള അനുമതി സിപിഎസുകളുടെ ഫെഡറേഷനുകൾക്ക് മാത്രമായിരിക്കും. നീര ടെക്നീഷ്യന്മാരുടെ സഹായത്തോടെ നീര ചെത്താവുന്നതാണ്.
- നാളികേര വികസന ബോർഡിന്റേയും കേരള കാർഷിക സർവ്വകലാശാലയുടേയും സംയുക്താഭിമുഖ്യത്തിൽ ഒന്നരമാസം ദൈർഘ്യമുള്ള പരിശീലനം നീര ടെക്നീഷ്യന്മാർക്ക് നൽകി വൈദഗ്ദ്ധ്യമുള്ള തൊഴിൽസേനയെ വാർത്തെടുക്കാവുന്നതാണ്. ബോർഡിന്റെ വാഴക്കുളത്തുള്ള സാങ്കേതിക വികസന കേന്ദ്രത്തിലൂടെയും കേരളകാർഷിക സർവ്വകലാശാലയുടെ തെരഞ്ഞെടുത്ത കേന്ദ്രങ്ങളിലൂടെയും നീര ടെക്നീഷ്യന്മാർക്ക് പരിശീലനം നൽകാവുന്നതാണ്.
- ഇപ്പോൾ കള്ള് ചെത്തുന്നവർക്കും താൽപര്യമുണ്ടെങ്കിൽ നീര ചെത്താനുള്ള പരിശീലന പരിപാടികളിൽ പങ്കെടുക്കാവുന്നതാണ്.
- ഉത്പാദിപ്പിക്കുന്ന നീരയുടെ വില കർഷകർക്കും നീര ടെക്നീഷ്യന്മാർക്കും പ്രയോജനപ്രദമാകുന്ന അനുപാതത്തിൽ പങ്ക് വെയ്ക്കേണ്ടതാണ്.



*നീര കമ്മിറ്റിയിലെ കർഷക പ്രതിനിധി ശ്രീ ബാബു ജോസഫ് (മദ്ധ്യത്തിൽ) സംസാരിക്കുന്നു*

- ഉത്പാദിപ്പിച്ച നീര അതാത് ജില്ലയിൽ തന്നെയുള്ള പ്രാദേശിക സംസ്ക്കരണ കേന്ദ്രത്തിലേക്ക് എത്തിക്കാൻ കഴിയണം പ്രസ്തുത മേഖല സുസ്ഥിരമാകുന്ന തുവരെ കാർഷിക സർവ്വകലാശാലയിലെ വിദഗ്ദ്ധരുടെ കർശന മേൽനോട്ടത്തിലാ യിരിക്കും സംസ്ക്കരണം നടക്കുക. ചെത്തിയെടുത്ത നീര അതാത് ജില്ലയ്ക്ക് പുറത്ത് കൊണ്ടുപോകുവാൻ പാടില്ല. അതുവഴി ദുരുപയോഗപ്പെടുത്താനിടയുള്ള അവസരങ്ങൾ തടസ്സപ്പെടുത്താൻ കഴിയും.

- കാർഷിക സർവ്വകലാശാലയുടെ കേന്ദ്ര ങ്ങളുള്ള ജില്ലകളിൽ അതായത് തിരുവന ന്തപുരം, തൃശ്ശൂർ, കാസറഗോഡ് ജില്ലക ളിൽ, പൈലറ്റ് പ്ലാന്ററുകൾ സ്ഥാപിക്കാൻ സർവ്വകലാശാലയ്ക്ക് കഴിയും. ബോർഡിന്റെ ഫെഡറേഷനുകളോ പ്രൊഡ്യൂസർ കമ്പനികളോ സ്ഥാപിക്കുന്ന സംസ്ക്കരണ കേന്ദ്രങ്ങൾക്ക് ആവശ്യമായ സാങ്കേതിക സഹായവും പിന്തുണയും നൽകാനും കാർഷിക സർവ്വകലാശാ ലയ്ക്ക് സാധിക്കും. നീര സംസ്ക്കരണ കേന്ദ്രം സ്ഥാപിക്കുന്നതിന് 5 സെന്റ് സ്ഥലവും 40 ലക്ഷം രൂപയോളം മുടക്ക് മുതലും ആവശ്യമായി വരുമെന്ന് കാർഷിക സർവ്വകലാശാല അധികൃതർ അറിയിച്ചു. സംസ്ക്കരണത്തിനുള്ള സാങ്കേ തികവിദ്യ സംസ്ഥാന സർക്കാരിന് സർവ്വ കലാശാല കൈമാറിക്കഴിഞ്ഞു.

- നീരയെ സംബന്ധിച്ച ബോധവൽക്ക രണ പരിപാടികൾ സംസ്ഥാനമൊട്ടാകെ സംഘടിപ്പിക്കണം. നാളികേരോത്പാദന ത്തിൽ ഒന്നാം സ്ഥാനത്ത് നിൽക്കുന്ന മല പ്പുറം ജില്ലയിൽ ഇത് പ്രത്യേക പ്രാധാന്യ മർഹിക്കുന്നു. നീരയെ സംബന്ധിച്ച് മല പ്പുറം ജില്ലയിലെ ജനങ്ങൾക്കിടയിൽ സന്ദേ ഹങ്ങൾ നിലനിൽക്കുന്നുണ്ട്. നീരയിൽ മദ്യാംശം അടങ്ങിയിട്ടുണ്ട് എന്നുള്ള ധാരണ സാധാരണ ജനങ്ങൾക്കിടയിൽ ഉള്ളതിനാൽ നീരയ്ക്കനുകൂലമായ പ്രചരണ പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്.

- കേരളത്തിലെ പ്രമുഖ കർഷക പ്രസ്ഥാനങ്ങളേയും നാളികേര വിക സനത്തിനായി പ്രവർത്തിക്കുന്ന സർക്കാ രേതര സംഘടനകളെയും സിപിഎസ്/ സിപിഎഫ് പ്രതിനിധികളേയും, സർവ്വക ലാശാല വിദഗ്ദ്ധരേയും പങ്കെടുപ്പിച്ചുകൊ ണ്ടുള്ള ഒരു സിമ്പോസിയം എറണാകുളത്ത് ഉടൻ തന്നെ സംഘടിപ്പിക്കുന്നതാണ്.

# മലയോര മഹോത്സവം

നാളികേര വികസന ബോർഡ് മല യോര മഹോത്സവത്തോട് അനുബന്ധിച്ച് നടന്ന പ്രദർശനത്തിൽ പങ്കെടുത്തു. മല യോര വികസന സംഘാടക സമിതിയും കോഴിക്കോട് ജില്ലയിലെ തിരുവമ്പാടി നിത്യോപയോഗ സാമഗ്രികളും പ്രദർശിപ്പി ച്ചിരുന്നു. നാളികേരോൽപന്നങ്ങളുടെ ആരോഗ്യദായകവും ഔഷധപരവുമായ ഗുണമേന്മകൾ പ്രദർശിപ്പിക്കുന്ന പോസ്റ്റ റുകൾ സന്ദർശകരെ ആകർഷിച്ചു.




*ബോർഡ് സ്റ്റാൾ*

പുതുപ്പാടി, കോടഞ്ചേരി, ഓമശ്ശേരി, കൂട രഞ്ഞി, മുക്കം, കാരശ്ശേരി, കൊടിയത്തൂർ എന്നീ ഗ്രാമപഞ്ചായത്തുകളും ഒരുമിച്ച് ഏപ്രിൽ 5-ാം തീയതി മുതൽ 14-ാം തീയതി വരെ തിരുവമ്പാടിയിലാണ് മല യോര മഹോത്സവം സംഘടിപ്പിച്ചത്. വയ നാട് എം.പി. ശ്രീ എം.ഐ ഷാനവാസ് മേള ഉദ്ഘാടനം ചെയ്തു.

ബോർഡിന്റെ സ്റ്റാളിൽ നാനാതരം ഭക്ഷ്യ, ഭക്ഷ്യേതര നാളികേരോൽപന്ന ങ്ങളും തെങ്ങിൻ തടിയിലും ചിരട്ടയിലും നിർമ്മിച്ച കരകൗശല വസ്തുക്കളും കൂടാതെ ബോർഡ് പ്രസിദ്ധീകരണങ്ങളുടെ പ്രദർശനവും വിപണനവും ഒരുക്കിയിരി ക്കുന്നു.

പ്രമുഖ കേരോൽപന്ന നിർമ്മാതാക്ക ളായ സുഭിക്ഷ കോക്കനട്ട് പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡ്, നടുവണ്ണൂർ, കോഴിക്കോ ട്; കോഴിക്കോട് ഡിസ്ട്രിക്ട് ഹാൻഡി ക്രാഫ്റ്റ്സ് ആർട്ടിസൻസ് കോഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്, കൊയിലാണ്ടി, കോഴിക്കോട് എന്നിവരുടെ ഉൽപന്നങ്ങ ളുടെ പ്രദർശനവും വിപണനവും ബോർഡ് സ്റ്റാളിൽ സംഘടിപ്പിച്ചിരുന്നു.

## ജൈവ കാർഷികമേള 2013

ഓർഗാനിക് കേരള ചാരിറ്റബിൾ ട്രസ്റ്റും തേവര എസ്എച്ച് കോളേജും രാജഗിരി ഔട്ട് റീച്ചും ചേർന്ന് ഏപ്രിൽ 15 മുതൽ 18-ാം തീയതിവരെ എറണാകുളത്ത് ടൗൺ ഹാളിൽ ജൈവ കാർഷിക മേള സംഘടി പ്പിച്ചു. കേന്ദ്ര മന്ത്രി ശ്രീ. കെ.വി. തോമസ് മേള ഉദ്ഘാടനം ചെയ്തു. പവിലിയനുക ളുടെ ഉദ്ഘാടനം ശ്രീ ഹൈബി ഈഡൻ എംഎൽഎ നിർവ്വഹിച്ചു.

നാളികേര വികസന ബോർഡ് കാർഷികമേളയിൽ പങ്കെടുത്തു. ബോർഡ് സ്റ്റാളിൽ നാളികേര ഭക്ഷ്യ, ഭക്ഷ്യേതര ഉൽപന്നങ്ങൾ പ്രദർശിപ്പിച്ചിരുന്നു. വെർജിൻ വെളിച്ചെണ്ണയും വെർജിൻ വെളി ച്ചെണ്ണ ക്യാപ്സൂളും ഹെയർക്രീമും പരി ശുദ്ധമായ വെളിച്ചെണ്ണയും സന്ദർശകരിൽ കൗതുകമുണർത്തി. തെങ്ങിൻ തടിയും ചിരട്ടയും ഉപയോഗിച്ച് നിർമ്മിച്ച കര കൗശല വസ്തുക്കളും നിത്യോപയോഗ സാമഗ്രികളും ആകർഷണ കേന്ദ്രമായി. വിവിധയിനം തെങ്ങുകളുടേയും നൂതന നാളികേരോൽപന്നങ്ങളുടേയും പോസ്റ്ററു കൾക്ക് പുറമെ, ബോർഡ് പ്രസിദ്ധീകര ണങ്ങളും സ്റ്റാളിൽ പ്രദർശിപ്പിച്ചിരുന്നു.

കേരടെക്ക് ഓയിൽ മാനുഫാക്ച്ചറിംഗ് കമ്പനി, എങ്ങണ്ടിയൂർ, തൃശ്ശൂർ; ജൂപ്പിറ്റർ വുഡ് ക്രാഫ്റ്റ്സ്, പട്ടണക്കാട്, ചേർത്തല എന്നീ കേരോൽപന്ന യൂണിറ്റുകളുടെ ഉൽപന്നങ്ങളുടെ പ്രദർശനവും വിപണ നവും ബോർഡ് സ്റ്റാളിൽ ഒരുക്കിയിരുന്നു.

# കമ്പോളാവലോകനം

## 2013 മാർച്ച്

ദീപ്തി നായർ എസ്.

- ആട്ടുകൊപ്ര, വെളിച്ചെണ്ണ എന്നിവയുടെ വില പ്രമുഖ വിപണികളിൽ ഏറിയും കുറഞ്ഞും നിന്നു.
- വെളിച്ചെണ്ണയുടെ അന്താരാഷ്ട്ര വില കുറഞ്ഞു.

കേരളത്തിലെ പ്രമുഖ വിപണികളിൽ കൊപ്രയുടേയും വെളിച്ചെണ്ണയുടേയും വിലയിൽ ഏറ്റക്കുറച്ചിലുകളുണ്ടായി. നാളികേരത്തിന്റെ വില നെടുമങ്ങാട് വിപണിയിൽ മാറ്റമില്ലാതെ നിന്നു.

### വെളിച്ചെണ്ണ

വെളിച്ചെണ്ണയുടെ വില രാജ്യത്തെ എല്ലാ പ്രമുഖ വിപണന കേന്ദ്രങ്ങളിലും ഏറിയും കുറഞ്ഞും നിന്നു.

വെളിച്ചെണ്ണയുടെ ശരാശരി വില കൊച്ചി വിപണിയിൽ ക്വിന്റലിന് 6297 രൂപയായിരുന്നു. ആലപ്പുഴ വിപണിയിൽ വെളിച്ചെണ്ണയുടെ വില ഏറെക്കുറെ കൊച്ചി വിപണിയിലേതുപോലെ നിന്നു. ആലപ്പുഴ വിപണിയിലെ ശരാശരി മാസവില ക്വിന്റലിന് 6293 രൂപയായിരുന്നു. കോഴിക്കോട് വെളിച്ചെണ്ണയുടെ ശരാശരി മാസവില ക്വിന്റലിന് 6530 രൂപയുമായിരുന്നു. കൊച്ചി വിപണിയിലേയും ആലപ്പുഴ വിപണിയിലേയും കോഴിക്കോട് വിപണിയിലേയും വില കഴിഞ്ഞ മാസത്തേക്കാൾ 6 മുതൽ 8 ശതമാനം വരെ കുറവായിരുന്നു.

### ആട്ടുകൊപ്ര

എഫ്.എ.ക്യു കൊപ്രയുടെ ശരാശരി മാസവില കൊച്ചി വിപണിയിൽ ക്വിന്റലിന് 4406 രൂപയായിരുന്നു. രാശി കൊപ്രയുടെ ശരാശരി മാസവില ആലപ്പുഴ വിപണിയിൽ ക്വിന്റലിന് 4423 രൂപയായിരുന്നു. കോഴിക്കോട് വിപണിയിൽ വില ക്വിന്റലിന് 4413 രൂപയായിരുന്നു. കൊച്ചി, ആലപ്പുഴ, കോഴിക്കോട് വിപണികളിൽ ശരാശരി മാസവില കഴിഞ്ഞ മാസത്തേക്കാൾ 3 മുതൽ 6ശതമാനം വരെ കുറവായിരുന്നു.

ആട്ടുകൊപ്രയുടെ താങ്ങുവില ക്വിന്റലിന് 5250 രൂപയാണ്.

ആട്ടുകൊപ്രയുടെ ആന്ധ്രപ്രദേശിലെ അമ്പാജിപേട്ടയിലെ ശരാശരി വില ക്വിന്റലിന് 4100 രൂപയായിരുന്നു. ഇത് കഴിഞ്ഞമാസം 4340 രൂപയായിരുന്നു.

### ഭക്ഷ്യയോഗ്യമായ കൊപ്ര

രാജാപൂർ കൊപ്രയുടെ കോഴിക്കോട് വിപണിയിലെ ശരാശരി വില ക്വിന്റലിന് 4736 രൂപയായിരുന്നു. അത് കഴിഞ്ഞ മാസത്തെ വിലയെ അപേക്ഷിച്ച് നാമമാത്രം കുറവായിരുന്നു.

ഉണ്ടകൊപ്രയുടെ ശരാശരി വില കോഴിക്കോട് വിപണിയിൽ ക്വിന്റലിന് 4250 രൂപയായിരുന്നു. ഉണ്ടകൊപ്രയുടെ ശരാശരി വില കർണ്ണാടകത്തിലെ തിപ്തൂർ നിയന്ത്രിത വിപണിയിൽ ക്വിന്റലിന് 4757 രൂപയായിരുന്നു; ബാംഗ്ലൂരിൽ അത് 5339 രൂപയും അരസിക്കരയിൽ 4755 രൂപയുമായിരുന്നു.

ഭക്ഷ്യയോഗ്യമായ കൊപ്രയുടെ താങ്ങുവില ക്വിന്റലിന് 5500 രൂപയാണ്.

### കൊട്ടത്തേങ്ങ

കൊട്ടത്തേങ്ങയുടെ ശരാശരി വില കോഴിക്കോട് വിപണിയിൽ ആയിരത്തിന് 3999 രൂപയായിരുന്നു; അത് കഴിഞ്ഞ മാസത്തേക്കാൾ നാമമാത്രം കുറവായിരുന്നു.

### നാളികേരം

നെടുമങ്ങാട് വിപണിയിൽ പൊതിച്ച നാളികേരത്തിന്റെ ശരാശരി വില ആയിരത്തിന് 7200 രൂപയായിരുന്നു. വിലയിൽ മാറ്റമുണ്ടായില്ല

അരസിക്കര നിയന്ത്രിത വിപണിയിൽ ഭാഗികമായി പൊതിച്ച നാളികേരത്തിന്റെ ശരാശരി വില 6193 രൂപയായിരുന്നു; അത് കഴിഞ്ഞ മാസത്തെയപേക്ഷിച്ച് നാമമാത്രം കുറവായിരുന്നു.

ഭാഗികമായി പൊതിച്ച നാളികേരത്തിന്റെ ശരാശരി വില ബാംഗ്ലൂർ നിയന്ത്രിത വിപണിയിൽ ആയിരത്തിന് 7683 രൂപയായിരുന്നു; അത് കഴിഞ്ഞ മാസത്തേക്കാൾ 4 ശതമാനം അധികമായിരുന്നു.

ഭാഗികമായി പൊതിച്ച ഗ്രേഡ് 1 നാളികേരത്തിന്റെ ശരാശരി വില മംഗലാപുരം നിയന്ത്രിത വിപണിയിൽ ആയിരത്തിന് 11000 രൂപയായി വർദ്ധിച്ചു;




*മാർച്ച് മാസത്തിൽ വെളിച്ചെണ്ണ വിലയിലെ വ്യതിയാനങ്ങൾ*




*മാർച്ച് മാസത്തിൽ കൊപ്ര വിലയിലെ വ്യതിയാനങ്ങൾ*

അത് കഴിഞ്ഞ മാസത്തേക്കാൾ 9 ശതമാനം അധികമായിരുന്നു.

നാളികേരത്തിന്റെ ശരാശരി വില അസമിലെ സോനിത്പൂരിൽ നാളികേരമൊന്നിന് 25 രൂപയും ഗുവാഹട്ടിയിൽ 24 രൂപയും, മിസോറാമിലെ ഐസ്വാളിൽ 50 രൂപയും ത്രിപുരയിൽ 26 രൂപയുമായിരുന്നു.

**ഇളനീർ**

ഇളനീരിന്റെ വില കൊച്ചി വിപണിയിൽ ഒന്നിന് 20 രൂപയ്ക്കും 25 രൂപയ്ക്കും ഇടയ്ക്കായിരുന്നു. അസമിൽ ഇളനീരിന്റെ ശരാശരി വില 26 രൂപയും മിസോറാമിലെ ഐസ്വാളിൽ 50 രൂപയും ത്രിപുരയിലെ അഗർത്തലയിൽ 22 രൂപയുമായിരുന്നു.

**അന്താരാഷ്ട്ര വില**

വെളിച്ചെണ്ണയുടെ ശരാശരി വില യൂറോപ്പിൽ (സിഐഎഫ് റോട്ടർഡാം) മെട്രിക് ടണ്ണിന് 815 അമേരിക്കൻ ഡോളറായിരുന്നു. കഴിഞ്ഞ മാസത്തേക്കാൾ 6 ശതമാനം കുറവും കഴിഞ്ഞ വർഷം ഇതേ മാസത്തെയപേക്ഷിച്ച് 41 ശതമാനം കുറവുമായിരുന്നു. കൊപ്രയുടെ ശരാശരി വില മെട്രിക് ടണ്ണിന് 560 അമേരിക്കൻ ഡോളറായിരുന്നു. ഇത് കഴിഞ്ഞ മാസത്തേക്കാൾ നാമമാത്രം അധികവും കഴിഞ്ഞ വർഷം ഇതേ മാസത്തെയപേക്ഷിച്ച് 60 ശതമാനം കുറവുമായിരുന്നു.

വെളിച്ചെണ്ണയുടെ വില ഫിലിപ്പീൻസിൽ മെട്രിക് ടണ്ണിന് 781 അമേരിക്കൻ ഡോളറും ഇന്തോനേഷ്യയിൽ 801 അമേരിക്കൻ ഡോളറുമായിരുന്നു. പാമോയിൽ, പനങ്കുരുവെണ്ണ, സോയബീൻ ഓയിൽ എന്നിവയുടെ അന്താരാഷ്ട്രവിലകൾ യഥാക്രമം മെട്രിക് ടണ്ണിന് 848 അമേരിക്കൻ ഡോളറും 830 അമേരിക്കൻ ഡോളറും 1119 അമേരിക്കൻ ഡോളറുമായിരുന്നു.

**വിവിധ കമ്പോളങ്ങളിൽ 2013 മാർച്ച് 1 മുതൽ 31വരെ വെളിച്ചെണ്ണ, കൊപ്ര, നാളികേരം, എന്നിവയുടെ പ്രതിവാരവിലനിലവാരമാണ് താഴെ കൊടുത്തിരിക്കുന്നത്**

| | വെളിച്ചെണ്ണ (രൂ./കി.) | | | ആട്ടു കൊപ്ര (രൂ./കി.) | | | | ഭക്ഷ്യ യോഗ്യമായ കൊപ്ര (രൂ./കി.) | ഉണ്ടക്കൊപ്ര (രൂ./കി.) | | | | കൊട്ടത്തേങ്ങ (രൂ./1000) | നാളികേരം (രൂ./1000) | പൊതിച്ച/ഭാഗികമായി പൊതിച്ച നാളികേരം (രൂ./1000) | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| തീയതി | കൊച്ചി | ആലപ്പുഴ | കോഴിക്കോട് | കൊച്ചി (എഫ്എക്യു) | ആലപ്പുഴ (രാശി കൊപ്ര) | കോഴിക്കോട് | അംബാജിപ്പേട്ട | കോഴിക്കോട് (രാജ്പൂർ) | കോഴിക്കോട് | തിപ്ത്തൂർ | ബാംഗ്ലൂർ | അരസിക്കര | കോഴിക്കോട് | നെടുമങ്ങാട് | അരസിക്കര | ബാംഗ്ലൂർ | മംഗലാപുരം (ഗ്രേഡ് 1) |
| 02.03.13 | 6300 | 6300 | 6500 | 4425 | 4450 | 4350 | 4000 | 4850 | 4350 | 4850 | 5400 | 4890 | 3450 | 7200 | 5800 | 8000 | 11000 |
| 09.03.13 | 6342 | 6300 | 6533 | 4425 | 4450 | 4404 | 4000 | 4825 | 4325 | 4877 | 5400 | 4872 | 3967 | 7200 | 6500 | 8333 | 11000 |
| 16.03.13 | 6350 | 6300 | 6550 | 4425 | 4417 | 4458 | 4000 | 4813 | 4317 | 4883 | 5400 | 4867 | 4150 | 7200 | 6500 | 7750 | 11000 |
| 23.03.13 | 6242 | 6275 | 6567 | 4379 | 4400 | 4450 | 4200 | 4642 | 4158 | 4717 | 5333 | 4682 | 4150 | 7200 | 5667 | 7333 | 11000 |
| 30.03.13 | 6250 | 6290 | 6500 | 4375 | 4400 | 4400 | 4300 | 4550 | 4100 | 4458 | 5160 | 4464 | 4280 | 7200 | 6500 | 7000 | 11000 |
| **ശരാശരി** | **6297** | **6293** | **6530** | **4406** | **4423** | **4413** | **4100** | **4736** | **4250** | **4757** | **5339** | **4755** | **3999** | **7200** | **6193** | **7683** | **11000** |

*അവലംബം:*

*കൊച്ചി : കൊച്ചിൻ ഓയിൽ മർച്ചന്റ്സ് അസ്സോസിയേഷൻ ആൻഡ് കൊച്ചിൻ ചേയ്മ്പർ ഓഫ് കോമേഴ്സ്, കൊച്ചി-2*

*കോഴിക്കോട് : മാതൃഭൂമി*

*ആലപ്പുഴ : മലയാള മനോരമ*

*അരസിക്കര : എ പി എം സി, അരസിക്കര*

** ഓഫീസ് പാസ് കൊപ്രയ്ക്ക് കൊച്ചിയിലും കോഴിക്കോടും രാശികൊപ്രയ്ക്ക് ആലപ്പുഴയിലുമുള്ള വിലയാണ് മേൽകൊടുത്തിരിക്കുന്നത്.

*(37-ാം പേജിൽ നിന്നും തുടർച്ച)*

ഇപ്പോൾ വിപണിയിൽ ലഭ്യമായ "ഫെറോല്യൂർ" എന്ന ഇറക്കുമതി ചെയ്ത ഫെറമോൺസഞ്ചിക്കു വില അൽപം കൂടുതലാണ്. എന്നാൽ ചെലവു കുറഞ്ഞതും കൂടുതൽ കാലം ഈടു നിൽക്കുന്നതുമായ "ഫെറമോൺ"കെണികൾ രൂപപ്പെടുത്തുന്നതിൽ സി.പി.സി.ആർ.ഐ.ശാസ്ത്രജ്ഞർ വിജയം വരിച്ചിട്ടുണ്ട്. അടുത്ത് തന്നെ സി.പി.സി.ആർ.ഐ യിൽ രൂപപ്പെടുത്തിയ "ഫെറമോൺ" വാണിജ്യാടിസ്ഥാനത്തിൽ ഉത്പാദിപ്പിച്ച് കർഷകരിലേക്ക് എത്തുമെന്ന് പ്രത്യാശിക്കാം.

ക്ലസ്റ്റർ അടിസ്ഥാനത്തിൽ കർഷകർ ഒരുമിച്ച് ചേർന്ന് കെണികൾ തയ്യാറാക്കുന്നതാവും കൂടുതൽ ഫലം ചെയ്യുക. കൊമ്പൻ ചെല്ലിയുടെ ആക്രമണം രൂക്ഷമായ പ്രദേശങ്ങളിൽ കൃഷിഭവനുമായോ നാളികേര വികസന ബോർഡുമായോ ചേർന്ന് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതാവും ഉചിതം. ഫെറമോൺ കെണിയിലകപ്പെടുന്ന വണ്ടുകളെ വൈറസ് ബാധയേൽപ്പിച്ച് പ്രജനനകേന്ദ്രങ്ങളിൽ തുറന്നു വിടാവുന്നതാണ്. രോഗബാധയേറ്റ വണ്ടുകളും പുഴുക്കളും മറ്റുള്ളവയിലേക്ക് രോഗം പടർത്തുകയും ക്രമേണ പ്രത്യുത്പാദന ശേഷി കുറയുകയും അതുവഴി വംശവർദ്ധനവ് തടയാനും കഴിയുന്നു. വൈറസ് കൾച്ചർ പുഴുക്കളിൽ സിറിഞ്ച് ഉപയോഗിച്ച് കുത്തിവെയ്ക്കുകയോ, വണ്ടുകളുടെ വായിൽ കുറേശ്ശെയായി ഒഴിച്ചുകൊടുക്കുകയോ ചെയ്യാം. വൈറസ് ബാധയുള്ള പുഴുക്കളേയും വണ്ടുകളേയും കായംകുളത്തെ സി.പി.സി.ആർ.ഐയുടെ പ്രാദേശിക ഗവേഷണ കേന്ദ്രത്തിൽ നിന്ന് പരിമിതമായ തോതിൽ ലഭ്യമാണ്.

ഇവിടെ പ്രതിപാദിച്ച നിയന്ത്രണ മാർഗ്ഗങ്ങളെല്ലാം സംയോജിപ്പിച്ചുകൊണ്ടുള്ള പരിസ്ഥിതി സൗഹൃദ നിയന്ത്രണ പദ്ധതികളാണ് നാം വിഭാവനം ചെയ്യേണ്ടത്. ഇത്തര പദ്ധതികൾ പല കൃഷിഭവനുകളും വിജയകരമായി നടപ്പാക്കിത്തുടങ്ങിയിട്ടുമുണ്ട് എന്നത് ആശയ്ക്ക് വക നൽകുന്നു.